മായാത്ത മന്ദസ്മിതം

തോമസ് തേക്കിൽ കോർഎപ്പിസ്ക്കോപ്പാ

സ്മൃതി ഗ്രന്ഥം

(Malayalam)

Maayatha Mandhasmitham
Thomas Thekkil CorEpiscopa Smrithy Grandham
(Biographical Sketch)

Editor	:	**Tibin Chacko Thevervelil**
First Edition	:	November 01, 2024
Published by	:	Sophia Books, Kottayam Mob: 70122 70083
Type Setting & Printing	:	Sophia Print House, Kottayam

Rs. 200/-

മായാത്ത മന്ദസ്മിതം

തോമസ് തേക്കിൽ കോർഎപ്പിസ്ക്കോപ്പാ
സ്മൃതി ഗ്രന്ഥം

എഡിറ്റർ

റ്റിബിൻ ചാക്കോ തേവർവേലിൽ

സോഫിയാ ബുക്സ്

കോട്ടയം

റ്റിബിൻ ചാക്കോ തേവർവേലിൽ

പത്തനംതിട്ട ജില്ലയിൽ റാന്നി തേവർവേലിൽ
റ്റി. പി. ചാക്കോയുടെയും ലിസി ചാക്കോയുടെയും
മകനായി 1988 ആഗസ്റ്റ് 18-ന് ജനിച്ചു.
പഞ്ചാബ് ജലന്ധർ ട്രിനിറ്റി കോളേജിൽ നിന്ന്
ബിരുദം നേടി. കൊച്ചി ഇൻഫോപാർക്കിൽ
IT ഉദ്യോഗസ്ഥനാണ്.

നിലയ്ക്കൽ ഭദ്രാസനത്തിലെ കുറ്റിയാനി
സെന്റ് ജോർജ് ഇടവകാംഗമാണ്.
നിലയ്ക്കൽ ഭദ്രാസന ലഹരി വിരുദ്ധ സമിതി
ജോയിന്റ് സെക്രട്ടറിയായും,
കുറ്റിയാനി ഇടവക മാനേജിംഗ് കമ്മറ്റി അംഗമായും
പ്രവർത്തിച്ചിട്ടുണ്ട്.
ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ
മുഖപത്രമായ 'യുവജനം' മാഗസിനിന്റെ
പത്രാധിപസമിതി അംഗവും,
മലങ്കര അസോസിയേഷൻ പ്രതിനിധിയുമാണ്.

കല്ലുങ്കൽ തേക്കിൽ ജീനാ സൂസൻ ജേക്കബ്
സഹധർമ്മിണിയാണ്.
ലിബിൻ ചാക്കോ സഹോദരനാണ്.

ഇതര ഗ്രന്ഥങ്ങൾ:
തുബ്ദേൻ ഒരു ലഘുപഠനം (2014)
ഹാവ് ദ്നൂറോനേ: അഗ്നിമയർ (2015)
യൂബോൽ സബിനെ: മലങ്കര സഭാ ദിനവൃത്താന്തം (2017)
കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ്: എപ്പിസ്കോപ്പോ ഖദ്മോയോ ദ് തുമ്പമൺ (2019)

അവതാരിക

കല്ലുങ്കൽ തേക്കിൽ കുടുംബാംഗമായ ബഹുമാന്യനായ തോമസ് തേക്കിൽ കോർഎപ്പിസ്കോപ്പായെപ്പറ്റിയുള്ള മധുരസ്മരണകൾ പങ്കു വയ്ക്കുന്ന ഒരു അമൂല്യ ശേഖരമാണ് ഈ ലേഖന സമാഹാരം. വൈദിക ജീവിതത്തിലും തന്റെ ആത്മീയ ഭൗതിക കർമ്മമണ്ഡലങ്ങളിലും മൂല്യങ്ങളുടെ ശലാക ഉയർത്തിയ വ്യക്തിത്വമായിരുന്നു ബഹു. തോമസ് തേക്കിൽ കോർഎപ്പിസ്കോപ്പാ. സത്യസന്ധതയും ധാർമ്മിക മൂല്യങ്ങളും ഉയർത്തി പിടിച്ച് തന്റെ കർമ്മമണ്ഡലങ്ങളിൽ ഇച്ഛാശക്തിയോടെ പ്രവർത്തിച്ച വ്യക്തിത്വം. ഒരു തവണ പരിചയപ്പെടുന്ന ആരുടെയും മനസ്സിൽ സ്ഥാനം ഉറപ്പിക്കുവാൻ അച്ചന്റെ വ്യക്തിത്വത്തിന് ശക്തിയുണ്ടായിരുന്നു. സേവനമനുഷ്ഠിച്ച ഇടവകകളിൽ ജനങ്ങളുടെ ആവശ്യമറിഞ്ഞ് ആത്മീയപാതയിൽ അവരെ നയിക്കാൻ അച്ചൻ കാണിച്ച മാതൃക ഏറെ അനുകരണീയമാണ്. സഭയുടെ ശുശ്രൂഷാസരണികളിൽ തന്റേതായ കൈയൊപ്പ് ചാർത്തി സ്വതസിദ്ധമായ ഇടപെടലുകൾ കൊണ്ടും മാന്ത്രികസ്പർശമുള്ള പുഞ്ചിരി കൊണ്ടും ആരെയും ആകർഷിച്ച വ്യക്തി. സഭയുടെ വിശ്വാസവും ആരാധനയും ആചാരാനുഷ്ഠാനങ്ങളും അഭംഗുരം കാത്തുസൂക്ഷിക്കുവാൻ അച്ചൻ അതീവ ശ്രദ്ധാലുവായിരുന്നു. ആരാധന ദൈവപ്രസാദ യാഗങ്ങളാണ് എന്ന് ഉറച്ചു വിശ്വസിച്ച് നാട്യങ്ങൾ ഇല്ലാതെ ആരാധനാദികൾ നിർവ്വഹിക്കുന്നതിൽ അച്ചൻ ശ്രദ്ധാലുവായിരുന്നു. തനിക്ക് ലഭിച്ച പൗരോഹിത്യ നൽവരത്തെ കുറിച്ചുള്ള ആഴമായ ബോധ്യം അതിന്റെ മഹത്വവും പ്രാധാന്യവും കുലീനതയും കാത്തുസൂക്ഷിച്ചുകൊണ്ട് ആരാധനാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുവാൻ സദാ ജാഗരൂകനായിരുന്നു.

ജാതി മത വർഗ്ഗ വർണ്ണ അതിർ വരമ്പുകൾക്ക് അതീതമായി സമൂഹത്തിന്റെ എല്ലാ തുറകളിൽ ഉള്ളവരുമായി ഒരു ഹൃദ്യമായ ബന്ധം കാത്തു സൂക്ഷിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. താൻ ജീവിച്ച ദേശത്തിന്റെ നാമം തന്നിലൂടെ അറിയപ്പെടുവാൻ തക്കവണ്ണം ആ നാടിന്റെ ഓരോ കാര്യങ്ങളിലും ഇടപ്പെട്ട് ജനഹൃദയങ്ങളിൽ സ്ഥാനം ഉറപ്പിച്ചു. ആത്മധൈര്യത്തോടൊപ്പം നിലപാടുകളിൽ ഉറച്ചുനിന്ന് പൊതുവിന്റെ നന്മയ്ക്കായി അതിനെ മുറുകെ പിടിച്ച് പ്രവർത്തിക്കുവാൻ അച്ചൻ ശ്രമിച്ചിരുന്നു. സാമൂഹിക പ്രതിബദ്ധതയും കരുണയും കൈമുതലായി കൊണ്ടുനടന്ന അച്ചൻ സമൂഹത്തിലെ അശരണരായവരെ ശ്രദ്ധിക്കുവാനും അവരെ കരുതുവാനും മനസ്സു

കാണിച്ചിരുന്നു. ഒരു മനുഷ്യയായുസ്സിൽ അച്ചൻ കടന്നുപോയ ജീവിത വഴികളിൽ മറ്റുള്ളവർ ആ ജീവിതത്തെ എങ്ങനെ കാണുന്നു എന്നതിന്റെ നേർകാഴ്ച്ചയാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ബഹു. അച്ചനെ കുറിച്ചുള്ള ഈ മധുര സ്മരണകൾ നിറഞ്ഞ ഗ്രന്ഥത്തിൽ അച്ചനെ അടുത്ത് അറിയുന്ന മഹൽ വ്യക്തിത്വങ്ങളുടെ മധുരസ്മരണകൾ വളരെ ഹൃദയഹാരിയായി അക്ഷരങ്ങളിലൂടെ കോറിയിട്ടിട്ടുണ്ട്.

ആദ്യകാലത്ത് തിരുവനന്തപുരം ഭദ്രാസനത്തിൽ പ്രവർത്തിച്ചു എങ്കിലും തന്റെ വൈദിക ശുശ്രൂഷയുടെ സിംഹഭാഗവും ചെങ്ങന്നൂർ ഭദ്രാസനത്തിൽ ആയിരുന്നു. ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭി. ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ അദ്ദേഹത്തെ അനുസ്മരിക്കുന്നത് "ആരെയും ആകർഷിക്കുന്ന കുലീനതയും, സംസാരശൈലിയും, ചൊവ്വും, വൃത്തിയുള്ള വേഷവും കൊണ്ട് ആ സ്നേഹബന്ധം ഇഴയടുപ്പം ഉള്ളതാക്കുവാൻ കഴിഞ്ഞു എന്ന് പറയുന്നതിൽ തെറ്റില്ല. ബന്ധങ്ങളുടെ ഉലച്ചിൽ എറ്റവും അധികം ഉള്ള ഈ കാലത്ത് മനസിൽ വൈരാഗ്യമോ, വിരോധമോ വച്ചു പുലർത്താതെ പവിത്രമായ സൗഹൃദം ഊട്ടി ഉറപ്പിക്കുവാൻ ബഹു. കോർഎപ്പിസ്കോപ്പാ അച്ചൻ ശ്രദ്ധിച്ചിരുന്നു." പുഞ്ചിരിക്കുന്ന ആത്മ സ്നേഹിതനായിട്ടാണ് വൈദിക സെമിനാരിയിൽ സഹപാഠിയും അങ്കമാലി ഭദ്രാസനാധിപനുമായ അഭിവന്ദ്യ യൂഹാനോൻ മാർ പോളികർപ്പോസ് തിരുമേനി അനുസ്മരിച്ചിരിക്കുന്നത്. പഠനകാലത്തെ മധുരമായ ഓർമ്മകൾ തിരുമേനി പങ്കുവയ്ക്കുന്നു. ബഹു. അച്ചന്റെ ഭൗതികശരീരം സിഡ്നിയിൽ നിന്നും യാത്രയയക്കുമ്പോൾ പ്രാർത്ഥനകൾക്കു നേതൃത്വം നൽകാൻ കഴിഞ്ഞത് സതീർത്ഥ്യനായ ഈ ആത്മസ്നേഹിതൻ നിറമിഴികളോടെ അനുസ്മരിക്കുന്നു. തിരുവനന്തപുരം കാരുണ്യ ഗൈഡൻസ് സെന്ററിന്റെ പ്രാരംഭകാല പ്രവർത്തനങ്ങളിൽ ലഭിച്ച സഹായങ്ങളെ കുറിച്ചും എക്യുമെനിക്കൽ രംഗങ്ങളിൽ പ്രത്യേകിച്ച് ബൈബിൾ സൊസൈറ്റി, YMCA, KCC തുടങ്ങിയവയിൽ ഒന്നിച്ചുള്ള പ്രവർത്തനത്തെ കുറിച്ചും നിരണം ഭദ്രാസനാധിപനും പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയുമായ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ അനുസ്മരിക്കുന്നുണ്ട്.

തന്റെ ബാല്യ കാലത്തിന്റെ മധുരമായ ഓർമ്മകളോടൊപ്പമാണ് കോട്ടയം ഭദ്രാസനാധിപനായ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ ബഹു. കോർഎപ്പിസ്കോപ്പായെ അനുസ്മരിക്കുന്നത്. ഒരു നദി കണക്കേ ജീവിതം നയിച്ച പുരോഹിതൻ എന്നും ഒഴുകി, എല്ലാറ്റിനെയും സമചിത്തതയോടെ സ്വീകരിച്ച്, എല്ലാറ്റിനെയും തണുപ്പിച്ച്, സ്വയം മലിനമാകാതെ എല്ലാറ്റിനെയും ശുദ്ധീകരിച്ച്, ലക്ഷ്യബോധത്തോടെ ഒഴുകിയ ജീവിതം എന്നാണ് മാർ ദീയസ്ക്കോറോസ് അച്ചന്റെ ജീവിതത്തെ

വിലയിരുത്തുന്നത്. ഒരു ജേഷ്ഠ സഹോദരനും സ്നേഹിതനും മാർഗദർശിയും ഗുരുവുമായിട്ടാണ് നിലയ്ക്കൽ ഭദ്രാസനാധിപനായ അഭിവന്ദ്യ ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ കോർഎപ്പിസ്കോപ്പായെ അനുസ്മരിക്കുന്നത്. ദേവാലയ ആരാധനയിൽ ചിട്ടയും നിഷ്ഠയും ഉള്ള വൈദികൻ, ഗുരുഭക്തി നിറഞ്ഞു നിന്ന വൈദികൻ, തന്റെ ഗുരുവായ ദീയസ് കോറോസ് തിരുമേനിയെ എപ്പോഴും 'എന്റെ തിരുമേനി' എന്ന് വിളിച്ചും തിരുവനന്തപുരം ഭദ്രാസനത്തിനു വേണ്ടി മടി കൂടാതെ കഷ്ടതകൾ സഹിച്ച വൈദികനായും, ജീവിതത്തിൽ കുലീനത പ്രകടിപ്പിച്ച വൈദികനായും റാന്നി ഹോളി ട്രിനിറ്റി ആശ്രമത്തിന്റെ അഭ്യുദയകാംക്ഷിയായി അതിന്റെ പ്രാരംഭകാല വളർച്ചയിൽ ഏറെ ശ്രദ്ധവച്ച വൈദികനായും അഭിവന്ദ്യ തിരുമേനി അച്ചനെ അനുസ്മരിക്കുന്നു.

വൈദിക സെമിനാരി പഠന കാലത്ത് ആരംഭിച്ച സ്നേഹബന്ധത്തിന്റെ മധുരമായ ഓർമ്മകൾ അയവിറക്കിയാണ് അഖില മലങ്കര പ്രാർത്ഥനാ യോഗം പ്രസിഡന്റ് അഭിവന്ദ്യ മാത്യൂസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ അനുസ്മരിക്കുന്നത്. ഭാഗ്യസ്മരണാർഹനായ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കബറിൽ രേഖപ്പെടുത്തിയിരിക്കുന്ന അതേ വാചകത്തിൽ ബഹു. അച്ചനെ ഓർത്തെടുക്കുന്നു. സന്തോഷിപ്പിക്കുന്ന സാന്നിദ്ധ്യമായ, മധുരിക്കുന്ന ചൊല്ലുള്ള, നല്ല പ്രചോദനം തരുന്ന വാക്കുകൾ പകർന്ന, സ്നേഹം ഉണർത്തുന്ന ജീവിതശൈലിയുള്ള, പരിശുദ്ധ സഭയോടും പിതാക്കന്മാരോടും കൂറുള്ള വൈദിക ശ്രേഷ്ഠൻ.

മലങ്കരസഭാ വൈദിക ട്രസ്റ്റി ബഹു. തോമസ് വർഗീസ് അമയിൽ അച്ചനും ബഹു. മാത്യു വർഗീസ് പുളിമൂട്ടിൽ കോർഎപ്പിസ്കോപ്പായും ബഹു. സഖറിയ പനയ്ക്കാമറ്റം കോർഎപ്പിസ്കോപ്പായും ഡോ. ജോസഫ് സാമുവേൽ കറുകയിൽ കോർഎപ്പിസ്കോപ്പായും അഖില മലങ്കര വൈദിക സംഘം സെക്രട്ടറി ബഹു. ഡോ. നൈനാൻ വി. ജോർജ്ജ് അച്ചൻ ഉൾപ്പെടെയുള്ള അനേകം വൈദികരും അത്മായ പ്രമുഖരും ബഹുമാനപ്പെട്ട കോർഎപ്പിസ്കോപ്പായെ കുറിച്ച് പങ്കുവച്ച നാല്പതിലധികം അനുസ്മരണ കുറിപ്പുകളും ചെങ്ങന്നൂർ ഭദ്രാസന മുഖപത്രമായ ബഥേൽ പത്രികയിലും മറ്റ് പ്രസിദ്ധീകരണങ്ങളിലും ബഹു. അച്ചൻ രചിച്ച ചിന്തോദീപകങ്ങളായ ലേഖനങ്ങളുടെ സമാഹാരവുമാണ് ഈ ഗ്രന്ഥം. തിരുപിറവിയെ കുറിച്ചും വികലമാക്കപ്പെടുന്ന അതിന്റെ ആഘോഷങ്ങളെ പറ്റിയും ലേഖനങ്ങളിൽ പരാമർശമുണ്ട്. ഓർത്തഡോക്സ് ആരാധനയുടെ ഭാഗമായ അൻപത്തിഒന്നാം സങ്കീർത്തനത്തിന്റെ അർത്ഥതലങ്ങളെ കുറിച്ചും പഴയനിയമ കഥാപാത്രങ്ങളായ അബ്രഹാം, നോഹാ എന്നിവരുടെ ജീവിതമൂഹൂർത്തങ്ങളെ മനോഹരമായി തന്റെ ലേഖനങ്ങളിൽ അച്ചൻ വിവരിച്ചിട്ടുണ്ട്. കർത്തൃപ്രാർത്ഥനയും അതിലെ ഓരോ പദങ്ങളെ കുറിച്ചും സവിസ്തരമായി ബഥേൽ പത്രികയിൽ

എഴുതിയ തുടർലേഖനങ്ങൾ ഏറെ അറിവ് പകരുന്നതാണ്. കല്ലുങ്കൽ പള്ളി ജൂബിലി സുവനിയറിൽ പ്രസിദ്ധീകരിച്ച 'ആരാണ് രക്തസാക്ഷി? എന്താണ് രക്തസാക്ഷിത്വത്തിന്റെ മഹനീയത' എന്നതിന്റെ നല്ലൊരു പഠനം ഈ ഗ്രന്ഥത്തിൽ കാണാം. 1999 സെപ്തംബറിൽ മലങ്കരസഭാ മാസികയിൽ എഴുതിയ തന്റെ ഗുരുവായ ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന മനോഹരമായ ഒരു അനുസ്മരണ കുറിപ്പും ഈ ഗ്രന്ഥത്തിന്റെ ഭാഗമായി ചേർത്തിരിക്കുന്നു.

ബഹു. അച്ചനെ കുറിച്ച് ഒരു അനുസ്മരണ കുറിപ്പ് എഴുതാൻ ലഭിച്ച അവസരം ഒരു ദൈവനിയോഗമായി ഞാൻ കാണുന്നു. വ്യക്തിപരമായി എന്റെ ജീവിതത്തിൽ ഏറെ കടപ്പാടുകൾ ഉണ്ട്. ബഹു. അച്ചൻ ഞങ്ങളുടെ ഇടവകയിൽ വികാരിയായി പ്രവർത്തിക്കുന്ന (2003-2006) കാലത്താണ് 2005-ൽ വൈദിക സെമിനാരി പഠനത്തിനായി ഞാനും ബഹു. വിമൽ മാമ്മൻ ചെറിയാൻ അച്ചനും കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ പ്രവേശനം ലഭിച്ച് പോകുന്നത്. അന്ന് ഒരു വൈദികൻ എങ്ങനെ ആയിരിക്കണം എന്നും വൈദികജീവിതത്തിൽ വച്ചുപുലർത്തേണ്ട ശൈലികളും ശീലങ്ങളും ഞങ്ങൾക്ക് അദ്ദേഹം ഉപദേശിച്ചു തന്നു. ഞങ്ങളോടോപ്പം കോട്ടയം പഴയസെമിനാരിയിൽ എത്തി അഭിമാനപൂർവ്വം "ഇവർ എന്റെ പിള്ളേരാണ്" എന്ന് പറഞ്ഞ് വൈദികസെമിനാരി അദ്ധ്യാപകരെ പറഞ്ഞ് ഏൽപ്പിച്ച് മടങ്ങിയത് ഇപ്പോഴും മനസ്സിൽ മായാതെ നിൽക്കുന്നു. എപ്പോൾ എവിടെ വച്ച് കണ്ടാലും വാത്സല്യത്തോടെ 'കുഞ്ഞേ ഞാനാണ് നിങ്ങളെ വൈദിക സെമിനാരിയിൽ അയച്ചത്. ആ ഓർമ്മ എപ്പോഴും ഉണ്ടാകണം" എന്ന് ഓർമ്മിപ്പിക്കുമായിരുന്നു. അച്ചന്റെ മൂത്ത മകൾ റ്റീമയെ വിവാഹം കഴിച്ചിരിക്കുന്നത് എന്റെ ബാല്യകാലം മുതലുള്ള സുഹൃത്തും ചെങ്ങന്നൂർ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് കത്തീഡ്രൽ ബാലസമാജത്തിലും യുവജനപ്രസ്ഥാനത്തിലും എന്റെ സഹപ്രവർത്തകനും ഇപ്പോൾ കുടുംബമായി യു.എ.ഇ. യിൽ ജീവിക്കുന്ന വൈദിക പാരമ്പര്യമുള്ള ചെങ്ങന്നൂർ പൂവത്തൂർ കുടുംബാംഗവുമായ ശ്രീ. ജാക്സൺ പി. പൂവത്തൂരാണ്.

ബഹു. അച്ചന്റെ ഒന്നാം ചരമവാർഷികത്തിൽ അച്ചനെ കുറിച്ച് ആദ്ദേഹത്തെ അടുത്ത് അറിഞ്ഞിട്ടുള്ളവർ പങ്കുവച്ച അക്ഷര സ്മരണകൾ സമാഹരിച്ച് പ്രസിദ്ധീകരിക്കാൻ മുൻകൈ എടുത്ത ബഹു. അച്ചന്റെ സഹോദര പുത്രിയുടെ ഭർത്താവു കൂടിയായ ശ്രീ. റ്റിബിൻ ചാക്കോ തേവർവേലിനോടുള്ള നന്ദി വാക്കുകൾക്ക് അതീതമാണ്. ബഹു. അച്ചന്റെ സ്മരണകൾ എന്നും ദിവ്യമായിത്തീരുവാൻ ഈ ഗ്രന്ഥം ഉപയുക്തമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഫാ. ഡോ. ഏബ്രഹാം കോശി കുന്നുംപുറത്ത്
(ചീഫ് എഡിറ്റർ, ബഥേൽ പത്രിക)

ആമുഖം

ദൈവസന്നിധിയിലും മനുഷ്യരുടെ മുമ്പാകെയും ഉത്തമമായ ജീവിതം നയിച്ച് തന്റെ ഈ ലോകത്തിലെ ഉത്തരവാദിത്വങ്ങൾ നിറവേറ്റി വന്ദ്യ തോമസ് തേക്കിൽ കോർഎപ്പിസ്കോപ്പാ സ്വർഗ്ഗീയ ജീവിതത്തിലേക്ക് കരേറിയിട്ട് ഒരു വർഷം തികയുകയാണ്. കല്ലുങ്കൽ ഗ്രാമത്തിൽ ജനിച്ച് മലങ്കരസഭയിലും, അതോടൊപ്പം സാമൂഹിക സാംസ്കാരിക രംഗങ്ങളിലും തന്റേതായ കൈയ്യൊപ്പ് പതിപ്പിച്ച ഒരു ബഹുമുഖ പ്രതിഭയായിരുന്നു വന്ദ്യ തേക്കിലച്ചൻ.

എത്രനാൾ ജീവിച്ചു എന്നതല്ല മറിച്ച് എങ്ങനെ ജീവിച്ചു എന്നതാണ് ജീവിതത്തെ വ്യത്യസ്തമാക്കുന്നത് എന്ന പ്രയോഗം സ്വന്ത ജീവിതത്തിൽ പ്രാവർത്തികമാക്കിയ ഒരു ആചാര്യശ്രേഷ്ഠനായിരുന്നു തേക്കിലച്ചൻ. നല്ല പുഞ്ചിരിക്കുന്ന മുഖവുമായി എല്ലാവരെയും സമീപിക്കുന്ന നല്ല ബന്ധങ്ങളുടെ ഉടമ എന്ന് അച്ചനെ വിശേഷിപ്പിക്കാം. വൈദിക ജീവിതത്തോടൊപ്പം തന്റെ സാമൂഹിക പ്രതിബന്ധതയും മുറുകെ പിടിച്ച് തന്റെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിൽ അച്ചൻ മുൻപന്തിയിൽ ആയിരുന്നു.

രേഖപ്പെടാത്ത ഓർമ്മകൾക്കും ചരിത്രങ്ങൾക്കു അധികകാലം ആയുസുണ്ടാകുകയില്ല എന്ന ബോധ്യത്തിൽ നിന്നാണ് വന്ദ്യ കോർഎപ്പിസ്കോപ്പായുടെ ചരിത്രവും സംഭാവനകളും പ്രബോധനങ്ങളും പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുക എന്ന പ്രേരണയ്ക്ക് നിദാനം. ഈ ചിന്ത പങ്കുവെച്ച അന്നു മുതൽ എനിക്ക് വേണ്ട എല്ലാ പിന്തുണയും സഹായവും വന്ദ്യ അച്ചന്റെ കുടുംബാംഗങ്ങൾ വാഗ്ദാനം ചെയ്തു. അതിന്റെ പൂർണതയാണ് ഈ പുസ്തകം.

ഒന്നാം ചരമവാർഷിക ദിനത്തിനോട് അനുബന്ധിച്ചാണ് അദ്ദേഹത്തിന്റെ ജീവിതവും ദർശനവും പ്രതിപാദിക്കുന്ന ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നത്. ആത്മീയ മണ്ഡലത്തിൽ പ്രവർത്തിക്കുന്നവർക്കും നേതൃത്വം കൊടുക്കുന്നവർക്കും വന്ദ്യ അച്ചന്റെ ജീവിതം അനുകരണീയവും പ്രചോദനവും പകരും എന്നതിൽ സംശയമില്ല. മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്ന പുസ്തകത്തിന്റെ ആദ്യ ഭാഗത്ത് അദ്ദേഹത്തിന്റെ ലഘു ജീവചരിത്രവും രണ്ടാം ഭാഗത്ത് അദ്ദേഹവുമായി അടുത്തിടപഴകിയിട്ടുള്ളവരുടെ അനുഭവങ്ങളും ഓർമ്മകളും മൂന്നാമതായി അദ്ദേഹത്തിന്റെ ലഭ്യമായ ചില ലേഖനങ്ങളും ചേർത്തിരിക്കുന്നു.

ഈ പുസ്തകം തയ്യാറാക്കുന്നതിൽ സഹകരിച്ച വ്യക്തികൾ അനേക രാണ്. മികവുറ്റ ലേഖനങ്ങൾ എഴുതി നൽകിയ അഭിവന്ദ്യ മെത്രാപ്പോ ലീത്താമാർ, വന്ദ്യ വൈദികശ്രേഷ്ടർ, സുഹൃത്തുക്കൾ, ബന്ധുജനങ്ങൾ. വന്ദ്യ അച്ചൻ എഴുതിയിട്ടുള്ള ലേഖനങ്ങൾ കണ്ടെത്തുവാൻ സഹായിച്ച ശ്രീ. ജോയ്സ് തോട്ടയ്ക്കാട്, പഴയ സെമിനാരി ലൈബ്രറി സ്റ്റാഫ് അംഗ ങ്ങൾ, കുടുംബാംഗങ്ങൾ, അച്ചന്റെ സുഹൃത്തുക്കൾ എന്നിവരോടുള്ള സ്നേഹാദരവുകൾ സമർപ്പിക്കുന്നു.

ഈ പുസ്തകത്തിന്റെ പ്രസാധനം ഏറ്റെടുത്ത് പ്രൂഫ് റീഡിംഗ്, എഡി റ്റിംഗ്, ഡി.റ്റി.പി. & പ്രിന്റിംഗ് എന്നിവയ്ക്ക് നേതൃത്വം കൊടുത്ത സോഫിയാ ബുക്ക്സിന്റെ ഉടമ ശ്രീ. ജോയ്സ് തോട്ടക്കാട്, മനോഹരമായ കവർ ഡിസൈൻ ചെയ്ത് തന്ന കോട്ടയം അമ്മ ഡിജിറ്റൽ എന്നിവരോടുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

വന്ദ്യ തേക്കിൽ കോർഎപ്പിസ്കോപ്പായുടെ സഭാസ്നേഹവും, ജീവിത വിശുദ്ധിയും സ്നേഹോഷ്മളമായ പെരുമാറ്റവും എക്കാലവും ഓർമ്മിക്ക പ്പെടുവാൻ സഹായകമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ ഗ്രന്ഥം വായന യ്ക്കായി സമർപ്പിക്കുന്നു.

റ്റിബിൻ ചാക്കോ തേവർവേലിൽ

പ്രസാധകക്കുറിപ്പ്

ദിവംഗതനായ വന്ദ്യ തോമസ് തേക്കിൽ കോർഎപ്പിസ്കോപ്പാ ഇടയത്വ ശുശ്രൂഷയിൽ ഒരു ഉത്തമ മാതൃകയായിരുന്നു. തികഞ്ഞ ആത്മാർത്ഥത യോടെ അദ്ദേഹം സഭയെ ശുശ്രൂഷിച്ചു. ആടുകളുടെ ഇടയൻ എന്ന നില യിൽ, തന്റെ അജഗണങ്ങളെ പച്ചയായ മേച്ചിൽപുറങ്ങളിലേക്ക് നയിക്കുന്ന തിന് അവസാനം വരെ അദ്ദേഹം ശുഷ്കാന്തിയോടെ പ്രവർത്തിച്ചു. അദ്ദേഹം ശുശ്രൂഷ അനുഷ്ഠിച്ച ഇടവകകളിൽ, ആത്മിക പോഷണം അനു ഭവിച്ച് വളരുവാൻ ജനങ്ങൾക്കു ഇടയായിട്ടുണ്ട്.

തേക്കിൽ അച്ചന്റെ വെണ്മയാർന്ന വിശുദ്ധ ജീവിതത്തിന്റെ വിവിധ കോണുകളിൽ നിന്നുള്ള സത്യസന്ധമായ വിവരണങ്ങൾ ചേർത്ത പ്രൗഢവും മികച്ചതുമായ അനുസ്മരണങ്ങളാൽ ഈ ഗ്രന്ഥം സമ്പന്നമാണ്. നമ്മിൽ നിന്നു വാങ്ങിപ്പോകുന്ന വൈദികരുടെ ജീവിതത്തെ രേഖപ്പെടുത്തി വയ്ക്കുക നമ്മുടെ സഭയിൽ അപൂർവ്വമാണ്. വരുന്ന തലമുറകൾ മുൻ തല മുറകളിലെ ഒരു വൈദികനെക്കുറിച്ച് അന്വേഷിക്കുമ്പോൾ ഒരു വിവരവും ലഭ്യമല്ല എന്ന മറുപടിയായിരിക്കും ലഭിക്കുക. അതിനിടയാക്കാതെ തേക്കിൽ അച്ചന്റെ ജീവിതവും രചനകളും റ്റിബിൻ ചാക്കോ ഈ ഗ്രന്ഥത്തിൽ സമാ ഹരിച്ചിരിക്കുന്നു.

ഈ ഗ്രന്ഥ വായനയിലൂടെ തേക്കിൽ അച്ചനെ കൂടുതൽ അടുത്തറിയു വാനും ആ പുണ്യജീവിതത്തിലെ വിലയേറിയ മാണിക്യരത്നങ്ങൾ വേർ തിരിച്ച് ദൈവത്തെ മഹത്വപ്പെടുത്തുവാനും അനേകർക്ക് സാധ്യമാകട്ടെ എന്ന പ്രാർത്ഥനയോടെ ഈ ഗ്രന്ഥം വായനക്കാർക്കായി സമർപ്പിക്കുന്നു.

ജോയ്സ് തോട്ടയ്ക്കാട്

ഒക്ടോബർ 15, 2024
കോട്ടയം

ഉള്ളടക്കം

അവതാരിക 5

ആമുഖം 9

പ്രസാധകക്കുറിപ്പ് 11

ഭാഗം ഒന്ന്: ജീവിതം

ജീവിതരേഖ 17

കല്ലുങ്കലിന്റെ സൗമ്യ മുഖം
റ്റിബിൻ ചാക്കോ തേവർവേലിൽ 20

ഭാഗം രണ്ട്: അനുസ്മരണം

1. സഭയ്ക്കും സമൂഹത്തിനും ശ്രേഷ്ഠ സംഭാവനകൾ നൽകിയ വൈദികൻ
ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ 32
2. പുഞ്ചിരിക്കുന്ന ആത്മസ്നേഹിതൻ
യൂഹാനോൻ മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്താ 35
3. ഞാൻ അറിയുന്ന തേക്കിൽ അച്ചൻ
മാത്യൂസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ 37
4. ഉത്തമനും വിശ്വസ്തനുമായ ആചാര്യശ്രേഷ്ഠൻ
ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ 40
5. നല്ല ഓർമ്മകൾ സമ്മാനിച്ച അജപാലകൻ
ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ 42
6. ഗുരുഭക്തി നിറഞ്ഞു നിന്നിരുന്ന വൈദികൻ
ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ 45
7. പുഞ്ചിരിയിൽ മാന്ത്രികസ്പർശം നിറച്ച തേക്കിലച്ചൻ
ഫാ. ഡോ. തോമസ് വർഗ്ഗീസ് അമയിൽ 49
8. ആത്മബന്ധത്തിന്റെ നല്ല ഇടയൻ
സഖറിയ പനയ്ക്കാമറ്റം കോർഎപ്പിസ്കോപ്പാ 51
9. അന്യംനിന്നുപോകുന്ന വൈദിക മാതൃക
ഡോ. ജോസഫ് സാമുവൽ കറുകയിൽ കോർഎപ്പിസ്കോപ്പാ 54

10. എപ്പോഴും പുഞ്ചിരിക്കുന്ന വൈദികശ്രേഷ്ഠൻ
സാം കാഞ്ഞിക്കൽ കോർഎപ്പിസ്ക്കോപ്പാ 58
11. മന്ദസ്മിതം തൂകുന്ന തേക്കിലച്ചൻ
മാത്യു വറുഗീസ് പുളിമൂട്ടിൽ കോർഎപ്പിസ്കോപ്പാ 60
12. The Very Rev Thomas Thekkil Cor Episcopa: A Reflection
John Kunnathusseril Cor Episcopa 62
13. തേക്കിൽ അച്ചന്റെ സ്മരണയിലൂടെ....
ബെന്യാമിൻ തോമസ് റമ്പാൻ 64
14. A Pillar of Faith and Compassion
Fr. Dr. Ninan V. George 66
15. മരിക്കാത്ത ഓർമ്മകളിൽ തേക്കിലച്ചൻ
ഫാ. ജോസഫ് കുറിയാക്കോസ് പാമ്പാടികണ്ടത്തിൽ 68
16. The Enduring Legacy of Very Rev. Thomas Thekkil Cor Episcopa
Fr Joby George 70
17. ഗുരുവും മാർഗ്ഗദർശിയും
ഫാ. നിതിൻ മാത്യൂസ് മണ്ണാചേരിൽ 72
18. കല്ലുങ്കലിന്റെ കരൾ കവർന്ന തേക്കിലച്ചൻ; ഒപ്പം എന്റെയും
ഫാ. എബി ഫിലിപ്പ് 74
19. സ്നേഹനിധിയായ തേക്കിലച്ചൻ
ഫാ. രാജൻ വർഗീസ് 77
20. കരിമ്പിൻനാട്ടിൽ നിന്നും മാധുര്യമേറിയ അഭിഷിക്തൻ
ഫാ. ഡോ. ഫിലിക്സ് യോഹന്നാൻ തട്ടാശ്ശേരിൽ 80
21. പുഞ്ചിരിയുടെ പുരോഹിതൻ
ഫാ. ഷിനോ സാം 82
22. നിലപാടുകളുടെ രാജകുമാരൻ
ഫാ. നിജിൽ യാക്കോബ് വർഗീസ് 85
23. തേക്കിലച്ചന്റെ ശോഭയാർന്ന പുഞ്ചിരി
നൈനാൻ കാടുവെട്ടൂർ 87
24. കർമ്മ വഴിയിലെ വിളക്കുമരം
എബി മാത്യു കൊഴുവല്ലൂർ 89
25. സൗന്ദര്യത്തിന്റെയും സ്നേഹത്തിന്റെയും ആത്മീയ പ്രവാഹം
അരുൺ തോമസ് ഉമ്മൻ 91
26. ഒരു സുഗന്ധ സ്മരണ
ജോജി പി. തോമസ് 94
27. പകരം വയ്ക്കാനില്ലാത്ത വ്യക്തിത്വം
ജെ. കെ. പെരുമ്പാവൂർ 96

28. അണയാത്ത തിരിനാളം
ജോബി ജേക്കബ് 99
29. വിട പറയാൻ നേരത്തെ തലയെടുപ്പോ?
സ്റ്റാൻലി ജോൺ 101
30. എം.ജി.എം. സ്കൂളിന്റെ പനിനീർപുഷ്പം
കെ. ഫിലിപ്പ് വറുഗീസ് കാട്ടുപറമ്പിൽ 102
31. സ്മരണാഞ്ജലി
തോമസ് തുണ്ടിയിൽ 105
32. നിത്യഹരിത വ്യക്തിത്വം
പ്രതീഷ് ഫിലിപ്പ് 107
33. പ്രശോഭിതനായ ഇടയശ്രേഷ്ഠൻ
ചാണ്ടപ്പിള്ള പി. സാം 109
34. പുഞ്ചിരിയുടെ നല്ല ഇടയൻ
ഷിബു ചാണ്ടി മാത്യു 110
35. എന്റെ സൂപ്പർ ഹീറോ; ഈ ദേശത്തിന്റെയും
ഡോ. റ്റിബിൻ തേക്കിൽ 111
36. അടുപ്പവും വാത്സല്യവുമുള്ള പിതാവ്
റ്റീമ സൂസൻ തോമസ് 123
37. "അച്ചൻ പപ്പാ"
ജീനാ സൂസൻ റ്റിബിൻ തേവർവേലിൽ 127
38. 'Thoppi Appachan'
Neenu Elson Jackson 129
39. Appachan
Niya Sara Jackson 131
40. Our Grandfather
Nissa & Nissi 132
41. My Life with Appachan
Giana Elsa Tibin 134
42. കല്ലുങ്കൽ ദേശത്തിന്റെ സ്വന്തം 'തേക്കിലച്ചൻ' 135

ഭാഗം മൂന്ന്: രചനകൾ

1. ബുദ്ധിയെപ്രകാശിപ്പിക്കുക 138
2. യഥാർത്ഥ പ്രാർത്ഥന എന്നാൽ എന്ത്? 141
3. തബീഥ 144
4. ദൈവം ഉള്ളിൽ ജനിക്കണം 147
5. പുറമെയും അകമെയും വിശുദ്ധി ഉള്ളവരായിരിക്ക 150
6. നമ്മെത്തന്നെ ദൈവനാമ മഹത്വത്തിനായി സമർപ്പിക്കുക 153
7. ശരിയായ മാനസാന്തരവും അടിയുറച്ച വിശ്വാസവും ഉണ്ടാകണം 156

8.	പരിശുദ്ധാത്മാവേ എഴുന്നള്ളി വരണമെ	159
9.	മരണത്തിൽ നമുക്ക് പ്രത്യാശയുണ്ടാകണം	161
10.	ദൈവത്തോടു കൂടി നടക്കാം	164
11.	'അനുസരണം ബലിയേക്കാൾ ഉത്തമം'	167
12.	തങ്ങൾ നഗ്നരെന്ന് അറിയുക	170
13.	നിസ്സഹായനായ മനുഷ്യൻ	173
14.	ക്രിസ്തീയ സന്തോഷം	176
15.	ദൈവീക സ്പർശം	179
16.	രാജാവായി പിറന്നവൻ എവിടെ?	182
17.	പിത്തള സർപ്പം	185
18.	'ബലം നിന്നിലുള്ള മനുഷ്യൻ ഭാഗ്യവാൻ" (സങ്കീ. 84:5)	189
19.	രക്തസാക്ഷി	192
20.	മാർ ദീയസ്ക്കോറോസ്: സഭാ സംരക്ഷകൻ	196
21.	മെത്രാൻ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ്: ഏഴു പേരും തെരഞ്ഞെടുക്കപ്പെടണം	199



ഭാഗം ഒന്ന്

ജീവിതം

തോമസ് തേക്കിൽ കോറെപ്പിസ്ക്കോപ്പാ
(1952–2023)

ജനനം: 1952 മെയ് 10.

മാതാപിതാക്കൾ: കല്ലുങ്കൽ തേക്കിൽ മത്തായി മാത്യു & ശോശാമ്മ മാത്യു.

മാതൃ ഇടവക: കല്ലുങ്കൽ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളി (ചെങ്ങന്നൂർ ഭദ്രാസനം).

വിദ്യാഭ്യാസം:

എം.ഡി. എൽ.പി. സ്കൂൾ കല്ലുങ്കൽ.
സെന്റ് സ്റ്റീഫൻസ് ബോർഡിംഗ് സ്കൂൾ, പത്തനാപുരം.
എം.ജി.എം. സ്കൂൾ, തിരുവല്ല.
മാർ ഈവാനിയോസ് കോളജ്, തിരുവനന്തപുരം.
ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം.

പട്ടത്വം:

ശെമ്മാശൻ: 1977 മാർച്ച് 25.
വൈദികൻ: 1980 ആഗസ്റ്റ് 15.
കോർ എപ്പിസ്കോപ്പാ: 2018 ജൂലൈ 13.

പള്ളികൾ:

തിരുവനന്തപുരം ഭദ്രാസനം:

കുണ്ടറ സെന്റ് തോമസ് വലിയപള്ളി.
ചാത്തന്നൂർ സെന്റ് ജോർജ് വലിയപള്ളി.
നെടുമ്പായിക്കുളം സെന്റ് ജോർജ് വലിയപള്ളി.
ശ്രീകാര്യം മാർ ബസേലിയോസ് ഗ്രീഗോറിയോസ് പള്ളി.

ചെങ്ങന്നൂർ ഭദ്രാസനം:

കുറ്റൂർ മാർ ഗ്രീഗോറിയോസ് ബഥാന്യ പള്ളി.
വള്ളംകുളം സെന്റ് മേരീസ് പള്ളി.

ചെങ്ങന്നൂർ സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രൽ.
തോട്ടപ്പുഴ മാർ ഗ്രീഗോറിയോസ് പള്ളി.
ആറാട്ടുപുഴ സെന്റ് മേരീസ് പള്ളി.
പാണ്ടനാട് വെസ്റ്റ് സെന്റ് മേരീസ് പള്ളി.
ഉമയാറ്റുകര സെന്റ് തോമസ് വലിയപള്ളി.
തിരുവൻവണ്ടൂർ സെന്റ് ജോർജ് പള്ളി.
കല്ലുങ്കൽ സെന്റ് ജോർജ് പള്ളി.
കൂർത്തമല സെന്റ് മേരീസ് പള്ളി.

താൽക്കാലിക വികാരി:

മലങ്കര ഓർത്തഡോക്സ് ചർച്ച് ദോഹ
സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ച്, ഓസ്ട്രേലിയാ.

വഹിച്ചിട്ടുള്ള സ്ഥാനങ്ങൾ:

തിരുവനന്തപുരം ഭദ്രാസന സെക്രട്ടറി.
തിരുവനന്തപുരം ഭദ്രാസന യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റ്.
മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റി അംഗം (2007–2012).
മലങ്കര സഭാ വർക്കിംഗ് കമ്മിറ്റിയിൽ പ്രത്യേക ക്ഷണിതാവ്.
വൈദിക ശമ്പള വർദ്ധന കമ്മിറ്റി കൺവീനർ.
ബൈബിൾ സൊസൈറ്റി ഓക്സിലറി മെമ്പർ.
കനിവ് ചാരിറ്റബിൾ സൊസൈറ്റി മെമ്പർ.
നെടുമ്പ്രം വൈ.എം.സി.എ. പ്രസിഡന്റ്.
കല്ലുങ്കൽ ഗ്രാമ വികസന സമിതി പ്രസിഡന്റ്.
കല്ലുങ്കൽ പൗരസമിതി രക്ഷാധികാരി.
അഖില കേരള ബാലജനസഖ്യം തിരുവല്ല യൂണിയൻ രക്ഷാധികാരി.
പി.ടി.എ. പ്രസിഡന്റ്, എം.ജി.എം. ഹൈസ്കൂൾ, തിരുവല്ല.
റെഡ്ക്രോസ് സൊസൈറ്റി മെമ്പർ.
തേക്കിൽ കുടുംബയോഗം പ്രസിഡന്റ്.
മാലിയിൽ കുടുംബയോഗം രക്ഷാധികാരി.
പി.ടി.എ. പ്രസിഡന്റ് & ലോക്കൽ മാനേജർ എം.ഡി. എൽ.പി. സ്കൂൾ കല്ലുങ്കൽ.
എം.ജി.എം. ഹൈസ്കൂൾ ഗവേണിംഗ് ബോർഡ് അംഗം.
പരുമല സെമിനാരി കൗൺസിൽ അംഗം.

സന്ദർശിച്ച രാജ്യങ്ങൾ:

ഓസ്ട്രേലിയ.
ബഹറൈൻ.

ഈജിപ്ത്.
ഇസ്രായേൽ.
പാലസ്തീൻ.
ജോർദാൻ.
മലേഷ്യ.
ഒമാൻ.
ഖത്തർ.
സിംഗപ്പൂർ.
യു.എ.ഇ.

കുടുംബം

ഭാര്യ: ഏലിയാമ്മ തോമസ്.

മക്കൾ: റ്റീമാ സൂസൻ തോമസ് & ജാക്സൻ ഫിലിപ്പ്, ചെങ്ങന്നൂർ.
കൊച്ചുമക്കൾ: നിയ & നീനു.

റ്റീബാ എൽസാ തോമസ് & നെബു വർഗീസ് കുടശ്ശനാട്.
കൊച്ചുമക്കൾ: നിസാ, നിസി, നീൽ.

ഡോ. റ്റിബിൻ തേക്കിൽ & ഷെറിൻ എലിസബേത്ത് തോമസ്.
കൊച്ചുമക്കൾ: ജിയാന, ജിസേൽ.

അന്ത്യം: 2023 നവംബർ 1.

കബറടക്കം: 2023 നവംബർ 11.

കല്ലുങ്കലിന്റെ സൗമ്യ മുഖം

പല ദേശങ്ങളും ധന്യമാക്കപ്പെടുന്നത് അവിടെ ജന്മം കൊള്ളുന്ന ആത്മീയ പിതാക്കന്മാരുടെ സാന്നിധ്യം കൊണ്ടാണ്. കല്ലുങ്കൽ ദേശത്ത് ജനിച്ച് മലങ്കരസഭയിലും, സമൂഹത്തിലും വിശിഷ്യാ കല്ലുങ്കൽ ദേശത്തിന്റെ പുരോഗതിയിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ആചാര്യശ്രേഷ്ഠനായിരുന്നു 'തേക്കിലച്ചൻ' എന്ന പേരിൽ അറിയപ്പെട്ട വന്ദ്യ തോമസ് തേക്കിൽ കോറെപ്പിസ്കോപ്പാ. 70 വർഷക്കാലത്തെ ജീവിതംകൊണ്ട് മലങ്കര സഭയ്ക്കും ജന്മനാടിനും ഒരുപോലെ വൻ നന്മകൾ ചെയ്ത് കടന്നുപോയ വൈദിക ശ്രേഷ്ഠന്റെ ജീവചരിത്ര സംഗ്രഹം വരും താളുകളിൽ കുറിയ്ക്കുന്നു.

കുടുംബം

കുറവിലങ്ങാട് വയൽക്കര മ്യാലി തറവാട്ടിലെ ഒരു യുവാവ് ക്രൈസ്തവ മതം സ്വീകരിച്ച് നിരണത്തിനടുത്തുള്ള വളഞ്ഞവട്ടത്ത് പമ്പാ നദിക്കരയിൽ മ്യാലി എന്ന കുടുംബപ്പേര് സ്വീകരിച്ചു താമസമാക്കി. ഇദ്ദേഹമാണ് മ്യാലി കുടുംബത്തിന്റെ ആദ്യ പിതാവ്. മ്യാലി കുടുംബം കാലാന്തരത്തിൽ മാലി എന്ന പേരിൽ അറിയപ്പെട്ടു. ഇദ്ദേഹത്തിന്റെ പിൻഗാമികൾ പ്രതാപവാന്മാരും ധാരാളം ഭൂസ്വത്തുക്കൾക്ക് ഉടമകളുമായിരുന്നു. തലമുറകളായി ഇവർ നിരണം പള്ളിയിൽ ആരാധന, ഭരണകാര്യങ്ങളിൽ തങ്ങളുടേതായ പങ്കു വഹിച്ചിരുന്നു.

പതിനേഴാം നൂറ്റാണ്ടിന്റെ അവസാനം മാലി കുടുംബനാഥൻ മാമ്മൻ തരകന് തൊമ്മി, പോത്ത, കുര്യൻ, ചാണ്ടി എന്നീ നാലു മക്കൾ ജനിച്ചു. വളഞ്ഞവട്ടത്തിന്റെ വിവിധ ഭാഗങ്ങളിലും നദിയുടെ മറുകരകളായ പരുമല യിലും കല്ലുങ്കലിലും ധാരാളം വസ്തുവകകൾ ഉണ്ടായിരുന്ന മാമ്മൻ തരകൻ, ഓരോ ഭാഗത്തിന്റെയും ചുമതല ഓരോ മക്കളെ ഏല്പിച്ചു. പ്രായ പൂർത്തിയായ മൂത്ത മകൻ തൊമ്മിയെ വിവാഹം കഴിപ്പിച്ച് പമ്പാ നദിയുടെ വടക്കേക്കരയിൽ കല്ലുങ്കൽ തേക്കിൽ പുരയിടത്തിൽ മാറ്റി താമസിപ്പിച്ചു. കല്ലുങ്കലുള്ള വസ്തുവകകളും, കൃഷി കാര്യങ്ങളും നോക്കി നടത്തുന്നതി നുള്ള ചുമതലയും ഇദ്ദേഹത്തിന് നൽകി. ഇദ്ദേഹമാണ് കല്ലുങ്കൽ മാലി യിൽ തേക്കിൽ ശാഖയുടെ പിതാവ്. ഈ കുടുംബത്തിലെ അഞ്ചാം തലമുറ ക്കാരനായാണ് സ്മര്യപുരുഷന്റെ ജനനം.

ജനനം, ബാല്യകാലം

തിരുവല്ല നെടുമ്പ്രം പഞ്ചായത്തിൽ പമ്പാ, മണിമല എന്നീ നദികളാൽ ചുറ്റപ്പെട്ടു കിടക്കുന്ന കല്ലുങ്കൽ പ്രദേശത്ത് തേക്കിൽ കുടുംബത്തിലെ ശ്രീ മത്തായി മാത്യുവിന്റെയും, ഹരിപ്പാട് ആനാരിക്കുന്നേൽ ശോശാമ്മ മാത്യു വിന്റെയും പുത്രനായി 1952 മെയ് 10-ന് ബാബു എന്ന വിളിപ്പേരുള്ള തോമസ് മാത്യു (പി. എം. തോമസ്) ജനിച്ചു. അദ്ദേഹത്തിന് മാത്യു, വർഗീസ്, ഏബ്രഹാം, ജേക്കബ് എന്നീ നാലു സഹോദരന്മാരും കുഞ്ഞമ്മ, മേരിക്കുട്ടി, ഓമന, ജെസി എന്നിങ്ങനെ നാലു സഹോദരിമാരും ഉണ്ടായിരുന്നു. പ്രാർത്ഥ നകൾ പഠിപ്പിച്ചും, പള്ളി ആരാധനകളിൽ സംബന്ധിപ്പിച്ചും ശൈശവപ്രായ ത്തിൽ തന്നെ തങ്ങളുടെ മക്കളെയെല്ലാം ദൈവവിശ്വാസത്തിലും ഭക്തി യിലും വളർത്തുവാൻ മാതാപിതാക്കൾ പ്രത്യേക ശ്രദ്ധ പുലർത്തിയിരുന്നു.

തന്റെ ആൺമക്കളിൽ ഒരാളെ ദൈവശുശ്രൂഷയ്ക്ക് സമർപ്പിക്കണമെന്ന അതിയായ ആഗ്രഹം തോമസിന്റെ മാതാവിനുണ്ടായിരുന്നു. ദൈവിക കാര്യങ്ങളിലും, ദൈവാലയ കാര്യങ്ങളിലും തോമസിനുണ്ടായിരുന്ന താല്പ ര്യവും ഉത്സാഹവും, ദൈവവേലയ്ക്കായി തോമസിനെ സമർപ്പിക്കുന്നതിന് കാരണമായി. കല്ലുങ്കൽ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളിയാ യിരുന്നു മാതൃ ഇടവക.

വിദ്യാഭ്യാസം

കല്ലുങ്കൽ എം.ഡി. എൽ.പി. സ്കൂളിലായിരുന്നു തോമസിന്റെ പ്രാഥമിക വിദ്യാഭ്യാസം. അതിനുശേഷം പത്തനാപുരം സെന്റ് സ്റ്റീഫൻസ് ബോർ ഡിംഗ് സ്കൂളിൽ ചേർന്ന് പഠനം നടത്തി. തുടർന്ന് തിരുവല്ല എം.ജി.എം. സ്കൂളിൽ നിന്ന് പഠനം പൂർത്തിയാക്കി. സുന്ദരനും സുമുഖനും പഠനത്തിൽ മിടുക്കനുമായിരുന്ന തോമസ് താൻ പഠിച്ച സ്കൂളുകളിൽ എല്ലാം തന്നെ പ്രസംഗത്തിലും സംഘാടക ശക്തിയിലും മികവു പുലർത്തി.

കോളജ് വിദ്യാഭ്യാസത്തിന്റെ തുടക്കം തിരുവനന്തപുരം മാർ ഈവാനി യോസ് കോളജിലായിരുന്നു. തന്റെ പ്രീഡിഗ്രിയും (1968-70), ബി.എ. എക്ക ണോമിക്സ് ബിരുദവും (1970-1973) മാർ ഈവാനിയോസിൽ നിന്ന് പൂർത്തി യാക്കി. പ്രശസ്തരായ ജഗതി ശ്രീകുമാർ, മുൻ മന്ത്രി ടി. എം. ജേക്കബ് എന്നിവർ സഹപാഠികളായിരുന്നു. വിദ്യാർത്ഥി ജീവിതകാലത്തു തന്നെ തോമസ് ആത്മീയ പ്രസ്ഥാനങ്ങളിൽ സജീവമായി പ്രവർത്തിച്ചിരുന്നു. തിരു വനന്തപുരം സെന്റ് ജോർജ് ദൈവാലയത്തിനോട് ചേർന്നുള്ള വിദ്യാർത്ഥി യുവജനപ്രസ്ഥാനങ്ങളായിരുന്നു പ്രധാന പ്രവർത്തന രംഗങ്ങൾ. ഇവിടെ യുവജനപ്രസ്ഥാനത്തേക്കാളും സജീവമായി പ്രവർത്തിച്ചുകൊണ്ടിരുന്ന പ്രസ്ഥാനമായിരുന്നു സെന്റ് ജോർജ് അസോസിയേഷൻ. തിരുവനന്ത

പുരത്തെ വിവിധ കോളജുകളിലെ വിദ്യാർത്ഥികളെ സ്വീകരിച്ച് വരുത്തുവാൻ വേദിയൊരുക്കുക, അവർക്കുള്ള ഗൈഡൻസ് നൽകുക, ലോക്കൽ ഗാർഡിയൻഷിപ്പ് ഒരുക്കി കൊടുക്കുക എന്നിവയായിരുന്നു ഈ പ്രസ്ഥാനത്തിന്റെ മുഖ്യ പ്രവർത്തനം. അഞ്ച് വർഷക്കാലം സെന്റ് ജോർജ് അസോസിയേഷന്റെ ചുമതല വഹിച്ച തോമസ് നല്ല നേതൃത്വ പാടവം വിദ്യാഭ്യാസ കാലത്ത് തന്നെ തെളിയിച്ചിരുന്നു.

വൈകാതെ വൈദികനാകണമെന്നും സഭയെ സേവിക്കണമെന്നും പരപ്രേരണ കൂടാതെ തീരുമാനിച്ചതിനാൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവേശിക്കാൻ തോമസിനു സാധിച്ചില്ല.

ദൈവവിളിക്ക് പിന്നിൽ

മാതാപിതാക്കളുടെ പ്രാർത്ഥനാ ജീവിതവും നോമ്പാചരണവും ബാലനായ തോമസിനെ വളരെ ആകർഷിച്ചിരുന്നു. തേക്കിൽ കുടുംബവുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന തന്റെ ഇടവക വികാരിമാരുമായുള്ള സഹകരണവും തോമസിന്റെ ജീവിതം ആത്മീയപാതയിൽ തിരിച്ചുവിടുന്നതിന് വളരെ സഹായിച്ചു. പ. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ ഉണ്ടായിരുന്ന വിശ്വാസം മൂലം സ്കൂളിൽ പഠിക്കുന്ന കാലം മുതൽ തന്നെ സമയം കിട്ടുമ്പോൾ പരുമല പള്ളിയിലും പ. പരുമല തിരുമേനിയുടെ കബറിടത്തിലും നടന്നു പോയി പ്രാർത്ഥിക്കുക തോമസിന്റെ പതിവായിരുന്നു. മലങ്കരസഭയിലെ താപസശ്രേഷ്ഠനായിരുന്ന മൈലപ്ര മാത്യൂസ് റമ്പാച്ചനുമായുണ്ടായിരുന്ന കുടുംബബന്ധം അദ്ദേഹവുമായി കൂടുതലായി അടുക്കുവാനും ഇടപെടുവാനും ഉള്ള അവസരം ലഭിക്കുവാൻ കാരണമായി. സ്കൂൾ, കോളജ് അവധിക്കാലങ്ങളിൽ മൈലപ്രയിലുള്ള മാത്യൂസ് റമ്പാച്ചന്റെ ആശ്രമത്തിൽ നില്ക്കുക തോമസിന്റെ പതിവായിരുന്നു. മാത്യൂസ് റമ്പാച്ചന്റെ തീക്ഷ്ണമായ പ്രാർത്ഥനാജീവിതവും വ്രതാനുഷ്ഠാനങ്ങളും തോമസിനെ വളരെയേറെ ആകർഷിച്ചു. പ. മദ്ബഹാ ശുശ്രൂഷയിലേക്കുള്ള പ്രഥമ പ്രവേശനം തോമസിന് നൽകിയതും വന്ദ്യ റമ്പാച്ചനാണ്. ബാല്യത്തിൽ വളർന്നു വന്ന കുടുംബാന്തരീക്ഷവും മാത്യൂസ് റമ്പാച്ചന്റെ ജീവിത നിഷ്ഠയും സ്വാധീനിച്ച തോമസ് തന്റെ ദൈവവിളി തിരിച്ചറിഞ്ഞ് സെമിനാരിയിൽ ചേരുവാൻ തീരുമാനിച്ചു.

വൈദിക പദവിയിലേക്ക്

1974-ൽ തോമസ് മാത്യു കോട്ടയം പഴയസെമിനാരിയിൽ വൈദിക വിദ്യാഭ്യാസത്തിനായി യോഗ്യത നേടി. വൈദിക സെമിനാരിയിലെ പഠനം ദൈവശാസ്ത്രം, വേദപുസ്തകം, സഭാചരിത്രം, പ്രസംഗകല എന്നിവയിൽ അവഗാഹം നേടുന്നതിന് തോമസിനെ സഹായിച്ചു.

1977 മാർച്ച് 25-ന് കോട്ടയം പഴയസെമിനാരിയിൽ വെച്ച് 25-ാം വയസിൽ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയിൽ നിന്ന് മറ്റ് 15 പേരോ ടൊപ്പം യൗപദ്യക്നോ പട്ടം ലഭിച്ചു. 1977 ഏപ്രിൽ 1-ന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ പ. മൂറോൻ കൂദാശ ചെയ്യുന്നതിന്റെ ഒരുക്കം എന്ന നിലയിലാണ് 16 പേർക്ക് ഒരുമിച്ച് ശെമ്മാശ പട്ടം ലഭിക്കാനിടയായത്. 16 പേർക്ക് ഒരുമിച്ച് പട്ടം നൽകുന്നത് അസാധാരണ സംഭവമായതിനാൽ അവരുടെ പേരുകൾ ഇവിടെ കുറിക്കുന്നത് ഉചിതമാ ണെന്ന് കരുതുന്നു.

കോട്ടയം അറിഞ്ഞാക്കലുങ്കൽ അബ്രഹാം.
അയ്മനം പത്തിൽ കുറിയാക്കോസ്.
അയിരൂർ കൈപ്പള്ളിൽ യൂഹാനോൻ.
പള്ളിപ്പാട് തിരുമനച്ചേരിൽ ഗീവർഗീസ്.
വാഴൂർ പിങ്ങാലിൽ യാക്കോബ്.
കുന്നയ്ക്കാൽ വൊറന്നമാറിൽ ഗീവർഗീസ്.
എടത്വാ കുറകയിൽ ഗീവർഗീസ്.
ചെങ്ങമനാട് ദയറാ ആനായ്ക്കൽ ശമുവേൽ.
തിരുവല്ല തേക്കിൽ ബംഗ്ലാവ് തോമസ്.
ചെങ്ങന്നൂർ മങ്ങനാംകുഴിയിൽ സ്ക്കറിയാ.
പട്ടാഴി ചാരുയാൽ ഗീവർഗീസ്.
പങ്ങട കാവുങ്കൽ ഗീവർഗീസ്.
ബുധനൂർ കിഴക്കേതിൽ യാക്കോബ്.
ആനിക്കാട് വാതുകുന്നൽ ഗീവർഗീസ്.
തേനിടുക്ക് പാറേക്കുന്നേൽ യോഹന്നാൻ.
തേവലക്കര വാഴയേൽ അലക്സന്ത്രയോസ്.

1978-ൽ മേൽപട്ടസ്ഥാനമേറ്റ ഗീവർഗീസ് മാർ ദീയസ്കോറോസ് തിരുമേ നിയെ കണ്ടുമുട്ടിയത് തോമസ് ശെമ്മാശന്റെ ജീവിതത്തിലെ വഴിത്തിരി വായി. സെമിനാരി പഠനം പൂർത്തിയാക്കിയ തോമസ് ശെമ്മാശൻ ദീയസ് കോറോസ് തിരുമേനിയുടെ സെക്രട്ടറിയായി 1980 വരെ സേവനം അനു ഷ്ഠിച്ചു. 1979-ൽ മലങ്കരസഭയ്ക്ക് തിരുവനന്തപുരം ഭദ്രാസനം രൂപീകൃതമാ യതോടെ ഗീവർഗീസ് മാർ ദീയസ്കോറോസ് ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി ചുമതല ഏറ്റെടുത്തു. 1980 ആഗസ്റ്റ് 15-ന് പരുമല സെമിനാരിയിൽ വെച്ച് ഗീവർഗീസ് മാർ ദീയസ്കോറോസ് തിരുമേനിയിൽ നിന്ന് കശീശാപട്ടം സ്വീകരിച്ചു. അന്നു മുതൽ അദ്ദേഹം തേക്കിലച്ചൻ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. നിരണം ഭദ്രാസനത്തിനു വേണ്ടിയാണ് സെമിനാരി പഠനം പൂർത്തിയാക്കിയതെങ്കിലും ഇടവക മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ

പ്രത്യേക അനുമതിയോടു കൂടി തിരുവനന്തപുരം ഭദ്രാസനത്തിലെ വൈദിക ശുശ്രൂഷയിലേക്ക് പ്രവേശിക്കുകയാണുണ്ടായത്. പിൽക്കാലത്ത് മേൽപട്ട സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട യൂഹാനോൻ മാർ പോളികർപ്പോസ്, യാക്കോബ് മാർ ഏലിയാസ്, കാലം ചെയ്ത സഖറിയാ മാർ തെയോഫിലോസ് എന്നിവർ സെമിനാരിയിൽ അദ്ദേഹത്തിന്റെ സഹപാഠികളായിരുന്നു.

കുടുംബ ജീവിതം

മൈലപ്ര മാത്യൂസ് റമ്പാച്ചന്റെയും, മാർ ദീയസ്കോറോസ് തിരുമേനിയുടെയും ജീവിതം ചെലുത്തിയ സ്വാധീനം മൂലം തോമസ് ശെമ്മാശന് ഒരു അവിവാഹിത പട്ടക്കാരൻ എന്ന നിലയിൽ പ്രവർത്തിക്കുവാനുള്ള ആഗ്രഹമുണ്ടായി. എന്നാൽ ദൈവഹിതം മറിച്ചായിരുന്നു. 1980 ജൂൺ 30-ന് തോമസ് ശെമ്മാശൻ ചാത്തന്നൂർ നെടുങ്ങോട്ടു മേലതിൽ കോശി മുതലാളിയുടെയും ഏലിയാമ്മ കോശിയുടെയും മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. തിരുവല്ല എം.ജി.എം. സ്കൂൾ അധ്യാപിക, കല്ലുങ്കൽ സെന്റ് ഇഗ്നേഷ്യസ് സണ്ടേസ്കൂൾ ഹെഡ്മിസ്ട്രസ്, ഇടവക മാനേജിംഗ് കമ്മിറ്റി മെമ്പർ, മർത്ത മറിയം ഉമയാറ്റുകര മേഖലാ സെക്രട്ടറി എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രവർത്തിച്ച ഏലിയാമ്മ ഇപ്പോൾ ഭവനത്തിൽ വിശ്രമജീവിതം നയിക്കുന്നു. ഈ ദമ്പതികൾക്ക് ഒരു മകനും രണ്ട് പെൺകുട്ടികളും ജനിച്ചു. മൂത്ത മകൾ റ്റീമയെ ചെങ്ങന്നൂർ പൂവത്തൂർ ജാക്സൺ ഫിലിപ്പും ഇളയ മകൾ റ്റീബായെ കുടശ്ശനാട് കോട്ടൂർ റോസ് മൗണ്ടിൽ നെബു വർഗീസും വിവാഹം കഴിച്ചു. മകൻ ഡോ. റ്റിബിൻ തോമസ് എടത്വാ മണ്ണാതുരുത്തിൽ ഷെറിൻ എലിസബേത്തിനെ വിവാഹം ചെയ്തു. ഇപ്പോൾ ന്യൂസിലണ്ടിൽ താമസിക്കുന്നു.

പ്രവർത്തന മേഖലകൾ

തന്റെ വിളിക്കു യോഗ്യമായ രീതിയിൽ പ്രവർത്തിച്ച തേക്കിലച്ചൻ മലങ്കര സഭയെ വളരെയധികം സ്നേഹിക്കുകയും കരുതുകയും ചെയ്തിരുന്ന ഒരു പുരോഹിതശ്രേഷ്ഠനായിരുന്നു. സഭയിലെ ജനങ്ങളുടെ സേവകനായി തീർന്നതിൽ അദ്ദേഹം വളരെ സന്തോഷവാനായിരുന്നു. പുരോഹിതൻ മുന്നിൽ നിന്നുകൊണ്ട് നയിക്കേണ്ടവനാണ് എന്ന ചിന്തയിൽ വിശ്വാസികൾക്ക് നേതൃത്വം നൽകുവാൻ അച്ചന് സാധിച്ചു. അച്ചന്റെ സേവനം ലഭിച്ച ദൈവാലയങ്ങൾ നാൾക്കുനാൾ അഭിവൃദ്ധി പ്രാപിക്കുവാനിടയായി. ഇടവക ശുശ്രൂഷയോടൊപ്പം സഭയുടെ വിവിധ പ്രസ്ഥാനങ്ങളിലും സമിതികളിലും പ്രവർത്തിക്കുവാനും നേതൃത്വം കൊടുക്കുവാനും അച്ചന് കഴിഞ്ഞു.

വൈദികസ്ഥാനലബ്ധിക്ക് ശേഷം ലഭിച്ച ആദ്യ ഇടവക കുണ്ടറ വലിയപള്ളിയായിരുന്നു. തുടർന്ന് ചാത്തന്നൂർ, നെടുമ്പായിക്കുളം, ശ്രീകാര്യം എന്നിവിടങ്ങളിൽ ശുശ്രൂഷ നിർവ്വഹിച്ചു.

താൻ ആയിരുന്ന ഇടങ്ങളിലെല്ലാം ഇടവക ശുശ്രൂഷയോടൊപ്പം ഇടവക യോട് ചേർന്നുള്ള പ്രദേശങ്ങളുടെ ഉന്നതിക്കായി ആ പ്രദേശത്ത് ഉള്ളവരോട് ചേർന്ന് പ്രവർത്തിക്കുന്നത് അച്ചന്റെ പ്രത്യേകതയായിരുന്നു. ശൈശവദശ യിലായിരുന്ന തിരുവനന്തപുരം ഭദ്രാസനം കെട്ടിപ്പടുക്കുന്നതിൽ മെത്രാപ്പോ ലീത്തായോടു ചേർന്നു നിന്ന് ഒരു പ്രധാന പങ്കു വഹിച്ചു. ഭദ്രാസന സെക്ര ട്ടറി എന്ന നിലയിൽ തിരുമേനിയുടെ ഇംഗിതമറിഞ്ഞ് അതിനനുസരിച്ച് പ്രവർത്തിക്കുവാനുള്ള പ്രത്യേക കഴിവ് അദ്ദേഹത്തിന് ഉണ്ടായിരുന്നു.

ഗീവർഗീസ് മാർ ദീയസ്കോറോസ് തിരുമേനിയുടെ പ്രഥമ സെക്രട്ടറി, തിരുവനന്തപുരം ഭദ്രാസന സെക്രട്ടറി (1984-1989), ഭദ്രാസന യുവജന പ്രസ്ഥാനം വൈസ് പ്രസിഡന്റ് തുടങ്ങി പ്രവർത്തിച്ച എല്ലാ മേഖലകളിലും മികവ് കൈവരിയ്ക്കുവാൻ അച്ചന് കഴിഞ്ഞു.

1985 മാർച്ച് 10-ന് വന്ദ്യ അച്ചന്റെ മാതൃ ഇടവക ഉൾപ്പെടുന്ന ചെങ്ങന്നൂർ ഭദ്രാസനം രൂപീകൃതമായതിനെ തുടർന്ന് അഭിവന്ദ്യ തോമസ് മാർ അത്താ നാസിയോസ് മെത്രാപ്പോലീത്താ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീ ത്തായായി സ്ഥാനമേറ്റു. ഒരു വ്യാഴവട്ടക്കാലം തിരുവനന്തപുരം ഭദ്രാസന ത്തിൽ പ്രവർത്തിച്ച തേക്കിലച്ചൻ 1992-ൽ തന്റെ പ്രവർത്തന മണ്ഡലം മാതൃ ഭദ്രാസനത്തിലേക്ക് മാറ്റി. ചെങ്ങന്നൂർ ഭദ്രാസനത്തിൽ ചുമതലേറ്റ ആദ്യ ദൈവാലയം കുറ്റൂർ മാർ ഗ്രീഗോറിയോസ് പള്ളിയായിരുന്നു. അതിനുശേഷം വള്ളംകുളം പള്ളിയിൽ തുടർച്ചയായ 6 വർഷം വികാരി സ്ഥാനം വഹിച്ചു. തുടർന്ന് ചെങ്ങന്നൂർ സെന്റ് ഇഗ്നേഷ്യസ്, തോട്ടപ്പുഴ മാർ ഗ്രീഗോറിയോസ്, ആറാട്ടുപുഴ, പാണ്ടനാട് വെസ്റ്റ്, ഉമയാറ്റുകര, തിരുവൻവണ്ടൂർ, കല്ലുങ്കൽ വെസ്റ്റ്, കൂർത്തമല എന്നീ ദൈവാലയങ്ങളിലും ശുശ്രൂഷ നിർവഹിച്ചു. തന്റെ മാതൃ ഭദ്രാസനത്തിന്റെ വളർച്ചയ്ക്ക് ആവശ്യമായ കാര്യങ്ങളിൽ അഭിവന്ദ്യ തിരുമേനിയോടും ഭദ്രാസന സമിതികളോടും ചേർന്നു നിന്ന് പ്രവർത്തിക്കുവാൻ അച്ചൻ ശ്രദ്ധിച്ചിരുന്നു. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ മുഖപത്രമായ ബഥേൽ പത്രികയിൽ അച്ചൻ എഴുതിയിട്ടുള്ള ലേഖനങ്ങൾ അദ്ദേഹത്തിന്റെ രചനാവൈഭവം വെളിപ്പെടുത്തുന്നവയാണ്. നല്ലൊരു ധ്യാനഗുരു കൂടിയായ അദ്ദേഹം പരുമല സെമിനാരിയിൽ മാസത്തിലൊരിക്കൽ ധ്യാന പ്രസംഗം നടത്തിയിരുന്നു. ഈ കാലയളവുകളിൽ തന്നെ സഭാ മാനേജിംഗ് കമ്മിറ്റി അംഗം (2007-2012), സഭാ വർക്കിംഗ് കമ്മറ്റി അംഗം, പരുമല കൗൺസിൽ അംഗം എന്നീ നിലകളിലും സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവെച്ചു.

സഭാ സേവനത്തിനൊപ്പം തന്നെ സാമൂഹ്യ പ്രവർത്തനങ്ങൾക്കും അച്ചൻ നേതൃത്വം നൽകി. തന്റെ ദേശത്തിന്റെയും സമൂഹത്തിന്റെയും പുരോഗതി ക്കാവശ്യമായ എല്ലാവിധ പ്രവർത്തനങ്ങളുടെയും സൂത്രധാരന്മാരിൽ ഒരാളാ യിരുന്നു. കല്ലുങ്കൽ പ്രദേശത്തെ യുവാക്കളെ കൂട്ടിവരുത്തി അവരുടെ

കഴിവുകൾ നാടിന് പ്രയോജനപ്പെടുത്തുന്നതിനായി വിവിധ പരിപാടികൾ അച്ചൻ ക്രമീകരിച്ചിരുന്നു. പുതിയ തലമുറയ്ക്ക് പ്രവർത്തിച്ച് വളരുവാനായി ബാലജനസഖ്യം യൂണിറ്റ് ഉൾപ്പെടെ രൂപീകരിക്കുവാൻ അച്ചൻ മുന്നിൽ നിന്നു.

കല്ലുങ്കൽ നിവാസികൾ അച്ചനെ വളരെ ബഹുമാനിക്കുകയും അച്ചന്റെ വാക്കുകൾ ശ്രദ്ധയോടെ കേൾക്കുകയും ചെയ്തിരുന്നു. പ്രശ്നങ്ങൾക്കും തർക്കങ്ങൾക്കും പരിഹാരം തേടി അവർ അച്ചനെ സമീപിക്കുമായിരുന്നു. അച്ചന്റെ നിഷ്പക്ഷമായ തീരുമാനങ്ങളെ ദേശവാസികൾ അംഗീകരിക്കുകയും ചെയ്തിരുന്നു. 'തേക്കിൽ ഷാലോം' ഭവനം കല്ലുങ്കൽ നിവാസികളുടെ ഒരു ചെറിയ അദാലത്ത് ആയിരുന്നു എന്ന് പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല.

കല്ലുങ്കൽ പ്രദേശത്തിനൊപ്പം തന്നെ തിരുവല്ല ദേശത്തിന്റെ വളർച്ചയിലും തന്നാലാവുംവിധം പ്രവർത്തിക്കുവാൻ അച്ചൻ മുന്നിൽ നിന്നിരുന്നു. തിരുവല്ലയുടെ പൊതുവായ എല്ലാ കാര്യങ്ങളിലും അച്ചന്റെ സാന്നിധ്യം വളരെ സജീവമായിരുന്നു.

അതോടൊപ്പം വിദ്യാഭ്യാസ മേഖലയിലും അച്ചന്റെ പ്രവർത്തനങ്ങൾ വളരെ മാതൃകാപരമായിരുന്നു. തിരുവല്ല എം.ജി.എം. സ്കൂൾ പി.റ്റി.എ. പ്രസിഡന്റ്, കല്ലുങ്കൽ എം.ഡി. എൽ.പി. സ്കൂൾ ലോക്കൽ മാനേജർ, പി.റ്റി.എ. പ്രസിഡന്റ് എന്നീ നിലകളിലും മികച്ച രീതിയിൽ ദീർഘകാലം പ്രവർത്തിക്കുവാൻ അച്ചന് കഴിഞ്ഞു. താൻ വിദ്യാഭ്യാസം ചെയ്ത സ്കൂളുകളുടെ പുരോഗതിയിൽ തന്റേതായ പങ്കു വഹിക്കാൻ സാധിച്ചതിൽ അച്ചൻ വളരെ സന്തോഷവാനായിരുന്നു. മാലിയിൽ കുടുംബയോഗം പ്രസിഡന്റ്, തേക്കിൽ കുടുംബയോഗം രക്ഷാധികാരി, ബൈബിൾ സൊസൈറ്റി ഓക്സിലറി എക്സിക്യൂട്ടിവ് മെമ്പർ, കനിവ് ചാരിറ്റബിൾ സൊസൈറ്റി മെമ്പർ, നെടുമ്പ്രം വൈ.എം.സി.എ. പ്രസിഡന്റ്, കല്ലുങ്കൽ ഗ്രാമവികസന സമിതി പ്രസിഡന്റ്, കല്ലുങ്കൽ പൗരസമിതി രക്ഷാധികാരി, അഖില കേരള ബാലജനസഖ്യം തിരുവല്ല യൂണിയൻ രക്ഷാധികാരി, റെഡ്ക്രോസ് സൊസൈറ്റി തുടങ്ങി അച്ചന്റെ പ്രവർത്തന മേഖലകൾ വളരെ വിശാലമായിരുന്നു. ആയിരുന്ന സ്ഥാനങ്ങളിൽ എല്ലാം വളരെ അഭിമാനാർഹമായ പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കുവാൻ അച്ചന് കഴിഞ്ഞു.

സ്വഭാവ സവിശേഷതകൾ

സഭയുടെയും സഭാമക്കളുടെയും ഉന്നമനത്തിനായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്ന ഒരു പുരോഹിതനായിരുന്നു തേക്കിലച്ചൻ. ഇടവകഭരണത്തിൽ അദ്ദേഹം കാണിച്ച ഭരണപരമായ നേതൃത്വം അനുകരണീയമായിരുന്നു. വിശ്വാസ തീക്ഷ്ണതയും ആഴമായ ഭക്തി നിറഞ്ഞ ആരാധനയും പ്രാർത്ഥനയും പ്രസംഗങ്ങളും അച്ചന്റെ പ്രത്യേകതകളായിരുന്നു.

സഭാപിതാക്കന്മാരെ വളരെയധികം സ്നേഹിക്കുകയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്ത വ്യക്തിയായിരുന്നു തേക്കിലച്ചൻ. പ്രത്യേകിച്ച് തന്റെ ഗുരുവായ മാർ ദീയസ്കോറോസ് തിരുമേനിയോടുള്ള ഭക്തിയും ആദരവും ശ്രദ്ധേയമായിരുന്നു. അതിൽ അല്പംപോലും കാപട്യമോ അഭിനയമോ ഉണ്ടായിരുന്നില്ല. തിരുമേനിയെ ആദർശപുരുഷനായി കരുതിയ അച്ചൻ പരിശുദ്ധ ആരാധനയിലും തിരുമേനിയുടെ ചിട്ട പിൻതുടർന്നു പോന്നിരുന്നു. അഭിവന്ദ്യ തിരുമേനി കാലം ചെയ്തതിനു ശേഷമുള്ള എല്ലാ ഓർമ്മപെരുന്നാളിലും ഹോളി ട്രിനിറ്റി ആശ്രമത്തിലെ കബറിടത്തിൽ എത്തി പ്രാർത്ഥിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അതുപോലെ തന്നെ സഭയിലെ എല്ലാ മേല്പട്ടക്കാരുമായും, വിവിധ സഭാസ്ഥാനികളുമായും അടുത്ത ബന്ധവും സ്നേഹവും നിലനിർത്തുവാൻ അച്ചന് കഴിഞ്ഞു.

ഓർത്തഡോക്സ് സഭാനേതൃത്വത്തിന്റെ മുൻനിരയിൽ ആയിരുന്നപ്പോഴും ഇതര സഭാപിതാക്കന്മാരുമായും വിശ്വാസസമൂഹങ്ങളുമായും സൗഹൃദം പുലർത്തുവാനും, അവരോടൊപ്പം ചേർന്ന് പ്രവർത്തിക്കുവാനും അച്ചന് കഴിഞ്ഞിരുന്നു. അതിന്റെ ഉദാഹരണങ്ങളാണ് വൈ.എം.സി എ. യിലും, ബൈബിൾ സൊസൈറ്റിയിലുമുള്ള അച്ചന്റെ പ്രവർത്തനങ്ങൾ. ഓർത്തഡോക്സ് സഭയുടെ സത്യവിശ്വാസവും, ആചാരാനുഷ്ഠാനങ്ങളും ശ്രേഷ്ഠമായി കരുതുന്നതോടൊപ്പം തന്നെ എക്യൂമെനിക്കൽ രംഗത്ത് തന്റേതായ രീതിയിൽ ക്രൈസ്തവ സാക്ഷ്യം നിലനിർത്തുവാൻ അച്ചന് സാധിച്ചു.

ഒരിക്കൽ കണ്ടാൽ ആർക്കും ഒരിക്കലും മറക്കാൻ കഴിയാത്ത ആരെയും ആകർഷിക്കുന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. പ്രതികൂല സാഹചര്യങ്ങളിലും സമചിത്തത കൈവിടാത്ത, സംസാരത്തിലും വേഷത്തിലും നില്പിലും നടപ്പിലും ആഢ്യത്വം പ്രകടമാക്കിയിരുന്ന ഒരു വൈദികനായിരുന്നു തേക്കിൽ കോർഎപ്പിസ്കോപ്പാ. ഒരു നല്ല ഭരണകർത്താവിന് ആവശ്യമായ ധാർമിക മൂല്യങ്ങൾ, സത്യസന്ധത, ആത്മാർത്ഥത, അവസരോചിതമായി തീരുമാനങ്ങൾ എടുക്കാനുള്ള കഴിവ്, തന്നോടൊപ്പമുള്ളവരെ കുറിച്ചുള്ള കരുതൽ തുടങ്ങിയ ഗുണങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. അതിനാൽ തന്നെ മറ്റുള്ളവരുടെ ഹൃദയത്തിൽ അദ്ദേഹത്തിനോട് ആദരവുണ്ടായിരുന്നു.

കോർ എപ്പിസ്കോപ്പാ പദവിയിലേക്ക്

മലങ്കരസഭയുടെ തിരുവനന്തപുരം, ചെങ്ങന്നൂർ മെത്രാസനങ്ങളിൽ നൽകിയ സേവനങ്ങളും സമൂഹത്തിൽ ചെയ്തുവന്ന പ്രവർത്തനങ്ങളും, പൊതുസമൂഹത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന ഉന്നതസ്ഥാനത്തെയും മുൻനിർത്തി തോമസ് തേക്കിൽ അച്ചന് കോർഎപ്പിസ്കോപ്പാ സ്ഥാനം നൽകുന്നതിന് സഭയും ഭദ്രാസനവും തീരുമാനിച്ചു. 2018 ജൂലൈ 13-ന് ചെങ്ങന്നൂർ

ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോ ലീത്താ, സഹായ മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തിമോ ത്തിയോസ് എന്നിവരുടെ മുഖ്യകാർമ്മികത്വത്തിൽ മറ്റ് മൂന്നു വൈദികർ ക്കൊപ്പം കോർഎപ്പിസ്കോപ്പാ സ്ഥാനം നൽകി. കോർഎപ്പിസ്കോപ്പാ എന്ന പദത്തിന്റെ അർത്ഥം 'ഗ്രാമത്തിന്റെ ബിഷപ്പ്' എന്നാണ്. സഭയിലെ പ്രശസ്തി, ബഹുമാനം, വൈദികരുടെ ഇടയിലെ ഗണനീയ സ്ഥാനം മുതലാ യവ നേടിയവർക്കാണ് ഈ സ്ഥാനം നൽകുന്നത്.

മലങ്കരസഭ ഭരമേല്പിച്ച വിവിധങ്ങളായ പദവികളിൽ ആയിരിക്കുമ്പോഴും കല്ലുങ്കൽ എന്ന പ്രദേശത്തിന്റെ ഉന്നമനത്തിനായും, സമൂഹത്തിന്റെ ഉന്നതി ക്കായും പ്രവർത്തിച്ചിരുന്ന ഒരു വൈദികനായിരുന്നു അദ്ദേഹം. ബഹുമുഖ പ്രതിഭയായ വന്ദ്യ അച്ചനെ സംബന്ധിച്ച് തീർത്തും യോഗ്യമായ ഒരു പദവി യായിരുന്നു കോറെപ്പിസ്കോപ്പാ സ്ഥാനം.

സപ്തതി ആഘോഷം

കോറെപ്പിസ്കോപ്പാ സ്ഥാനം ലഭിച്ചതിനു ശേഷം കല്ലുങ്കൽ സെന്റ് ജോർജ്, കൂർത്തമല സെന്റ് മേരീസ് എന്നീ രണ്ട് ദൈവാലയങ്ങളിൽ കൂടി തന്റെ വൈദിക ശുശ്രൂഷ നടത്തി 2021-ൽ ഇടവക ശുശ്രൂഷയിൽ നിന്നും വിരമിച്ചു. ഇടവകഭരണത്തിൽ നിന്ന് വിരമിച്ചുവെങ്കിലും സഭയിലേയും സമൂ ഹത്തിലേയും വിവിധ മേഖലകളിൽ തന്റെ സാന്നിധ്യം ഉണ്ടായിരുന്നു.

സമൂഹ നന്മയ്ക്കായുള്ള എല്ലാ പരിപാടികളിലും നിറഞ്ഞു നിന്ന അദ്ദേഹ ത്തിന്റെ സപ്തതി കല്ലുങ്കൽ പൗരസമിതിയുടെ ആഭിമുഖ്യത്തിൽ 2022 ജൂലൈ 30-ന് 'ആദരവ് 2022' എന്ന പേരിൽ നടത്തപ്പെട്ടു.

രാഷ്ട്രീയ, സാമുദായിക, സാംസ്കാരിക നേതാക്കൾ പങ്കെടുത്ത പൊതു യോഗത്തിൽ വിവിധ ചാരിറ്റി പ്രവർത്തനങ്ങളുടെ ഉദ്ഘാടനം, വിവിധ മേഖ ലകളിൽ കഴിവ് തെളിയിച്ചവർക്ക് അനുമോദനം, നാടിന്റെ വികസനത്തിൽ നാഴികകല്ലുകളാകുന്ന കർമ്മ പദ്ധതികളുടെ അവതരണം എന്നിങ്ങനെ വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ചിരുന്നു. മന്ത്രിമാർ, എം.എൽ.എ. മാർ വിവിധ സഭാപിതാക്കന്മാർ എന്നിവർ പങ്കെടുത്ത പ്രൗഢ ഗംഭീരമായ സമ്മേ ളനം കല്ലിങ്കൽ ദേശവാസികൾക്ക് അച്ചനോടുള്ള സ്നേഹപ്രകടനം വിളിച്ചോ തുന്നതായിരുന്നു.

വിശ്രമം, അന്ത്യദിനങ്ങൾ

സഭയുടെയും സമൂഹത്തിന്റെയും ഉന്നമനത്തിനു വേണ്ടിയുള്ള ഓട്ടപ്പാ ച്ചിലിനിടയിൽ അച്ചൻ തന്റെ ആരോഗ്യത്തിൽ മതിയായ ശ്രദ്ധ പുലർത്തി യിരുന്നോ എന്ന കാര്യത്തിൽ സംശയമാണ്. 2010-ൽ ഉണ്ടായ ഹൃദ്രോഗത്തെ തുടർന്ന് ഒരു മേജർ ഓപ്പൺ ഹാർട്ട് ശസ്ത്രക്രിയയ്ക്ക് അച്ചന് വിധേയനാ

കേണ്ടി വന്നു. ഡോക്ടർമാർ നിർദേശിച്ച വിശ്രമം പൂർത്തിയാക്കിയ അച്ചൻ തുടർന്നും തന്റെ പ്രവർത്തന മേഖലകളിൽ സജീവമായിരുന്നു.

ഓസ്ട്രേലിയാ/ന്യൂസിലൻഡ് എന്നിവിടങ്ങളിലുള്ള തന്റെ മക്കളുടെ അടുത്ത് അവധിക്കാലം ചിലവിടാനായി അച്ചനും കൊച്ചമ്മയും 2023 ജൂലൈ അവസാനം യാത്ര തിരിച്ചു. സിഡ്നിയിലെത്തിയ വന്ദ്യ അച്ചൻ അവിടെ യുള്ള വിവിധ പരിപാടികളിലും, വിശുദ്ധ ആരാധനാകാര്യങ്ങളിലും സജീവ മായി പങ്കെടുത്തു.

ഒക്ടോബർ 31-ന് പരുമല പെരുന്നാൾ പരിപാടികളുടെ ലൈവ് കണ്ടതിന് ശേഷം ഉറങ്ങാൻ തയ്യാറായ അച്ചന് പെട്ടെന്ന് ശാരീരിക അസ്വസ്ഥതകൾ ഉണ്ടായതിനെ തുടർന്ന് അത്യാഹിത മെഡിക്കൽ വിഭാഗം ഭവനത്തിലെത്തി വേണ്ട ശുശ്രൂഷകൾ നടത്തിയെങ്കിലും അത് ഫലവത്തായില്ല. 2023 നവം ബർ 1-ന് ഓസ്ട്രേലിയയിൽ വെച്ച് അദ്ദേഹം ദൈവസന്നിധിയിലേക്ക് വാങ്ങി പ്പോയി.

തന്റെ സഹോദരങ്ങളോടും ബന്ധുമിത്രാദികളോടും അച്ചന് ഉണ്ടായി രുന്ന സ്നേഹം വാക്കുകൾക്കുമപ്പുറമായിരുന്നു. വന്ദ്യ അച്ചന്റെ വിയോഗ വാർത്ത അറിഞ്ഞ ഇളയ സഹോദരൻ ജേക്കബ് നാല് ദിവസങ്ങൾക്ക് ശേഷം നവംബർ 4-ന് അമേരിക്കയിൽ നിര്യാതനായി. ഇത് കുടുംബാംഗ ങ്ങൾക്ക് ഇരട്ടി ദുഃഖത്തിന് കാരണമായി. അച്ചന്റെ ഭൗതികദേഹം നാട്ടിലേക്ക് കൊണ്ടുവരുവാനുള്ള നടപടികൾ പൂർത്തീകരിച്ചതിനെ തുടർന്ന് സിഡ്നി യിൽ നടത്തിയ ശുശ്രൂഷകൾക്ക് സെമിനാരിയിൽ തന്റെ സഹപാഠി ആയി രുന്ന അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ പോളികാ ർപ്പോസ് നേതൃത്വം നൽകി.

നവംബർ 10-ന് നാട്ടിലെത്തിച്ച ഭൗതിക ശരീരം പരുമല ആശുപത്രി ചാപ്പലിൽ നടത്തിയ ശുശ്രൂഷയ്ക്ക് ശേഷം നഗരി കാണിക്കലിനായി വന്ദ്യ അച്ചൻ ശുശ്രൂഷിച്ച വിവിധ ദൈവാലയങ്ങളിലേക്ക് കൊണ്ടുപോയി. തുടർന്ന് തിരുവല്ല പൗരാവലിയുടെ നേതൃത്വത്തിലുള്ള ആദരവ് സമർപ്പിച്ചശേഷം തന്റെ പ്രിയ ഭൂമിയായ കല്ലുങ്കലേക്ക് കൊണ്ടുവന്നു. കല്ലുങ്കൽ സെന്റ് ജോർജ് ഓർത്തഡോക്സ് ദൈവാലയത്തിൽ നാലാം ശുശ്രൂഷ പൂർത്തീ കരിച്ച് ഭവനത്തിൽ പൊതുദർശനം ക്രമീകരിച്ചു. സഭാ, സമുദായ, രാഷ്ട്രീയ വ്യത്യാസമില്ലാതെ ധാരാളം ആളുകൾ ഭവനത്തിലെത്തി അച്ചന് ആദരാ ഞ്ജലികൾ അർപ്പിച്ചു.

നവംബർ 11-ന് ഭവനത്തിലെ ശുശ്രൂഷയ്ക്ക് ശേഷം 9 മണിക്ക് കല്ലുങ്കൽ സെന്റ് ഇഗ്നേഷ്യസ് ദൈവാലയ ആഡിറ്റോറിയത്തിൽ പൊതുദർശനം ക്രമീകരിച്ചു. തുടർന്ന് ദൈവാലയത്തിൽ നടന്ന ശുശ്രൂഷകൾക്ക് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ

നേതൃത്വം നൽകി. ഇടവക മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തീമോത്തിയോസ്, സഭയിലെ മറ്റു തിരുമേനിമാർ എന്നിവർ സഹകാർമ്മികത്വം വഹിച്ചു. പരിശുദ്ധ കാതോലിക്കാ ബാവാ അച്ചനുമായുണ്ടായ അടുപ്പം പ്രതിപാദിച്ച് അനുസ്മരണ പ്രസംഗം നടത്തി. തുടർന്ന് ദൈവാലയത്തിന്റെ കിഴക്ക് വശത്ത് പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ സംസ്ക്കരിച്ചു.

ഒരു ദേശത്തിന്റെ മുഴുവൻ ആദരവ് പിടിച്ചു പറ്റുക, അവരുടെ സുഖത്തിലും ദുഃഖത്തിലും പങ്കാളിയായി അവരുടെ ആവശ്യങ്ങളിൽ അവരിൽ ഒരാളാകുക എന്നത് എല്ലാവർക്കും സാധ്യമായ കാര്യമല്ല. എന്നാൽ വന്ദ്യ തേക്കിലച്ചൻ അതിൽ വളരെ വ്യത്യസ്തനായിരുന്നു. തന്റെ ജീവിതം തന്റെ സഭയ്ക്കും ദേശത്തിനും വേണ്ടി സമർപ്പിച്ച അച്ചന്റെ ജീവിതമൂല്യങ്ങൾ വരുംതലമുറകൾക്ക് മാർഗദീപമായി തീരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.



ഭാഗം രണ്ട്

അനുസ്മരണം

സഭയ്ക്കും സമൂഹത്തിനും ശ്രേഷ്ഠ സംഭാവനകൾ നൽകിയ വൈദികൻ

ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്

(പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി,
നിരണം ഭദ്രാസന മെത്രാപ്പോലീത്താ)

വന്ദ്യനായ തേക്കിൽ തോമസ് കോർഎപ്പിസ്ക്കോപ്പായെ കുറിച്ച് ഒരു അനുസ്മരണക്കുറിപ്പ് എഴുതുവാൻ അവസരമുണ്ടായതിൽ ഏറെ സന്തോഷ മുണ്ട്. ഏതാണ്ട് അര നൂറ്റാണ്ടിനടുത്ത ആത്മബന്ധം ബഹു. അച്ചനുമായിട്ടു ണ്ടായിരുന്നു. 1976-ൽ ആണു ഞങ്ങൾ പരിചയപ്പെടുന്നത്. അന്നദ്ദേഹം വൈദികസെമിനാരി മൂന്നാം വർഷ വിദ്യാർത്ഥി ആയിരുന്നു. 1977-ൽ ബലഹീനനായ ഞാൻ വൈദിക വിദ്യാർത്ഥിയായി സെമിനാരിയിൽ ചേരു മ്പോൾ ബഹുമാനപ്പെട്ട അച്ചനുൾപ്പെടെയുള്ളവർ ശെമ്മാശന്മാരായി സെമി നാരിയിലെ അവസാന വർഷ വിദ്യാർത്ഥികളുമായിരുന്നു. പ്രഥമ വർഷ വിദ്യാർത്ഥികളായിരുന്ന ഞങ്ങളുടെ 'സംരക്ഷകരും' 'സഹായികളു'മായ സ്ഥാനമായിരുന്നു ശെമ്മാശന്മാരും അന്നത്തെ മൂന്നാം വർഷക്കാരും. എന്നാൽ ഞങ്ങളുടെ തൊട്ടുമുകളിലത്തെ ക്ലാസിലുള്ളവർ (അന്നത്തെ രണ്ടാം വർഷക്കാർ) തരം കിട്ടുന്നിടത്തു ചെറിയ കളിയാക്കലും ഒക്കെ നട ത്തുമായിരുന്നു. 'റാഗിങ്ങ്' എന്ന സങ്കല്പത്തിന്റെ ആത്മീയ തലത്തിലെ ചെറിയ വകഭേദം. ഒരു പരിധിവരെ അതൊക്കെ നല്ലതും വേണ്ടതുമാ ണെന്നും പിന്നീട് തോന്നിയിട്ടുണ്ട്. അങ്ങനെയുള്ള സാഹചര്യങ്ങളിലെ 'സംരക്ഷകരെ'യും 'സഹായികളെയും' കുറിച്ചുമാണ് മുകളിൽ പറഞ്ഞത്. സൗഹൃദം, സാഹോദര്യം അച്ചന്റെ രക്തത്തിലലിഞ്ഞിട്ടുള്ള ഘടകങ്ങളാ യിരുന്നു. നിരണം ഭദ്രാസനത്തിനു വേണ്ടിയായിരുന്നു അദ്ദേഹം സെമിനാരി യിൽ പഠിച്ചത്. എന്നാൽ അദ്ദേഹം സെമിനാരി പഠനം പൂർത്തിയാക്കിയ പ്പോൾ തിരുവനന്തപുരം ഭദ്രാസനത്തിൽ സേവനം അനുഷ്ഠിച്ചു. അഭി വന്ദ്യ ഗീവർഗീസ് മാർ ദീയസ്ക്കോറോസ് തിരുമേനിയുടെ സെക്രട്ടറിയും ഭദ്രാസന സെക്രട്ടറിയുമായി പ്രവർത്തിച്ചു. ഇതിനിടയിൽ 1986-ൽ ചെങ്ങ

ന്നൂർ ഭദ്രാസനം രൂപംകൊള്ളുകയും അച്ചന്റെ മാതൃദേവാലയം ഉൾപ്പെടെ കല്ലുങ്കലുള്ള രണ്ടു ദൈവാലയങ്ങളും പുതുതായി രൂപംകൊണ്ട ചെങ്ങന്നൂർ ഭദ്രാസനത്തിലാകുകയും ചെയ്തു എങ്കിലും നിരണം ഭദ്രാസനത്തോടുള്ള സ്നേഹം എന്നും ഉള്ളിൽ കാത്തുസൂക്ഷിച്ചിരുന്നു. ഭദ്രാസന വിഭജന ത്തോടെ അച്ചൻ ചെങ്ങന്നൂർ ഭദ്രാസനാംഗം ആയെങ്കിലും വൈദിക ശുശ്രൂ ഷയുടെ ആദ്യ നാളുകൾ തിരുവനന്തപുരം ഭദ്രാസനത്തിൽ ആയിരുന്നു. തിരുവനന്തപുരം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി നിയോഗി തനായ ഭാഗ്യസ്മരണാർഹനായ ഗീവറുഗീസ് മാർ ദീയസ്ക്കോറോസ് തിരു മേനിയുടെ പ്രഥമ സെക്രട്ടറി ആകുവാനുള്ള ഭാഗ്യം അച്ചന് ലഭിച്ചതിലൂടെ യാണ് ആ ഭദ്രാസനത്തിൽ കുറേക്കാലമെങ്കിലും വൈദികനായി തുടരേണ്ടി വന്നത്. പുതുതായി രൂപംകൊണ്ട തിരുവനന്തപുരം ഭദ്രാസനത്തിൽ ഉണ്ടായ വൈദികരുടെ കുറവും ഒരു കാരണമായിരുന്നു.

ചികിത്സാർത്ഥം തിരുവനന്തപുരത്തെ പ്രധാന ആശുപത്രികളായ ശ്രീചിത്ര, റീജിയണൽ കാൻസർ സെന്റർ, മെഡിക്കൽ കോളജ് ആശുപത്രി എന്നിവിടങ്ങളിൽ കടന്നുവരുന്നവരെ സഹായിക്കുവാനായി ഭാഗ്യസ്മരണാർ ഹനായ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ നേതൃത്വ ത്തിൽ ഒരു ശ്രമമുണ്ടായപ്പോൾ അവിടെ അത് സംഘടിപ്പിക്കുവാനായി നിയോഗമുണ്ടായതും എളിയവനായ എനിക്കായിരുന്നു. അപ്പോൾ അവിടെയു ണ്ടായിരുന്ന ബഹുമാനപ്പെട്ട അച്ചന്റെ സ്നേഹവും പ്രോത്സാഹനവും എനിക്ക് വീണ്ടും സഹായകമായി. തിരുവനന്തപുരം ഭദ്രാസന ആസ്ഥാനവും കാരുണ്യ ഗൈഡൻസ് സെന്ററും തമ്മിൽ അധികം ദൂരമില്ലാത്തതിനാൽ അദ്ദേഹം അരമനയിൽ വരുമ്പോഴെല്ലാം എന്നെ അന്വേഷിച്ചു വരുമായി രുന്നു. അക്കാലത്ത് എനിക്ക് അവിടെ (തുടക്കത്തിൽ) അധികം പരിചയക്കാ രില്ലാതിരുന്ന കാലത്ത് ബഹുമാനപ്പെട്ട അച്ചനെപ്പോലുള്ളവരുടെ സന്ദർ ശനം, സാന്നിദ്ധ്യം, സഹകരണം വലിയ സന്തോഷം പകരുന്ന അനുഭവങ്ങ ളായിരുന്നു.

എക്യുമെനിക്കൽ രംഗങ്ങളായ ബൈബിൾ സൊസൈറ്റി, വൈ.എം. സി.എ., കെ.സി.സി. തുടങ്ങിയവയിൽ അച്ചൻ ഒരു സജീവ സാന്നിദ്ധ്യമായി രുന്നു. ബൈബിൾ സൊസൈറ്റിയുടെ ഓക്സിലിയറി കമ്മിറ്റി അംഗങ്ങളായി ഞങ്ങൾ ഒന്നിച്ചു പ്രവർത്തിച്ചിട്ടുണ്ട്. സഹകരിക്കാവുന്ന, സഹകരിക്കേണ്ട മേഖലകളിൽ ആവുന്നവിധത്തിൽ സഹകരിക്കുവാൻ സർവ്വദാ സന്നദ്ധനാ യിരുന്നതുകൊണ്ട് അദ്ദേഹത്തിന് പൊതുരംഗത്തും നല്ല സ്വീകാര്യത ലഭിച്ചു. ഫ്രണ്ട്സ് ഓഫ് തിരുവല്ലാ എന്ന സംഘടനയിലും പ്രവർത്തിച്ച അദ്ദേഹം തിരുവല്ല എം.ജി.എം. ഹയർ സെക്കൻഡറി സ്കൂളിന്റെ പി.റ്റി.എ. പ്രസിഡണ്ടായും ദീർഘകാലം സ്തുത്യർഹമായി പ്രവർത്തിച്ചിട്ടുണ്ട്. ഇതെല്ലാം ഞാൻ നേരിൽ കണ്ടറിഞ്ഞ കാര്യങ്ങളാണ്.

ബഹുമാനപ്പെട്ട തേക്കിൽ അച്ചൻ എന്നും എന്റെ ഒരു അഭ്യുദയകാംക്ഷിയായിരുന്നു എന്നതും ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു. ഞാനൊരു ശെമ്മാശനായിരുന്ന കാലം മുതൽ അദ്ദേഹം വികാരിയായിരുന്നിട്ടുള്ള മിക്കവാറും എല്ലാ ഇടവകകളിലും കൺവൻഷനും മറ്റുമായി വിളിക്കുമായിരുന്നു.

ഇംഗ്ലീഷ് ഭാഷയിൽ ഒരു ചൊല്ലുണ്ടല്ലോ, 'People are not accepted and respected by their physical appearance but by their character and contribution.' എന്റെ പരിചയത്തിന്റെയും അടുപ്പത്തിന്റെയും അടിസ്ഥാനത്തിൽ പറയട്ടെ, ആകാരത്തിലും സ്വഭാവത്തിലും സഭയ്ക്കും സമൂഹത്തിനും നൽകിയ നേതൃത്വ-സംഭാവനകളിലൂടെയും ഒരുപോലെ സ്വീകാര്യതയും ആദരവും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ടെന്നാണ് എന്റെ നിഗമനം.

അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു. പ്രാർത്ഥനയോടെ.

പുഞ്ചിരിക്കുന്ന ആത്മസ്നേഹിതൻ

യൂഹാനോൻ മാർ പോളിക്കർപ്പോസ്

(അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ)

1974-78 കാലഘട്ടത്തിലാണ് ഞങ്ങൾ സെമിനാരിയിൽ പഠിച്ചത്. തേക്കിലെ തോമസിന് എന്നെക്കാൾ അല്പം മാത്രം മൂപ്പുണ്ടായിരുന്നു. എനിക്ക് തോന്നുന്നത് അച്ചന് നാല് സഹോദരിമാരായിരുന്നു. നാലു പേരുടെയും കൂടെ വളർന്നതുകൊണ്ടാവാം ഒത്തിരി പുഞ്ചിരിയും ആഹ്ലാദവുമായി നടന്നിരുന്ന ഒരാളാണ് തോമസച്ചൻ. ഞങ്ങളുടെ ബാച്ചിലെ ചെറുപ്പക്കാരുടെ ഗണത്തിൽപെട്ടവനായിരുന്നെങ്കിലും, ഞങ്ങളുടെ ക്ലാസ്സിൽ മൂപ്പിളപ്പോ, വഴക്കോ ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ ഞങ്ങളുടെ അന്നത്തെ വാർഡൻ കെ. ജി. ജോർജ്ജ് അച്ചന് (ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി) ഞങ്ങളോട് താല്പര്യമായി. ഞങ്ങളുടെ ബോട്ടുയാത്രയും പരുമല തീർത്ഥയാത്രയും എല്ലാം മറക്കാൻ പറ്റാത്തതാണ്. ഞങ്ങളുടെ ഒത്തൊരുമിപ്പ് കൊണ്ടാകാം ഞങ്ങളുടെ ബാച്ചിൽ ഉള്ള എല്ലാവരും ഒരുമിച്ച് 1977 മാർച്ച് 25-ന് പഴയസെമിനാരിയിൽ വച്ച് യൗവ്വഫദ്യക്കന്മാരായത്. അത് മൂന്നാം വർഷത്തിന്റെ അവസാനമായിരുന്നു. ക്ലാസ് കഴിയുന്നതിന് മുമ്പ് ശെമ്മാശന്മാരായത് ഏപ്രിൽ 1-ാം തീയതി നടന്ന വിശുദ്ധ മൂറോൻ കൂദാശയ്ക്കു വേണ്ടിയാണ്.

സെമിനാരി വിദ്യാഭ്യാസം കഴിഞ്ഞ് ഈസ്റ്റർ ദിനത്തിലുള്ള വേർപിരിവ് (സെമിനാരിയോടുള്ള യാത്ര പറച്ചിൽ) അതീവ ദുഃഖകരമായിരുന്നു. പലരും പൊട്ടിക്കരഞ്ഞാണ് യാത്ര പറഞ്ഞത്. ഗുരുക്കന്മാരുമായും, ഞങ്ങൾ തമ്മിലും അത്രമാത്രം അടുപ്പമായിരുന്നു. ആ അടുപ്പം കൊണ്ടാകാം എല്ലാ വർഷവും ഞങ്ങൾ ഒരുമിച്ചു കൂടിയിരുന്നു. കുറെ വർഷങ്ങളായി നടക്കാതായിട്ട്. അതിന് കൊറോണയും ഞങ്ങളുടെയൊക്കെ പ്രായവും കാരണമാണ്. ചിലരൊക്കെ രോഗികളായി. ചിലരൊക്കെ കാലയവനികയ്ക്കപ്പുറം യാത്രയായി. ഇതെല്ലാം കൂടിവരവിനെ നന്നായി ബാധിച്ചു.

ബഹുമാനപ്പെട്ട തോമസച്ചൻ സഭയ്ക്കും, സമൂഹത്തിനും നന്മ വരുവാൻ തക്കവണ്ണം നേതൃത്വഗുണത്തോടെ പ്രവർത്തിച്ചയാളാണ്. ഞങ്ങൾ സെമിനാരിയിൽ പഠിക്കുന്ന കാലത്താണ് പരിശുദ്ധ സഭയെ ഇളക്കിമറിച്ച, 1958-ലെ

സഭാസമാധാനത്തെ തകർത്തെറിഞ്ഞ, ചില തൽപരകക്ഷികളുടെ സ്ഥാപിത താല്പര്യത്തിനുവേണ്ടി പരിശുദ്ധ കർത്തൃഗാത്രത്തെ ശിഥിലമാക്കാൻ പോന്ന കക്ഷിവഴക്കുണ്ടായത്. ഞങ്ങളുടെ കാലത്ത് അത് രൂക്ഷമായിരുന്നു. ഈ സമയത്തെല്ലാം സഭയുടെ പ്രവർത്തനത്തിൽ മുൻപന്തിയിൽ ശക്തമായിട്ട് നിലനിന്ന ആളാണ് തോമസച്ചൻ. എടുത്തു പറയാവുന്ന ചില കാര്യങ്ങൾ ഉണ്ടെങ്കിലും, അവയൊന്നും വിസ്തരഭയത്താൽ ഇപ്പോൾ പറയുന്നില്ല.

എത്ര കളിയാക്കിയാലും, എത്ര പേർ കൂടി കളിയാക്കിയാലും മുഖത്തൊരു ഭാവഭേദം ഇല്ലാത്ത ഒരു വ്യക്തിയായിരുന്നു തോമസ്. ഞങ്ങൾ തമ്മിൽ ഞങ്ങളുടെ ബുദ്ധിമുട്ടുകളും, പ്രയാസങ്ങളും ഫോണിലൂടെ ഷെയർ ചെയ്യുമായിരുന്നു. ദൈവത്തോടുള്ള സ്നേഹവും, അടുപ്പവും ഇഴപിരിയാതെ വണ്ണം ശക്തവുമായിരുന്നു. കഴിഞ്ഞ വർഷം അച്ചൻ മരിക്കുന്നതിനു മുമ്പ് ഓസ്ട്രേലിയയ്ക്ക് മക്കളുടെ അടുത്തേക്ക് അദ്ദേഹം പോകുന്ന കാര്യം പറഞ്ഞിരുന്നു. അതു കഴിഞ്ഞ് കുറച്ചുനാളുകൾക്കു ശേഷം മെൽബൺ പള്ളിയിലെ പെരുന്നാളിന് അവിടുത്തെ വികാരി സുജിൻ അച്ചൻ എന്നെ ക്ഷണിച്ചപ്പോൾ ആ വിവരം ആദ്യമേ അറിയിച്ചത് തോമസ് അച്ചനെയാണ്. അച്ചൻ താമസിക്കുന്ന സിഡ്നിയിലേക്ക് എത്തുമല്ലോ എന്ന് എന്നോട് ചോദിച്ചു. അതിനുള്ള സമയദൈർഘ്യമില്ല എന്ന് പറഞ്ഞപ്പോൾ, "ഞാൻ എന്റെ തിരുമേനിയെ മെൽബണിൽ വന്ന് കണ്ടുകൊള്ളാം" എന്ന് പറഞ്ഞു. തമ്മിൽ കാണാമെന്നുള്ള വലിയ പ്രതീക്ഷയിൽ ഇരിക്കുമ്പോൾ, ഇവിടുന്ന് തിരിക്കുന്നതിന് രണ്ടു ദിവസം മുമ്പ് അച്ചന്റെ റിലേറ്റീവ്സ് വിളിച്ച് അച്ചന്റെ വേർപാട് അറിയിച്ചു. വളരെ ഹൃദയവേദനയോടെയാണ് അത് കേട്ടത്. നാമെല്ലാവരും മുന്തിരിവള്ളിയിലെ കൊമ്പുകൾ ആണല്ലോ. ഇല പൊഴിഞ്ഞാലും തണ്ട് അവിടെത്തന്നെയുണ്ടല്ലോ. അച്ചന്റെ പ്രാർത്ഥനാ മധ്യസ്ഥതയിൽ ഞാനുമുണ്ടാകും എന്ന് വിശ്വസിക്കുന്നു. ഞാൻ ഓസ്ട്രേലിയയിൽ ചെന്നപ്പോൾ കർത്തൃഗാത്രത്തിലുള്ള അദ്ദേഹത്തിന്റെ ആത്മാവ് എന്നെ സ്വീകരിക്കുവാൻ എത്തിയിരിക്കും. അദ്ദേഹത്തിന്റെ ശരീരം സിഡ്നിയിൽ നിന്ന് യാത്ര അയക്കുവാൻ പ്രാർത്ഥന നടത്താൻ എന്റെ സാന്നിധ്യം ഉണ്ടായത്, ഒരു പക്ഷേ ഞങ്ങൾ തമ്മിലുള്ള ആത്മീയ ബന്ധത്തിന്റെ ആഴമായിരിക്കണം.

ഞാൻ അറിയുന്ന തേക്കിൽ അച്ചൻ

മാത്യൂസ് മാർ തേവോദോസ്യോസ്
മെത്രാപ്പോലീത്താ
(പ്രസിഡന്റ്, അഖില മലങ്കര പ്രാർത്ഥനായോഗം)

1977 ജൂൺ മാസത്തിൽ ശ്ലീഹാ നോമ്പിന്റെ ആദ്യ ദിവസത്തിൽ കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ (പഴയസെമിനാരി) ഒന്നാം വർഷ വിദ്യാർത്ഥിയായി ഞാൻ പഠനം ആരംഭിക്കുമ്പോൾ തെല്ലു ഭയത്തോടെയും ആശങ്കയോടെയുമാണ് ആ ദിവസം കഴിഞ്ഞത്. അന്നു വൈകിട്ടു ക്ലാസ്സുകൾ കഴിഞ്ഞ് സന്ധ്യാനമസ്കാരത്തിനു മുമ്പായി രണ്ടു മൂന്നു ഫൈനൽ ഇയർ ശെമ്മാശ്ശന്മാർ എന്നെ വിളിച്ചു അരികെ നിർത്തി പറഞ്ഞു: "ഓ ബഥനിയിലെ കുഞ്ഞ് സാധു, പേടിക്കേണ്ട ഞങ്ങൾ കൂടെയുണ്ട്; ഒട്ടും വിഷമിക്കേണ്ട." ഇതു പറഞ്ഞത് കല്ലുങ്കൽ തേക്കിലെ പി. എം. തോമസ് ശെമ്മാശനാണ്.

ഭാഗ്യസ്മരണാർഹനായ തേക്കിൽ പി. എം. തോമസ് കോറെപ്പിസ്ക്കോപ്പായെക്കുറിച്ച് ഓർക്കുമ്പോൾ എന്റെ മനസ്സിൽ ഓടിയെത്തുന്നത് ആ ധൈര്യപ്പെടുത്തുന്ന വാക്കുകളാണ്. എപ്പോഴും മന്ദസ്മിതനായി പുഞ്ചിരിക്കുന്ന തേക്കിൽ തോമസ് കോറെപ്പിസ്ക്കോപ്പാ, എന്നെ സ്നേഹപൂർവ്വം ചേർത്തു കൂടെ നിർത്തി എല്ലാ പ്രോത്സാഹനവും തന്ന ജ്യേഷ്ഠ സ്നേഹിതനാണ്.

തേക്കിൽ അച്ചനെക്കുറിച്ച് ഇപ്രകാരം ചില വിശേഷണങ്ങൾ ഇംഗ്ലീഷിൽ എഴുതട്ടെ:

"His Presence was joyful
His voice sweet
His words inspiring
His manners endearing
His smile unforgettable."

1. സന്തോഷിപ്പിക്കുന്ന സാന്നിദ്ധ്യം:

വന്ദ്യ തേക്കിൽ അച്ചനെ അടുത്തറിഞ്ഞ ഒരു വ്യക്തി എന്ന നിലയിൽ എനിക്കു അതിശയോക്തിയില്ലാതെ പറയുവാൻ സാധിക്കും, "അദ്ദേഹം ഒരു

മാസ്മരിക വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു." തന്നെ സമീപിക്കുന്ന ഏതൊരു വ്യക്തിയെയും, പ്രത്യേകിച്ചു പ്രയാസം അനുഭവിക്കുന്നവരെ കൂടെ ചേർത്തുനിർത്തി അവരെ കരുതുമായിരുന്നു. മോനേ, മോളേ എന്നുള്ള വിളിയും, സന്തോഷപൂർവ്വമായ തലോടലും ബാഹ്യമായ പ്രകടമായിരുന്നില്ല; മറിച്ച് അതു ബഹു. അച്ചന്റെ ഹൃദയത്തിൽ നിന്നുള്ളതായിരുന്നു. 'ഞാൻ' എന്ന അഹംഭാവമില്ലാതെ സമൂഹത്തിലെ ഏതു വ്യക്തികളോടും സംവദിക്കുവാൻ അദ്ദേഹം മനസ്സു കാണിച്ചിരുന്നു.

"A thing of beauty is a joy for ever," എന്ന ചൊല്ല് അദ്ദേഹത്തിനു സമർപ്പിക്കുന്നു. ഒരു നല്ല മനസ്സിന്റെ സൗന്ദര്യമാണ് എന്നേക്കുമുള്ള സന്തോഷം.

2. മധുരിക്കുന്ന ചൊല്ല്

ആരാധനയിൽ പ്രത്യേകിച്ച് വി. കുർബ്ബാനയിലെ പ്രാർത്ഥനകളും ഗാനങ്ങളും ചൊല്ലുമ്പോൾ അതു ഹൃദയത്തിൽ നിന്നു മധുരിക്കുന്ന അനുഭവങ്ങളായി അതിൽ സംബന്ധിക്കുന്ന സഭാമക്കൾക്കു അനുഭവപ്പെടുന്നു. യാതൊരുവിധമായ വളച്ചുകെട്ടുമില്ലാതെ, മറ്റാരുടെയും ശബ്ദം അനുകരിക്കാതെ സ്വതസിദ്ധമായ ശൈലിയിൽ അനുതാപപൂർണ്ണമായ ആരാധന അദ്ദേഹം അർപ്പിക്കുമായിരുന്നു. വൈദിക സെമിനാരിയിലെ തന്റെ ഗുരുക്കന്മാരുടെ, പ്രത്യേകിച്ചു ഭാഗ്യസ്മരണാർഹനായ കോരുതു മല്പാനച്ചന്റെ ഭക്തിനിർഭരമായ വി. കുർബ്ബാനയെക്കുറിച്ച് അദ്ദേഹം എടുത്തു പറഞ്ഞിട്ടുള്ളത് ഇത്തരുണത്തിൽ ഓർക്കുന്നു.

3. നല്ല പ്രചോദനം തരുന്ന വാക്കുകൾ

"ഒരു വൃക്ഷത്തെ അതിന്റെ ഫലംകൊണ്ടു തിരിച്ചറിയാം" എന്ന ചൊല്ല് വന്ദ്യ തേക്കിൽ കോറെപ്പിസ്ക്കോപ്പാ അച്ചനുമായി ബന്ധിപ്പിക്കട്ടെ. 'നല്ലതിനെ നല്ലതു' എന്ന് ആത്മാർത്ഥമായി പറയുവാനും അതിനെ പ്രോത്സാഹിപ്പിക്കുവാനും അച്ചൻ ആവോളം ശ്രമിച്ചിട്ടുണ്ട്. അതു അനേകംപേർക്കു പ്രചോദനം കൊടുത്തിട്ടുണ്ട്. അക്കൂട്ടത്തിൽ ഒരാളാണു ഞാൻ. ഹൃദയത്തിൽ നിറഞ്ഞു കവിയുന്നതാണല്ലോ വാക്കുകളായി രൂപാന്തരപ്പെടുന്നത്.

Think good. നല്ലതു ചിന്തിക്കുക
Say good. നല്ലതു പറയുക.
Do good. നല്ലതു ചെയ്യുക.

അച്ചന്റെ പ്രസംഗത്തിൽ നിന്നും എടുത്തിട്ടുള്ള വാക്കുകളാണു മേൽ പറഞ്ഞത്.

4. സ്നേഹം ജനിപ്പിക്കുന്ന (ഉണർത്തുന്ന) ജീവിതശൈലി

"My life is my message." "എന്റെ ജീവിതമാണ് എന്റെ സന്ദേശം" എന്നു

മഹാത്മാ ഗാന്ധി ലോകത്തോടു പറഞ്ഞു. അത്രയുമൊന്നും നാം ആയി തീർന്നിട്ടില്ല. തേക്കിൽ അച്ചനെ സംബന്ധിച്ചിടത്തോളം മേൽപറഞ്ഞ ഗാന്ധി സന്ദേശം സ്വജീവിതത്തിൽ തന്നാൽ ആവോളം പകർത്തുവാൻ സാധിച്ചിട്ടുണ്ട്. ഒരു യഥാർത്ഥ മനുഷ്യസ്നേഹിക്കു മാത്രമേ ഒരു യഥാർത്ഥ ദൈവ സ്നേഹി ആയിരിപ്പാൻ സാധിക്കൂ. സമൂഹത്തിലെ നിർദ്ധനരോടും തുണയറ്റവരോടും താദാത്മ്യം പ്രാപിക്കുവാൻ സാധിക്കുന്നവനെ ദൈവം സഹായിക്കും. അവനെ ദൈവം സ്നേഹിക്കും. തന്റെ കുടുംബത്തോടും, സഭയോടും, സമൂഹത്തോടുമുള്ള പ്രതിബദ്ധത അച്ചന്റെ സ്നേഹം പ്രസരിപ്പിക്കുന്ന ജീവിതരീതിയിൽ കാണാം.

5. പരിശുദ്ധ സഭയോടും പിതാക്കന്മാരോടുമുള്ള കൂറ്

നമ്മുടെ കർത്താവിന്റെ വാക്കുകൾ: "കൊള്ളാം, നല്ലവനും വിശ്വസ്തനുമായ ദാസാ, അല്പത്തിൽ നീ വിശ്വസ്തനായിരുന്നു; അധികത്തിനു ഞാൻ നിന്നെ ഭരമേൽപ്പിക്കും" (വി. മത്തായി 25:21).

ഏതൊരു വൈദികനെയും കുറിച്ചുള്ള പ്രതീക്ഷയും പ്രത്യാശയുമാണ് മേല്പറഞ്ഞ വാക്യം. "എന്റെ സഭ" എന്നു സഭാമക്കളെ പഠിപ്പിച്ചതു പ. ഗീവറുഗീസ് ദ്വിതീയൻ ബാവായാണ്. ഈ വിശ്വാസവും സമർപ്പണവും ഏതൊരു വിശ്വാസിയുടെയും ഏറ്റുപറച്ചിലാവണം.

തേക്കിൽ അച്ചന്റെ വാക്കുകളിൽ അദ്ദേഹത്തിന്റെ കുടുംബം മൂന്നാമതു മാത്രമേ വരികയുള്ളു. ഏറ്റം പ്രധാനം, അദ്ദേഹത്തെ ക്രിസ്തുവിൽ ജനിപ്പിച്ച പ. സഭയും പ. സഭാപിതാക്കന്മാരുമാണ്. പ്രത്യേകിച്ചും, പ. പരുമല തിരുമേനി, പ. വട്ടശ്ശേരിൽ തിരുമേനി, പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ.

പ്രിയ അച്ചന്റെ ആത്മാവിനു നിത്യശാന്തി നേരുന്നു.

ഉത്തമനും വിശ്വസ്തനുമായ ആചാര്യശ്രേഷ്ഠൻ

ഡോ. മാത്യൂസ് മാർ തീമോത്തിയോസ്

(ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പോലീത്താ)

ബഹുമാനപ്പെട്ട തോമസ് തേക്കിൽ കോർഎപ്പിസ്കോപ്പായുടെ ദീപ്ത സ്മരണകൾ അടങ്ങുന്ന ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ അനല്പമായ സന്തോഷമുണ്ട്. ബഹു. അച്ചനെക്കുറിച്ച് ഒരു അനുസ്മരണക്കുറിപ്പ് എഴുതുവാൻ ലഭിച്ച ഈ അവസരം ജീവിതത്തിലെ ഒരു ദൈവനിയോഗമായി കാണുന്നു.

പുരോഹിതൻ എന്നത് ഗ്രീക്ക് പദമായ പ്രെസ്ബൈറ്ററോസ് ('മൂപ്പൻ') എന്ന പദത്തിൽ നിന്നാണ് ഉരുത്തിരിഞ്ഞത്. അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ ആരും സ്വയം ഈ ബഹുമതി ഏറ്റെടുക്കുകയില്ല" (ഹെബ്രായർ 5:4). അതുകൊണ്ടു തന്നെ യാഹ്വെ ശപഥം ചെയ്തു: "മെല്ക്കിസെദെക്കിന്റെ ക്രമമനുസരിച്ചു നീ എന്നേക്കും പുരോഹിതനാകുന്നു, അതിനു മാറ്റമുണ്ടാവുകയില്ല" (സങ്കീ. 110:4). തന്റെ ജനനം മുതൽ മരണം വരെ, കൂദാശകളിലൂടെ ശക്തിപ്പെടുത്താൻ നിയോഗിക്കപ്പെടുന്ന സമർപ്പണ ജീവിതമാണ് ഒരു പുരോഹിതന്റേത്. അത്തരത്തിൽ തന്റെ വിളിയെക്കുറിച്ച് ഉത്തമ ബോധ്യവും സമർപ്പണവും ഉള്ള ജീവിതത്തിന്റെ ഉടമയായിരുന്നു സ്മര്യപുരുഷനായ ബഹു. തോമസ് തേക്കിൽ കോർ എപ്പിസ്ക്കോപ്പാ. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ശുശ്രൂഷ ഏറ്റെടുത്ത കാലം മുതലാണ് ബഹു. തോമസ് തേക്കിൽ കോർഎപ്പിസ്ക്കോപ്പായുമായുള്ള അടുത്ത ബന്ധം ബലഹീനനായ എനിക്ക് ഉണ്ടായത് എങ്കിലും ചുരുങ്ങിയ കാലംകൊണ്ട് തന്നെ ആരെയും ആകർഷിക്കുന്ന കുലീനതയും, സംസാര ശൈലിയും, ചൊവ്വും, വൃത്തിയുമുള്ള വേഷവും കൊണ്ട് ആ സ്നേഹ ബന്ധം ഇഴയടുപ്പം ഉള്ളതാക്കുവാൻ കഴിഞ്ഞു എന്ന് പറയുന്നതിൽ തെറ്റില്ല. ബന്ധങ്ങളുടെ ഉലച്ചിൽ ഏറ്റവും അധികം ഉള്ള ഈ കാലത്ത് മനസിൽ വൈരാഗ്യമോ, വിരോധമോ വെച്ചുപുലർത്താതെ പവിത്രമായ സൗഹൃദം ഊട്ടി ഉറപ്പിക്കുവാൻ ബഹു. കോർഎപ്പിസ്ക്കോപ്പാ അച്ചൻ ശ്രദ്ധിച്ചിരുന്നു. കോർഎപ്പിസ്ക്കോപ്പാ എന്നാൽ 7 പള്ളിക്ക് മൂപ്പൻ എന്നതാണ് വിവക്ഷിക്കു

ന്നത് എങ്കിലും ഒരു ദേശത്തിന് തന്നെ മൂപ്പനും, പിതാവുമായി സ്നേഹിച്ചു ജീവിച്ചു കടന്നുപോയ മാതൃകാജീവിതത്തിന് ഉടമയായിരുന്നു ബഹു. തേക്കിൽ അച്ചൻ. 2018-ലെ പ്രളയകാലത്ത് പ്രായത്തിന്റെ പരിമിതികൾ വകവെക്കാതെ ബഹു. അച്ചൻ നടത്തിയ സേവനം പ്രശംസനീയമാണ്. പ. സഭയോടും പിതാക്കന്മാരോടും ബഹു. കോർഎപ്പിസ്ക്കോപ്പായുടെ ഭക്തിയും, കൂറും വാക്കുക്കൾക്ക് അതീതമായിരുന്നു.

മുതിർന്നവരെ കാണുമ്പോൾ ബഹുമാനിക്കുവാൻ മടികാണിക്കുന്ന ഈ കാലത്ത് പ്രായഭേദമെന്യേ എല്ലാവരെയും ബഹുമാനിക്കുവാനും, സ്വത സിദ്ധമായ പുഞ്ചിരിയോടുകൂടെ സ്വീകരിക്കുവാനും ബഹു. അച്ചന് സാധിച്ചി രുന്നു എന്നത് എടുത്ത് പറയേണ്ടതാണ്. കോർഎപ്പിസ്ക്കോപ്പാ എന്ന നിലയിൽ ആ സ്ഥാനത്തിന്റെ മഹിമയ്ക്ക് അനുസരിച്ച് ഉള്ള വസ്ത്ര ധാരണം ഭംഗിയായി ധരിച്ച് ആ പദവിയുടെ മഹത്വം വാക്കിലും, പ്രവർ ത്തിയിലും ബഹു. അച്ചൻ കാത്തുസൂക്ഷിച്ചു.

തിരുവനന്തപുരം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായും, ക്രാന്ത ദർശിയും, മികച്ച ഭരണകർത്താവുമായിരുന്ന ഭാഗ്യസ്മരണാർഹനായ അഭി. ഗീവർഗീസ് മാർ ദീയസ്ക്കോറോസ് തിരുമേനിയുടെ പ്രഥമ സെകട്ടറി എന്ന നിലയിൽ 1978-80 കാലഘട്ടങ്ങളിൽ ബഹു. അച്ചൻ സ്തുത്യർഹമായി സേവനമനുഷ്ഠിച്ചു. പിന്നീട് തിരുവനന്തപുരം ഭദ്രാസന സെക്രട്ടറി, തിരുവന ന്തപുരം ഭദ്രാസന യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റ്, സഭാ മാനേ ജിംഗ് കമ്മിറ്റി അംഗം, പരുമല സെമിനാരി കൗൺസിൽ മെമ്പർ, സഭാ വർ ക്കിംഗ് കമ്മിറ്റി അംഗം തുടങ്ങി സഭയുടെ ഒട്ടുമിക്ക സ്ഥാനങ്ങളിലും ഗുരു വിന്റെ പേരിനെ ശ്രേഷ്ഠമാക്കുന്ന തരത്തിൽ മികച്ച ഭരണപാടവത്തോടെ പ്രവർത്തിക്കുവാൻ അച്ചന് സാധിച്ചു എന്നുള്ളത് എടുത്തു പറയേണ്ട ഒന്നാണ്. ബഹു. കോർഎപ്പിസ്ക്കോപ്പാ അച്ചൻ വി. സഭയ്ക്ക് നൽകിയ സേവനങ്ങളെ നന്ദിയോടെ സ്മരിക്കുകയും , ധന്യമായ ജീവിതത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. വരുംതലമുറയ്ക്ക് ബഹു. അച്ചനെ അടുത്തറിയുവാൻ ഈ സ്മരണിക ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.

നല്ല ഓർമ്മകൾ സമ്മാനിച്ച അജപാലകൻ

ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്

(കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ)

മദർ തെരേസയോട് ഒരു പത്രക്കാരൻ ചോദിച്ചു: അമ്മേ, നിങ്ങൾ എന്താണ് തെരുവിൽ ചെയ്യുന്നത്? അവർ പറഞ്ഞു: മരിക്കുന്നതിനു മുമ്പ് ഞാൻ അവരെ ചിരിക്കാൻ സഹായിക്കുകയാണ്. കൂടെ നിൽക്കുന്നവരെ കരുതി അവരെ സ്നേഹിച്ച് കളഞ്ഞുപോയ അവരുടെ പുഞ്ചിരി വീണ്ടെടുക്കുവാൻ കഴിഞ്ഞില്ലെങ്കിൽ പിന്നെ ഈ ജീവിതംകൊണ്ട് എന്താണ് പ്രയോജനം. തേക്കിൽ തോമസ് കോർഎപ്പിസ്ക്കോപ്പായെ കുറിച്ച് ചിന്തിക്കുമ്പോൾ, എല്ലാവരെയും സ്നേഹിച്ച്, കരുതി അവരുടെ മനസ്സിലും മുഖത്തും ആനന്ദത്തിന്റെ പുഞ്ചിരി വിടർത്തുവാൻ ശ്രമിച്ച സുന്ദരനായ ഒരു വൈദികൻ. പരസ്പരം കാവലാകുക എന്നതാണ് മനുഷ്യ ധർമ്മം. പുരോഹിതൻ ദൈവസന്നിധിയിൽ മനുഷ്യരുടെ മധ്യസ്ഥനും മനുഷ്യരുടെ മുമ്പിൽ ദൈവസന്നിധിയിൽ നിന്ന് അനുഗ്രഹങ്ങൾ വാങ്ങി വിഭജിച്ച് കൊടുക്കുന്നവനുമാണ്. ഒരു നദിക്ക് കുറുകെയുള്ള പാലത്തിന് സമമാണ് പുരോഹിതൻ എന്ന് പറയാറുണ്ട്. പാലം മാത്രമല്ല, നദി തന്നെയാകണം. നദിയാകണം എന്നാൽ അതിന്റെ സ്വഭാവം ജീവിതത്തിൽ കാണിക്കണം.

1. എന്നും ഒഴുകുന്നതാകണം

ബഹുമാനപ്പെട്ട അച്ചനെ ഞാൻ ആദ്യമായി കാണുന്നത് അഭിവന്ദ്യ ഗീവർഗീസ് മാർ ദീയസ്കോറോസ് തിരുമേനിയുടെ ഒപ്പമുള്ള ഒരു ശെമ്മാശൻ ആയിട്ടാണ്. എന്റെ ഓർമ്മ ശരിയാണെങ്കിൽ ഞാൻ എന്റെ ജീവിതത്തിൽ കാണുന്ന ആദ്യത്തെ ശെമ്മാശൻ. അഭിവന്ദ്യ തിരുമേനിയും അച്ചനും ഒരുപോലെയാണ് നോട്ടത്തിലും ഭാവത്തിലും. സുന്ദരനായ ശെമ്മാശൻ. രണ്ട് പേരെയും ഞങ്ങൾ കുട്ടികൾ വിസ്മയത്തോടെയാണ് നോക്കിനിന്നിരുന്നത്. അച്ചന്റെ വിശ്രമജീവിതകാലത്തിലും അതേ ഊർജ്ജവും സൗന്ദര്യവും കാത്തു സൂക്ഷിച്ചുകൊണ്ട് ഉത്സാഹത്തോടെ പ്രവർത്തിക്കുന്നത് കാണുവാൻ സാധിച്ചു. ജീവിതം നിശ്ചലം ആകാതെ കാത്തുസൂക്ഷിക്കുവാൻ അച്ചൻ

ശ്രമിച്ചു. അച്ചന്റെ മകളും കുടുംബവും ഓസ്ട്രേലിയയിൽ സിഡ്നി പള്ളിയിലെ നിറസാന്നിധ്യമാണ്. ഒരു മെത്രാപ്പോലീത്താ എന്ന നിലയിൽ ഞാൻ അവിടുത്തെ ശുശ്രൂഷക്കാരനായിരുന്നപ്പോൾ വിശ്രമജീവിതം നയിച്ചിരുന്ന അച്ചൻ അവരോടൊപ്പം ആ ദേവാലയ കാര്യങ്ങളിൽ സഹായിയായി പ്രവർത്തിക്കുന്നത് കാണുവാൻ ഇടയായി.

2. എല്ലാറ്റിനെയും സമചിത്തതയോടെ സ്വീകരിക്കണം

തിരുവനന്തപുരം മെത്രാസനത്തിന്റെ സെക്രട്ടറിയായുള്ള അച്ചന്റെ പ്രവർത്തനം എല്ലാവരുടെയും സ്നേഹവും പ്രീതിയും നേടിയെടുക്കുന്ന തരത്തിൽ ആയിരുന്നു. വഴികളിലെ സുകൃതങ്ങളെയും നിന്ദനകളെയും ഒരേ കനിവോടെ സ്വീകരിക്കുന്ന ഒരാൾക്ക് പാദം വഴുതുകയില്ല. അച്ചന്റെ ജീവിതം അപ്രകാരം സമചിത്തതയോടെ ആയിരുന്നു. എല്ലാറ്റിനെയും സൂക്ഷ്മമായി വിലയിരുത്തി സൗമ്യമായി തീരുമാനങ്ങൾ കൈക്കൊള്ളുവാൻ ബഹുമാനപ്പെട്ട അച്ചൻ ശ്രദ്ധിച്ചിരുന്നു. പ്രാവിനെപ്പോലെ നിഷ്കളങ്കനും പാമ്പിനെപോലെ ബുദ്ധിയുള്ളവനും എന്ന പ്രയോഗം അച്ചനിൽ ചിലപ്പോഴെങ്കിലും പ്രകടമായിരുന്നു. ജീവിതത്തിലെ ഓരോ അനുഭവങ്ങളെയും സമചിത്തതയോടെ സമീപിക്കണമെങ്കിൽ ഉള്ളിൽ ശാന്തിയുടെ നദി ഒഴുകണം.

3. എല്ലാറ്റിനെയും തണുപ്പിക്കണം

വൈദികനായി അധികം താമസിക്കാതെ അച്ചൻ എന്റെ മാതൃ ദേവാലയമായ കുണ്ടറ വലിയപള്ളിയുടെ വികാരിയായി ചുമതല സ്വീകരിക്കുകയുണ്ടായി. വലിയപള്ളിയിലെ വലിയ പ്രശ്നങ്ങളെ ചെറിയ പ്രശ്നങ്ങളായി ശാന്തമാക്കുവാൻ അച്ചന്റെ പ്രവർത്തനങ്ങൾക്ക് സാധിച്ചു. വിധിവാചകങ്ങളിൽ അല്ലാതെ മനുഷ്യരെ കേൾക്കുന്നവർ ചുരുക്കം ആകുന്ന കാലത്താണ് നാം ജീവിക്കുന്നത്. മനുഷ്യരെ മനുഷ്യരായി കാണുക എന്നത് പ്രയാസമായി മാറുന്ന ഈ കാലത്ത് വിദ്വേഷത്തിന്റെയും സ്വാർത്ഥതയുടെയും മണ്ണിൽ സ്നേഹത്തിന്റെ വിത്തുകൾ വിതയ്ക്കുവാൻ അച്ചൻ ശ്രമിച്ചിരുന്നു. മുൻവിധികളില്ലാതെ മനുഷ്യരെ കേൾക്കുവാനും പ്രശ്നങ്ങൾ ലഘൂകരിക്കുവാനും അച്ചൻ എന്നും ശ്രദ്ധിച്ചിരുന്നു. ജീവിതത്തിന്റെ അവസാന കാലഘട്ടത്തിൽ അച്ചൻ തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ടെന്നത് ശ്രദ്ധേയമാണ്.

4. സ്വയം വിമലമാകാതെ എല്ലാറ്റിനെയും ശുദ്ധീകരിക്കണം

അച്ചന്റെ മുഖത്ത് പ്രകടമായ പുഞ്ചിരി ജീവിതകാലം മുഴുവൻ നിലനിന്നിരുന്നു. "നിങ്ങൾ തിരിഞ്ഞ് ശിശുക്കളെപ്പോലെ ആകുവിൻ, ഇങ്ങനെയുള്ളവർ സ്വർഗ്ഗരാജ്യം അവകാശമാക്കും" എന്ന ക്രിസ്തുമൊഴി ഓർക്കുന്നു. നിഷ്കളങ്കത നമ്മെ ദൈവീകരണത്തിലേക്ക് നയിക്കും. കുലീനമായി ജീവിക്കുവാനുള്ള പ്രേരണയാണ് സ്വർഗ്ഗരാജ്യവാസം അവകാശപ്പെ

ടുന്നത്. അച്ചൻ തന്റെ നടപ്പിൽ നിഷ്കളങ്കത കാത്തുസൂക്ഷിക്കുന്നതിനൊപ്പം മറ്റുള്ളവരെ ശുദ്ധരാക്കുവാനും ശ്രദ്ധിച്ചിരുന്നു.

5. ലക്ഷ്യബോധത്തോടെ ഒഴുകണം

നദികൾക്കായി ഒരു കടൽ കാത്തിരിക്കുന്നു. മനുഷ്യജന്മത്തിനും ഒരു ലക്ഷ്യമുണ്ട്. അത് ദൈവത്തിൽ വലയം ചെയ്യുവാൻ ആഗ്രഹിക്കുന്നു. ദൈവാശ്രയത്തോടെ ജീവിച്ച് ജീവിതത്തിൽ ഉണ്ടാകുന്ന കാറും കോളുമെല്ലാം തരണം ചെയ്തു ദൈവസന്നിധിയിൽ അച്ചന്റെ ആത്മാവ് വിശ്രമിക്കുന്നു. താൻ പ്രിയം വച്ച നാഥന്റെ സന്നിധിയിൽ എത്തിച്ചേരുക എന്ന ലക്ഷ്യത്തിൽ അച്ചൻ വിജയിച്ചു എന്നു തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്.

I know my own soul, how feeble and puny it is: I know the magnitude of this ministry, and the great difficulty of the work; for more stormy billows vex the soul of the priest than the gales which disturb the sea. സഭാപിതാവായ സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് പുരോഹിതകർമ്മത്തെക്കുറിച്ച് പറഞ്ഞ വാക്കുകളാണിത്. ഇളകിമറിയുന്ന ഒരു കടൽ കണക്കെയാണ് ഓരോ പുരോഹിതന്റെ ജീവിതവും. ബഹുമാനപ്പെട്ട തേക്കിൽ തോമസ് കോർഎപ്പിസ്ക്കോപ്പാ തന്റെ പുരോഹിതകർമ്മം ദൈവത്തിനും മനുഷ്യനും വിധേയമായ നിലയിൽ നീതിയോടും സത്യത്തോടും ആത്മാർത്ഥതയോടും നിർവഹിച്ചു. അതിനാൽ സ്വർഗ്ഗരാജ്യത്തിൽ നിത്യകിരീടത്തിനു അർഹനാകട്ടെ എന്ന് പ്രാർത്ഥിക്കാം. അച്ചന്റെ ആത്മാവിന് സ്വർഗ്ഗത്തിലെ തമ്പുരാൻ ആശ്വാസം നൽകട്ടെ.

"ധന്യാചാര്യാ! - പോയാലും ശാന്ത്യാ
പൂകണമേ നീ- ഭാസുരമണവറയിൽ."

ഗുരുഭക്തി നിറഞ്ഞു നിന്നിരുന്ന വൈദികൻ

ഡോ. ജോഷ്വാ മാർ നിക്കോദിമോസ്

(നിലയ്ക്കൽ ഭദ്രാസന മെത്രാപ്പോലീത്താ)

1978 ജൂൺ 8-നാണ് തോമസ് തേക്കിൽ ശെമ്മാശനെ ഞാൻ ആദ്യമായി കാണുന്നത്. റാന്നിയിലുള്ള ഹോളി ട്രിനിറ്റി ആശ്രമത്തിൽ ഒരു അംഗമായി ഞാൻ വന്നുചേർന്ന ദിവസമാണത്. 1978 മെയ് 15-ന് ഗീവർഗീസ് മാർ ദീയസ്കോറോസ് എന്ന പേരിൽ മേല്പട്ട സ്ഥാനാഭിഷിക്തനായ അഭിവന്ദ്യ തിരുമേനി ഒരു വൈദികനായിരുന്നപ്പോൾ (റവ. ഫാ. റ്റി. ഇ. ജോർജ്ജ്, തേവർവേലിൽ) 1970-ൽ ആണ് ആശ്രമം സ്ഥാപിച്ചത്. അഭി. ഗീവർഗീസ് മാർ ദീയസ്കോറോസ് തിരുമേനിയുടെ പ്രഥമ സെക്രട്ടറിയായിരുന്ന തോമസ് തേക്കിൽ ശെമ്മാശൻ അക്കാലത്ത് തിരുമേനിയോടൊപ്പം ആശ്രമത്തിൽ താമസിച്ചിരുന്നു. തിരുവനന്തപുരം ഭദ്രാസനം പ്രഖ്യാപിതമായി, ഭദ്രാസന ചുമതല ഏല്പിക്കപ്പെട്ടത് 1979 ജനുവരി 1 മുതൽ ആയിരുന്നതിനാൽ അതുവരേയ്ക്കും തിരുമേനി റാന്നി ആശ്രമത്തിൽ തന്നെയായിരുന്നു താമസിച്ചിരുന്നത്. 16-ാം വയസ്സിൽ സ്വന്തം ഭവനം വിട്ട് ഹോളി ട്രിനിറ്റി ആശ്രമത്തിൽ ആദ്യ അംഗമായി വന്നുചേർന്ന എനിക്ക് ജ്യേഷ്ഠസഹോദരനും, സ്നേഹിതനും, മാർഗദർശിയും, ഗുരുവും എല്ലാമായി മാറി തേക്കിൽ ശെമ്മാശൻ. 1978 മുതൽ 2023 വരെയുള്ള ദീർഘമായ 45 വർഷങ്ങൾ ആ സൗഹൃദവും കരുതലും ശക്തമായി തുടരുന്നതിനും നിലനിർത്തുന്നതിനും സാധിച്ചുവെന്നുള്ളത് കൃതജ്ഞതയോടെയാണ് ഇപ്പോൾ ഓർക്കുന്നത്.

അക്കാലത്ത് നിരണം ഭദ്രാസനത്തിൽ ഉൾപ്പെട്ടിരുന്ന കല്ലുങ്കൽ സെന്റ് ഇഗ്നേഷ്യസ് ഇടവകാംഗമെന്ന നിലയിൽ നിരണം ഭദ്രാസനത്തിനു വേണ്ടിയായിരുന്നു തേക്കിൽ ശെമ്മാശൻ വൈദിക സെമിനാരിയിൽ പഠിച്ചതെങ്കിലും, വിവാഹം കഴിച്ച് വൈദികനായപ്പോൾ അന്നത്തെ നിരണം ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന അഭി. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ പ്രത്യേക അനുവാദത്തോടു കൂടി തിരുവനന്തപുരം ഭദ്രാസനത്തിലെ വൈദിക സേവനത്തിലേക്കായിരുന്നു അച്ചൻ പ്രവേശിച്ചത്. അച്ചനെപ്പറ്റി ചുരുക്കം ചില സ്മരണകൾ മാത്രം ഇവിടെ പങ്കുവയ്ക്കുന്നു.

ദേവാലയ ആരാധനയിൽ ചിട്ടയും നിഷ്ഠയും ഉള്ള വൈദികൻ

ബഹു. തോമസ് തേക്കിൽ കോർഎപ്പിസ്ക്കോപ്പാ ദേവാലയ ആരാധനയിൽ ചിട്ടയും നിഷ്ഠയും ഉള്ള വൈദികൻ ആയിരുന്നു. ദേവാലയ വിരികളുടെയും അലങ്കാരങ്ങളുടെയും മനോഹാരിതയും വി. മദ്ബഹായുടെ ശുചിത്വവും അച്ചൻ പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു. അച്ചന്റെ ഗാനാലാപനത്തിലും വായനകളിലും വ്യക്തതയും സ്ഫുടതയും ഉണ്ടായിരുന്നുവെന്നത് ആരാധനാന്തരീക്ഷത്തെ കൂടുതൽ ഭക്തിനിർഭരമാക്കിയിരുന്നു. പരുമല സെമിനാരി ഉൾപ്പെടെയുള്ള ദേവാലയങ്ങളിൽ ബഹു. അച്ചൻ നടത്തിയിരുന്ന ധ്യാനപ്രസംഗങ്ങൾ ശ്രോതാക്കൾക്കു ഹൃദ്യവും വേദവ്യാഖ്യാനപരവും ആത്മീയ ഉണർവു നൽകുന്നതുമായിരുന്നു.

ഗുരുഭക്തി നിറഞ്ഞു നിന്നിരുന്ന വൈദികൻ

അഭി. ഗീവർഗീസ് മാർ ദീയസ്കോറോസ് തിരുമേനിയുടെ പ്രഥമ സെക്രട്ടറിയെന്ന നിലയിൽ ബഹു. അച്ചനോട് ഒരു പ്രത്യേക വാത്സല്യവും മനസ്സടുപ്പവും അഭി. തിരുമേനിക്കുണ്ടായിരുന്നു. അതു തികഞ്ഞ ഗുരു ഭക്തിയായി അച്ചൻ എന്നും ഹൃദയത്തിൽ സൂക്ഷിക്കുകയും, ആവശ്യമായ സന്ദർഭങ്ങളിൽ മടി കൂടാതെ പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. ഇരുവരുടെയും ഉയരവും, ശരീരത്തിന്റെ നിറവും ഏകദേശം ഒരുപോലെയായിരുന്നുവെന്നുള്ളതും അക്കാലത്ത് പലരാലും ശ്രദ്ധിക്കപ്പെട്ടിരുന്നു. പിൽക്കാലത്ത് തിരുവനന്തപുരം ഭദ്രാസനത്തിൽ നിന്നും ചെങ്ങന്നൂർ ഭദ്രാസനത്തിലേക്കു മാറിവന്നപ്പോൾ അന്നു ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന അഭി. തോമസ് മാർ അത്താനാസിയോസ് തിരുമേനിയോടും പിൻഗാമിയായി ചുമതലയേറ്റ അഭി. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് തിരുമേനിയോടും ഈ വലിയ ആത്മബന്ധവും ആദരവും ബഹു. അച്ചൻ പുലർത്തിയിരുന്നു.

"എന്റെ തിരുമേനി"

സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരോടും ബഹു. അച്ചൻ തികഞ്ഞ ബഹുമാനാദരവുകൾ പ്രകടിപ്പിക്കുകയും അവരെ ആദരപൂർവ്വം സംബോധന ചെയ്യുകയും ചെയ്തിരുന്നുവെങ്കിലും, അഭിവന്ദ്യ ദീയസ്കോറോസ് തിരുമേനി ബഹു. അച്ചന് എക്കാലത്തും "എന്റെ തിരുമേനി" ആയിരുന്നു.

ഭദ്രാസനത്തിനുവേണ്ടി മടി കൂടാതെ കഷ്ടതകൾ സഹിച്ച വൈദികൻ

തിരുവനന്തപുരം ഭദ്രാസനം അന്നത്തെ പുതിയ ഭദ്രാസനങ്ങളിൽ ഒന്ന് എന്ന നിലയിൽ സ്വന്തം ഭദ്രാസനകേന്ദ്രമോ മറ്റു യാതൊരുവിധ സൗകര്യങ്ങളോ ഇല്ലാതിരുന്നപ്പോൾ ആ സാഹചര്യങ്ങളെയെല്ലാം പൂർണ്ണമായി ഉൾ

ക്കൊണ്ടും തികഞ്ഞ സംതൃപ്തിയോടും കൂടിയാണ് തിരുവനന്തപുരത്ത് അഭിവന്ദ്യ ദീയസ്കോറോസ് തിരുമേനിയോടു ചേർന്നു നിന്ന് ബഹു. തേക്കിലച്ചൻ പ്രവർത്തനം ആരംഭിച്ചത്. തുടർന്ന് ഭദ്രാസന സെക്രട്ടറി സ്ഥാനം വരെ വഹിക്കുകയും ഭദ്രാസനത്തിന്റെ വളർച്ചയിൽ ആദ്യത്തെ പന്ത്രണ്ടു വർഷത്തോളം തിരുമേനിയോടു ചേർന്നു പ്രവർത്തിക്കുകയും ചെയ്തതിനു ശേഷമാണ് ഭദ്രാസനം വിട്ടുപോരുന്നത്. ഹോളി ട്രിനിറ്റി ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഹോളി ട്രിനിറ്റി വികലാംഗ ബാലഭവനം, ഹോളി ക്രോസ്സ് കോൺവെന്റ് തുടങ്ങി തിരുവനന്തപുരത്തുള്ള എല്ലാ സ്ഥാപനങ്ങളുടെയും ആരംഭത്തിനും വളർച്ചയ്ക്കും ബഹു. അച്ചന്റെ പിന്തുണ ലഭിച്ചിരുന്നുവെന്നത് എന്നും ഓർക്കപ്പെടുന്നതാണ്.

കുലീനത പ്രകടിപ്പിച്ചിരുന്ന വൈദികൻ

വാക്കിലും പ്രവർത്തിയിലും ഇടപെടലുകളിലും വ്യക്തിബന്ധങ്ങളിലും ബഹു. അച്ചൻ കുലീനത നിലനിർത്തിയിരുന്നു. നാല്പതു കൊല്ലം മുമ്പു റാന്നിയിൽ താമസിച്ചിരുന്ന കാലത്തു പരിചയപ്പെട്ട പല കുടുംബങ്ങളുമായിട്ടും വ്യക്തികളുമായിട്ടും അന്ന് ആരംഭിച്ച സ്നേഹബന്ധം മരണം വരെയും അച്ചൻ നിലനിർത്തിയിരുന്നു. സേവനം അനുഷ്ഠിച്ച ദേവാലയങ്ങളുമായിട്ടും അതേപോലുള്ള ബന്ധം അച്ചൻ കാത്തുസൂക്ഷിച്ചിരുന്നു.

ഹോളി ട്രിനിറ്റി ആശ്രമത്തിന്റെ അഭ്യുദയകാംക്ഷി

ഹോളി ട്രിനിറ്റി ആശ്രമത്തിന്റെ പ്രാരംഭകാല വളർച്ചയിലും വികസനത്തിലും ബഹു. അച്ചന്റെ ശ്രദ്ധയും പ്രോത്സാഹനവും അംഗങ്ങൾക്കു ലഭിച്ചിരുന്നുവെന്നത് നന്ദിയോടെ അനുസ്മരിക്കുന്നു. ആശ്രമാംഗങ്ങളുടെ പട്ടം കൊട ശുശ്രൂഷ പോലെയുള്ള എല്ലാ വിശേഷ സന്ദർഭങ്ങളിലും ബഹു. അച്ചന്റെയും കൊച്ചമ്മയുടെയും പ്രാർത്ഥനാപൂർവ്വമായ സാന്നിദ്ധ്യം അക്കാലത്ത് ആശ്രമത്തിൽ ഉണ്ടാകുമായിരുന്നു. അഭി. തിരുമേനി കാലം ചെയ്തതിനുശേഷം ഓർമ്മപെരുന്നാളുകളിൽ വന്നു പങ്കെടുക്കുന്നതും ഒരിക്കലും അച്ചൻ മുടക്കിയിരുന്നില്ല.

വ്യക്തിപരമായി, എന്റെ സഭാശുശ്രൂഷയിലും പഠനകാര്യങ്ങളിലും വളർച്ചയിലും ബഹു. അച്ചന്റെ ശ്രദ്ധയും പ്രോത്സാഹനവും എന്നും ലഭിച്ചിരുന്നുവെന്നുള്ളത് കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. തിരുവനന്തപുരം ഭദ്രാസനത്തിൽ ഒരു വൈദികനായിരുന്നപ്പോഴും (1987–1992) അമേരിക്ക ഭദ്രാസനത്തിൽ ഒരു വൈദികനായിരുന്നപ്പോഴും (1992–2003) നാട്ടിൽ തിരികെ എത്തിയശേഷം റമ്പാൻ ആയിരുന്ന കാലഘട്ടത്തിലും (2003–2010) അതിനുശേഷം വേർപാടിന്റെ നാൾവരെയും ആ ശ്രേഷ്ഠ പുരോഹിതന്റെ സ്നേഹകരുതലുകൾ എനിക്കു ലഭിച്ചത് ഹൃദയപൂർവ്വം സ്മരിക്കുന്നു.

2022-ൽ ക്രിസ്തുമസ് ശുശ്രൂഷകൾക്കായി ഞാൻ ഷാർജ മാർ ഗ്രീഗോറിയോസ് ഇടവകയിൽ എത്തിയപ്പോൾ അന്ന് അവിടെ ഉണ്ടായിരുന്ന ബഹു. അച്ചനും കൊച്ചമ്മയും അവിടെയുള്ള മൂത്ത മകളുടെ ഭവനത്തിലേക്കു ക്ഷണിച്ച് സൽക്കരിച്ച സന്ദർഭവും സമ്മാനം തന്ന് മടക്കിയയച്ചതും കൃത ജ്ഞതയോടെയാണ് അനുസ്മരിക്കുന്നത്. ന്യൂസിലന്റിലുള്ള മകന്റെ അടുക്കലേക്കു പോകുവാനുള്ള ഒരുക്കത്തോടു കൂടി ഇളയ മകളുടെ കുടുംബത്തോടൊപ്പം ഓസ്ട്രേലിയയിൽ താമസിക്കുമ്പോൾ ആയിരുന്നുവല്ലോ ബഹു. അച്ചന്റെ അന്ത്യം സംഭവിച്ചത്.

ആ ധന്യ സ്മരണയ്ക്കു മുമ്പിൽ പ്രാർത്ഥനകൾ അർപ്പിച്ചുകൊണ്ടും മദ്ധ്യസ്ഥത അപേക്ഷിച്ചുകൊണ്ടും നിർത്തുന്നു.

പുഞ്ചിരിയിൽ മാന്ത്രികസ്പർശം നിറച്ച തേക്കിലച്ചൻ

ഫാ. ഡോ. തോമസ് വർഗ്ഗീസ് അമയിൽ
(വൈദിക ട്രസ്റ്റി, മലങ്കര ഓർത്തഡോക്സ് സഭ)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ശുശ്രൂഷാ സരണികളിൽ വ്യക്തമായ കൈയൊപ്പുകൾ ചാർത്തിയിട്ടുള്ള പുരോഹിതശ്രേഷ്ഠനാണ് വെരി. റവ. തോമസ് തേക്കിൽ കോർഎപ്പിസ്ക്കോപ്പാ. പരിശുദ്ധ സഭയുടെ തിരുവനന്തപുരം, ചെങ്ങന്നൂർ ഭദ്രാസനങ്ങളിൽ ശ്രദ്ധേയ സാന്നിദ്ധ്യമായിരുന്നു സ്മര്യപുരുഷൻ. സ്വതസിദ്ധമായ ഇടപെടലുകൾ കൊണ്ടും, മാന്ത്രികസ്പർശമുള്ള പുഞ്ചിരികൊണ്ടും എല്ലാവരെയും ആകർഷിച്ചിരുന്ന പ്രിയപ്പെട്ട തേക്കിലച്ചൻ എനിക്ക് ജ്യേഷ്ഠസഹോദര സാന്നിദ്ധ്യമായിരുന്നു. ജീവിതത്തിലെ നിർണ്ണായകമായ പല ഘട്ടങ്ങളിലും നിർലോഭമായ പിന്തുണ നൽകിയത് കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. പുരോഹിതൻ എന്ന നിലയിൽ താൻ ജീവിച്ച സാമൂഹിക-സാംസ്കാരിക പരിസരങ്ങളിൽ അംഗീകാരം നേടിയെടുക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ജനങ്ങളുടെ മനസ്സിൽ ആത്മീയതയുടെ ദീപ്തസ്മരണ ഉണർത്തുവാൻ അച്ചന്റെ ശുശ്രൂഷയ്ക്ക് കഴിഞ്ഞതോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

വാക്കുകൾക്ക് ആജ്ഞാശക്തിയുണ്ട്. എന്നാൽ അത് ദൈവത്തെ വരുതിയിലാക്കാനുള്ള ആയുധമല്ല. വാക്കുകളുടെ കടുപ്പം മൂലവും ശബ്ദത്തിന്റെ ആധിക്യം മൂലവും, അനുഗ്രഹിക്കപ്പെടുമെന്ന് ചിന്തിക്കുന്നത് പാപവും മായയുമാണ്. വ്യവസ്ഥ കൂടാതെ നമ്മെ സ്നേഹിക്കുന്ന ദൈവത്തിന് വാക്കുകൾ കൊണ്ട് വ്യവസ്ഥ വയ്ക്കുന്നതാണ് നാം ചെയ്യുന്ന കടുത്ത അപരാധം. വാക്കുകളിൽ സ്വാർത്ഥത ഒളിപ്പിച്ചു വച്ച് അതിനെ ആരാധന എന്നു വിളിച്ചാൽ ദൈവകോപമാണ് ഫലം. "ദൈവം നിന്റെ വാക്കു നിമിത്തം കോപിച്ച് നിന്റെ കൈകളുടെ പ്രവർത്തിയെ നശിപ്പിക്കുന്നതും എന്തുകൊണ്ട്" (സഭാ പ്രസംഗി 5:6). വാക്കുകളിലെ വാചാലത നമുക്ക് മിടുക്കിന്റെ ലക്ഷണമാണ്. ഹൃദയ വാചാലത മാത്രമേ മായാലോകത്തെ പ്രതിരോധിക്കൂ. ഹൃദയത്തെ അസ്വസ്ഥതകളുടെ ഗോഡൗണുകളാക്കി മാറ്റിയിട്ട് വാക്കുകൾ കൊണ്ട്

ഇന്ദ്രജാലം സൃഷ്ടിച്ചിട്ട് എന്ത് കാര്യം? ഓരോ വാക്കിലും ഒരാളിലെ വ്യക്തിത്വം ഒളിഞ്ഞു കിടപ്പുണ്ട്. ശിഥിലമാക്കപ്പെട്ട വ്യക്തിത്വങ്ങൾക്ക് ആകർഷണീയ കവറുകൾ സൃഷ്ടിക്കുവാനാണ് വാക്കുകൾ ഇപ്പോൾ കടമെടുത്തിരിക്കുന്നത്. ഹൃദയം നിറഞ്ഞു കവിയുന്നതു മാത്രമേ ആ ധാരണയ്ക്കു പ്രസ്താവിക്കാൻ കഴിയൂ എന്നാണ് തിരുവചനം. നുരഞ്ഞു പൊന്തുന്ന ഹൃദയ അസ്വസ്ഥതകൾക്ക് വാക്കുകൾ കൊണ്ട് മറയിട്ടാൽ അത് മായയാണെന്നാണ് സഭാപ്രസംഗിയുടെ ബോധ്യം. ലോകത്തെ ആത്മീയൻ എന്ന് നാം ബോധ്യപ്പെടുത്തിയിട്ട് ദൈവത്തിന് അത് ബോധ്യമല്ലാതെ പോകുന്നതല്ലേ മായ. മായയുടെ പരികർമ്മിയല്ല സത്യത്തിന്റെ പരികർമ്മിയാണ് ആരാധന എന്ന ബോധ്യത്തോടെയാണ് വെരി. റവ. തോമസ് തേക്കിൽ കോർ എപ്പിസ്ക്കോപ്പാ തന്റെ ആത്മീയ ശൈലികൾ നിർവ്വഹിച്ചിട്ടുള്ളത്.

സ്വപ്നങ്ങളിൽ നാളെകളെക്കുറിച്ചുള്ള പ്രതീക്ഷയുണ്ട്. സ്വപ്നങ്ങൾക്ക് അഗ്നിചിറക് വിരിയിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. ഉത്തരവാദിത്വങ്ങളെ ഏറ്റെടുക്കാൻ ത്രാണി ഇല്ലാത്ത സ്വപ്നങ്ങളെ ദിവാസ്വപ്നങ്ങൾ, പാഴ്ക്കിനാക്കൾ, രാക്കിനാക്കൾ എന്നൊക്കെയാണ് വിളിക്കപ്പെടുക. സ്വപ്നങ്ങളെ പദ്ധതികളാക്കി മാറ്റുന്നതിൽ വിജയിച്ചിട്ടുള്ള കർമ്മയോഗികൾ നിരവധിയാണ്. യൗസേഫ് ഫറവോന്റെ സ്വപ്നങ്ങൾ കണ്ടെത്തിയത് വരുംകാല യാഥാർത്ഥ്യങ്ങളെയാണ്. അർത്ഥവും ആയുധവും ഇല്ലാത്ത സ്വപ്നങ്ങൾ കണ്ടു തുടങ്ങുന്നിടത്താണ് മായയുടെ സ്വാധീനമുള്ളത്. നമ്മുടെ തലമുറയുടെ സ്വപ്നത്തിൽ ലഹരി വിതയ്ക്കുന്ന സൂപ്പർമാൻ കിനാവുകൾ ജീവിത യാഥാർത്ഥ്യങ്ങളിൽ നിന്ന് ഏറെ അകലെയാണ്. ആത്മീയത സ്വപ്നമല്ല. അത് കർമ്മസരണികളുടെ സാധ്യതയാണ്. കുരിശോളമെത്തുന്ന നിയോഗങ്ങളുടെ യോഗം. ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒളിച്ചോടുന്നവരുടെ അവസാന അഭയസ്ഥാനമല്ല ആത്മീയത. കുരിശിന്റെ പാതയിലെ നിലയ്ക്കാത്ത അനുഗമനമാണ് ആത്മീയത എന്ന തിരിച്ചറിവു നൽകിയ വെരി. റവ. തോമസ് തേക്കിൽ കോർഎപ്പിസ്ക്കോപ്പായുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.

ആത്മബന്ധത്തിന്റെ നല്ല ഇടയൻ

സഖറിയ പനയ്ക്കാമറ്റം കോർഎപ്പിസ്കോപ്പാ

കല്ലുങ്കൽ എന്ന സുന്ദരമായ ഗ്രാമപ്രദേശത്ത് ജാതിമതഭേദമെന്യേ വളരെ ആദരവോടെ ഏവരും വീക്ഷിക്കുവാൻ തക്കവണ്ണം ഓർത്തഡോക്സ് സഭാംഗങ്ങളുടെ ആത്മീയ നഭോമണ്ഡലത്തിൽ ഉയർന്നു നിന്ന ഒരു വെള്ളി നക്ഷത്രം ആയിരുന്നു വന്ദ്യനായ 'തേക്കിലച്ചൻ.' അസാധാരണമായ ബുദ്ധി വൈഭവമോ, പാണ്ഡിത്യമോ ആയിരുന്നില്ല അതിന് കാരണം. അച്ചന്റെ വിജയരഹസ്യം പ്രധാനമായി രണ്ടു മൂന്നു കാര്യങ്ങളെ ആശ്രയിച്ചിരുന്നു. തികഞ്ഞ ആത്മാർത്ഥതയോടു കൂടിയതും വിശാലവുമായ മൈത്രീബന്ധങ്ങൾ, ഒപ്പം ഉള്ളിൽ എന്ത് ചിന്തിക്കുന്നുവോ അത് തുറന്ന് പ്രസ്താവിക്കുന്ന പ്രകൃതം. ലാളിത്യം നിറഞ്ഞ സംഭാഷണം.

എല്ലാ നിലയിലും രംഗത്തുമുള്ള അനേകം വ്യക്തികളോടും കുടുംബങ്ങളോടും സ്നേഹബന്ധം സ്ഥാപിക്കുവാനും, പുലർത്തുവാനും അച്ചനു കഴിഞ്ഞിരുന്നു. അത് ചുരുക്കം ചിലർക്ക് മാത്രമല്ല, എല്ലാവർക്കും അനുഭവപ്പെട്ടിരുന്നു എന്നുള്ളതാണ് അദ്ഭുതം. അച്ചന്റെ കുടുംബവും, എന്റെ സഹോദരൻ ബഹുമാനപ്പെട്ട ജോർജ്ജ് പനയ്ക്കാമറ്റം അച്ചന്റെ സഹധർമ്മിണിയായ രമണിയുടെ മാലിയിൽ കുടുംബവും ഒന്നുതന്നെ ആയിരുന്നതിനാൽ എന്നോടുള്ള സ്നേഹാദരവുകൾ എപ്പോഴും അത് പ്രകടമാക്കിയിരുന്നു. തന്നെയുമല്ല എന്റെ കുടുംബത്തിലെ പ്രിയപ്പെട്ട മക്കളോടും, കൊച്ചുമക്കളോടും പേര് ചൊല്ലി വിളിച്ച് തലോടി സംസാരിക്കുന്ന രീതി വിസ്മൃതിയിൽ മാഞ്ഞു പോകയില്ല. കല്ലുങ്കൽ സെന്റ് ഇഗ്നാത്തിയോസ് പള്ളിയുടെ ശുശ്രൂഷയിൽ ഞാൻ ആയിരുന്ന നാളുകളിൽ പള്ളിയോടനുബന്ധപ്പെട്ട കാര്യങ്ങൾ ഓരോന്നും സഹോദരതുല്യം പങ്കിട്ട് പറഞ്ഞു പിരിയുമായിരുന്നു. അത് നല്ല ഒരു കൈത്താങ്ങൽ ആയിരുന്നുവെന്ന് എടുത്തു പറയട്ടെ.

ആരാധന

ആരുടെയും ആരാധനാശബ്ദം അനുകരിക്കുവാൻ കഴിവുള്ള പല ചെറുപ്പക്കാരും നമ്മുടെ സഭയിലുണ്ട്. എന്നാൽ 'തേക്കിൽ അച്ചന്റെ' ആരാധന ശബ്ദം അനുകരിക്കുവാൻ ആർക്കും സാദ്ധ്യമല്ല എന്ന് എനിക്ക് തോന്നുന്നു.

ഹിന്ദുസ്ഥാനി കീർത്തനങ്ങളുടെയും, സംസ്കൃത ശ്ലോകങ്ങളുടെയും ഒരു താളലയം അച്ചൻ സ്വതസിദ്ധമായി കരസ്ഥമാക്കിയിരുന്നു. അത് ഇമിറ്റേറ്റ് ചെയ്യുവാൻ ആരെങ്കിലും ശ്രമിച്ചാൽ അവർ സ്വയം അവതാളത്തിലാകുകയേയുള്ളു. നമ്മുടെ പ്രധാന ദേവാലയങ്ങളിലെ പെരുന്നാളുകൾക്കും പൊതുസമ്മേളനങ്ങൾക്കും അച്ചൻ സംബന്ധിക്കുമ്പോൾ അച്ചൻ സന്നിഹിതനായിരുന്നെങ്കിൽ ഏറ്റവും മുൻ പന്തിയിൽ തന്നെയായിരിക്കും നിലകൊള്ളുന്നത്. പൊതുസമ്മേളനങ്ങളിൽ വിശിഷ്ടാതിഥികളോട് ചേർന്ന് ഒട്ടും ചുളുവില്ലാത്ത വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് വേദിയ്ക്ക് അലങ്കാരമായി അച്ചന്റെ ഇരിപ്പിടത്തിൽ അച്ചനെ നമുക്ക് കാണുവാൻ കഴിയുമായിരുന്നു.

ഉൾക്കാഴ്ചയും ദീർഘദൃഷ്ടിയും

ഭദ്രാസനതലത്തിലുള്ള മീറ്റിംഗുകൾ, ആദ്ധ്യാത്മിക സംഘടനകളുടെ യോഗങ്ങൾ, ആദിയായവ നടക്കുമ്പോൾ എന്തിനും ഏതിനും കയറി അഭിപ്രായം പറയുന്ന രീതി അച്ചനില്ലായിരുന്നു. എല്ലാം ശ്രദ്ധയോടെയിരുന്ന് കേട്ടതിന് ശേഷം ഒടുവിൽ ചുരുക്കം വാക്കുകളിൽ അച്ചന്റേതായ അഭിപ്രായം തുറന്നു പറയുമായിരുന്നു. അച്ചൻ പറയുന്ന കാര്യങ്ങളിൽ നിന്നും വ്യത്യസ്തമായി പിന്നീട് മാറി പറയുകയുമില്ലായിരുന്നു. ഒരാളുടെ വില സമൂഹം അംഗീകരിക്കുന്നത് അയാളുടെ പെരുമാറ്റവിശേഷണത്തെ അനുസരിച്ചായിരിക്കും. പ്രതിയോഗികളും, വ്യത്യസ്താഭിപ്രായക്കാരുമുണ്ടായിരുന്നെങ്കിലും ആരെക്കുറിച്ചും അപഹാസ്യമായി സംസാരിക്കുന്നത് കേട്ടിട്ടില്ല. അങ്ങനെ ചെയ്യാതെയിരുന്നത് ആരെയും ഭയപ്പെട്ടിട്ടല്ല. അങ്ങനെയൊരു താഴ്ന്ന നിലവാരത്തിലേക്ക് നിപതിക്കുന്നത് അച്ചനെപ്പോലെയുള്ളവർക്ക് എളുപ്പമല്ലാത്തതുകൊണ്ടാണ്.

അനുകരണാർഹമായ പെരുമാറ്റം

സ്വന്തം സഹോദരന്മാരെക്കുറിച്ചും, അവരുടെ കുടുംബാംഗങ്ങളെക്കുറിച്ചും എത്രയും ബഹുമാനത്തോടെയാണ് എപ്പോഴും സംസാരിച്ചിട്ടുള്ളത്. എന്തെങ്കിലും രീതിയിലുള്ള കുറവുണ്ടെങ്കിൽ ആ ആളിനോട് രഹസ്യമായി പറയുമായിരുന്നുവെന്ന് എനിക്ക് അറിവുള്ള കാര്യമാണ്. അന്യരുടെ കുറവാണെങ്കിൽ കുറ്റം പറയുകയോ പരിഹസിക്കുകയോ ചെയ്യാതെ അവരോടു നർമ്മരസത്തിലോ നേരിട്ട് കുറിയ്ക്കുകൊള്ളുന്ന വാക്കുകളിലോ അറിയിക്കുമ്പോൾ കേൾവിക്കാരായിട്ടുള്ളവർ ഉൾപ്പെടെ ആ നർമ്മരസം ആസ്വദിക്കുമായിരുന്നു.

അഭിപ്രായ ധീരത

അഭിപ്രായ ഭിന്നതകളും സങ്കൽപങ്ങളും വ്യത്യസ്തപ്പെട്ട് സമൂഹത്തിൽ കണ്ടെന്നു വരാം. ഒരു അഭിപ്രായം ശരിയാണെന്നുള്ള കാലത്തോളം അതിനെ

മുറുകെ പിടിക്കേണ്ടത് പൗരുഷ ലക്ഷണമാണ്. ആത്മധൈര്യത്തോടൊപ്പം അഭിപ്രായ ധീരത അച്ചന്റെ കൈമുതലായിരുന്നു. സഭയുടെ വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും അഭംഗുരം കാത്തുസൂക്ഷിക്കുന്നതിൽ വളരെ ശ്രദ്ധാലുവായിരുന്നുവെന്നത് പ്രത്യേകം എടുത്തുപറയേണ്ടതായ വസ്തുത തന്നെ. അച്ചൻ ശുശ്രൂഷിച്ച ഇടവകകളിലെല്ലാം യുവതലമുറയോട് പ്രത്യേക കരുതലും, ഇടവകകളിൽ നിന്നും സ്ഥലംമാറി പോയാലും അവരുമായുള്ള സ്നേഹബന്ധം സൂക്ഷിക്കുന്നതിൽ ഉത്സാഹിയുമായിരുന്നു.

ലക്ഷ്യബോധമുള്ള വൈദിക ശ്രേഷ്ഠൻ

താൻ ആരാണെന്നും, തന്നെ ശുശ്രൂഷയ്ക്കായി വിളിച്ച് വേർതിരിച്ചത് ആരാണെന്നുമുള്ള അവബോധം എപ്പോഴും അച്ചനിൽ നിക്ഷിപ്തമായിരുന്നു. ജീവിതത്തിൽ ലക്ഷ്യബോധത്തോടെയുള്ള ശുശ്രൂഷ കഴിയുന്നതും ഭംഗിയായിത്തന്നെ നിർവ്വഹിച്ചു. ചുണ്ടിൽ എപ്പോഴും ദൈവസ്നേഹത്തിന്റെ മന്ദസ്മിതം കാത്തുസൂക്ഷിച്ച വൈദികശ്രേഷ്ഠൻ. ഊഷ്മളമായ സ്നേഹബന്ധത്തിലൂടെയും, കുശലാന്വേഷണത്തിലൂടെയും ഏവരേയും തന്നിലേക്ക് ആകർഷിക്കുന്ന മാസ്മരികമായ വ്യക്തിപ്രഭാവത്തിന്റെ ഉടമയും ആയി ആജീവനാന്തം ജീവിച്ച് വളരെ സമാധാനത്തോടെ നമ്മിൽ നിന്നും യാത്ര ചോദിച്ച് കടന്നുപോയി. വന്ദ്യനായ അച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലത്ത് നിൽക്കുമ്പോഴും, നമ്മെ അച്ചന്റെ സാന്നിദ്ധ്യം വളരെ സജീവമാക്കുന്നു.

അചഞ്ചലമായ ദൈവവിശ്വാസം, സ്വയം പരിശീലിച്ചിട്ടുള്ള ശിക്ഷണം, ചിട്ടയായ ജീവിതക്രമം, എല്ലാം പൂർണ്ണമായിരിക്കണമെന്നുള്ള അഭിവാഞ്ഛ, വസ്ത്രധാരണത്തിലെ വൃത്തിയും, അടുക്കും ചിട്ടയും ഇവയെല്ലാം നാം ഓർക്കുമ്പോൾ നാം നമ്മെത്തന്നെ സ്വയം വിനയപ്പെടുത്തേണ്ടിയിരിക്കുന്നു. ദൈവയിഷ്ടത്തിനു പൂർണ്ണമായി തന്നെത്തന്നെ പ്രതിഷ്ഠിച്ചു. മഹത്വത്തോടുകൂടി കടന്നുപോകുകയും ചെയ്തു. ആ ദിവ്യപ്രഭ കെട്ടടങ്ങുകയില്ല. നിർമ്മലരായ പ്രധാനാചാര്യന്മാരുടെ നിരയിൽ ദൈവം ഈ വന്ദ്യ പിതാവിനെ ചേർത്ത് ആശ്വസിപ്പിക്കാൻ നമുക്കു പ്രാർത്ഥിക്കാം.

അന്യംനിന്നുപോകുന്ന വൈദിക മാത്യക

ഡോ. ജോസഫ് സാമുവൽ കറുകയിൽ കോർഎപ്പിസ്ക്കോപ്പാ, തിരുവനന്തപുരം

"എന്നാൽ ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭ പോലെയും പല രെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപോലെയും എന്നും എന്നേക്കും പ്രകാശിക്കും" (ദാനിയേൽ 12:3).

1950-ൽ ജീവിതം ആരംഭിച്ച് 2023 നവംബർ 1-ന് ദിവംഗതനായ തിരു വല്ല നെടുമ്പ്രം പഞ്ചായത്തിലെ കല്ലിങ്കൽ എന്ന ഗ്രാമത്തിൽ ജീവിച്ച് കേര ളത്തിലെ വിവിധ സ്ഥലങ്ങളിൽ ആചാര്യത്വ ശുശ്രൂഷ നിർവ്വഹിച്ച വന്ദ്യ നായ തോമസ് തേക്കിൽ കോർഎപ്പിസ്ക്കോപ്പായുടെ ജീവിതം ഏതൊരു വൈദികനെയുംപോലെ ബഹുലതകൾ നിറഞ്ഞതായിരുന്നു. മലങ്കര ഓർത്ത ഡോക്സ് സഭയുടെ തിരുവനന്തപുരം ഭദ്രാസനത്തിൽ ആരംഭിച്ച ആ വന്ദ്യ വൈദികശ്രേഷ്ഠന്റെ ശുശ്രൂഷയെ അനുസ്മരിക്കുവാനാണ് ഈ കുറിപ്പ്.

1979 ജനുവരി ഒന്നിനാണ് ഓർത്തഡോക്സ് സഭയ്ക്ക് തിരുവനന്തപുരം ഭദ്രാസനം എന്ന പുതിയ ഭദ്രാസനം രൂപീകൃതമായത്. അതുവരെ കൊല്ലം ഭദ്രാസനത്തിന്റെ ഭാഗമായിരുന്ന ഈ ഭാഗം കൊട്ടാരക്കര ചെങ്കോട്ട റോഡിനു തെക്കുവശത്തുള്ള 98 പള്ളികളുടെ ഒരു ലിസ്റ്റുമായിട്ടാണ് ഭദ്രാസനം ഉണ്ടാ കുന്നത്. അതിൽത്തന്നെ 4 തവണകളും വി. കുർബ്ബാന അർപ്പിക്കപ്പെട്ടി രുന്ന പള്ളികൾ പത്തിൽ താഴെയായിരുന്നു.

ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ

അഭിവന്ദ്യ ഗീവറുഗീസ് മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്തായെ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി പ. ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ നിയമിച്ചു. സ്വന്തമായി ഒരു ആസ്ഥാനമോ അരമനയോ ഉണ്ടായിരുന്നില്ല. അക്കാലത്ത് ഭദ്രാസന മെത്രാപ്പോലീത്താ താമസത്തിനും, ഓഫീസ് ആവശ്യങ്ങൾക്കും ഉപയോ ഗിച്ചത് തിരുവനന്തപുരം സെന്റ് ജോർജ് കത്തീഡ്രലിന്റെ മുറ്റത്തുള്ള ചെറിയ

കെട്ടിടത്തിലെ മുറിയാണ്. പിന്നീട് കുമാരപുരത്ത് ടാഗോർ ഗാർഡനിൽ ഹൗസ് നമ്പർ 24 വാടകയ്ക്കെടുത്ത് താമസമാക്കി. പിന്നീടാണ് ഇപ്പോൾ കാണുന്ന ഉള്ളൂർ അരമനയുടെ ക്രമീകരണങ്ങൾ ആയത്. തേക്കിൽ അച്ച നുമായുള്ള ഭദ്രാസനബന്ധം ഏതാനും വാക്കുകളിൽ കുറിക്കട്ടെ.

തോമസ് തേക്കിൽ ശെമ്മാശ്ശൻ

തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോലീത്താ ദിയസ്ക്കോറോസ് തിരു മേനി ചുമതലയേൽക്കുമ്പോൾ ഭദ്രാസനത്തിന്റേതായ വൈദികരോ, ശെമ്മാ ശ്ശന്മാരോ ഉണ്ടായിരുന്നില്ല. കൊല്ലം ഭദ്രാസനം വിഭജിച്ചു വന്നതിനാൽ അക്കാ ലത്ത് കൊല്ലം ഭദ്രാസനത്തിനുവേണ്ടി വൈദികരായവർ ഇവിടെ ശുശ്രൂഷ ചെയ്തു വന്നു. എന്നാൽ നിരണം ഭദ്രാസനത്തിനുവേണ്ടി സെമിനാരി പഠനം നടത്തി പുറത്തിറങ്ങിയ തോമസ് ശെമ്മാശ്ശനെ തിരുമേനി അന്നത്തെ ഒസ്താത്തിയോസ് തിരുമേനിയുടെ അനുവാദത്തോടെ സെക്രട്ടറിയായി സ്വീകരിച്ചു. അക്കാലത്ത് വെളുത്ത സുന്ദരനായ ഒരു ശെമ്മാശ്ശനായി തിരു മേനിയോടൊപ്പം ഇല്ലായ്മകളുടെ നടുവിൽ ജീവിച്ചു. തിരുവനന്തപുരം ഭദ്രാ സനത്തിനുവേണ്ടി വൈദിക സെമിനാരിയിലേക്ക് തിരുമേനി അയച്ച ആദ്യ വിദ്യാർത്ഥിയായിരുന്നു ഞാൻ. എന്നോടൊപ്പം മറ്റു നാലു പേരും ഉണ്ടായി രുന്നു. അവർ പിന്നീട് പല ഭദ്രാസനങ്ങളിലെ ശുശ്രൂഷയിലായി. അതിനാൽ ഭദ്രാസനത്തിലെ ആദ്യ വൈദിക വിദ്യാർത്ഥി എന്ന നിലയിൽ തേക്കിൽ ശെമ്മാശ്ശനെ നന്നായി അറിയുവാൻ അവസരം ഉണ്ടായി. അഭിവന്ദ്യ തിരു മേനിയുടെ മാതാവ് എടത്വാ കറുകയിൽ കുടുംബാംഗമായിരുന്നു. അങ്ങനെ എന്റെ പിതാവും തിരുമേനിയും ബന്ധുക്കളായിരുന്നു. തിരുമേനിയുടെ പിതാവ് വട്ടശ്ശേരിൽ തിരുമേനിയുടെ അനന്തിരവനായ തേവർവേലിൽ ഗീവർ ഗീസ് ഈശോ അപ്പച്ചനായിരുന്നല്ലോ. എന്റെ അമ്മ മല്ലപ്പള്ളിൽ വട്ടശേ രിൽ പൊയ്ക്കുടിയിൽ കുടുംബാംഗമാണ്. അങ്ങനെ എനിക്ക് അപ്പൻ വഴിയും അമ്മ വഴിയും തിരുമേനി ബന്ധുവായിരുന്നു. അങ്ങനെയാണ് ഞാൻ തിരു വനന്തപുരം ഭദ്രാസനത്തിനുവേണ്ടി വൈദികനാകുന്നത്. തേക്കിൽ ശെമ്മാ ശ്ശനും, കറുകയിൽ കുടുംബശാഖയുമായി ബന്ധമുണ്ടായിരുന്നു. അതിനാൽ ഞങ്ങൾ തമ്മിലും തിരുമേനിയുമായും ആഴത്തിലുള്ള ബന്ധം ഉണ്ടായിരുന്നു.

ഭദ്രാസന സെക്രട്ടറിയും ഭദ്രാസനത്തിലെ ശുശ്രൂഷയും

ഭദ്രാസനം രൂപീകൃതമായശേഷം ശെമ്മാശ്ശൻ തിരുവനന്തപുരം ഭദ്രാസ നത്തിൽത്തന്നെയുള്ള ചാത്തന്നൂർ വലിയവീട്ടിൽ കോശി മുതലാളിയുടെ മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. അങ്ങനെ കുടുംബജീവിതവും ആരം ഭിച്ചു. ഭദ്രാസനത്തിന്റെ പ്രഥമ സെക്രട്ടറിയായി ശുശ്രൂഷ ചെയ്തു. തിരുവ നന്തപുരം ഭദ്രാസനത്തിലെ ചാത്തന്നൂർ വലിയപള്ളി, കുണ്ടറ വലിയപള്ളി, നെടുമ്പായിക്കുളം പള്ളി, ശ്രീകാര്യം ബസേലിയോസ്, ഗ്രീഗോറിയോസ്

പള്ളി എന്നിവിടങ്ങളിൽ വികാരിയായി ശുശ്രൂഷ ചെയ്തു. തുടർന്ന് അച്ചൻ ചെങ്ങന്നൂർ ഭദ്രാസനത്തിലെ പള്ളികളിൽ ശുശ്രൂഷ ചെയ്തു. 2018-ൽ കോർ എപ്പിസ്ക്കോപ്പാ ആയി. 2023 നവംബർ 1-ന് തന്റെ ഈ ലോകത്തിലെ ശുശ്രൂഷകൾ പൂർത്തിയാക്കി യാത്രയായി.

ഇത്തരുണത്തിൽ വൈദിക ശുശ്രൂഷയെ ഗൗരവമായി കാണേണ്ട ഇക്കാലത്ത് അന്യംനിന്നുപോകുന്ന വൈദിക മാതൃകകൾ ശ്രദ്ധയിൽപ്പെടുത്തട്ടെ.

1. വൈദിക ശുശ്രൂഷ ഒരു തൊഴിലല്ല

വൈദിക ശുശ്രൂഷ ഒരു തൊഴിലല്ല, ശുശ്രൂഷയാണ് എന്നു കണ്ട ആളാണ് പ്രിയപ്പെട്ട അച്ചൻ. വൈദിക സ്ഥാനികളായ ഏവരും ഓർത്തിരിക്കേണ്ട പ്രമാണമാണിത്. ഇന്ന് അതിന് മാറ്റം വന്നിട്ടുണ്ടോ എന്നു പരിശോധിക്കേണ്ടതാണ്.

2. നാട്യങ്ങളില്ലാത്ത ആരാധന

ആരാധന ദൈവപ്രസാദയാഗങ്ങളാണ്. ഓരോരുത്തർക്കും ദൈവം നൽകിയിട്ടുള്ള ശബ്ദവും സംഗീതവും ഒക്കെയുണ്ട്. ആരാധനയിൽ അവ അനുഗൃഹീതമായി ഉപയോഗിക്കാം. എന്നാൽ ആരാധനകൾ ഷോ അല്ല. നാട്യങ്ങൾ ഇല്ലാത്തതാകണം. തേക്കിൽ അച്ചന്റെ ശബ്ദം അല്പം അടഞ്ഞതരത്തിലുള്ള ശബ്ദമായിരുന്നു. പക്ഷേ, അവ തിരുനാമ മഹത്വത്തിനായി ഉപയോഗിച്ചു.

3. ദാരിദ്ര്യത്തിനു നടുവിൽ ഇടവകശുശ്രൂഷ

ഇന്നത്തെ അവസ്ഥയായിരുന്നില്ല ഞങ്ങൾ ഒക്കെ ഇടവകശുശ്രൂഷ തുടങ്ങിയ കാലം. ദാരിദ്ര്യം, പള്ളികളിൽ പരിമിതികൾ, യാത്രാസൗകര്യം ഇല്ലായ്മ, സാമ്പത്തിക പ്രതിസന്ധി ഇതെല്ലാം ശുശ്രൂഷയുടെ ഭാഗമായി കണ്ട് പ്രവർത്തിച്ചു. ഇന്ന് എല്ലാത്തിനും പരാതികളും പരിഭവങ്ങളും സൗകര്യക്കുറവുകളെക്കുറിച്ചുള്ള ആക്ഷേപങ്ങളും കാണാം.

4. ദാരിദ്ര്യത്തിനിടയിലും കുലീനത കൈവിട്ടില്ല

കുലീനത കൈവിടാത്ത, തീരെ തരംതാണ പ്രവർത്തനങ്ങളും, പ്രവണതയും ഒഴിവാക്കിയ ശുശ്രൂഷയായിരുന്നു അച്ചന്റേത്.

5. സ്വന്ത കുടുംബത്തേയും ഏല്പിച്ച ഇടവകയേയും നന്നായി കാത്ത ഇടയൻ

ഇടവകയുടെ, ഇടവകക്കാരുടെ ആവശ്യങ്ങൾ അറിഞ്ഞ് ഇടവകയെ കാത്ത നല്ല ഇടയനായിരുന്നു തേക്കിൽ അച്ചൻ. പലരും ഇടവകയെ നോക്കും, നാട്ടുകാരെ നോക്കും. പക്ഷേ, സ്വന്ത കുടുംബത്തെ അന്വേഷിക്കാത്ത അവസ്ഥയാണ്. എന്നാൽ സ്വന്ത കുടുംബത്തെയും തന്നാലാവതു

പരിപാലിച്ചു. കുടുംബത്തെക്കുറിച്ചു ആകുലതകൾ ഇല്ലാതെ കടന്നു പോകാൻ കഴിഞ്ഞത് ഭാഗ്യം.

6. വൈദികൻ പള്ളിക്കാരുടെ മാത്രം സ്വന്തമല്ല

ഒരു കാലത്ത് ഒരു ദേശത്തിന്റെ എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യാൻ ജനം സമീപിച്ചിരുന്നത് വൈദികരെയാണ്. അവർ മികച്ച സാമൂഹ്യ പ്രവർത്തകർ ആയിരുന്നു. സാമൂഹ്യ പരിഷ്കർത്താക്കൾ ആയിരുന്നു. ബഹു. തേക്കിൽ അച്ചൻ പള്ളിയിൽ മാത്രം ഒതുങ്ങിനിന്ന പ്രവർത്തകൻ ആയിരുന്നില്ല.

7. ദൈവസ്നേഹം മനുഷ്യസ്നേഹവുമായി സമന്വയിപ്പിക്കുക

ദൈവത്തോടുള്ള സ്നേഹം മനുഷ്യബന്ധങ്ങളിലും കാത്തുസൂക്ഷിക്കുവാൻ ഒരു വൈദികന് കടപ്പാടുണ്ട്. ബഹു. അച്ചൻ മനുഷ്യബന്ധങ്ങളെയും വലുതായി കരുതിയ ആൾ ആയിരുന്നു.

പരിമിതികൾ ധാരാളം ഉണ്ടായിരിക്കാം. കുറവുകൾ പറയുന്നവർക്ക് പലതും പറയാനുണ്ടാവാം. എന്നാൽ ഹൃദയങ്ങൾ അറിയുന്ന ദൈവം പ്രതിഫലം നൽകട്ടെ എന്ന് ആശംസിക്കുന്നു.

എപ്പോഴും പുഞ്ചിരിക്കുന്ന വൈദികശ്രേഷ്ഠൻ

സാം കാഞ്ഞിക്കൽ കോർഎപ്പിസ്ക്കോപ്പാ

(വികാരി, സെന്റ് ജോർജ് പള്ളി, ചാത്തന്നൂർ)

വെരി. റവ. തോമസ് തേക്കിൽ കോർഎപ്പിസ്ക്കോപ്പാ നമ്മെ വിട്ടുപിരിഞ്ഞ് ദൈവസന്നിധിയിൽ ചേർക്കപ്പെട്ടിട്ട് ഒരു വർഷം തികയുന്നു. അദ്ദേഹത്തിന്റെ ആത്മാവിനെ ദൈവം ഇമ്പങ്ങളുടെ പറുദീസായിൽ ആശ്വസിപ്പിക്കട്ടെ. ഭൂമിയിലെ ബലിപീഠത്തിൽ നിന്നും സ്വർഗ്ഗീയ ബലിപീഠത്തിൽ ആരാധിപ്പാൻ ദൈവം ഭാഗ്യം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കൊച്ചമ്മയെയും മക്കളെയും മറ്റ് കുടുംബാംഗങ്ങളെയും ദൈവം സകല ബുദ്ധിയെയും കവിയുന്ന സ്വർഗ്ഗീയ സമാധാനത്താൽ ആശ്വസിപ്പിക്കട്ടെ. ഈ സന്ദർഭത്തിൽ അദ്ദേഹത്തെ അനുസ്മരിക്കാൻ ശ്രമിക്കുകയാണ് ഈ ലേഖകൻ.

1987 മുതൽ വെരി. റവ. തോമസ് തേക്കിൽ കോർഎപ്പിസ്ക്കോപ്പായെ എനിക്കറിയാം. ഞാൻ സെമിനാരി പഠനം കഴിഞ്ഞ് അഭിവന്ദ്യ ഗീവർഗീസ് മാർ ദീയസ്ക്കോറോസ് തിരുമേനിയുടെ സെക്രട്ടറിയായി കുമാരപുരം ടാഗോർ ഗാർഡൻസ് ഹൗസ് നമ്പർ 24-ൽ തിരുമേനിയോടൊപ്പം താമസിക്കുന്ന വേളയിൽ, അന്ന് തോമസ് തേക്കിൽ അച്ചൻ ഭദ്രാസന സെക്രട്ടറിയായി (തിരുവനന്തപുരം) അവിടെ സ്ഥിരമായി വരുമായിരുന്നു. ഞാനും കെ. റ്റി. മാത്യൂസ് അച്ചനും (വന്ദ്യ മാത്യൂസ് റമ്പാച്ചൻ, റാന്നി ഹോളി ട്രിനിറ്റി ആശ്രമം) അന്ന് ഒരു മുറിയിലാണ് കഴിഞ്ഞിരുന്നത്. ആഴ്ചയിൽ രണ്ടും മൂന്നും ദിവസം ബഹു. തോമസ് തേക്കിൽ അച്ചൻ അവിടെ താമസിക്കുമായിരുന്നു. തിരുമേനിയോടൊപ്പം പ്രാർത്ഥനകളിൽ പങ്കുകൊള്ളുകയും ഭദ്രാസനകാര്യങ്ങൾ ചർച്ചചെയ്യുകയും ചെയ്തിരുന്നു.

അഭിവന്ദ്യ തിരുമേനിയോടു ചേർന്ന്, തിരുമേനിയുടെ താത്പര്യവും ഇംഗിതവും അനുസരിച്ച് പ്രവർത്തിക്കുന്ന ഭദ്രാസന സെക്രട്ടറിയായിരുന്നു അദ്ദേഹം. ഭദ്രാസന പൊതുയോഗത്തിലും ഉയർന്നുവന്നിട്ടുള്ള ചോദ്യങ്ങൾക്ക് അദ്ദേഹം തന്നെ മറുപടി പറയുകയും ആവശ്യമുണ്ടെങ്കിൽ മാത്രം തിരുമേനി ഇടപെട്ട് മറുപടി പറയുകയും ചെയ്തിരുന്നു. ഓരോ കാര്യങ്ങളെ

സംബന്ധിച്ചും തിരുമേനിയുടെ ഇഷ്ടം അറിഞ്ഞ് തിരുമേനിയെ അനുസരിച്ച് ഭദ്രാസനത്തെ നയിച്ച ഭദ്രാസന സെക്രട്ടറിയായിരുന്നു അദ്ദേഹം. തിരുവനന്തപുരം ഭദ്രാസനത്തിന്റെ ആരംഭകാലത്ത് തിരുമേനിയോടൊപ്പം തിരുമേനിക്ക് സഹായമായ നിലയിൽ ഭദ്രാസനത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി അദ്ദേഹം പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ എല്ലാ നല്ല പ്രവർത്തനങ്ങളെയും പരിശ്രമങ്ങളെയും നന്ദിയോടെ ഓർക്കുകയും ദൈവം സ്വർഗ്ഗത്തിൽ നല്ല പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഭദ്രാസന സെക്രട്ടറിയുടെ വലിപ്പഭാവമോ ജാടയോ അദ്ദേഹത്തിനുണ്ടായിരുന്നില്ല. വളരെ സ്നേഹത്തോടും ചെറുപുഞ്ചിരിയോടും എല്ലാവരോടും സഹകരിച്ചിരുന്നു. അന്ന് ശെമ്മാശനായിരുന്ന എന്നോടും വളരെ സ്നേഹത്തോടെ ഇടപെട്ടിരുന്നത് ഞാൻ സന്തോഷത്തോടും നന്ദിയോടും ഓർക്കുന്നു.

നെടുമ്പായിക്കുളം സെന്റ് ജോർജ് പള്ളിയിൽ അദ്ദേഹം എന്റെ മുൻവികാരിയായിരുന്നു. അദ്ദേഹം താമസിച്ചിരുന്ന വാടകവീട്ടിലാണ് ഞാനും പിന്നീട് താമസിച്ചത്. അഭിവന്ദ്യ ദീയസ്ക്കോറോസ് തിരുമേനിയുടെ കാലശേഷം റാന്നി ഹോളി ട്രിനിറ്റി ആശ്രമത്തിൽ അദ്ദേഹം ഓർമ്മദിവസങ്ങളിൽ പോകുകയും കല്ലറയിൽ പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. തിരുമേനിയുടെ ഒരു പരമഭക്തനായിരുന്നു അദ്ദേഹം. ചാത്തന്നൂർ സെന്റ് ജോർജ്, കുണ്ടറ വലിയപള്ളി, നെടുമ്പായിക്കുളം സെന്റ് ജോർജ് തുടങ്ങിയ പള്ളികളിൽ അദ്ദേഹം സ്തുത്യർഹമായ ശുശ്രൂഷ നിർവഹിച്ചശേഷമാണ് ചെങ്ങന്നൂർ ഭദ്രാസനത്തിലേക്ക് പോയത്.

അദ്ദേഹത്തിന്റെ ആത്മാവിനെ ദൈവം ആശ്വസിപ്പിക്കട്ടെ. സ്വർഗ്ഗീയ ബലിപീഠത്തിങ്കൽ നിത്യമായ ആരാധനയ്ക്ക് ദൈവം ഭാഗ്യം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കുടുംബാംഗങ്ങളെ ദൈവം ആശ്വസിപ്പിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ചുരുക്കുന്നു.

മന്ദസ്മിതം തൂകുന്ന തേക്കിലച്ചൻ

മാത്യു വറുഗീസ് പുളിമൂട്ടിൽ

കോർഎപ്പിസ്കോപ്പാ

(വികാരി, സെന്റ് ജോർജ് പള്ളി, കല്ലുങ്കൽ)

"തേക്കിലച്ചൻ" എന്ന വിളിപ്പേരുകാരനായ തോമസ് തേക്കിൽ കോർ എപ്പിസ്കോപ്പാ 1952 മെയ് മാസം 10-നു ഭൂജാതനായി. കോട്ടയം വൈദിക സെമിനാരിയിൽ നിന്നും ദൈവശാസ്ത്രത്തിൽ ബിരുദം സമ്പാദിച്ചതിനു ശേഷം 1980 ആഗസ്റ്റ് മാസം 15-നു തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോ ലീത്താ അഭിവന്ദ്യ ഗീവറുഗീസ് മാർ ദീയസ്ക്കോറോസ് തിരുമേനിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. 1992 ഫെബ്രുവരി മാസം വരെ തിരുവന ന്തപുരം ഭദ്രാസനത്തിലെ 5 പള്ളികളിൽ വികാരിയായി സേവനം അനു ഷ്ഠിച്ചു. ഭദ്രാസന സെക്രട്ടറിയായും സേവനം ചെയ്യുവാൻ സാധിച്ചു. 1992 മാർച്ച് മാസം ഒന്നാം തീയതി മുതൽ ചെങ്ങന്നൂർ ഭദ്രാസനത്തിലെ വിവിധ ദൈവാലയങ്ങളിൽ വികാരിയായി അനുഗൃഹീതമായ ശുശ്രൂഷ നിർവ്വഹി ക്കുവാൻ സാധിച്ചു. സഭാ മാനേജിംഗ് കമ്മിറ്റി അംഗമായും, പരുമല സെമി നാരി കൗൺസിൽ അംഗമായും, സഭയിലെ വിവിധ ആത്മിക പ്രസ്ഥാനങ്ങ ളുടെ അമരക്കാരനായും സേവനം നിർവ്വഹിക്കുവാൻ അച്ചനു സാധിച്ചു. ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിക്കുന്നതിനു മുമ്പായി കോർഎപ്പി സ്കോപ്പാ സ്ഥാനം നൽകി അദ്ദേഹത്തെ ആദരിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട അച്ചനെ അനുസ്മരിക്കുമ്പോൾ ധാരാളം നല്ല ഓർമ്മ കൾ മനസ്സിൽ ഓടി എത്തുന്നു. വളരെ ഭക്തിപൂർവ്വവും, സാവധാനവും, ഇമ്പമാർന്ന സ്വരത്തിൽ ദൈവസന്നിധിയിൽ ആരാധന സമർപ്പിക്കുന്നതിന് അച്ചനുള്ള പ്രത്യേകത എടുത്തു പറയേണ്ടതാണ്. വസ്ത്രധാരണത്തിലും, ആരാധനാസമർപ്പണത്തിലും, വളരെയധികം വൃത്തിയും, ഭംഗിയും കാത്തു സൂക്ഷിക്കുവാൻ ബഹു. അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. മറ്റുള്ളവരുമായി സംസാരിക്കുമ്പോൾ, പ്രത്യേക സ്നേഹത്തോടും വാത്സല്യത്തോടും സംസാ രിക്കുന്നത് അച്ചന്റെ ശൈലി ആയിരുന്നു. ആരെങ്കിലും ദേഷ്യ മനോഭാവ ത്തോടു കൂടി സംസാരിച്ചാലും അവരോടും ഒരു പുഞ്ചിരി സമ്മാനിച്ച് കാര്യ ങ്ങൾ ബോധ്യപ്പെടുത്തുന്നത് നേരിൽ കാണുവാൻ എനിക്കും സാധിച്ചിട്ടുണ്ട്.

അച്ചൻ സേവനം ചെയ്ത ഇടവകകളിൽ താൻ മുഖാന്തിരം ഒരു പ്രശ്നം ഉണ്ടാകുവാൻ ഇടയായിട്ടില്ല എന്നതും പ്രത്യേകം ശ്രദ്ധേയമാണ്.

എന്റെ പൗരോഹിത്യ ജീവിതത്തിൽ എനിക്ക് പ്രത്യേകം സ്നേഹവും വാത്സല്യവുമുണ്ടായിരുന്ന കുടുംബങ്ങളിൽ ഒരു കുടുംബമായിരുന്നു കുട ശ്ശനാട്ടുള്ള കോട്ടൂർ റോസ് മൗണ്ടിൽ ശ്രീ. ചാക്കോ വറുഗീസിന്റേത്. അദ്ദേ ഹത്തിന്റെ രണ്ടാമത്തെ മകൻ നെബുവിന് ഒരു ജീവിതപങ്കാളിയെ തെര ഞ്ഞെടുക്കുവാൻ ആഗ്രഹിച്ച സന്ദർഭത്തിൽ എന്നോടും അന്വേഷിക്കുവാൻ ആവശ്യപ്പെട്ടു. ഇതേ ആവശ്യം ബഹു. തേക്കിൽ അച്ചൻ, തന്റെ രണ്ടാ മത്തെ മകൾ റ്റീബയ്ക്കും ഒരു പങ്കാളിയെ അന്വേഷിക്കുവാൻ ആവശ്യ പ്പെട്ടു. ആ സന്ദർഭത്തിൽ ഇരുവർക്കും ഞാൻ നിർദ്ദേശിച്ചത് നെബു-റ്റീബാ ആയിരുന്നു. ഇന്ന് സന്തോഷത്തോടു കൂടി അവർ കുടുംബജീവിതം നയി ക്കുന്നത് കാണുമ്പോൾ എനിക്കും അനൽപ്പമായ സന്തോഷം ഉണ്ട്. തേക്കിൽ അച്ചൻ 2023-ൽ നെബുവിന്റെ വാസസ്ഥലത്തേക്ക് യാത്ര തിരിക്കുമ്പോൾ, ഞാൻ വികാരിയായി സേവനം ചെയ്യുന്ന കല്ലുങ്കൽ സെന്റ് ജോർജ് പള്ളി യിൽ വന്ന് പ്രാർത്ഥിച്ച് പരസ്പരം സമാധാനം നൽകി യാത്ര അയക്കു മ്പോൾ, "2024 ജനുവരിയിൽ വീണ്ടും ഒന്നിച്ചു കാണാം" എന്നു പറയുക യുണ്ടായി. എന്നാൽ ആ യാത്രയിൽ, പ്രിയ നെബുവിന്റെ ഭവനത്തിൽ വച്ച്, പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിന്റെ ശുശ്രൂഷകൾ തത്സ മയം കണ്ടുകൊണ്ടിരിക്കുമ്പോൾ, 01-11-2023-ൽ പ്രിയ അച്ചൻ ദൈവസന്നി ധിയിലേക്ക് ചേർക്കപ്പെട്ടു.

പ്രിയപ്പെട്ട തേക്കിൽ അച്ചനെ അനുസ്മരിച്ചുകൊണ്ട്, അദ്ദേഹത്തിന്റെ ഒന്നാം ചരമവാർഷിക ദിനത്തിൽ പ്രസിദ്ധം ചെയ്യുന്ന ഗ്രന്ഥത്തിൽ, ചെറിയ വാക്കുകളിലൂടെ അച്ചനെ അനുസ്മരിക്കുവാൻ സാധിച്ചതിലുള്ള കൃതാ ർത്ഥത രേഖപ്പെടുത്തുകയും, നിത്യതയുടെ സൗഭാഗ്യത്തിൽ വിരാജിക്കുന്ന പ്രിയ അച്ചന് ശ്രദ്ധേയമായ പ്രാർത്ഥനകൾ സമർപ്പിക്കുകയും ചെയ്യുന്നു.

The Very Rev Thomas Thekkil Cor Episcopa: A Reflection

John Kunnathusseril Cor Episcopa
Dallas USA

"Thekkil Achen", whom I have known for over three decades, stood as a pleasant and ever cheerful individual, who transmitted positive energy to all people who encountered him. As a priest in the Orthodox church, and a prominent one at that in every respect, achen was a shining star that imparted energy. Our connections originated through a mutual relationship we shared, as achen's brother Appukuttan(P M Jacob) and me married sisters from the same family. During my vacation trips to India from the United States, we met on several occasions and shared our love and respect for each other. Those happy moments were kept in memory with thankfulness and gratitude.

Thekkil Achen held the unique ability to make an occassion enjoyable with his pleasing disposition and his impressive smile. In family gaterings, he appeared as the central figure with his natural charm, imparting sparks of energy, cheerfulness and a caring patronage to all who were involved. His meek and pleasent approaches and his seamless ability to make others comfortable, were commendable. His respect for family connections and his great consideration towards relationships stood as the hallmark of his personality. His ability to engage others in conversation and his innate talent to take lead in places where that was necessary, were exceptional. He modelled as an efficient and prominent priest who catered to the spiritual, emotional and social needs of many in a variety of different settings, both in parish ministry and community leadership. His commanding voice, capacity to lead an occasion, ability to articulate, skills in spirithal leadership, captivating smile and the unparallel ability to

attract others remaind as unique gifts bestowed on him by God and were well managed and executed.

It is worth mentioning that Thekkil Achen stood as a blessing to many and lived a meaningful and dedicated life of worth and value, completing 71 years, until he was called to the presence of God. While acknowledging the wonderful ministry and life of achen, and sharing love and care for the wonderful family, including Aleyamma Thomas Kochamma, their children, Tima Susan Thomas, Tiba Elsa Thomas, Dr. Tibin Thekkil, their spouses and grandchildren, may I lift up praise to God Almighty for showering abundant grace upon achen and immense blessings upon the family. May Thekkil Achan's memory be eternal.

തേക്കിൽ അച്ചന്റെ സ്മരണയിലൂടെ....

ബെന്യാമിൻ തോമസ് റമ്പാൻ

(മാനേജർ, കൂനൻകുരിശ് തീർത്ഥാടന കേന്ദ്രം)

വന്ദ്യ തേക്കിൽ തോമസ് കോർഎപ്പിസ്കോപ്പാ അച്ചൻ വള്ളംകുളം പള്ളിയുടെ വികാരി ആയിരുന്ന കാലത്ത് അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയോടൊപ്പം കഷ്ടാനുഭവ ആഴ്ചയിലെ ശുശ്രൂഷകൾക്കായി ഒരാഴ്ചക്കാലം വള്ളംകുളം പള്ളിയിൽ ചെലവഴിച്ച കാലത്താണ് ഞാൻ അച്ചനെ ആദ്യമായി പരിചയപ്പെടുന്നത്. പിന്നീട് അച്ചൻ ശുശ്രൂഷ അനുഷ്ഠിച്ചിട്ടുള്ള ദേവാലയങ്ങളിലെ പെരുന്നാൾ കൂദാശകൾക്കൊക്കെ എന്നെയും ചേർത്തുനിർത്തിയത് നന്ദിയോടെ ഓർക്കുകയാണ്. കൊച്ചമ്മയുടെ കുടുംബവുമായുള്ള സ്നേഹബന്ധവുമെല്ലാം ആ സ്നേഹത്തെ കൂടുതൽ ദൃഢതരമാക്കി. അന്നു മുതൽ ഒരു പിതൃതുല്യ സ്നേഹം അച്ചനിൽ നിന്ന് അന്ത്യത്തോളം ലഭിക്കുകയുണ്ടായി.

കൂനൻകുരിശ് തീർത്ഥാടന കേന്ദ്രത്തിൽ വന്നു താമസിക്കുന്നതും വിശുദ്ധ കുർബാന അർപ്പിക്കുന്നതും അച്ചന് ഏറെ ഇഷ്ടമായിരുന്നു. തീർത്ഥാടന കേന്ദ്രത്തിന്റെ വളർച്ചയിൽ അച്ചൻ ഏറെ സന്തോഷിച്ചിരുന്നു. അതിനാൽ തന്നെ അച്ചന്റെ അസാന്നിധ്യം ഹൃദയത്തിന് ഇന്നും വേദന ഉളവാക്കുന്നതാണ്.

ദൈവം കരുതി വച്ചതിനെ സന്തോഷത്തോടെ സ്വീകരിക്കാൻ അല്ലേ നമുക്ക് കഴിയൂ. ആ കരുതിവച്ചിരിക്കുന്നത് വേദപുസ്തകത്തിലെ അവസാനത്തെ താളുകളിൽ നമുക്ക് കാണാം. ദൈവം കണ്ണിൽ നിന്ന് കണ്ണുനീർ തുടച്ചുനീക്കും. ഏറെ മാതൃക ഉള്ള ഒരു ജീവിതമാണ് അപ്രതീക്ഷിതമായി പൊലിഞ്ഞു പോയത്. പ്രാർത്ഥനകൾ ഒക്കെ വിശുദ്ധധൂപം പോലെ ആകാശത്തിലേക്ക് ഉയരും എന്നറിയാം. ആ പ്രാർത്ഥനയോടെ അച്ചനെ ഓർക്കുമ്പോൾ, സ്മരണയിൽ ഓടിയെത്തുന്നത്:

ശാന്തതയോടുള്ള ആരാധന

അച്ചന്റെ പ്രാർത്ഥനാ ജീവിതവും ഇമ്പമേറിയ ആരാധനയും മനസ്സിന് ഏറെ കുളിർമ പകരുന്നതാണ്. ആരാധനയുടെ അഴക് ഏവരിലും ആകർഷണം ഉണർത്തുന്നതാണ്.

ശ്രേഷ്ഠമായ പാദമുദ്ര

ആത്മീയ മണ്ഡലത്തിൽ മാത്രമല്ല സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിലൊക്കെ ശ്രേഷ്ഠമായ പാദമുദ്ര പതിപ്പിച്ച വ്യക്തിത്വമാണ് അച്ചൻ. അച്ചന്റെ പാദമുദ്ര പതിഞ്ഞ ദേശത്ത് കൂടിയുള്ള സഞ്ചാരത്തിൽ അച്ചൻ ഏറെ സ്നേഹബന്ധങ്ങൾ നേടിയെടുത്തിട്ടുണ്ട്.

സ്നേഹത്തിന്റെ ഭാഷ

സൗമ്യമായ സ്നേഹത്തിന്റെ ഭാഷയിൽ ഒരു ആർദ്രത ഉള്ളതായി എനിക്ക് എപ്പോഴും അനുഭവിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പുഞ്ചിരിക്കുന്ന മുഖം കണ്ടിട്ട് ഉരിയാടാതെ കുറുകെ കടക്കുവാൻ ആർക്കും കഴിയുമായിരുന്നില്ല. സ്വർഗ്ഗീയ യാത്രയിലും ആ മുഖശോഭ മായാതെ നിന്നു എന്നത് ഏറെ ശ്രദ്ധേയമാണ്.

ഞാൻ കണ്ട മാതൃകയുടെയും അനുഭവിച്ച ആദരവിന്റെയും സ്നേഹത്തിന്റെയും ഹർഷം പങ്കുവയ്ക്കേണ്ടതാണെന്ന വിചാരത്തോടെ വീണ്ടും കാണുന്ന പുലരിക്കായി പ്രാർത്ഥനയോടെ.

A Pillar of Faith and Compassion

Fr. Dr. Ninan V. George

(General Secretary- Orthodox Vaidika Sanghom)

Father Thekkil Corepiscopa was a dedicated leader who understood the times he lived in. His life and ministry embodied the essence of true Orthodox faith.

"For the lips of a priest ought to preserve knowledge, and people seek instruction from his mouth because he is the messenger of the Lord Almighty." (Malachi 2:7).

A Man of Dedication and Integrity

Revered Father Thekkil Thomas Corepiscopa was a respected priest in the Malankara Orthodox Church. Known affectionately as "Thekkilachan" by his community, he was a member of the Kallungal St. Ignatius parish. Born on May 10, 1952, to Mr. Mathai Mathew in Thekkil Bungalow, he earned a B.A. from Kerala University and a G.S.T. from the Orthodox Theological Seminary. He married on June 30, 1980, and was ordained a priest on August 15, 1980.

Father Thekkil was a dedicated administrator and the former diocesan secretary of the Trivandrum diocese. He was deeply committed to preserving and nurturing the faith of our forefathers. His dedication to God's work was evident in his clear understanding of God's call and his obedient, faithful life. His leadership and ministry reflected strong convictions, making him a revered spiritual guide.

A Man of Social Commitment and Compassion

Father Thekkil Corepiscopa was also known for his deep compassion and commitment to social causes. He cared deeply for the needy and worked tirelessly to support the marginalized. Whether organizing

charitable activities, offering counsel to those in distress, or participating in community development, Father Thekkil demonstrated the love and compassion of Christ.

He bridged the gap between the church and the community, ensuring the church was a place of refuge and support for everyone. His compassionate spirit continues to inspire many in their faith and service.

Conclusion

Father Thekkil Corepiscopa's life and ministry were a shining example of Orthodox Christian faith, dedication, and compassion. His memory remains in the hearts of those he touched, guiding us to live with the same faith and love that he demonstrated throughout his life.

മരിക്കാത്ത ഓർമ്മകളിൽ തേക്കിലച്ചൻ

ഫാ. ജോസഫ് കുറിയാക്കോസ് പാമ്പാടികണ്ടത്തിൽ

(വികാരി, സെന്റ് ഇഗ്നാത്തിയോസ് പള്ളി, കല്ലുങ്കൽ)

ഓളങ്ങൾ നിലയ്ക്കാത്തപോലെ ഓർമ്മകൾ എന്നും നമ്മുടെ സ്മൃതി പഥത്തിൽ പച്ചകെടാതെ നിൽക്കും. വന്ദ്യനായ തേക്കിലച്ചനും പച്ചപ്പ് നൽകുന്ന ഓർമ്മയായി നിലനിൽക്കുന്നു. അച്ചന്റെ വേർപാടിന്റെ ഒരു വർഷം വളരെ പെട്ടെന്നു കടന്നുപോയി.

കഴിഞ്ഞ 20 വർഷത്തിൽ കൂടുതലായി അച്ചനുമായി പരിചയമായിട്ട്. നിറപുഞ്ചിരി നിറഞ്ഞ തേജസ്സുള്ള മുഖം ഓർമ്മകളിൽ മങ്ങാതെ നിൽക്കുന്നു. ആരെയും പെട്ടെന്നു വശീകരിക്കുന്ന ശരീര സൗന്ദര്യം. ചിരിക്കുള്ളിലെ ചോദ്യത്തിലൂടെയും ഉത്തരത്തിലൂടെയും അദ്ദേഹം എല്ലാവരുടെയും സ്നേഹിതനായി മാറുന്നു. ഇന്നും ജനമനസ്സുകളിൽ പച്ചപ്പ് നൽകി തേക്കിലച്ചൻ എന്ന ഓർമ്മ നിലനിൽക്കുന്നു.

പരിശുദ്ധ സഭയുടെ വിവിധ സ്ഥാനങ്ങളിൽ, നേതൃത്വനിരയിൽ അച്ചൻ സജീവ പ്രവർത്തകനായിരുന്നു. തിരുവനന്തപുരം ഭദ്രാസന സെക്രട്ടറി, സഭാ മാനേജിംഗ് കമ്മിറ്റി അംഗം, പരുമല സെമിനാരി കൗൺസിൽ അംഗം, അങ്ങനെ സഭയുടെ പല സ്ഥാനത്തും അദ്ദേഹം സേവനമനുഷ്ഠിച്ചു. പ്രാദേശികമായി കല്ലുങ്കൽ ഗ്രാമത്തിന് അദ്ദേഹം സജീവ സാന്നിദ്ധ്യമായിരുന്നു. അച്ചന്റെ ഭവനം പല തർക്കപരിഹാരത്തിനും ഇടയാക്കിയ സ്ഥലമായിരുന്നു. ചില കാലങ്ങൾ അടയാളപ്പെടുത്തുന്നത് പല മഹാസംഭവങ്ങളുടെയും അടിസ്ഥാനത്തിൽ ആണ്. കല്ലുങ്കൽ എന്ന ദേശത്തെക്കുറിച്ച് സംസാരിക്കുമ്പോൾ തേക്കിലച്ചനെ അന്വേഷിച്ചിരുന്നവരാണ് ഭൂരിപക്ഷവും.

എനിക്ക് അച്ചനോട് വ്യക്തിപരമായി വളരെ അടുപ്പമുണ്ട്. അതിനു കാരണം അച്ചൻ സേവനമനുഷ്ഠിച്ച വള്ളംകുളം സെന്റ് മേരീസ് ദൈവാലയം, തോട്ടപ്പുഴ മാർ ഗ്രീഗോറിയോസ് ദൈവാലയം, ഉമയാറ്റുകര സെന്റ്

തോമസ് വലിയപള്ളി എന്നിവിടങ്ങളിൽ അച്ചനുശേഷം വികാരിയായി എനിക്കും സേവനമനുഷ്ഠിക്കാൻ സാധിച്ചു എന്നത് തന്നെയാണ്. അവിടങ്ങളിലെ ശുശ്രൂഷയ്ക്ക് അച്ചന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. അവിടത്തെ ശുശ്രൂഷകളുടെ സമയം വിളിച്ചറിയിക്കണം എന്ന് പലപ്പോഴും അച്ചൻ പറയുമായിരുന്നു. ഈ ഇടവകകളിലെ വിശേഷ ദിവസങ്ങളിലും പെരുന്നാളുകളിലും അച്ചൻ നേതൃത്വം നൽകിയത് ഇത്തരുണത്തിൽ സ്മരിക്കുന്നു.

2018-ൽ അച്ചൻ കോറെപ്പിസ്കോപ്പായായി ഉയർത്തപ്പെട്ടശേഷം ആ പദവിയുടെ അന്തസ്സ് നിലനിർത്തിയാണ് തുടർ ജീവിതകാലഘട്ടത്തിൽ ഇദ്ദേഹം പെരുമാറിയത്. ആ കുരിശുമാലയും സ്ലീബായും വടിയും ഉപയോഗിക്കാനും, സ്ഥാനോചിതമായി ശുശ്രൂഷ നിർവ്വഹിക്കാനും പദവിയുടെ മഹത്വത്തിന് മങ്ങലേൽക്കാതെ പ്രവർത്തിക്കാനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

അച്ചന്റെ വേർപാട് എന്നെ സംബന്ധിച്ച് ഏറെ വിഷമത്തിന്റെയും മാനസിക സമ്മർദ്ദത്തിന്റെയും നാളുകളാണ് സമ്മാനിച്ചത്. ഇടവകയിലെ ചില പടലപിണക്കങ്ങൾ അതിന് മുഖാന്തിരമായിരുന്നു. അച്ചന്റെ സംസ്കാര ശുശ്രൂഷകൾ ഒരു കുറവും വരാതെ നടത്തണമെന്ന് സഭാനേതൃത്വത്തിന്റെ നിർദ്ദേശം, അളവുനൂലും പൊതുയോഗതീരുമാനങ്ങളും മറുവശത്ത്. അച്ചന്റെ കല്ലറ നിർമ്മാണം നടക്കണം, ഉചിതമായ സ്ഥലം വേണം. എല്ലാം ഒരു ദൈവനടത്തിപ്പ്. സ്ഥലപരിമിതമായ ദൈവാലയത്തിൽ ദീർഘവീക്ഷണമുള്ള ഇടവകാംഗങ്ങളുടെ സഹകരണത്തോടെ എല്ലാം വളരെ ഭംഗിയായി പൂർത്തീകരിക്കാൻ ദൈവം സഹായിച്ചു. ഇന്നും അച്ചന്റെ സംസ്കാരശുശ്രൂഷകൾ എന്റെ മനസ്സിന്റെ കോണിൽ ഒളിമങ്ങാതെ ഇന്നലെയെന്നപോലെ നിൽക്കുന്നു. അനേകർ സ്വദേശത്തു നിന്നും വിദേശത്തു നിന്നും വിളിച്ച് ശ്ലാഘിച്ചു. ഇത്രയും മനോഹരമായ, ശ്രേഷ്ഠമായ ഒരു യാത്രയയപ്പ് പ്രിയ തേക്കിലച്ചന് നൽകാൻ സാധിച്ചത് ഒരിക്കലും മറക്കാൻ കഴിയില്ല, അതുപോലെ കല്ലുങ്കൽ ദേശത്തെയും.

The Enduring Legacy of Very Rev. Thomas Thekkil Cor Episcopa

Fr. Joby George
(St. Mary's Church, Pondichery)

As we commemorate the first anniversary of Very Rev. Thomas Thekkil Cor Episcopa's entrance into eternal rest, we pause to reflect on a life that radiated love, service, and unwavering faith. Fondly known as the Priest of Kallunkal, Achen was far more than a spiritual leader; he was a beacon of hope and a steadfast guide to all who sought his counsel.

Achen's kindness and generosity knew no bounds. He was always approachable, ready to lend a listening ear, and eager to assist anyone in need. For me, he was the guiding light on my journey to the Priesthood. Achen introduced me to H.G. Dr. Yakob Mar Irenios Metropolitan, the Diocesan of Madras at the time, who is currently the Diocesan of Kochi, in 2007. This introduction marked the beginning of my spiritual journey, leading me to join as a Pre-Seminarian in the Madras Diocese in June of that year. Achen was with me every step of the way, offering his support, wisdom, and presence during all my Holy Ordinations. His visit to Vellore during my service there stands as a testament to his unwavering commitment to those he mentored.

We shared a unique and special bond, being the two Priests from St. Ignatious Orthodox Church, Kallunkal. Every year, we celebrated the Holy Qurbana during the Feast of St. Ignatious, the joy of having Achen by my side was immeasurable. His presence was a source of strength and inspiration, not just for me, but for the entire community. Whenever I visit any church within the Malankara Orthodox Church, the first question I am often asked is whether I belong to Thekkil Achen's parish. This reflects the deep respect and admiration that the faithful had for him.

Achen was not only a Priest but also an educator. He taught us songs and sermons that filled our hearts with devotion, encouraging us to participate in Sunday School competitions. His guidance shaped the spiritual lives of countless Sunday School students, including myself, and his legacy continues to inspire us all.

He was a man of strong convictions, deeply rooted in his faith, and resolute in his decisions. His dedication to the integrity of the Holy Church was unwavering. Achen's kindness, love, and care were limitless, and he was always ready to extend a helping hand to those who sought it.

Achen's family was his pillar of support, faithfully standing by him and embodying the principles he cherished. They continue to live by the values he instilled, carrying forward his legacy of devotion and service to God Almighty.

As we remember Achen, we find comfort in the words of Scripture: "I have fought the good fight, I have finished the race, I have kept the faith. Now there is in store for me the crown of righteousness" (2 Timothy 4:7-8). His soul now rests peacefully in the bosom of Abraham, Isaac, and Jacob. May his intercessory prayers continue to guide us and inspire us to lead lives of faith, love, and service.

Our thoughts and prayers also extend to his beloved family during this time of remembrance. We hold Aleyamma Kochamma, our Sunday School Headmistress, our elder sister Mrs Teema Susan Thomas, Mrs Teeba Elsa Thomas, my classmate, and younger brother Dr. Tibin Thomas Thekkil are all very dear to us.

I express my humble prayers, sincere gratitude, and heartfelt condolences to the bereaved family. May God grant you strength, comfort, and peace as you carry forward the legacy of faith and love that Achen instilled in you all.

"Blessed are those who mourn, for they shall be comforted" (St. Matthew 5:4).

ഗുരുവും മാർഗ്ഗദർശിയും

ഫാ. നിതിൻ മാത്യൂസ് മണ്ണാചേരിൽ

(വികാരി, സെന്റ് ജോർജ് താബോർ പള്ളി, പീച്ചാനിക്കാട്)

സംസ്കൃതത്തിൽ പുരസ് + ഹിത എന്നീ പദങ്ങളിൽ നിന്നും പുരോഹിത എന്ന പദം രൂപമെടുത്തു. ഇവിടെ മുമ്പിൽ നിർത്തപ്പെട്ടവൻ, നേതൃത്വം നൽകുന്നവൻ എന്ന അർത്ഥത്തിൽ പുരോഹിതൻ എന്ന വാക്ക് ഉപയോഗിക്കുന്നു.

ദൈവജനത്തിന്റെ മുമ്പിൽ നിന്നുകൊണ്ട്, അവരെ ദൈവസന്നിധിയിലേക്ക് നയിക്കുകയും അതിനായി ദൈവത്തിന്റെ ഹിതമറിഞ്ഞ് അത് അവരോട് പ്രഘോഷിക്കുകയും ചെയ്യുന്നവരാണ് പുരോഹിതന്മാർ. ദൈവവുമായുള്ള ബന്ധത്തിൽ അവർ ദൈവജനത്തിന് മാർഗ്ഗദർശികളാണ്.

പൗരോഹിത്യം ഒരുവന്റെ സ്വന്തം നേട്ടമല്ലായെന്നും ദൈവം നല്കുന്ന ദാനമാണെന്നും ദൈവമഹത്വത്തിനും ജനങ്ങളുടെ നന്മയ്ക്കുംവേണ്ടി സ്വയം സമർപ്പിക്കേണ്ടവനാണ് വൈദികനെന്നും പൗരോഹിത്യം സ്വീകരിക്കുന്നത് അവനവനുവേണ്ടിയല്ലെന്നും മറിച്ച് ദൈവജനത്തിനു വേണ്ടിയാണെന്നും എന്നും ഓർമ്മിപ്പിച്ച ഒരു ഇടയനെപ്പറ്റി ഒരു ഓർമ്മകുറിപ്പ്.

‘പാതി തിരിഞ്ഞാൽ പോരല്ലോ
പാതിയിൽ നിന്നും തിരിയേണം
പോരാ പോരാ പാതിരിയാവാൻ
തിരിയായ് കത്തണമെല്ലാർക്കും.’

അതേ കവി വരികൾ സ്വജീവിതം കൊണ്ട് തെളിയിച്ച വ്യക്തിത്വം.

കാലയവനികയ്ക്കുള്ളിൽ അപ്രതീക്ഷിതമായി മറഞ്ഞുപോയ വൈദിക ശ്രേഷ്ഠൻ. ഞങ്ങളുടെ തേക്കിലച്ചൻ. അതെ സ്വല്പം സ്വകാര്യ അഹങ്കാരത്തോടെ അങ്ങനെ വന്ദ്യ അച്ചനെ അഭിസംബോധന ചെയ്യുമ്പോൾ അച്ചനെപറ്റി ഓർക്കുമ്പോൾ ഒരു വൈദികൻ ദേവാലയത്തോടും അനുഷ്ഠാനങ്ങളോടും എപ്പോഴും ഭക്തിയുള്ളവനായിരിക്കണം എന്ന് പഠിപ്പിച്ച ഒരു ശ്രേഷ്ഠ വ്യക്തിത്വമാണ് ശാരീരികമായി മാറ്റപ്പെട്ട് ദൈവസന്നിധിയിൽ ആയിരിക്കുന്നത്. നിഷ്ഠകളിൽ ഊന്നിയുള്ള ആരാധനയാണ് വിശ്വാസികളെ ആരാധനയിലേക്കും വൈദികനിലേക്കും ആകർഷിക്കുന്നത്. അങ്ങനെയെങ്കിൽ വന്ദ്യ

നായ ഈ പുരോഹിതന്റെ ജീവിതം ശ്രേഷ്ഠ മാതൃക തന്നെയാണ്. ശാന്തനും സൗമ്യനുമായ അച്ചനോടുള്ള സംസർഗം തന്നെ നമുക്ക് പുതിയ ശക്തി പ്രദാനം ചെയ്യും.

പ്രസന്നത ഉള്ള ചിരി, ലാളിത്യം, എളിമ ഇവ മാറ്റിനിർത്തി അച്ചനെ ഓർത്തെടുക്കുവാൻ സാധ്യമല്ല. അച്ചനെ സംബന്ധിച്ച് സുദീർഘമായ ഒരു വൈദിക ജീവിതകാലഘട്ടത്തിൽ സ്വതസിദ്ധമായ, എളിമയാൽ രൂപപ്പെട്ട പെരുമാറ്റവും നിഷ്ടയായ ജീവിതചര്യകളും എല്ലാവർക്കും അദ്ദേഹത്തെ പ്രിയങ്കരനാക്കി. പ്രത്യേകിച്ച് ഞങ്ങൾ (കല്ലുങ്കൽ ദേശത്തെ വൈദികർ) എല്ലാവർക്കും വൈദിക ശുശ്രൂഷയിൽ ഗുരുകാരണവർ ആയിരുന്നു വന്ദ്യ അച്ചൻ. എല്ലാ കുടുംബങ്ങളുമായി സവിശേഷ ബന്ധം സൂക്ഷിച്ചിരുന്നു.

വ്യക്തിപരമായി ബഹു. വല്ല്യച്ചന്റെ വിയോഗം ഒരു ആത്മീയ പിതാവ് എന്ന നിലയിൽ ഏറെ ശൂന്യത പടർത്തുന്നു. വിയോഗത്തിന് മുമ്പുള്ള വിദേശയാത്രയ്ക്ക് പോകുന്നതിന്റെ തലേ ദിവസത്തെ കൂടിക്കാഴ്ചയിലും കേട്ട 'കുഞ്ഞേ' എന്ന വിളിയുടെ താളം ഏറെ വൈകാരികത സൃഷ്ടിക്കുന്നു. ദൈവവചനവും, ജീവനും, സ്നേഹവും പകർന്നു നൽകാനായി വിളിക്കപ്പെട്ടവരാണു വൈദികർ. മാനുഷികജീവനിൽ നിന്നു ദൈവജീവനിലേക്ക് ജനത്തെ ഉയർത്തുന്ന ജീവന്റെ ശുശ്രൂഷക്കാരനാണ് വൈദികൻ എന്ന ചിന്തയിൽ രോഗികൾക്കും, അനാഥർക്കും, ആലംബഹീനർക്കും തുടങ്ങി അനേകർക്ക് ദൈവത്തിന്റെ സ്നേഹം കാരുണ്യപൂർവ്വം തന്റെ പ്രവർത്തനങ്ങളിലൂടെ കാണിച്ച് മാതൃക സൃഷ്ടിച്ചാണ് അച്ചൻ വിടവാങ്ങിയത്. ആ മാതൃകകൾ ഇന്നും വലിയ സാക്ഷ്യങ്ങളായി നിലകൊള്ളുന്നു.

വലിപ്പ-ചെറുപ്പ വ്യത്യാസമില്ലാതെ ആരവങ്ങൾ സൃഷ്ടിച്ച ഒരു യുഗ ശില്പി അരങ്ങൊഴിയുമ്പോൾ അങ്ങ് നേടിയ ബന്ധങ്ങളും, അങ്ങ് ചേർത്തു നിർത്തിയ ഹൃദയങ്ങൾക്കും പ്രാർത്ഥന മാത്രമാണ് ഇനി നൽകാനുള്ളത്. വന്ദ്യ പിതാവേ, ഞങ്ങളുടെ ജീവിതത്തിന്റെ ഭാഗമായതിന്, ഞങ്ങളെ കേട്ടതിന്, ഉപദേശം തന്നതിന്, തിരുത്തലുകൾ തന്നതിന്, പ്രോത്സാഹനം തന്നതിന്, പിതാവായും, സുഹൃത്തായും, സഹോദരനായും ഒപ്പം നടന്നതിന് പ. ബലിപീഠത്തിൽ ഞങ്ങൾക്കായ് പ്രാർത്ഥനയുടെ കരങ്ങൾ ഉയർത്തിയതിനും ഒരായിരം നന്ദിയും പ്രാർത്ഥനകളും. ഇടയന്റെ ഇടം ആടുകളുടെ ഇടയിലാണെന്നും ആടുകളുടെ പേരുകൾ ഓർമ്മയ്ക്കും ന്യായവിധിക്കും രക്ഷയ്ക്കും വേണ്ടി എപ്പോഴും ദൈവമുമ്പാകെ സമർപ്പിക്കുവാൻ തക്കവണ്ണം തന്റെ നെഞ്ചിൽ വഹിക്കണമെന്നുമുള്ള (പുറപ്പാട് 28:29) പഴയനിയമ ബോധ്യത്തിലായിരുന്നു അദ്ദേഹത്തിന്റെ ബലിയർപ്പണവും, വൈദിക ജീവിതവും. മരണം കാണാത്ത നല്ല സ്മരണകളിൽ അങ്ങയെ ഞങ്ങൾ ഓർക്കും. ദൈവത്തിന്റെ പുരോഹിതാ അങ്ങയുടെ വാനവബലിയിൽ ഞങ്ങളെയും ഓർക്കേണമേ.

കല്ലുങ്കലിന്റെ കരൾ കവർന്ന തേക്കിലച്ചൻ; ഒപ്പം എന്റെയും

ഫാ. എബി ഫിലിപ്പ്

(യു.കെ.-യൂറോപ്പ് ഭദ്രാസനം)

ധന്യാത്മാവായ തേക്കിലച്ചന്റെ ഓർമ്മ കല്ലുങ്കൽ നിവാസികൾക്കെന്നും ഹൃദ്യമായ അനുഭൂതിയാണ്. അദ്ദേഹത്തിന്റെ സ്വഭാവനൈർമ്മല്യം, സേവനാസക്തി, ആത്മവിമർശനാത്മകമായ പ്രതികരണശേഷി, കഠിനാദ്ധ്വാനം, നിർഭയത്വം, സർവ്വോപരി സമർപ്പണം തുടങ്ങിയ സത്ഗുണങ്ങൾ മലങ്കരയിലും കല്ലുങ്കലും അച്ചനെ വ്യതിരിക്തനാക്കി. വിശാലമനസ്സിനുടമയായിരുന്ന അച്ചൻ സാർവ്വലൗകിക സമഭാവനയോടെ ബന്ധങ്ങൾ സ്ഥാപിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും ഒരു മാതൃക ആയിരുന്നു. മൂല്യങ്ങളോട് ഉറച്ച ആഭിമുഖ്യം പ്രകടിപ്പിക്കുമ്പോൾ തന്നെ മാറ്റത്തെ ഉൾക്കൊള്ളുവാനുള്ള വിശാലതയും അദ്ദേഹത്തിനുണ്ടായിരുന്നു.

തേക്കിലച്ചൻ കല്ലുങ്കൽ ദേശത്തിന് എന്നും സ്വകാര്യ അഹങ്കാരമായിരുന്നു. ജാതിമതഭേദമെന്യേ എല്ലാവർക്കും ഒരു കുടുംബാംഗമായിരുന്നു. ആരോടും മുഖത്ത് നോക്കി തെറ്റ് വിളിച്ചുപറയുവാനും, ശാസിക്കുവാനും, തിരുത്തുവാനും അച്ചന് അവകാശം ഉണ്ടായിരുന്നു. അതിലാർക്കും പരിഭവമുണ്ടായിരുന്നില്ല. ആ സ്വാതന്ത്ര്യം മറ്റാർക്കും നമ്മുടെ നാട്ടിലുണ്ടായിരുന്നില്ല. തന്നോട് ആർക്കെങ്കിലും പരിഭവമുണ്ടായാൽപോലും പിന്നെ കാണുമ്പോൾ "എടാ... നിന്നോടു ഞാൻ പറഞ്ഞത് നിന്റെ നന്മയ്ക്കുവേണ്ടിയാണെന്ന്" തോളിൽ തട്ടി പറയുന്നതോടെ ആ സ്നേഹവലയത്തിൽ നമ്മൾ അകപ്പെട്ടുപോകും. ആ സ്നേഹവായ്പിനു നേരെ ഹൃദയജാലകങ്ങൾ കൊട്ടിയടയ്ക്കാൻ ആർക്കും സാധിച്ചിരുന്നില്ല. അല്ലെങ്കിൽതന്നെ ആർക്കാണ് ആ മന്ദസ്മിതം തൂകിയ മുഖത്ത് നോക്കി അനിഷ്ടം പ്രകടിപ്പിക്കാനാവുക.

സഹൃദയനായ അയൽക്കാരൻ

തേക്കിലച്ചൻ സഹൃദയനായ അയൽക്കാരൻ മാത്രമായിരുന്നില്ല. പിതാവും, സുഹൃത്തുമൊക്കെയായിരുന്നു. സൗഹൃദത്തിന് പ്രായമോ, മതമോ, ജാതിയോ യാതൊന്നുംതന്നെ തേക്കിലച്ചന് പ്രശ്നമായിരുന്നില്ല.

ഒരു പുഞ്ചിരി, തലോടൽ, ക്ഷേമാന്വേഷണം ഇങ്ങനെ ഒതുക്കിനിർത്താവുന്നതല്ലായിരുന്നു ആ വ്യക്തിപ്രഭാവം. അപരനിലേക്ക് ഇറങ്ങിചെല്ലുവാനും അവിടെ സൗഹൃദം സ്ഥാപിക്കുവാനും അദ്ദേഹത്തിന് സാധിച്ചു. അച്ചന്റെ മകളുടെ പ്രായമുള്ള എന്നെയും സൗഹൃദ പരിധിയിൽ നിന്നും മാറ്റിനിർത്തിയിരുന്നില്ല. ജീവിതമെന്ന ചില്ലക്ഷരത്തിന് സൗഹൃദമെന്ന സ്വരാക്ഷരം കൂടിയേ തീരൂ എന്ന പക്ഷക്കാരനായിരുന്നു അച്ചൻ. രാവിലെ വി. കുർബ്ബാനയ്ക്കു പോകുമ്പോഴോ, അതല്ലായെങ്കിൽ എവിടെ പോയാലും വഴിവക്കിൽ എന്നെ കണ്ടാൽ വണ്ടിയൊന്ന് നിർത്തി "... എന്തുവാടാ പരിപാടി..." എന്ന് ഒന്ന് ചോദിക്കാതെ പോയിട്ടില്ല. ഒപ്പം ഒരു ചിരിയും. വീടിന്റെ മുമ്പിൽ ഒരു കസേരയിലിരുന്ന് വഴിയാത്രികരായ ഏവരോടും എവിടെ പോകുന്നുവെന്ന് കുശലാന്വേഷണം നടത്തുന്ന സഹൃദയനായ അയൽക്കാരനെ എങ്ങനെ മറക്കാനാവും. അച്ചന്റെ ഭവനത്തിനടുത്തായുള്ള വളവ് തിരിയുമ്പോൾ ഉമ്മറത്തെ കസേരയിൽ നിന്നും എന്നും ഒരു 'വിളി' പ്രതീക്ഷിക്കാം. അത് നമ്മുടെ അച്ചന്റെ വിളിയായിരുന്നു. "വളവിലെ വിളി" കേൾക്കാതെ ആർക്കും മുമ്പോട്ട് പോകാനാവില്ല. അത്രയ്ക്ക് അത്രയ്ക്ക് ജനഹൃദയങ്ങളിലേക്കിറങ്ങി ചെന്നിരുന്നു.

എന്റെ വഴിയും, വഴിവിളക്കും

പൗരോഹിത്യ വഴിയിലേക്ക് ഞാൻ തിരിയുന്നതിൽ പ്രധാന പ്രചോദനം വന്ദ്യനായ തേക്കിലച്ചനായിരുന്നു. ജീവിത വഴിത്താരയിൽ പ്രകാശം വിതറിയത് അച്ചനായിരുന്നു. അച്ചന്റെ ദീർഘവീക്ഷണത്തോടു കൂടിയ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് കല്ലുങ്കൽ ദേശത്ത് മലയാള മനോരമയുടെ നേതൃത്വത്തിൽ ബാലജനസഖ്യം രൂപീകരിച്ചുവെന്നതായിരുന്നു. അഞ്ചാം ക്ലാസ്സിൽ ഞാൻ പഠിക്കുമ്പോൾ ബാലജനസഖ്യത്തിന്റെ സംസ്ഥാന കലോത്സവത്തിൽ എന്നെ സ്റ്റേജിൽ മൈക്കിന്റെ മുമ്പിലാക്കിയിട്ട് അച്ചൻ പറഞ്ഞു, "നിനക്ക് പറ്റും, നിനക്ക് സാധിക്കും... ഞാൻ ഉണ്ട് കൂടെ." എന്റെ ജീവിതത്തിലെ മറക്കാനാവാത്ത നിമിഷങ്ങളായിരുന്നു. ഒപ്പം വലിയ പ്രചോദനവും. വലിയ വേദികളിൽ ഞാൻ പരിപാടികൾ അവതരിപ്പിച്ചപ്പോഴും ഇന്നും മറക്കാനാവില്ല ആ അഞ്ചാംക്ലാസ്സുകാരനെയും യുവാവായിരുന്ന തേക്കിലച്ചനെയും....

യു.കെ. യിൽ നിന്നും നാട്ടിലെത്തിയ നിമിഷം അച്ചനെ കാണാനായി പോയപ്പോൾ അവസാനമായി അച്ചൻ പറഞ്ഞത് "ഞാനൊക്കെ മരിച്ചാൽ ഇങ്ങ് എത്തണം. എല്ലാം നടത്തിത്തരണം." പ്രവാചകധ്വനിയോടെയുള്ള ഈ വാക്ക് ഒരു വർഷത്തിനുശേഷം നമ്രശിരസ്കനായി ഞാൻ അനുസരിക്കേണ്ടി വന്നു. അച്ചന്റെ സംസ്കാരശുശ്രൂഷയിൽ പങ്കാളിയാകാൻ ഞാനും വന്നു.

ചുരുക്കത്തിൽ നമ്മുടെ വി. കുർബ്ബാനയിൽ വൈദികരെ ഓർക്കുമ്പോൾ "മുടികൾ മുടഞ്ഞവ നിരനിരയായ് ബലിപീഠത്തിലിരിപ്പുണ്ട്. നിർമ്മലരായ് പരികർമ്മിപ്പോരാചാര്യർക്കവ ചൂടീടും" എന്ന് നാം പാടുന്നുണ്ട്. നിരനിര യായി സ്വർഗ്ഗീയ ബലിപീഠത്തിലിരിക്കുന്ന ആ സുവർണ കിരീടങ്ങളിലൊന്ന് തേക്കിലച്ചനുള്ളതാണ്. കാലത്തിനും ഒരു ചുവടുമുമ്പേ നടന്നുപോയ ആചാ ര്യൻ തനിക്കു പിന്നിൽ അവശേഷിപ്പിച്ചത് നല്ല ചില ഓർമ്മകളാണ്. ആ പാവന സ്മരണയ്ക്കു മുമ്പിൽ പ്രണാമം അർപ്പിച്ചുകൊള്ളുന്നു.

സ്നേഹനിധിയായ തേക്കിലച്ചൻ

ഫാ. രാജൻ വർഗീസ്

(വികാരി, സെന്റ് മേരീസ് പള്ളി, ആറാട്ടുപുഴ)

1993-ലാണ് ബഹുമാനപ്പെട്ട തോമസ് തേക്കിലച്ചനെ ഞാൻ പരിചയപ്പെടുന്നത്. കാഴ്ചയിൽ സുമുഖനും അരോഗദൃഢഗാത്രനും നിറഞ്ഞ പുഞ്ചിരിയുമായി കടന്നുവരുന്ന ഒരു യുവ വൈദികൻ. ഈ കാലയളവിലാണ് അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് തിരുമേനി എന്നെ തിരുവല്ല എം.ജി.എം. സ്കൂളിന്റെ ബോർഡിംഗ് മാസ്റ്ററായി നിയമിക്കുന്നത്. ബഹുമാനപ്പെട്ട തേക്കിലച്ചനുമായി സൗഹൃദം ആരംഭിക്കുന്നത് ആ കാലയളവിലാണ്.

അച്ചന്റെ സഹധർമ്മിണി ഏലിയാമ്മ കൊച്ചമ്മ ആ കാലയളവിൽ എം.ജി.എം. സ്കൂളിലെ അദ്ധ്യാപികയും മക്കൾ മൂന്നു പേരും അവിടുത്തെ വിദ്യാർത്ഥികളും ആയിരുന്നു. അച്ചൻ സ്കൂളിന്റെ രക്ഷാകർത്തൃ സംഘടനയുടെ പ്രസിഡന്റും ആയി. അതുകൊണ്ടു തന്നെ അച്ചന്റെ സാന്നിധ്യം മിക്കപ്പോഴും അവിടെ ഉണ്ടായിരുന്നു. ഈ കാലഘട്ടത്തിൽ അച്ചനെ കൂടുതൽ അറിയുവാനും സുദൃഢമായ ഒരു സൗഹൃദബന്ധം സ്ഥാപിക്കുവാനും ഇടയായി.

എല്ലാ കാര്യങ്ങളിലും അച്ചൻ തന്റേതായ ഒരു ശൈലി രൂപപ്പെടുത്തിയിരുന്നു. വസ്ത്രധാരണത്തിൽ അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വെടിപ്പുള്ളതും ചുളുക്കം വരാത്തതുമായ വസ്ത്രധാരണം തന്റെ ആകാരത്തെ കൂടുതൽ പ്രസരിപ്പുള്ളതാക്കി. മറ്റുള്ളവരുമായി വളരെ പെട്ടെന്ന് സൗഹൃദം സ്ഥാപിക്കുവാനും അത് നിലനിർത്തി പോരുവാനുമുള്ള ഒരു കഴിവ് അച്ചന് ഉണ്ടായിരുന്നു. അത്യാവശ്യം മറ്റുള്ളവരുടെ പ്രയാസങ്ങൾ മനസ്സിലാക്കി അതിൽ ഇടപെടുന്നതിനും അതിന് പരിഹാരം കാണുന്നതിനും അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ആരാധനാകാര്യങ്ങളിൽ ഒരു വിട്ടുവീഴ്ച അനുവദിക്കാത്ത അച്ചൻ അതിലും തന്റേതായ ഒരു ശൈലി ക്രമീകരിച്ചിരുന്നു. എത്ര സമയം അതിക്രമിച്ചാലും സ്വരമാധുര്യത്തിൽ മാറ്റം വരാതെ വളരെ സാവകാശത്തിൽ ആരാ

ധന പൂർത്തീകരിക്കുന്ന ഒരു പതിവായിരുന്നു അച്ചനുണ്ടായിരുന്നത്. വളരെ ശാന്തവും സംഗീതാത്മകവുമായ രീതിയിൽ ആരാധന പൂർത്തീകരിക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

തികഞ്ഞ ഒരു സഭാസ്നേഹിയായിരുന്നു പ്രിയ അച്ചൻ. സഭയുടെ ഏതു കാര്യത്തിലും സഭയോടുള്ള ബന്ധവും കൂറും വിട്ടുമാറാതെ പ്രവർത്തിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സഭയുടെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നതിന് അച്ചന് സാധിച്ചു.

രാഷ്ട്രീയ, സാമൂഹ്യ, സാംസ്ക്കാരിക രംഗത്ത് അച്ചന്റെ സാന്നിധ്യം കൂടുതലായി ദർശിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അത് അച്ചന് കൂടുതൽ വ്യക്തി ബന്ധങ്ങൾ സ്ഥാപിക്കുന്നതിനും നിലനിർത്തുന്നതിനും സഹായിച്ചു. അച്ചന്റെ മരണാനന്തര ശുശ്രൂഷാവേളയിൽ വ്യത്യസ്ത മേഖലകളിൽ നിന്നു കടന്നുവന്ന അനേകരുടെ സാന്നിധ്യംകൊണ്ട് അത് കൂടുതൽ മനസ്സിലാക്കുവാൻ കഴിഞ്ഞു. കല്ലുങ്കൽ എന്ന കൊച്ചു ഗ്രാമപ്രദേശത്ത് ജനിച്ചു വളർന്നുവന്ന ഒരു വൈദികന് ഇത്ര വലിയ സ്നേഹബന്ധങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞു എന്നുള്ളത് അച്ചന്റെ പ്രവർത്തന മികവായി കാണുവാൻ കഴിയും.

എം.ജി.എം. സ്കൂളിന്റെ ബോർഡിംഗ് മാസ്റ്ററായിരിക്കുമ്പോൾ തന്നെ എന്നെ കല്ലുങ്കൽ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ വികാരിയായും നിയമിച്ചു. എന്റെ കല്ലുങ്കൽ പള്ളിയിലേക്കുള്ള യാത്ര ബഹുമാനപ്പെട്ട അച്ചന്റെ വീടിന്റെ മുമ്പിൽ കൂടിയായിരുന്നു. അവിടെ എത്തുമ്പോൾ മിക്കപ്പോഴും വാഹനം നിർത്തി അച്ചനുമായി സംസാരിച്ച് സ്നേഹവും സൗഹൃദവും പങ്കിട്ട് പോരുന്ന രംഗങ്ങൾ ഇപ്പോഴും നല്ല ഓർമ്മയായി മനസ്സിൽ തെളിഞ്ഞു വരാറുണ്ട്.

നല്ല ഒരു സഹോദരബന്ധം എന്റെ കുടുംബവുമായും അച്ചൻ കാത്തു സൂക്ഷിച്ചിരുന്നു. ഒരു സഹോദരനെപ്പോലെ ഞങ്ങളോട് ഇടപെടുകയും ഞാനായിരുന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ എന്നെ പല കാര്യങ്ങളിലും സഹായിക്കുകയും ചെയ്തത് ഞാൻ ഇത്തരുണത്തിൽ സ്നേഹപൂർവ്വം സ്മരിക്കുന്നു. പിന്നീട് ഞാൻ ആറു വർഷം വികാരിയായിരുന്ന ചെങ്ങന്നൂർ സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രൽ ഇടവകയിൽ പൂവത്തൂർ ജാക്സൺ അച്ചന്റെ മൂത്ത മകൾ റ്റീമായെ വിവാഹം കഴിച്ചു. ജാക്സൺ എനിക്ക് സഹോദരതുല്യനാണ്. തന്മൂലം അച്ചനുമായുള്ള സ്നേഹബന്ധം കൂടുതലായി മുമ്പോട്ടു കൊണ്ടുപോകുവാൻ സാധിച്ചു.

തിരുവല്ല എം.ജി.എം. സ്കൂളിലെ എന്റെ 10 വർഷത്തെ പ്രവർത്തന കാലഘട്ടം മുതൽ ബഹുമാനപ്പെട്ട അച്ചൻ ദൈവസന്നിധിയിലേക്കു

ചേർക്കപ്പെടുന്നതുവരെയുള്ള ദീർഘകാലത്തെ ഊഷ്മള സ്നേഹബന്ധം ഇന്നും മായാതെ മനസ്സിൽ കാത്തുസൂക്ഷിക്കുന്നു.

ഒരു മനുഷ്യന്റെ ജീവിതം ശ്രേഷ്ഠകരമാകുന്നത് എന്തൊക്കെ ഓർമ്മകൾ ബാക്കി വെക്കുന്നു എന്നുള്ളതും എത്രപേർ ആ ജീവിതത്തെ അനുസ്മരിക്കുന്നു എന്നുള്ളതും ഒക്കെ അടിസ്ഥാനപ്പെടുത്തിയാണ്. സ്നേഹനിധിയായ തോമസ് തേക്കിൽ കോർഎപ്പിസ്ക്കോപ്പായുടെ പാവനസ്മരണയ്ക്കു മുമ്പിൽ പ്രാർത്ഥനാപൂർവ്വം പ്രണാമം.

"ശുദ്ധാഗാരേ – ശുശ്രൂഷിച്ചോനാം സഹജാ!
നൈർമ്മല്യത്തെ – സ്നേഹിച്ചെന്നും നീ സ്തേപ്പാനോസ് പോൽ
നന്നായി ശുശ്രൂഷിച്ചതിനാൽ നന്മണവറയിൽ മോദിക്കട്ടെ."

കരിമ്പിൻനാട്ടിൽ നിന്നും മാധുര്യമേറിയ അഭിഷിക്തൻ

ഫാ. ഡോ. ഫിലിക്സ് യോഹന്നാൻ തട്ടാശ്ശേരിൽ

(ചെങ്ങന്നൂർ ഭദ്രാസന കൗൺസിൽ അംഗം)

എത്രയോ നാളുകളായി പരിചയം ഉണ്ടായിരുന്നു എങ്കിലും വൈദിക ശുശ്രൂഷയിലേക്ക് ഞാൻ പ്രവേശിച്ചതിനു ശേഷമാണ് തേക്കിലച്ചനുമായി കൂടുതൽ അടുപ്പം ഉണ്ടായത്. കൃശഗാത്രനെങ്കിലും വെളുത്ത് സുസ്മേര വദനനായി വെണ്മയാർന്ന കുപ്പായധാരി ആരുടെയും ശ്രദ്ധ ആകർഷിച്ചി ല്ലെങ്കിലേ അദ്ഭുതമുള്ളു. കാലയവനികക്കുള്ളിലേക്ക് മായുന്നതിനു മുമ്പ് അച്ചൻ ദൈവം തന്നെ ഏല്പിച്ച ശുശ്രൂഷയെ വിശ്വസ്തതയോടെ നിർവ്വ ഹിച്ചു പൂർത്തീകരിച്ചു എന്നത് തന്നെയാണ് ആ ജീവിതത്തിന്റെ തിളക്കം.

ഞാൻ ഇപ്പോൾ ശുശ്രൂഷ ചെയ്യുന്ന വള്ളംകുളം സെന്റ് മേരീസ് ദേവാ ലയത്തിൽ അച്ചൻ ആറു വർഷക്കാലം ശുശ്രൂഷ ചെയ്തു എന്നത് ആ ഇട വകയോടും ഇടവകയിൽ അച്ചന് ഉണ്ടായിരുന്ന സ്വീകാര്യതയുടെയും സാക്ഷ്യമാണ്. അവിടുത്തെ പാരീഷ് ഹാളിന്റെ ഫലകത്തിൽ "1990 നവം ബർ. വികാർ: റവ. ഫാ. തോമസ് തേക്കിൽ" എന്ന് കൊത്തിവെച്ചിരിക്കു ന്നത് കണ്ണിൽപെട്ടപ്പോൾ ഞാൻ വർഷങ്ങളുടെ പിന്നിലേക്ക് പോയി. അന്ന് അച്ചന് വയസ്സ് 36 മാത്രം. ഒരു ഇടവകയുടെ ആവശ്യം കണ്ടറിഞ്ഞ് ദീർഘ വീക്ഷണത്തോടെ പണിതീർത്ത ആ ഒരു ആഡിറ്റോറിയം തന്നെ എത്ര നല്ല നേതൃത്വമായിരുന്നു അച്ചൻ ഇടവകയിൽ നൽകിയത് എന്ന് വ്യക്തമാ ക്കുന്നു.

എന്നാൽ ഇതിനും വർഷങ്ങൾക്ക് മുമ്പ് മലങ്കരയിലെ വലിയ ഭദ്രാസന ങ്ങളിൽ സെക്രട്ടറിയായി അച്ചൻ തെരഞ്ഞെടുക്കപ്പെട്ട് സേവനം അനുഷ്ഠി ച്ചിരുന്നു എന്ന് അറിയുമ്പോൾ വിസ്മയത്തോടെ മാത്രമേ തേക്കിൽ അച്ചനെ കാണാൻ പറ്റൂ. നന്നേ ചെറുപ്രായത്തിൽ, ഒരു യുവവൈദികന് സാധ്യമാ കാൻ ഇടയില്ലാത്ത സ്ഥാനമാനങ്ങൾ, അച്ചനെ തേടി വന്നു എന്നതുതന്നെ അച്ചന്റെ ജനസമ്മതിയും നേതൃത്വപാടവും വെളിപ്പെടുത്തുന്നു.

കല്ലുങ്കലിന്റെ പ്രദേശം തന്നെയും, സെന്റ് ഇഗ്നേഷ്യസ് പള്ളിയും അറിയപ്പെട്ടത് തന്നെ അച്ചന്റെ പേരിലൂടെയാണ്. സമഭാവനയോടെ ആളുകളെ കാണാൻ, അവരിലൊരാളായി നിൽക്കാൻ, നാടിന്റെ ആവശ്യങ്ങളിൽ സഹായമായി തീരാൻ, ബലഹീനരെ ചേർത്തുപിടിക്കാൻ അച്ചൻ എന്നും മുൻനിരയിൽ തന്നെ ഉണ്ടായിരുന്നു. സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക മേഖലകളിൽ അച്ചന് ഉണ്ടായിരുന്ന ബന്ധങ്ങളും പരിചയങ്ങളും വേണ്ടവിധം നമ്മൾ ഉപയോഗിച്ചിരുന്നോ എന്നത് ചിന്തിക്കേണ്ടതു തന്നെയാണ്. എന്നാൽ തന്റെ വിപുലമായ ബന്ധങ്ങളുടെ പൊങ്ങച്ചക്കഥകൾ ഒട്ടുംതന്നെ അച്ചനിൽ നിന്നും ഉണ്ടായിട്ടില്ല എന്നത് ആ വ്യക്തിത്വത്തിന്റെ വലിപ്പം.

കരിമ്പിന്റെ മാധുര്യമേറുന്ന കല്ലുങ്കലിൽ നിന്നും പുഞ്ചിരിതൂകി വിശ്വാസ സമൂഹത്തിന് മാതൃകയായി തീർന്ന ഉത്തമ ഇടയൻ ആയിരുന്നു അച്ചൻ. ഞാൻ പാണ്ടനാട് ഇടവകയുടെ ചുമതലയിൽ ആയ നാളുകളിൽ കൂടുതൽ അടുത്ത് ഇടപെടാൻ ശുശ്രൂഷകളിൽ പങ്കെടുക്കാൻ സാധിച്ചത് ഓർക്കുന്നു. അവിടുത്തെ മുൻ വികാരി എന്ന നിലയിൽ ആ ഇടവകയും അച്ചനും തമ്മിലുള്ള ബന്ധത്തിന്റെ ആഴം വാക്കുകൾക്കതീതമാണ്. കോവിഡ്-19 കാല ഘട്ടത്തിൽ അച്ചൻ വി. കുർബ്ബാനകൾക്ക് അവിടെ വന്നിരുന്നതും നേതൃത്വം നൽകിയതും വ്യത്യസ്തമായ അനുഭവം തന്നെയായിരുന്നു. പാണ്ടനാട്ടിൽ നിന്നും ഇടവകചുമതല മാറി വള്ളംകുളം പള്ളിയിലേക്ക് പോകുന്ന ഞായർ യാത്രയയപ്പ് സമ്മേളനത്തിന് അച്ചന്റെ സാന്നിധ്യം ഇടവകയും ഞാനും ആഗ്രഹിച്ചിരുന്നു. അന്ന് മറ്റൊരു ഇടവകയിൽ ശുശ്രൂഷ ഉണ്ടായിരുന്നു എങ്കിലും സ്നേഹത്തെപ്രതി അച്ചൻ തക്കസമയത്ത് ഓടിയെത്തിയത് നന്ദി പൂർവ്വം സ്മരിക്കുന്നു.

എത്രയേറെ വിളികൾ, സംസാരങ്ങൾ, കൂടിക്കാഴ്ചകൾ എല്ലാം പെട്ടെന്നൊരു നാൾ നിലച്ചപ്പോൾ സങ്കടത്തിന്റെ ആഴങ്ങളിലേക്ക് ആണ്ടുപോയി. എങ്കിലും ഉചിതമായി, ഭംഗിയായി ആ പുരോഹിതനെ ദൈവസന്നിധിയിലേക്ക് യാത്ര അയയ്ക്കാൻ പറ്റി എന്നതിൽ ദൈവത്തോടു നന്ദി. ഓർമ്മകളിൽ മാത്രമാകുമ്പോഴും പ്രാർത്ഥനകളിൽ മറക്കാതെ എന്നും നിറസാന്നിധ്യമായി നിൽക്കുന്ന പ്രിയ തേക്കിൽ അച്ചനെ ദൈവം തന്റെ അവകാശത്തിലേക്ക് ചേർത്തു നിർത്തട്ടെ. "നിന്റെ ദാസനായ ദാവീദിൻ നിമിത്തം നിന്റെ അഭിഷിക്തന്റെ മുഖം തിരിച്ചുകളയരുതേ" (സങ്കീർത്തനം 132:10).

പുഞ്ചിരിയുടെ പുരോഹിതൻ

ഫാ. ഷിനോ സാം

(ക്രൈസ്റ്റ് ചർച്ച് ന്യൂസിലാന്റ്)

ദൈവസന്നിധിയിലേക്ക് യാത്രയായി ഒരു വർഷം പിന്നിടുന്ന വന്ദ്യ തേക്കിൽ കോർഎപ്പിസ്കോപ്പായെ അനുസ്മരിക്കുമ്പോൾ അച്ചന്റെ പ്രകാശം ചൊരിയുന്ന പുഞ്ചിരിക്കുന്ന മുഖമാണ് ആദ്യമായി മനസ്സിൽ നിറയുന്നത്. 'പുരോഹിതൻ' ഹൃദയത്തിൽ ദൈവത്തിന്റെ കൈയൊപ്പ് ചാർത്തിയവൻ. ഹിതാനുസരണം മുമ്പേ ഗമിക്കുന്നവൻ പുരോഹിതൻ. ധർമ കാര്യാദ്ധ്യക്ഷൻ എന്ന അർത്ഥവും ഉണ്ട്. യെഹസ്ക്കേൽ പ്രവാചകന്റെ പുസ്തകത്തിൽ പുരോഹിതൻ ഒരടയാളം ആണ്. പ്രവാചക പുസ്തകത്തിൽ പറയുന്നതുപോലെ "മനുഷ്യപുത്രാ, ഞാൻ നിന്നെ ഈ ജനത്തിന് ഒരടയാളം ആക്കി വയ്ക്കും."

ദൈവസാന്നിധ്യം പ്രസരിപ്പിക്കുന്ന, ദൈവസന്ദേശം പ്രചരിപ്പിക്കുന്ന അടയാളമായി പുരോഹിതൻ മാറുമ്പോഴേ ആ ദൗത്യനിർവഹണത്തിന് പ്രസക്തിയുള്ളു. താലന്ത് നൽകിയവനോടും, തോട്ടം സൂക്ഷിപ്പുകാരനോടുമുള്ള ഉടമസ്ഥന്റെ ചോദ്യം ഓരോ പുരോഹിതനിലും ഉണ്ടായിരിക്കേണ്ടിയിരിക്കുന്നു. യാത്രയിൽ പലപ്പോഴും ദിശാസൂചകവുമായി ചുണ്ടുപലകകൾ കാണും. എന്നാൽ ഒരു ചൂണ്ടുപലകയും അത് ലക്ഷ്യമാക്കുന്ന ഇടങ്ങളിലേക്ക് യാത്ര ചെയ്യാറില്ല. അങ്ങനെയുള്ള അടയാളമല്ല; സജീവമായ ദൈവചൈതന്യമുള്ള അടയാളമായി മാറുമ്പോഴാണ് ദൈവജനത്തിനുവേണ്ടി നിലകൊള്ളുവാൻ കഴിയുന്നത്. അഹരോനെപ്പോലെ ദൈവം വിളിച്ചവനല്ലാതെ ആരും ഈ സ്ഥാനം സ്വയം ഏറ്റെടുക്കുന്നില്ല എന്ന ബോധ്യം ശുശ്രൂഷയുടെ എല്ലാ പടിയിലും പൗരോഹിത്യ സ്ഥാനി ഓർത്തിരിക്കേണ്ടതാണ്.

ക്രിസ്തുവിനോടൊപ്പം ഉള്ള അനുയാത്രയാണ് പൗരോഹിത്യം. ഒപ്പം ചേർത്തുള്ള യാത്രയിൽ മാത്രമേ അതേ ഭാവതലം സൃഷ്ടിക്കുവാൻ കഴിയുകയുള്ളൂ. ഭാവതലം എന്ന് പറഞ്ഞാൽ "the same wavelength." ചലനാത്മകതയാണ് അതിന്റെ ബാഹ്യഭാവം, പ്രവർത്തനനിരതരയെയാണ് ക്രിസ്തു തന്റെ പരസ്യ ശുശ്രൂഷയിൽ അനുയാത്രികരാക്കി മാറ്റിയത്. വല നെയ്തുകൊണ്ടിരിക്കുന്നവരെയാണ് ആദ്യം കണ്ടെത്തി ഒപ്പം നിർത്തിയത്. എമ്മാവോസി

ലേക്കുള്ള ശിഷ്യന്മാരുടെ യാത്രയിൽ ഉത്ഥിതനായ ക്രിസ്തു ഒപ്പം കൂടെ നടന്നു. അനുയാത്രയുടെ അനുഭവം അത് ക്രിസ്തു പൗരോഹിത്യത്തിനും പ്രദാനം ചെയ്യുന്നത്. 'വൈദികൻ എന്നത് ദൈവിക പശ്ചാത്തലത്തിൽ ക്രിസ്തുവിന്റെ കുരിശുമെടുത്ത് പിന്നാലെ അനുഗമിക്കുന്നവൻ' എന്നാണ്. പഴയനിയമകാലത്ത് പുരോഹിതൻ കാർമികൻ ആയിരുന്നു, ദൈവത്തിനു ബലിയർപ്പിക്കുന്ന ഒരുവൻ. എന്നാൽ ക്രിസ്തുവിലൂടെ പൗരോഹിത്യത്തിന് മറ്റൊരു മാനസികതലം കൈവന്നു. കർമ്മം ചെയ്യുന്നതോടൊപ്പം സ്വയം ബലിയായി തീർന്നതിലൂടെ, ബലിയർപ്പകനും ബലിയും ഒന്നായിത്തീരുന്നു. ക്രിസ്തുവിൽ ദൈവം ഒന്നാവുന്നതുപോലെ, കർമ്മവും കർത്താവും ഒന്നാകുന്നു - ഇതൊരു പ്രഹേളികയാണ്.

ക്രിസ്തുവിലെ ദാസ്യഭാവം ആണ് പൗരോഹിത്യം. പദവിയിൽ ഉന്നതമായിരിക്കുമ്പോഴും, സേവനത്തിൽ ദാസനായിരുന്നു ക്രിസ്തു. അധികാരത്തോടെ സംസാരിക്കുമ്പോഴും താഴ്മയോടെയാണ് ശുശ്രൂഷകൾ നിർവ്വഹിച്ചത്. ഭൗതികാധികാരികൾക്ക് മുമ്പിൽ ആത്മീയ അധികാരി മൗനം പാലിച്ച സന്ദർഭങ്ങൾ അവന്റെ വിസ്താരവേളയിൽ എടുത്തു പറയേണ്ടതാണ്. തന്നെത്താൻ താഴ്ത്തപ്പെടുമ്പോഴും ഉയർത്തപ്പെടുന്ന അനുഭവം ആയിരുന്നു അത്. ക്രൂശുമരണത്തിന്റെ വിധിയെഴുതിയ രാജാവ് വിധിക്ക് കീഴടങ്ങി നാമധാരിയായി മാറ്റപ്പെട്ടപ്പോൾ, വിധി സ്വീകരിച്ച കർത്താവ് വിധിയെ മറികടന്ന് മരണത്തെ അതിജീവിച്ച് നിത്യ നാമധാരിയായി മാറിയത് വിശ്വാസലോകം കണ്ടു. അതുകൊണ്ട് ക്രിസ്തുവിനെപ്പോലെ ദൈവജനത്തിന് ദാസനായിരിക്കുവാനുള്ള വിളിയും, തെരഞ്ഞെടുപ്പും ആണ് പുരോഹിതനുള്ളത്.

അപ്രകാരം ക്രിസ്തുവിനെ അനുഗമിച്ച ഒരു ശ്രേഷ്ഠ പുരോഹിതനായിരുന്നു വന്ദ്യ തേക്കിൽ കോർഎപ്പിസ്കോപ്പാ. അച്ചനെ അറിയാമായിരുന്നെങ്കിലും കൂടുതലായി അച്ചനെ അടുത്തറിയാൻ ഇടയായത് അച്ചന്റെ മകൻ പ്രിയ റ്റിബിനിലൂടെ ആയിരുന്നു. പ്രിയ റ്റിബിൻ ന്യൂസിലാൻഡിലെ ക്രൈസ്റ്റ് ചർച്ച് സെന്റ് മേരീസ് ഇടവകാംഗവും ഇടവകയുടെ വിവിധ ആത്മീയ ഭൗതികതലത്തിൽ മദ്ബഹാശുശ്രൂഷകനും, സൺഡേസ്കൂൾ അധ്യാപകനും, ഇടവകയുടെ ട്രസ്റ്റിയായും സേവനം അനുഷ്ഠിച്ചു പോരുന്നു. വന്ദ്യ അച്ചനെ 2023 മെയ് മാസത്തിൽ ഭവനത്തിൽ പോയി കാണുവാനും ഒരുമിച്ച് പ്രാർത്ഥിക്കുവാനും കഴിഞ്ഞത് ഓർക്കുന്നു. ആ അവസരത്തിൽ അച്ചന്റെ പഴയകാല ഓർമ്മകൾ അനുസ്മരിക്കുകയും അച്ചന്റെ പൗരോഹിത്യ ദൗത്യത്തിന്റെ ബുദ്ധിമുട്ടും പ്രയാസങ്ങളും ഒക്കെ പറയുകയുണ്ടായി. വളരെയേറെ പ്രചോദനം നൽകുന്ന ഒരു കൂടിക്കാഴ്ചയായിരുന്നു അത്. മലങ്കരസഭയുടെ തിരുവനന്തപുരം, ചെങ്ങന്നൂർ മെത്രാസനങ്ങളിൽ അച്ചൻ ശുശ്രൂഷകൾ അനുഷ്ഠിച്ചു. ഓരോ ദേവാലയ ശുശ്രൂഷയെയും അച്ചൻ വളരെ കൃത്യതയോടെ ഓർത്തെടുക്കുകയും അതിലൂടെ നല്ല പ്രചോദനങ്ങൾ ലഭിക്കുന്ന

ഓർമ്മകളായി മനസ്സിൽ സൂക്ഷിക്കുകയും ചെയ്തിരുന്നു. തന്റെ അടുക്കൽ വരുന്നവർക്ക് അച്ചൻ നൽകുന്ന വലിയൊരു ഗിഫ്റ്റ് ആണ് അച്ചന്റെ പ്രസന്ന മുഖത്തോടെയുള്ള പുഞ്ചിരി. ആ ചിരിയിലൂടെയുള്ള അച്ചന്റെ സംഭാഷണം തന്റെ അടുക്കൽ വരുന്നവർക്ക് നൽകുന്ന ഒരു പോസിറ്റീവ് എനർജി വളരെ വലുതാണ്. ദൈവം അച്ചന് നൽകിയ ഒരു വലിയ വരദാനമായി അതിനെ കാണുകയാണ്. പ്രാർത്ഥനയോടെ ഞങ്ങൾ പിരിഞ്ഞപ്പോൾ "എന്റെ ഒരു സ്നേഹമുള്ള ഓർമ്മയ്ക്കായി കൊച്ചച്ചന് ഞാൻ എന്തു നൽകും?" എന്ന് പറഞ്ഞ് അച്ചൻ തന്റെ പ്രാർത്ഥനാമുറിയിലെ വിശുദ്ധന്മാരുടെ ഛായാചിത്രങ്ങൾക്കും വിശുദ്ധ കുരിശിനുമായി അരികിൽ സൂക്ഷിച്ചിരുന്ന ഒരു ഫലകം സമ്മാനിച്ചു. അതിൽ ഇപ്രകാരം എഴുതിയ ഒരു ദൈവവചനവും ക്രിസ്തുവിന്റെ ഒരു ഛായാചിത്രവും ഉണ്ടായിരുന്നു: 'ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട്.' ആ വലിയ സ്നേഹസമ്മാനം അച്ചൻ നൽകുകയുണ്ടായി. ഏതു വലിയ പ്രതിസന്ധി ജീവിതത്തിൽ വന്നാലും ആ ദൈവവചനം കൊച്ചച്ചനെ ശക്തിപ്പെടുത്തട്ടെ എന്നുള്ള വലിയ സന്ദേശവും ഭയപ്പെടാതെ കർത്താവിന്റെ ശുശ്രൂഷകൾ ഭംഗിയായി ചെയ്യാൻ ദൈവം അച്ചനെ സഹായിക്കട്ടെ എന്നുള്ള വലിയ സന്ദേശവും പ്രാർത്ഥനയും നൽകി എന്നെ യാത്രയാക്കിയത് ഏറെ നന്ദിയോടെ ഓർക്കുന്നു.

2023 ജൂലൈയിൽ അച്ചനും കൊച്ചമ്മയും തന്റെ മകളെയും കുടുംബത്തെയും സന്ദർശിക്കുന്നതിനായി ഓസ്ട്രേലിയയിൽ എത്തുകയും തുടർന്ന് ന്യൂസിലാൻഡിൽ എത്തി 2023 വർഷത്തെ ജനനപെരുന്നാളിൽ തന്റെ മകനും കുടുംബവും കൂടിവരുന്ന സെന്റ് മേരീസ് ക്രൈസ്റ്റ് ചർച്ച് ഇടവകയിൽ നടത്താനും ക്രമീകരിച്ചിരുന്നു. എങ്കിലും ദൈവഹിതം മറ്റൊന്നായിരുന്നു. അച്ചൻ മകളുടെ ഭവനത്തിൽ വച്ച് പെട്ടെന്ന് വാങ്ങിപ്പോയി. അച്ചനുമായി യാത്രയുടെ ക്രമീകരണവും വിശേഷങ്ങളും ചോദിക്കുവാനായി അച്ചൻ അന്തരിക്കുന്നതിന് മൂന്ന് ദിവസം മുമ്പ് പ്രിയ റ്റിബിനും, അച്ചനും ചേർന്ന് ഒരു വീഡിയോ കോൺഫറൻസ് കോൾ നടത്തുകയും അച്ചന്റെ ആരോഗ്യ കാര്യങ്ങളെയും മറ്റു യാത്രകളെയും ഓസ്ട്രേലിയയിൽ ഉള്ള വിവിധ ദേവാലയങ്ങൾ സന്ദർശിച്ച കാര്യങ്ങളും പങ്കുവെക്കുകയും ചെയ്തു. ആ ഫോൺ കോൾ സംഭാഷണം ആയിരുന്നു അച്ചനുമായുള്ള അന്ത്യ സംഭാഷണം. വളരെ അപ്രതീക്ഷിതമായിരുന്നു അച്ചന്റെ നിര്യാണ വാർത്ത. അറിഞ്ഞത് സത്യമായിരുന്നു എന്ന് ഉൾക്കൊള്ളുവാൻ ഏറെ സമയം എടുത്തു.

ദൈവം നൽകിയ താലന്ത് അത് ഏറെ വർദ്ധിപ്പിച്ച് താൻ ഏൽപ്പിച്ച ആട്ടിൻപറ്റത്തെ നല്ല മേച്ചിൽപുറത്തിലൂടെ വഴിനടത്തി, പ്രസന്നമായ, പ്രകാശമായ ആ നിറപുഞ്ചിരിയിലൂടെ ദൈവഹിതം പൂർത്തിയാക്കിയ എന്നും ഞങ്ങളുടെ മനസ്സിൽ മായാത്ത പുഞ്ചിരി സമ്മാനിച്ച ഞങ്ങളുടെ പിതാവായ വന്ദ്യ ആചാര്യാ സമാധാനത്തോടെ ദൈവസന്നിധിയിൽ വസിക്കുക. അവിടുത്തെ സ്വർഗീയ ആരാധനയിൽ ഞങ്ങളെയും ഓർക്കേണമേ.

നിലപാടുകളുടെ രാജകുമാരൻ

ഫാ. നിജിൽ യാക്കോബ് വർഗീസ്

(വികാരി, സെന്റ് ജോർജ് പള്ളി, ചവറംപാടം)

2019-ൽ കൂർത്തമല സെന്റ് മേരീസ് ഇടവകയുടെ വികാരിയായി ചുമതല യേറ്റു വന്നപ്പോഴാണ് വന്ദ്യനായ തോമസ് തേക്കിൽ കോർ എപ്പിസ്ക്കോപ്പാ അച്ചനെ ആദ്യമായി അടുത്ത് പരിചയപ്പെടുന്നത്. സെമിനാരി മൂന്നാം വർഷ വിദ്യാർത്ഥിയായ എന്നോട് ആദ്യത്തെ ചോദ്യം "എന്നാണ് പട്ടംകൊട??" ഉത്തരമായി "സെമിനാരി NOC ലഭിക്കട്ടെ അച്ചാ" എന്നു പറഞ്ഞു. ആ മറുപ ടിയിൽ ഒരു ചിരി ഒളിഞ്ഞിരിപ്പുണ്ടായിരുന്നു. സെമിനാരി ജീവിതം ഒരു അനു ഭവമാണെന്നും തന്റെ പഠനകാലത്തെ ജീവിത സാഹചര്യവും അന്നത്തെ സെമിനാരി അനുഭവവും ആ ഒരു ചുരുങ്ങിയ സമയത്തിനുള്ളിൽ വന്ദ്യനായ അച്ചൻ എന്നെ പറഞ്ഞു കേൾപ്പിച്ചു. തന്റെ ആത്മീയ ഗുരുവായ ദീയസ്ക്കോ റോസ് തിരുമേനി പഠിപ്പിച്ച പല കാര്യങ്ങളും ഓർത്തെടുത്ത് പറഞ്ഞത് ഇന്നലെ എന്നവണ്ണം ഓർക്കുന്നു. കോവിഡ് എന്ന മഹാമാരി കടന്നു വന്ന പ്പോൾ ആ സമയത്ത് നടന്ന എന്റെ ശെമ്മാശ പട്ടംകൊടയിൽ വെളുപ്പാൻ കാലം നാലര മണിക്ക് വന്ദ്യനായ അച്ചൻ കാർ ഓടിച്ചു വന്നതും ആ ശുശ്രൂ ഷയിൽ സംബന്ധിച്ചതും ഓർത്തുപോകുന്നു. അതിനുശേഷം ഏതു കാര്യ ത്തിലായാലും കൂടെ നിന്ന് വഴികാട്ടിയായി സ്നേഹിച്ച ഒരു ശ്രേഷ്ഠ വൈദി കനായിരുന്നു തേക്കിലച്ചൻ. സരസമായ സംഭാഷണശൈലിയും അല്പം ഫലിതം ചേർത്ത് അപരനെ നോവിക്കാതെ സംസാരിക്കുന്ന രീതിയും എന്നാൽ തെറ്റാണെങ്കിൽ തെറ്റ് എന്ന് ഉറച്ച ശബ്ദത്തിൽ പറയുവാനുള്ള ധൈര്യവും ആ വൈദികശ്രേഷ്ഠനെ വ്യത്യസ്തനാക്കുന്നു. ഇടവകയിലെ ഏതു കാര്യത്തിൽ ആയാലും ആത്മാർത്ഥതയോടെയും തികഞ്ഞ ബോധ്യ ത്തോടെയും നിലപാടുകൾ അറിയിച്ചിരുന്നു. റിട്ടയർമെന്റ് ജീവിതത്തിൽ ആയിരിക്കുമ്പോൾ വൈദിക പദവിയിലേക്ക് പ്രവേശിക്കുന്ന എന്നോട് ഒരു വൈദികന് വേണ്ട ഗുണഗണങ്ങൾ പറഞ്ഞുതരികയും പട്ടംകൊട ശുശ്രൂഷ യിൽ മുഴുവനായി സംബന്ധിക്കുകയും അനുഗ്രഹിക്കുകയും "കുഞ്ഞേ" എന്ന വിളികൊണ്ട് സ്നേഹം പകർന്നുതരികയും ചെയ്തിരുന്നു. ഓസ്ട്രേ ലിയയിലേക്ക് പോകുന്നതിനു മുമ്പ് അച്ചൻ പരുമല ആശുപത്രിയിൽ ചെക്ക

പ്പിനു പോയപ്പോഴാണ് അവസാനമായി സംസാരിച്ചത്. അന്നും കുറെയധികം കാര്യങ്ങൾ പറയുകയും ഒത്തിരി സന്തോഷിക്കുകയും ചിരിക്കുകയും ഞങ്ങൾ ചെയ്തു. എന്നും മായാത്ത ഓർമ്മയായി ആ നിമിഷങ്ങൾ ഉള്ളിൽ നിലകൊള്ളുന്നു. ഓസ്ട്രേലിയയിലേക്ക് പോകുംമുമ്പ് "ഞാൻ തിരികെ വരുമ്പോൾ അച്ചന്റെ പള്ളിയിൽ ഒരു കുർബാന അർപ്പിക്കണം" എന്ന് സ്നേഹത്തോടെ എന്നോട് പറയുകയും അത് ഒരു നിർദ്ദേശമായി ഞാൻ കേൾക്കുകയും ആഗ്രഹിക്കുകയും ചെയ്തിരുന്നു. എന്നാൽ പിന്നീട് ആ ചിരിക്കുന്ന മുഖത്തോടു കൂടി "കുഞ്ഞേ" എന്ന് വിളിച്ചുകൊണ്ട് വരുവാൻ അച്ചന് സാധിച്ചില്ല എന്നുള്ളത് നൊമ്പരമായി അവശേഷിക്കുന്നു. എങ്കിലും ശ്രേഷ്ഠനായ പുരോഹിതൻ നിർമ്മലമായ ദൈവിക സന്നിധിയിൽ ബലിയർപ്പിക്കും. ആ ബലിയിൽ എന്നെയും ഓർക്കും എന്ന ശുഭാപ്തി വിശ്വാസത്തോടെ, പ്രാർത്ഥനയോടെ, തേക്കിലച്ചനെ ഇന്നും എന്നും ഞങ്ങൾ ഹൃദയത്തിൽ സ്മരിക്കും.

തേക്കിലച്ചന്റെ ശോഭയാർന്ന പുഞ്ചിരി

നൈനാൻ കാടുവെട്ടൂർ

വന്ദ്യനായ തോമസ് തേക്കിൽ കോർഎപ്പിസ്ക്കോപ്പാ ദിവംഗതനായിട്ട് ഒരു വർഷം തികയുന്നെങ്കിലും, അദ്ദേഹത്തെപ്പറ്റിയുള്ള ഓർമ്മ ഇന്നും സജീവമായി എന്റെ മനസ്സിൽ തങ്ങിനില്ക്കുന്നു. 1998-2001 കാലഘട്ടത്തിൽ ചെങ്ങന്നൂർ സെന്റ് ഇഗ്നേഷ്യസ് ഇടവകയിൽ വികാരി ആയിരിക്കുമ്പോൾ ബഹുമാനപ്പെട്ട തേക്കിൽ അച്ചനുമായുള്ള പരിചയം തുടങ്ങിയശേഷം, അത് ഒരു സൗഹൃദമായി വളരുകയായിരുന്നു. ആ കാലത്ത്, കാലംചെയ്ത അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനി എന്റെ ഭവനകൂദാശ നടത്തിയപ്പോഴും, പിന്നീട് എന്റെ പിതാവിന്റെ മരണസമയത്തും, 40-ാം ദിവസ അടിയന്തിരം പരിശുദ്ധ കാതോലിക്കാബാവാ മോറാൻ മാർ ബസ്സേലിയോസ് മാർതോമ്മാ മാത്യൂസ് ദ്വിതീയൻ തിരുമനസ്സിന്റെ മുഖ്യകാർമികത്വത്തിലും, പിന്നീട് കാതോലിക്കാമാരായ അഭിവന്ദ്യ തോമസ് മാർ തീമോത്തിയോസ് (പ. ദിദിമോസ് പ്രഥമൻ ബാവാ) തിരുമേനിയുടെയും, അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് (പ. പൗലോസ് ദ്വിതീയൻ ബാവാ) തിരുമേനിയുടെയും സഹകാർമ്മികത്വത്തിലും നടത്തുവാനും നേതൃത്വം നൽകിയ ബഹു. തേക്കിൽ അച്ചൻ, സന്തോഷത്തിലും സന്താപത്തിലും കൂടെ നിന്ന വൈദിക ശ്രേഷ്ഠനായിരുന്നു.

ക്രിസ്തുസഭയേയും സഭാപിതാക്കന്മാരേയും അത്യധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും, പ്രവർത്തിപഥത്തിൽ അടുത്തു പ്രവർത്തിച്ച ഏവരോടും സ്നേഹബന്ധം പുലർത്തുകയും, ആത്മാർത്ഥമായ പുഞ്ചിരിയോടെ അവരെ ചേർത്തു നിർത്തുകയും ചെയ്തിരുന്നു ബഹു. തേക്കിലച്ചൻ. സഭാപ്രവർത്തനങ്ങളോടോപ്പം, സാമൂഹ്യപ്രവർത്തനങ്ങളും തന്റെ ഉത്തരവാദിത്തമായി കരുതി പ്രവർത്തിച്ചിരുന്നു ആ ആചാര്യശ്രേഷ്ഠൻ. കല്ലുങ്കൽ എന്ന ചെറിയ പ്രദേശം തന്നെ അറിയപ്പെട്ടത് തേക്കിലച്ചൻ മുഖാന്തിരമായിരുന്നോ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു

ചെങ്ങന്നൂരെ കാടുവെട്ടൂർ കുടുംബവുമായും, സെന്റ് മേരീസ് ദേവാലയവുമായും, അഗാധമായ സ്നേഹബന്ധമാണ് ബഹു. തേക്കിലച്ചൻ പുലർത്തിയിരുന്നത്; പ്രത്യേകിച്ചും ഔദ്യോഗിക സഭാസേവനത്തിൽ നിന്നും

വിരമിച്ചശേഷം, അവിടുത്തെ ചെറുതും വലുതുമായ എല്ലാ പരിപാടികളി ലെയും നിറസാന്നിധ്യവുമായിരുന്നു. കുടുംബത്തിന്റെ ജീവകാരുണ്യ, സാമൂഹ്യസേവന സംരംഭമായി തുടങ്ങിയ കാടുവെട്ടൂർ വല്ല്യൗപ്പൻ മെമ്മോ റിയൽ സീനിയർ സിറ്റിസൺ കെയർ സെന്റർ (കെ.വി.എം. വൃദ്ധസദനം) കെട്ടിടത്തിന്റെ കല്ലിടീൽ കർമ്മത്തിൽ ബഹു. തേക്കിലച്ചൻ കാർമ്മികനായി രുന്നു. കെട്ടിടം പണിക്കായി സംഭാവനയും നൽകി അനുഗ്രഹിച്ചു. അതിന്റെ നിർമ്മാണം പൂർത്തീകരിച്ചു കാണുവാൻ അതിയായി ആഗ്രഹിച്ചിരുന്ന തേക്കിലച്ചന്, 2024 മാർച്ച് 23-നു നടന്ന കൂദാശയിലും ഉദ്ഘാടനത്തിലും സംബന്ധിക്കുവാൻ ഇടയാകാഞ്ഞത്, അതിന്റെ ഭാരവാഹികൾക്ക് തീരാ നഷ്ടവും അതീവ വ്യഥയുമായിത്തീർന്നു.

കാടുവെട്ടൂർ പള്ളിയിൽ എല്ലാ ശനിയാഴ്ചകളിലും നടക്കുന്ന വി. കുർ ബ്ബാനയിലും വിശുദ്ധ ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയിലും, വല്ല്യൗപ്പന്റെ കബറിലെ ധൂപപ്രാർത്ഥനയിലും മാസത്തിൽ ഒരിക്കലെ ങ്കിലും, ബഹു. കോർഎപ്പിസ്ക്കോപ്പാ അച്ചൻ കാർമ്മികനായിരുന്നു. പൊതു വായി അവിടെ നടത്തുന്ന 'വെള്ളംകുടി' നേർച്ചയിലും, വല്ല്യൗപ്പന്റെ ശ്രാദ്ധ പ്പെരുന്നാളിലും സെന്റ് മേരീസ് പള്ളിപ്പെരുന്നാളിലും മറ്റു പരിപാടികളിലും ബഹു. അച്ചൻ കൊച്ചമ്മയോടൊപ്പം സംബന്ധിച്ച് അനുഗ്രഹപ്രദമാക്കുമാ യിരുന്നു. കൂടാതെ, 2021-ൽ നടന്ന കാടുവെട്ടൂർ ചരിത്ര മ്യൂസിയം ഉദ്ഘാട നത്തിലും, 2022-ൽ കുടുംബചരിത്ര വീഡിയോ പ്രകാശന ചടങ്ങിലും, 2023-ൽ ഞാൻ രചിച്ച 'സംക്ഷിപ്ത കേരള സഭാചരിത്രവും മലങ്കര നസ്രാണി പാരമ്പര്യങ്ങളും' എന്ന പുസ്തക പ്രകാശന ചടങ്ങിലും, വിവിധ മെത്രാപ്പോലീത്താമാരുടെയും വിശിഷ്ടാതിഥികളുടെയും കൂടെ വന്ദ്യ കോർ എപ്പിസ്ക്കോപ്പായുടെ സാന്നിധ്യം ഉണ്ടായിരുന്നത് കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. അദ്ദേഹം ശുശ്രൂഷിച്ചു നൽകിയിട്ടുള്ള ദൈവികമായ വിശുദ്ധ കൂദാശകളുടെ കൃപയ്ക്കും ആത്മീയ നൽവരങ്ങൾക്കും കാടുവെട്ടൂർ കുടും ബാംഗങ്ങൾ എക്കാലത്തും നന്ദിയുള്ളവരായിരിക്കും.

പുരോഹിതന്മാരുടെ ഓർമ്മയിൽ നടത്തുന്ന പ്രാർത്ഥനയിൽ ചൊല്ലുന്ന തുപോലെ, "മൺമയരായ ആചാര്യന്മാരെ തനിക്കു തെരഞ്ഞെടുക്കുകയും ദിവ്യാധികാരത്താൽ അവരെ അലങ്കരിക്കുകയും, ആവശ്യക്കാർക്ക് തന്റെ സമ്പത്തിനെ വിഭജിച്ചു കൊടുക്കുവാനായി തന്റെ ശ്രീഭണ്ഡാരത്തിന്മേൽ അവരെ നിയോഗിക്കുകയും ചെയ്തവനായ കർത്താവ്", പ്രതിപകരം ചെയ്യുവാനായി വീണ്ടും വരുമ്പോൾ, വെടിപ്പോടെ തനിക്ക് ആചാര്യവേല ചെയ്തിട്ടുള്ള വന്ദ്യ തോമസ് തേക്കിൽ കോർഎപ്പിസ്ക്കോപ്പായ്ക്കും ഭാഗ്യ മുള്ള പ്രതിഫലം നൽകുമാറാകട്ടെ എന്ന് ഞാനും പ്രാർത്ഥിക്കുന്നു.

കർമ്മ വഴിയിലെ വിളക്കുമരം

എബി മാത്യു കൊഴുവല്ലൂർ

ആത്മീയതയിൽ ഭൗതീകതയ്ക്ക് അത്ര പ്രാധാന്യം ഇല്ലെങ്കിലും ഭൗതീകമായ സംഗതികളും ആത്മീയതയുടെ വെളിച്ചത്തിന് ഊർജം പകരാറുണ്ട്. പുരോഹിതൻ ദൈവികശുശ്രൂഷകനായ മനുഷ്യൻ എന്ന നിലയിൽ അഭൗമിക മേഖലയോടും ഈ ലോകത്തോടും ബന്ധപ്പെട്ടു കഴിയുന്നു. ഒരേ സമയം ദൈവത്തോടും മനുഷ്യനോടും ചേർന്നിരിക്കുന്നു. ക്രിസ്തുവിന്റെ മനുഷ്യാവതാരം തന്നെ അതിന് മികച്ച ഉദാഹരണമാണ്. പുരോഹിതൻ ദൈവജനത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവൻ എന്ന നിലയിൽ ജനത്തോടും വേർതിരിക്കപ്പെട്ടവൻ എന്ന നിലയിൽ സ്വർഗ്ഗീയ സമൂഹത്തോടും ചേർന്നിരിക്കുന്നു. ഇത്തരത്തിൽ തന്റെ സഭാശുശ്രൂഷയും, സാമൂഹിക ജീവിതവും നിറപടിയായി പൂർത്തീകരിച്ച് പിതാക്കന്മാരോട് ചേർന്ന ഒരു വൈദിക ശ്രേഷ്ഠനെയാണ് ഇവിടെ അനുസ്മരിക്കുന്നത്.

ഏതാണ്ട് 10 വർഷത്തെ പരിചയമാണ് എനിക്ക് ബഹു. കോർ എപ്പിസ്ക്കോപ്പാ അച്ചനെ ഓർക്കുമ്പോൾ മനസിൽ പച്ചപിടിച്ചു നിൽക്കുന്നത്. ഒരു പക്ഷേ അതിൽ കൂടുതൽ കാണുമായിരിക്കും. എങ്കിലും അടുത്ത പരിചയമാണ് ഈ 10 വർഷം എന്നതിൽ ഉദ്ദേശിക്കുന്നത്. തേച്ച് വടിവൊത്ത വെണ്ണകളർ കുപ്പായമിട്ട്, വെട്ടി ഒതുക്കിയ താടിയും, ശീമക്കാരുടെ നിറവും, സ്വർണ്ണ കുരിശു മാലയും അണിഞ്ഞു സുസ്മേരവദനവുമായി അടുത്തുവരുന്ന തേക്കിൽ അച്ചനാണ് ഇത് എഴുതുമ്പോൾ മനസിൽ നിറഞ്ഞു നിൽക്കുന്നത്. ചെങ്ങന്നൂർ ഭദ്രാസന ആസ്ഥാനമായ ബഥേൽ അരമനയിൽ വെച്ചാണ് ബഹു. അച്ചനെ ആദ്യം കാണുന്നത്. ആരെയും ആകർഷിക്കുന്ന ചിരിയും, മുകളിൽ പറഞ്ഞ മറ്റു ഗുണഗണങ്ങളും അച്ചനെ ഏത് ആൾക്കൂട്ടത്തിനു നടുവിലും ശ്രദ്ധിക്കുവാൻ ഇടയാക്കി. പ്രായവ്യത്യാസം കണക്കാക്കാതെ ബഹു. കോർ എപ്പിസ്ക്കോപ്പാ അച്ചൻ കാണിച്ച അടുപ്പവും സൗഹൃദവും അച്ചനോട് ഉള്ള ബഹുമാനത്തിന് ആഴം കൂട്ടി. 'ഇപ്പോ കണ്ടാൽ അന്ത്യോഖ്യയിലെ പ. സഖാ പ്രഥമൻ ബാവായെ പോലെ ഉണ്ട്' എന്ന് തമാശയ്ക്ക് പറയുമ്പോൾ 'ഏനോ അബ്ദോ...' എന്ന് പറഞ്ഞു ചിരിച്ചുകൊണ്ട് വിനയത്തോടെ ആ തമാശ ആസ്വദിക്കുന്ന അച്ചനെ മറക്കുവാൻ കഴിയുകയില്ല.

തിരുവനന്തപുരം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായും, ക്രാന്തദർശിയും ആയിരുന്ന ഭാഗ്യസ്മരണാർഹനായ അഭി. ഗീവർഗീസ് മാർ ദീയ

സ്ക്കോറോസ് തിരുമേനിയുടെ സെക്രട്ടറി എന്ന നിലയിൽ ഉള്ള അച്ചന്റെ പ്രവർത്തന പരിചയം അച്ചനിലെ ഒരു മികച്ച സംഘാടകനെയും ഭരണ കർത്താവിനെയും രൂപപ്പെടുത്താൻ സഹായിച്ചു എന്നതിൽ രണ്ടു പക്ഷം ഇല്ല. സഭയുടെ ഒട്ടനവധി സ്ഥാനങ്ങൾ അലങ്കരിക്കുവാൻ ബഹു. അച്ചന് സാധിച്ചത് ഈ അടിത്തറയിൽ നിന്നായിരുന്നു അതുകൊണ്ട് 'ഉത്തമനായ ഭരണകർത്താവ്' എന്ന പേരിന് സർവ്വദാ യോഗ്യനായ പിതാവാണ് ബഹു. തോമസ് തേക്കിൽ കോർഎപ്പിസ്ക്കോപ്പാ.

1 കൊരിന്ത്യർ 4:1 പറയുന്നതുപ്രകാരം 'ക്രിസ്തുവിന്റെ ശുശ്രൂഷകനും ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകനു'മായി ദൈവം കൊടുത്ത ആയുസ് ഉത്തരവാദിത്വത്തോടെ പൂർത്തീകരിച്ച ആചാര്യശ്രേഷ്ഠനാണ് ബഹു. തോമസ് തേക്കിൽ കോർഎപ്പിസ്ക്കോപ്പാ അച്ചൻ. അപ്പൻ മക്കളെ എന്ന പോലെ പ്രബോധിപ്പിച്ചും, ഉത്സാഹിപ്പിച്ചും, സത്യവിശ്വാസത്തിൽ വഴി നടത്തി സാക്ഷ്യമുള്ളവരായി ജീവിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നതാണ് ആചാര്യത്വ ശുശ്രൂഷയുടെ കാതൽ. അത്തരത്തിൽ ഒരു ദേശത്തിന് തന്നെ പിതാവും മൂപ്പനും ആയിരുന്ന് തലമുറകൾക്ക് മാതൃകയും, വഴികാട്ടിയുമായി ജീവിച്ച അച്ചൻ വൈദിക സമൂഹത്തിന് ഒരു ഉത്തമ മാതൃകയാണ്. 2018-ൽ കല്ലുങ്കൽ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ വികാരി ആയിരി ക്കുമ്പോൾ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ചാരിറ്റി പ്രവർത്തനങ്ങളിൽ എന്നെ ക്ഷണിക്കുകയും അതിൽ പങ്കെടുപ്പിക്കുകയും ചെയ്തത് ഇത്തരുണത്തിൽ സന്തോഷത്തോടെ അനുസ്മരിക്കുന്നു. എത്ര പ്രകോപനപരമായി സംസാരിച്ചാലും ആരോടും മനസിൽ വാശിയോ വൈരാഗ്യമോ അച്ചൻ സൂക്ഷിച്ചിരുന്നില്ല എന്ന് മാത്രമല്ല വിമർശിച്ച ആളെ കാണുമ്പോൾ സന്തോഷത്തോടെ അങ്ങോട്ട് ചെന്ന് കുശലം അന്വേഷി ക്കുന്ന രീതി അനുകരണീയമായ ഒരു മാതൃക ആയിരുന്നു. 'വി. കുർബാന അർപ്പിക്കുന്ന പുരോഹിതൻ മനസിൽ വൈര്യം സൂക്ഷിക്കരുത്' എന്ന ആപ്ത വാക്യം ബഹു. അച്ചൻ ജീവിതത്തിൽ ഉടനീളം കാത്തുസൂക്ഷിച്ചു.

കാര്യസാധ്യത്തിനുവേണ്ടി അടുപ്പവും, സൗഹൃദവും കാണിക്കുന്ന ലോകത്ത് ഒരു വേറിട്ട മുഖം ആയിരുന്നു തേക്കിൽ അച്ചന്റേത്. തന്റെ പരിച യവും സൗഹൃദവും ബന്ധങ്ങളും മരണംവരെ കോട്ടം തട്ടാതെ കാത്തു സൂക്ഷിക്കുവാൻ അച്ചന് കഴിഞ്ഞു. ലഭിച്ച പദവിയുടെ മഹത്വം തിരിച്ചറിഞ്ഞു വേഷത്തിലും, നടപ്പിലും ശുശ്രൂഷയിലും ശോഭ കെടാതെ ബഹു. അച്ചൻ സൂക്ഷിച്ചു. കർമ്മവഴിയിലെ വിളക്കുമരമായി പൂർവ്വ കാലങ്ങളെ മറക്കാതെ, പുതിയ തലമുറകളെ തന്നിലേക്ക് ആകർഷിച്ച് പിതാക്കന്മാർ ഇട്ട അതിർ വരമ്പുകൾ കാത്തുസൂക്ഷിച്ച്, സത്യവിശ്വാസം കൈവിടാതെ സംരക്ഷിക്കു വാൻ ഒരു പുരുഷായുസ് മലങ്കരസഭയ്ക്കായും, ദേശത്തിനായും സമർപ്പിച്ച ബഹു. തോമസ് തേക്കിൽ കോർഎപ്പിസ്ക്കോപ്പായുടെ ദീപ്തസ്മരണക ൾക്ക് മുമ്പിൽ പ്രണാമം അർപ്പിക്കുന്നു.

സൗന്ദര്യത്തിന്റെയും സ്നേഹത്തിന്റെയും ആത്മീയ പ്രവാഹം

അരുൺ തോമസ് ഉമ്മൻ

വന്ദ്യനായ തോമസ് തേക്കിൽ കോറെപ്പിസ്കോപ്പാ അച്ചൻ നമ്മിൽ നിന്നു വാങ്ങിപ്പോയിട്ട് ഒരു വർഷം ആകുന്നു. ഈ അവസരത്തിൽ അദ്ദേഹത്തിന്റെ ഓർമ്മ നിലനിർത്താൻ ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിലും അതിൽ ഒരു ചെറിയ സ്മരണ രേഖപ്പെടുത്താൻ സാധിക്കുന്നതിലും ഉള്ള സന്തോഷം ആദ്യമേ അറിയിച്ചുകൊള്ളട്ടെ.

ആദരണീയനായ തോമസ് തേക്കിൽ കോർഎപ്പിസ്കോപ്പാ അച്ചൻ, എന്റെ വല്യ വല്യപ്പച്ചന്റെ (അമ്മയുടെ അപ്പച്ചൻ) സഹോദരിയുടെ കൊച്ചു മകന്റെ മകൻ ആണ്. പഴയ കാലത്തു ബന്ധങ്ങൾക്ക് വലിയ വിലയുണ്ടായിരുന്നു. അതുകൊണ്ടു തന്നെ, ഇതൊരു അകന്ന ബന്ധം എന്ന നിലയിൽ അച്ചൻ ഒരിക്കലും കണ്ടിരുന്നില്ല. എപ്പോൾ കണ്ടാലും എന്തെങ്കിലും കാര്യമായി സംസാരിക്കാതെ വിടാറില്ലായിരുന്നു. എന്റെ വല്യ വല്യപ്പച്ചൻ കേരളാഭിമാനി പത്രാധിപർ ജേക്കബ് കുര്യൻ ഒരു അൽമായ പ്രമുഖനും, മികച്ച വാഗ്മിയും, അന്നത്തെ തിരുവിതാംകൂർ രാജാവായിരുന്ന ശ്രീമൂലം തിരുനാളിന്റെ കാലത്ത് പ്രജാസഭ അംഗവും ആയിരുന്നു. അന്നത്തെ കാതോലിക്കാ ആയിരുന്ന പ്രഗത്ഭനായിരുന്ന പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ അടുത്ത അനുയായി കൂടിയായിരുന്നു ശ്രീ. ജേക്കബ് കുര്യൻ. അദ്ദേഹത്തിന്റെ മറ്റൊരു സഹോദരിയെ വിവാഹം കഴിച്ചതു കണ്ടത്തിൽ കെ. സി. മാമ്മൻ മാപ്പിളയുടെ ഭാര്യാസഹോദരനാണ്. ഞാൻ ഇത്രയും ചരിത്രം പറയാൻ കാരണം, പത്രാധിപർ ജേക്കബ് കുര്യന്റെ കഴിവുകളിൽ ചിലതെങ്കിലും കൈമറിഞ്ഞ് പിൻതലമുറയിൽപ്പെട്ട ബഹുമാനപ്പെട്ട തേക്കിലച്ചന് ലഭിച്ചു എന്നു ചൂണ്ടിക്കാണിക്കുന്നതിനു വേണ്ടിയാണ്. പലരും സ്വതസിദ്ധമല്ലാത്ത മാർഗ്ഗങ്ങളിലൂടെ വളരാൻ ശ്രമിക്കുന്നു. എന്നാൽ തേക്കിലച്ചനെപറ്റി പറയുകയാണെങ്കിൽ, അതു കുറെയൊക്കെ അദ്ദേഹത്തിന്റെ രക്തത്തിൽ തന്നെ ഉണ്ടായിരുന്നു. നമ്മൾ മനസിലാക്കേണ്ടുന്ന

ഒരു കാര്യം, പാരമ്പര്യം എന്നുള്ളത് ഒരു വ്യക്തിയുടെ പ്രവർത്തനങ്ങളിൽ നിർണായക ഘടകം തന്നെയാണ്. അതു തേക്കിലച്ചന് വേണ്ടുവോളം ഉണ്ടായിരുന്നു എന്നു മാത്രമല്ല, അതിനു കോട്ടം തട്ടാതെ നിലനിർത്തി മുന്നോട്ട് പോകുവാനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

1975-ൽ പത്രാധിപർ ജേക്കബ് കുര്യന്റെ ഇരുപത്തിയഞ്ചാം ചരമവാർഷികത്തോടനുബന്ധിച്ച് നടത്തിയ സമ്മേളനത്തിൽ, അന്നു സെമിനാരി വിദ്യാർത്ഥി ആയിരുന്ന തോമസ് തേക്കിൽ എന്ന ചെറുപ്പക്കാരൻ നടത്തിയ പ്രൗഢ ഗംഭീരമായ പ്രസംഗത്തെപ്പറ്റി എന്റെ ഒരു അമ്മാച്ചൻ, ഈ അടുത്തും പറയുകയുണ്ടായി. ആ പ്രസംഗത്തിന്റെ എന്തെങ്കിലും പ്രസക്തഭാഗം ലഭ്യമാക്കുവാൻ ഞാൻ ഒരു ശ്രമം നടത്തി നോക്കിയെങ്കിലും, ഇന്നത്തെപ്പോലെ റിക്കോർഡിംഗ് സൗകര്യങ്ങൾ ഒന്നുമില്ലാതിരുന്ന കാലമായതുകൊണ്ട് ലഭിച്ചില്ല. പക്ഷേ, അന്ന് അച്ചൻ പ്രസംഗിച്ച കാര്യം ഓർത്തിരിക്കുന്ന ചിലരെങ്കിലും ഇപ്പോഴുമുണ്ട്.

ദൈവം കനിഞ്ഞു നൽകിയ ഒരു വശ്യമായ സൗന്ദര്യം തേക്കിലച്ചന് ചെറുപ്പം മുതലേ ഉണ്ടായിരുന്നെന്ന് എന്റെ പിതാവ്, ഒ. തോമസ് അച്ചൻ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. അതുകൊണ്ടു തന്നെ, ജനങ്ങളെ തന്റെ അടുക്കലേക്കു ആകർഷിക്കുവാൻ ഈ സൗന്ദര്യവും അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. സൗമ്യമായി ഇടപെടുമെങ്കിലും, അരുതാത്തതായ കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അതു ചൂണ്ടിക്കാണിക്കുന്നതിന് അദ്ദേഹത്തിനു ഒട്ടുംതന്നെ മടിയില്ലായിരുന്നു. സഭയിലെ മേൽപ്പട്ട സ്ഥാനീയരിലും, ജനങ്ങളുടെ ഇടയിലും ഈ തരത്തിൽ കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നതിന് അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

വന്ദ്യ തോമസ് തേക്കിൽ കോർഎപ്പിസ്കോപ്പാ അച്ചനെ ചെങ്ങന്നൂർ വെച്ച് 2023 മെയ് മാസം ആദ്യ ആഴ്ച ആണ് ഞാൻ അവസാനമായി കണ്ടത്. അന്നദ്ദേഹം ഏറെ പുത്രവാത്സല്യത്തോടെ അടുത്ത് വിളിച്ചിരുത്തി കുറെ നേരം സംസാരിച്ചു. എനിക്ക് അവിടെ നിന്ന് എറണാകുളത്തിന് പോകേണ്ട അത്യാവശ്യം ഉണ്ടായിരുന്നെങ്കിലും അച്ചനോടൊപ്പം ഏതാണ്ട് ഒരു മണിക്കൂറോളം സമയം ചിലവഴിച്ചത് അറിഞ്ഞതേയില്ല. ബന്ധങ്ങളെപ്പറ്റിയും, സഭയെപ്പറ്റിയും, സ്ഥലങ്ങളെപ്പറ്റിയും, പൊതുവിൽ സമൂഹത്തിൽ ഉള്ള കാര്യങ്ങളെപ്പറ്റിയും ഒക്കെ അദ്ദേഹം പരാമർശിച്ചു. സമൂഹത്തിലും സഭയിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മൂല്യച്യുതിയും, മനുഷ്യരുടെ, അതും വിളിക്കപ്പെട്ടവരുടെ തെറ്റായ പ്രവർത്തികളെ പറ്റിയും ഒക്കെ അച്ചൻ വ്യാകുലപ്പെടുന്നത് ഞാൻ ശ്രദ്ധിച്ചു. ഞാൻ ഇവിടെ തിരുവനന്തപുരം ഭദ്രാസനത്തിലെ കഴക്കൂട്ടം ദേവാലയത്തിലെ സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ ആണെന്നു പറഞ്ഞത് കേട്ടപ്പോൾ അദ്ദേഹത്തിനു വളരെ സന്തോഷം ഉണ്ടായി. വന്ദ്യ

അച്ചൻ തിരുവനന്തപുരം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ആയിരുന്ന അഭിവന്ദ്യ ദീയസ്കോറോസ് തിരുമേനിയുടെ സെക്രട്ടറി ആയിരുന്ന കാലഘട്ടത്തെപ്പറ്റിയും, പിന്നീട് തിരുവനന്തപുരം ഭദ്രാസന സെക്രട്ടറി ആയിരുന്ന കാലഘട്ടത്തെപ്പറ്റിയും ഒക്കെ വാചാലനായി.

പൊതുരംഗത്തും തന്റേതായ വ്യക്തിമുദ്ര അച്ചൻ പതിപ്പിച്ചിരുന്നു. അനേകം ആത്മീയ, സാമൂഹിക സംഘടനകളുടെ തലപ്പത്ത് പ്രവർത്തിക്കുവാനും അവയ്ക്കൊക്കെ വേണ്ടതായ നേതൃത്വം കൊടുക്കുവാനും അച്ചനെക്കൊണ്ടു സാധിച്ചു.

വളരെ പ്രസന്നതയോടെ, ചുറുചുറുക്കോടെ സംസാരിക്കുന്ന അച്ചന്റെ ആ ആത്മവിശ്വാസം അച്ചനെ സമീപിക്കുന്നവരിലേക്കും പകരുമായിരുന്നു. "അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി" എന്നു 34-ാം സങ്കീർത്തനം 5-ാം വാക്യത്തിൽ പറയുംപോലെ ആയിരുന്നു തേക്കിൽ അച്ചന്റെ മുഖത്തോട്ടു നോക്കുമ്പോൾ. നല്ല ശോഭയോടെ, എപ്പോളും ഒരു ചെറുപുഞ്ചിരിയോടെയുള്ള ആ മുഖഭാവം കാണുന്നവരിലും ഒരു സാന്ത്വനം ഉണ്ടാക്കിയിരുന്നു. മുമ്പിൽ വരുന്ന എല്ലാവരെയും ഒരു പുഞ്ചിരിയോടെ എതിരേൽക്കാൻ ഞാനൊക്കെ ഇനിയും ശീലിക്കേണ്ടിയിരിക്കുന്നു.

ഇത്തരത്തിൽ, അനുകരണീയമായ അനേകം മാതൃകകൾ മുന്നിൽ വെച്ചാണ്, വന്ദ്യ തേക്കിൽ അച്ചൻ യാത്ര ആയിരിക്കുന്നത്. അവ മുടക്കം കൂടാതെ ഏറ്റെടുത്തു സമൂഹത്തിനും സഭയ്ക്കും മുതൽകൂട്ടാകുന്ന പ്രവർത്തനങ്ങൾ നമ്മിൽ നിന്നുണ്ടാകണം. അതിനു സർവശക്തന്റെ അനുഗ്രഹം നമ്മിൽ ഉണ്ടാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു ചുരുക്കുന്നു.

ഒരു സുഗന്ധ സ്മരണ

ജോജി പി. തോമസ്
(മാനേജിംഗ് കമ്മിറ്റിയംഗം,
മലങ്കര ഓർത്തഡോക്സ് സഭ)

ഈ ലോകത്ത് ജീവിച്ചിരുന്ന കാലമത്രയും എല്ലാവരോടും സ്നേഹവും സൗഹൃദവും കരുതലും നിലനിർത്തി വ്യക്തിബന്ധവും ആത്മബന്ധവും കാത്തുസൂക്ഷിച്ച ദൈവത്തിന്റെ നിർമ്മല പുരോഹിതൻ എന്നുള്ളതാണ് തേക്കിൽ അച്ചനെ കുറിച്ചുള്ള സ്മരണയുടെ ചുരുക്കെഴുത്ത്.

ജാതിമത വ്യത്യാസമില്ലാതെ ഒരു പ്രദേശത്തെ എല്ലാവരുടേയും കാരണവർ. ചിരിക്കുന്ന മുഖവുമായി മാത്രമേ അച്ചനെ എപ്പോഴും എല്ലാവരും കണ്ടിട്ടുള്ളു. എപ്പോൾ കണ്ടാലും ഒരുപാട് സാംസാരിക്കും, വിശേഷങ്ങൾ തിരക്കും. "പീടിയേക്കാ... എന്തു പറയുന്നു കുടുംബവും സഹോദരങ്ങളും?" ഈ ചോദ്യം സ്ഥിരമായിരുന്നു. അച്ചന്റെ വാക്കുകളിൽ എപ്പോഴും സ്നേഹവും വാത്സല്യവും നിറഞ്ഞു നിന്നിരുന്നു.

ഞാൻ YMCA സംസ്ഥാന വൈസ് ചെയർമാൻ ആയിരുന്ന കാലത്ത് നെടുമ്പ്രം YMCA യുടെ പ്രസിഡന്റായിരുന്ന അദ്ദേഹം, അതിഗംഭീരമായി എന്റെ സ്ഥാനലബ്ധിയിൽ സ്വീകരണം നൽകിയതും പറഞ്ഞ നല്ല വാക്കുകളും മനസ്സിൽ മായാതെ നിലനിൽക്കുന്നു. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ട്രഷററായി മത്സരിക്കുന്ന സമയത്ത് പ്രാർത്ഥിക്കുകയും, ജയിച്ചുവന്നപ്പോൾ മനസ്സു നിറഞ്ഞ് അഭിനന്ദിക്കുകയും ചെയ്തത് ഒരിക്കലും മറക്കുവാൻ കഴിയില്ല.

ബഹു. അച്ചൻ വികാരിയായി കല്ലുങ്കൽ സെന്റ് ജോർജ് പള്ളിയിൽ സേവനമനുഷ്ഠിക്കുമ്പോൾ പള്ളിയുടെ ജൂബിലി വേളയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി പങ്കെടുത്ത ചടങ്ങിൽ എന്നെയും ക്ഷണിച്ചത്, എനിക്കുള്ള പ്രോത്സാഹനമായി ഹൃദയത്തിൽ എന്നും സൂക്ഷിക്കുന്നു. കേരളാ കോൺഗ്രസിന്റെ പ്രവർത്തനത്തിൽ ഒരു പഴയ KSC ക്കാരനായി നിരവധി ഉപദേശങ്ങൾ നൽകി. സമുദായ പ്രവർത്തനങ്ങളിൽ എപ്പോഴും നിർദ്ദേശങ്ങളും ഉപദേശ

ങ്ങളും നൽകുമായിരുന്നു. അങ്ങനെ അനവധി നിരവധി ഓർമ്മകൾ മനസ്സിൽ തെളിയുന്നു. തികഞ്ഞ ദൈവവിശ്വാസിയും സഭാസ്നേഹിയുമായിരുന്ന അച്ചൻ, തന്റെ നാടിന്റെ പുരോഗതിക്കു വേണ്ടിയും പൊതുജന നന്മയ്ക്കായും എന്നും ശക്തമായി നിലകൊണ്ടു. നാട്ടുകാർക്ക് പ്രിയപ്പെട്ട വ്യക്തിത്വമായിരുന്ന തേക്കിലച്ചൻ ജനങ്ങളുടെ മനസ്സിൽ എന്നും സ്മരണീയനായി ജീവിക്കും.

അദ്ദേഹത്തിന്റെ പൗരോഹിത്യ ജീവിതവും ജീവിത സാക്ഷ്യവും എന്നും ഒളി മായാതെ നിലകൊള്ളും.

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ പുനരാഗമന നാളിൽ വന്ദ്യ അച്ചനും മുഖ ശോഭ ലഭിക്കട്ടെ. അദ്ദേഹത്തിന്റെ പ്രാർത്ഥനകളിൽ ഞങ്ങളും സ്മരണാർഹരാകും എന്ന പ്രത്യാശയോടെ ബഹുമാന്യനായ തേക്കിലച്ചന്റെ ഓർമ്മകൾക്ക് മുമ്പിൽ പ്രണാമം അർപ്പിക്കുന്നു.

പകരം വയ്ക്കാനില്ലാത്ത വ്യക്തിത്വം

ജെ. കെ. പെരുമ്പാവൂർ
(ജയകൃഷ്ണൻ)

മഞ്ഞിൻതണുപ്പുള്ള ഒരു പ്രഭാതവേളയിൽ, പുതുവർഷ പുലരിയിൽ കൃത്യമായി പറഞ്ഞാൽ, 2023 ജനുവരി ഒന്നിന്നാണ് ഞാൻ കുടുംബത്തോടൊപ്പം ആദരണീയനായ തോമസ് തേക്കിൽ കോർഎപ്പിസ്ക്കോപ്പായെ ആദ്യമായും അവസാനമായും കാണുന്നത്. ആദ്യമായിട്ടാണ് ഒരു വൈദികനെ നേരിൽ കാണാനായി ഇത്ര ദൂരം പോകുന്നത്. ഇതുപോലുള്ള ആദ്ധ്യാത്മിക, സാമൂഹിക, ജീവകാരുണ്യ മേഖലയിലുള്ളവരോട് ഇടപഴകിയും സംസാരിച്ചും മുൻകാല അനുഭവം തീർത്തും ഇല്ലാത്തവനാണ് ഈ ഞാൻ. പ്രിയ സുഹൃത്തും ഷാർജയിൽ അടുത്ത് ഫ്ളാറ്റിൽ താമസിച്ചിരുന്നതുമായ റ്റീമയുടെ പപ്പയായിരുന്നു തേക്കിലച്ചൻ. റ്റീമ പറഞ്ഞതനുസരിച്ചുള്ള ചെറിയ അറിവ് മാത്രമേ ഞങ്ങൾക്ക് അച്ചനെ കുറിച്ചുണ്ടായിരുന്നുള്ളു. റ്റീമയും കുടുംബവും അജ്മാനിലേക്ക് ജോലി സംബന്ധമായ ആവശ്യത്തിന് താമസം മാറിയ ശേഷവും ആ ബന്ധം നല്ല രീതിയിൽ നിലനിർത്തിയിരുന്നു. സന്ദർശന വിസയിൽ മകളോടും കുടുംബത്തോടുമൊപ്പം ചിലവിടാനാണ് അദ്ദേഹം ഭാര്യാസമേതനായി യു.എ.ഇ. യിൽ എത്തിയത്.

ആദ്യമായി അദ്ദേഹത്തെ കാണുമ്പോൾ എന്തു പറയണം, എന്തു നൽകണം എന്ന ചിന്ത എന്നെ അലട്ടിയിരുന്നു. പരിഹാരമായി അച്ചന്റെ ചിത്രങ്ങൾ വരച്ചു സമ്മാനമായി നൽകാൻ ഞാനും എന്റെ മകനും തീരുമാനിച്ചു. വരച്ച ചിത്രങ്ങൾ ഫ്രെയിം ചെയ്ത് ഞങ്ങൾ അവരുടെ അജ്മാനിലെ ഫ്ളാറ്റിലേക്ക് തിരിച്ചു. അവിടെയെത്തിയ ഞങ്ങളെ വളരെ നാളത്തെ പരിചയമുള്ളവരെപ്പോലെ, പുഞ്ചിരിയോടെ നനുത്ത പഞ്ഞിസമാനമായ കരപ്രതലത്താൽ അദ്ദേഹം സ്വീകരിച്ചു. കൂടെയിരുന്നു ഒത്തിരി കാര്യങ്ങൾ സംസാരിച്ചു. വീട്, നാട്, രാഷ്ട്രീയം, മതം, കല, സാഹിത്യം, സാംസ്കാരികം... എല്ലാം ഉൾപ്പെട്ടു. അന്യ മതസ്ഥരുടെ ആരാധനാലയങ്ങളെ കുറിച്ച് അദ്ദേഹത്തിന് നല്ല ഗ്രാഹ്യമുണ്ടായിരുന്നു. എല്ലാ മതങ്ങളെയും ആദരവോടെ കണ്ടിരുന്നു. ചർച്ചയിൽ സിനിമയും രാഷ്ട്രീയവും കടന്നു വന്നു. ചലച്ചിത്ര നടൻ ജഗതി ശ്രീകുമാറുമായി പഠിക്കുന്ന കാലത്തുള്ള ബന്ധവും മുൻ മന്ത്രി ടി.

എം. ജേക്കബുമായുള്ള ബന്ധവും പങ്കുവെച്ചു. എന്റെ ഭാര്യ സന്ധ്യയുടെ പത്തനംതിട്ടയിലെ ബന്ധുക്കളെ പരിചയമുണ്ടെന്നു വാർത്തമാനത്തിനിടെ മനസ്സിലാക്കി. എന്റെ മകളെ അടുത്തു വിളിച്ചു വരാനിരിക്കുന്ന പരീക്ഷയെ കുറിച്ചു ചോദിച്ചു. അതുവരെ ടീ ഷർട്ടും പാന്റും ഇട്ടിരുന്ന അച്ചൻ മുറിക്കകത്തു പോയി തിരികെ വന്നത് പുരോഹിതവേഷത്തിലായിരുന്നു. പേടികൂടാതെ പരീക്ഷയെ നേരിടാൻ ഉപദേശിച്ച അച്ചൻ പ്രാർത്ഥനയോടെ അവളുടെ ശിരസ്സിൽ കൈവച്ചു അനുഗ്രഹിച്ചു. ഒരു പേനയും നൽകി. ഞങ്ങൾ ഒരുമിച്ചിരുന്നു ഭക്ഷണം കഴിച്ചു. മൂന്നുനാല് മണിക്കൂർ മാത്രമേ അദ്ദേഹത്തോടൊപ്പം ചിലവഴിച്ചുള്ളു എങ്കിലും മൂന്നു ദിവസം സംസാരിച്ച പ്രതീതിയായിരുന്നു. ഇനി വരുമ്പോൾ തീർച്ചയായും കാണാമെന്നു പറഞ്ഞു ഞങ്ങൾ അവിടെ നിന്നിറങ്ങിയിട്ടും യാത്രയിലും വീട്ടിൽ വന്നിട്ടും അദ്ദേഹം ഞങ്ങളുടെ ചർച്ചാ വിഷയമായി. ആരെയും ആകർഷിക്കുന്ന പിടിച്ചിരുത്തുന്ന എന്തോ മാന്ത്രികത ആ കരസ്പർശനത്തിലും പുഞ്ചിരിയിലും സംസാരത്തിലും അദ്ദേഹത്തിലുണ്ട് എന്ന് എനിക്ക് തോന്നി. ഞാൻ വരച്ച ചിത്രത്തിന്റെ കോപ്പി എടുത്തു ഫ്രെയിം ചെയ്തു എന്റെ വീട്ടിൽ ഇപ്പോഴും സൂക്ഷിച്ചിട്ടുണ്ട്.

അദ്ദേഹത്തിനോടൊപ്പമുള്ള ഒരു ഫോട്ടോ ഞാൻ സോഷ്യൽ മീഡിയയിൽ ഇടുകയുണ്ടായി. അടുത്ത ദിവസം ജോലി സ്ഥലത്തെത്തിയപ്പോൾ നിരവധിപേർ എന്റെയടുത്തെത്തി. അദ്ദേഹത്തിന്റെ നാട്ടുകാരും അയൽനാട്ടുകാരും എല്ലാം അതിൽ ഉൾപ്പെട്ടിരുന്നു. അദ്ദേഹവുമായുള്ള അടുപ്പത്തെ കുറിച്ചവർക്ക് അറിയണമായിരുന്നു. അവരുടെ വാക്കുകളിൽ നിന്നും അനുഭവകഥകളിൽ നിന്നും ഞാൻ കണ്ടറിഞ്ഞ തേക്കിലച്ചൻ അതിനേക്കാൾ എത്രയോ ഉന്നതിയിലാണെന്നു ഞാൻ മനസ്സിലാക്കി.

നിറഞ്ഞ പുഞ്ചിരിയുമായി എവിടെയും ഓടിയെത്തിയിരുന്ന തേക്കിലച്ചൻ അവർക്കെല്ലാം വളരെ പ്രിയപ്പെട്ടവനായിരുന്നു. കല്ലുങ്കൽ പ്രദേശത്ത് കാൽനൂറ്റാണ്ടായി തേക്കിലച്ചൻ ഇല്ലാത്ത ഒരു പരിപാടിയും ഉണ്ടായിരുന്നില്ലെന്ന് അവർ ഓർമ്മിച്ചു. ബഹുമുഖ പ്രതിഭയായിരുന്ന അദ്ദേഹം ആദ്ധ്യാത്മിക സാമൂഹിക ജീവകാരുണ്യ സാന്ത്വന പരിചരണത്തിലുമെല്ലാം കൈവച്ചിരുന്നു. ആദ്ധ്യാത്മിക പ്രവർത്തനങ്ങൾക്ക് പുറമെ നാനാജാതി മതസ്ഥർക്കും പ്രയോജനപ്പെടുന്ന വിവിധ രംഗങ്ങളിൽ തന്റെ കഴിവ് തെളിയിച്ചിരുന്നു. വിദ്യാഭ്യാസം, ഗതാഗതം, യുവജനക്ഷേമം എന്നിങ്ങനെ നാടിന്റെ വികസനത്തിനാവശ്യമായ വിഷയങ്ങൾ അധികൃതരുടെ സമക്ഷത്തിലെത്തിക്കാനും അതു നേടിയെടുക്കാനും അദ്ദേഹം അക്ഷീണം പ്രയത്നിച്ചു. അന്നാട്ടുകാരായ എന്റെ കൂട്ടുകാർ അദ്ദേഹത്തിന്റെ പള്ളിയിലെ കുർബാന ചൊല്ലലിനെ കുറിച്ച് വാതോരാതെ പറഞ്ഞു. പ്രത്യേക ശൈലിയിൽ ഈണത്തിലുള്ള അദ്ദേഹത്തിന്റെ കുർബാനാഗീതങ്ങൾ വളരെ പ്രശസ്തമാണ്.

ജാതിയോ മതമോ പരിഗണിക്കാതെ കഴിവിന്റെയും യോഗ്യതയുടെയും മാത്രം അടിസ്ഥാനത്തിൽ അദ്ദേഹം പരുമല സെന്റ് ഗ്രീഗോറിയാസ് ആശുപത്രി മാനേജിംഗ് കമ്മിറ്റിയിൽ ഉള്ളപ്പോഴും, മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റിയിൽ ഉള്ളപ്പോഴും ഉദ്യോഗാർത്ഥികളോട് പെരുമാറിയെന്നു അന്നാട്ടുകാർ സാക്ഷ്യം പറയുന്നു. ഇത് മത സൗഹാർദ്ധത്തിന്റെയും പക്ഷപാതമില്ലായ്മയുടെയും ഉത്തമോദാഹരണങ്ങളാണ്. അപചയം നേരിടുന്ന നാടും അധികാരികളും വരുംതലമുറയും ഇത് കണ്ടുപഠിക്കേണ്ടതാണ്.

2023 നവംബർ 1-നു അദ്ദേഹത്തിന്റെ വിയോഗവാർത്ത ഒരു ഇടിത്തീ പോലെയാണ് തോന്നിയത്. ഇനി അദ്ദേഹത്തെ കാണുമ്പോൾ സംസാരിക്കാൻ ബാക്കിവച്ച വിഷയങ്ങൾ... ഇനി മറുപടി കിട്ടാത്ത ചോദ്യങ്ങൾ മനസ്സിൽ ബാക്കി വക്കുന്നു...

പകരം വക്കാനില്ലാത്ത വ്യക്തിത്വമാണ് കല്ലുങ്കൽ ഗ്രാമത്തിനും നാട്ടുകാർക്കും സ്നേഹിക്കുന്നവർക്കും അച്ചന്റെ വേർപാടുകൊണ്ട് നഷ്ടമാകുന്നത്. മധുരമായ പുഞ്ചിരിയും നനുത്ത കൈപ്രതല സ്പർശവും ആരെയും അടുപ്പിക്കുന്ന വർത്തമാനവും നഷ്ടപ്പെടുന്നത് സഭയ്ക്കും വീട്ടുകാർക്കും നാട്ടുകാർക്കും മാത്രമല്ല വ്യക്തിപരമായി എനിക്കു കൂടി.. എന്നിരുന്നാലും ആ ആദർശശുദ്ധിയും മനോഭാവവും വ്യക്തിത്വവും ഇഷ്ടപ്പെടുന്നവരുടെ മനസ്സിൽ മരിക്കാതെ.. മറക്കാതെ... കിടക്കും; അനന്തകാലത്തോളം...

അണയാത്ത തിരിനാളം

ജോബി ജേക്കബ്

തേക്കിലച്ചനെപ്പറ്റി പറയുകയാണെങ്കിൽ വാക്കുകൾക്കും അതീതം ആണ്. 71 വർഷം ഈ ഭൂമിയിൽ ജീവിച്ചു. അതിൽ 45 വർഷത്തോളം ദൈവ വേലക്കായി തന്നെ സമർപ്പിച്ച നല്ല ഇടയൻ. അച്ചൻ ചുമതല ഏറ്റിട്ടുള്ള എല്ലാ പള്ളികളിലും തന്നിൽ ഭരമേല്പിച്ചിട്ടുള്ള ദൗത്യം കൃത്യതയോടെ ചെയ്തു. തന്റെ നീണ്ടകാലത്തെ ദൈവിക ശുശ്രൂഷയിൽ നിന്ന് പടിയിറങ്ങുമ്പോൾ അച്ചൻ സ്നേഹിച്ച സഭയ്ക്കുവേണ്ടി ഇനി എന്തെങ്കിലും ചെയ്യാൻ ബാക്കി ഉണ്ടോ എന്നുള്ള കുറ്റബോധം മാത്രമേ കാണുകയുള്ളു. താൻ സ്നേഹിച്ച സ്വന്തം വീട്ടുകാരോടും, ദേശത്തോടും, സഭയോടും, പള്ളികളോടും, വിശുദ്ധ മദ്ബഹായോടും വിടചൊല്ലി ബഹുമാനപ്പെട്ട അച്ചൻ ഇഹലോകവാസം വെടിഞ്ഞിട്ടു ഒരു വർഷം തികയുന്ന സാഹചര്യത്തിൽ വേർപാടിന്റെ നൊമ്പരങ്ങൾ മാത്രം ഇപ്പോഴും ബാക്കി ആണ്. ഇപ്പോഴും ഒരിറ്റു കണ്ണീരോടെ അല്ലാതെ അച്ചനെ നമുക്ക് ഓർക്കാൻ കഴിയില്ല. പരിചയപ്പെട്ടവരുടെയെല്ലാം സ്നേഹത്തോഴൻ, ഒരിക്കലും വറ്റാത്ത സ്നേഹക്കടൽ, അണയാത്ത തിരിനാളം, ശാന്തശീലൻ അങ്ങനെ എത്ര വർണിച്ചാലും മതിയാകില്ല. ഒരു പുരോഹിതൻ എങ്ങനെ ആയിത്തീരണം എന്നുള്ളതിന്റെ നേർകാഴ്ച ആയിരുന്നു അച്ചന്റെ പൗരോഹിത്യ ജീവിതം. അച്ചന്റെ ശുശ്രൂഷകൾ പോലും കേൾക്കാൻ ഇമ്പം ഉണ്ടായിരുന്നു. അച്ചനെ പരിചയപ്പെട്ടവർക്കെല്ലാം അച്ചന്റെ വിയോഗം ഒരു തീരാനഷ്ടം തന്നെയാണ്. നാളിതുവരെ അച്ചൻ ചെയ്ത സേവനങ്ങൾ സഭയ്ക്കും, നാടിനും വളരെ ഏറെ വിലപ്പെട്ടത് ആയിരുന്നു. അച്ചൻ ഏറ്റെടുക്കുന്ന ഏതു ജോലിയും നല്ല ഭംഗിയോടു കൂടി ചെയ്യുമായിരുന്നു.

അച്ചന്റെ മൂത്ത മകൾ വഴി അച്ചനെ പരിചയപ്പെടുമ്പോൾ അച്ചനുമായും അച്ചന്റെ കുടുംബവുമായും ഉള്ള സ്നേഹം ഇത്രയും ആഴത്തിൽ ആയിതീരുമെന്ന് ഒരിക്കലും വിചാരിച്ചില്ല. മകൾ പറഞ്ഞു കേട്ടിട്ടുള്ള അറിവുകൾ മാത്രമേ എനിക്കുണ്ടായിരുന്നുള്ളു. എന്നെയും അച്ചന് അങ്ങനെ ആയിരുന്നു. അച്ചനും അമ്മയും ഷാർജയിൽ വന്നതിനു ശേഷമാണ് അച്ചനെ അടുത്ത് പരിചയപ്പെടാൻ സാധിച്ചത്. അങ്ങനെ അച്ചന്റെ ഭവനത്തിൽ പോകുവാനും

സാധിച്ചു. അവിടെ വെച്ചാണ് അച്ചന്റെ സ്നേഹത്തിന്റെ ആഴം എത്ര ഉണ്ടെന്നു മനസ്സിലായത്. അച്ചൻ എന്റെ ആരോഗ്യകാര്യങ്ങൾ ചോദിച്ച റിഞ്ഞു. സംസാരത്തിന്റെ ഇടയിൽ അച്ചൻ തന്നെ പരുമല ആശുപത്രിയിൽ അച്ചൻ കാണുന്ന ഡോക്ടറിനെ ബുക്ക് ചെയ്തു തന്നു. അതിനുശേഷം അച്ചൻ വീട്ടിൽ വരുകയും, അച്ചന്റെ ജന്മദിനത്തിൽ ചെറിയ ഒരു സർപ്രൈസ് കൊടുക്കുകയും ചെയ്തു. ഞങ്ങളുടെ കുടുംബത്തോടൊപ്പം ചെറിയ രീതി യിൽ ആഘോഷിക്കുകയും ചെയ്തു. അച്ചന്റെ കൂടെ വിശുദ്ധ മദ്ബഹായിൽ ശുശ്രൂഷയിൽ കൂടണമെന്ന് ഒരു ആഗ്രഹം ഉണ്ടായിരുന്നു. അതും ഒരു ഭാഗ്യം എന്നപോലെ എനിക്ക് സാധിച്ചു. അങ്ങനെ കുറെ ദിവസങ്ങൾ അച്ചന്റെ കൂടെ ഷാർജയിലും നാട്ടിലും ആയി ചിലവാക്കാൻ സാധിച്ചു. അച്ചന്റെ കൂടെ ഉണ്ടായിരുന്ന ദിനങ്ങൾ ഇന്നലെകൾ എന്നപോലെ ഇപ്പോഴും മനസ്സിൽ തങ്ങിനിൽക്കുന്നു. ആ മധുരമുള്ള ഓർമ്മകൾ ഒരിക്കലും മനസ്സിൽ നിന്ന് മായുകില്ല. അച്ചന്റെ സ്നേഹം അനുഭവിച്ചറിയാൻ എനിക്കും എന്റെ കുടും ബത്തിനും സാധിച്ചു.

അച്ചന്റെ വിയോഗം ഒരു തീരാനഷ്ടമാണെങ്കിലും അച്ചൻ ഇമ്പങ്ങളുടെ പറുദീസയിൽ സമാധാനത്തോടെ വസിക്കട്ടെ. അച്ചന്റെ പ്രാർത്ഥനയിൽ ഞങ്ങളെയും ഓർക്കേണമേ. അച്ചനെയും കുടുംബത്തെയും പ്രാർത്ഥന യിൽ ഓർത്തുകൊണ്ട് നിർത്തുന്നു. എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

വിട പറയാൻ നേരത്തെ തലയെടുപ്പോ?

സ്റ്റാൻലി ജോൺ

ആകാശകാഴ്ചകളിൽ വരമ്പും അതിർവരമ്പും ഒന്നും കാണാൻ സാധിക്കില്ല. അവിടെ ഒരുമയുടെ കുട ചൂടി നിൽക്കുന്ന നെൽചെടികളാണ്. പച്ച പുതച്ച നെൽപാടം. മനുഷ്യർക്കിടയിലെ വിഭാഗീയ ചിന്തകളെപ്പറ്റി എന്റെ വീട്ടിലെ സ്വീകരണമുറിയിൽ ഇരുന്ന് അനുഭവങ്ങളുടെ കെട്ട് തുറന്നപ്പോൾ മനസ്സിൽ ഉടക്കിയ തേക്കിൽ അച്ചൻ ചിന്തകളിലെ ഒരു മഹാ സത്യം.

ആദ്യത്തെ കൂടിക്കാഴ്ചയിൽ തന്നെ നന്നേ അടുത്തു. അന്ന് എന്റെ മകൾ യാനയുടെ പിറന്നാൾ കൂടി ആയ കാരണം ഓർമകൾക്കു ഇരട്ടി മധുരം.

അറിവും അനുഭവവും കളങ്കമില്ലാത്ത പരിചിന്തനങ്ങളുടെ ആശയങ്ങളും തന്നിലെ മനുഷ്യ സ്നേഹിയെ നാടാകെ സ്നേഹിച്ചു. നമ്മുടെ ചിന്തകൾ മാറണം എന്നാൽ മാത്രമേ ക്രിസ്തു സ്നേഹത്തിന്റെ വാഹകരാകാൻ സാധിക്കുകയുള്ളു എന്നു അച്ചൻ പറഞ്ഞു പഠിപ്പിച്ചത് എത്രയോ സത്യം.

എല്ലാത്തിനും മിതത്വം പാലിച്ച തേക്കിൽ അച്ചൻ ദൃഢബന്ധങ്ങൾക്ക് ചങ്ങല കോർക്കാൻ പല ഇടങ്ങളിലും ഒരു കണ്ണിയായി മാറി. അച്ചൻ ഈ നെൽപാടത്തിന്റെ അങ്ങേ കരയിൽ ഉണ്ടെന്നുള്ള മഹത്തായ അറിവ് ശുഭോദർക്കമാണ്.

തേക്കിൽ അച്ചന്റെ മഹാ ജന്മത്തിനു മാല കോർത്ത മഹത് വ്യക്തികളുടെ പാദം ചുംബിക്കുന്നു. അദ്ദേഹത്തിന്റെ ആദർശ ശുദ്ധിയെ എന്നും ഹൃദയത്തോട് ചേർത്തുവെയ്ക്കാം.

ഓർമകളിൽ എന്നും ജീവിക്കുന്ന ആദർശ ധീരന് പ്രണാമം. അഭിമാനം.

എം.ജി.എം. സ്കൂളിന്റെ പനിനീർപുഷ്പം

കെ. ഫിലിപ്പ് വറുഗീസ് കാട്ടുപറമ്പിൽ

(റിട്ട. ഹെഡ്മാസ്റ്റർ, എം.ഡി. സെമിനാരി
എച്ച്.എസ്.എസ്., കോട്ടയം)

മലങ്കര ഓർത്തഡോക്സ് സഭയിലെ മുതിർന്ന വൈദികനായിരുന്ന ഭാഗ്യ സ്മരണാർഹനായ വന്ദ്യ തേക്കിൽ തോമസ് കോർഎപ്പിസ്കോപ്പായുടെ പെട്ടെന്നുള്ള വേർപാട് നമ്മെയെല്ലാം ദുഃഖത്തിലാഴ്ത്തി. ഈ വേർപാട് ഉൾക്കൊള്ളാൻ കഴിയാതെ അച്ചൻ ഇന്നും ജീവിച്ചിരിക്കുന്നുവെന്ന തോന്ന ലാണ് നമുക്കുള്ളത്. കർത്താവിന്റെ വയൽപ്രദേശത്ത് സജീവമായി നിന്ന് തന്നെ ഏല്പിച്ച ദൗത്യം ഇത്രവേഗം ഓടിത്തീർന്ന് നീതിയുടെ കിരീടം പ്രാപി ക്കുന്നതിനായി പിതാവിന്റെ സന്നിധിയിലേക്ക് അച്ചൻ പോയി. സഭയിലും സമൂഹത്തിലും നിറഞ്ഞു തുളുമ്പിയിരുന്ന ആ അസാധാരണമായ പൗരോ ഹിത്യ മുഖം നമ്മുടെ മുമ്പിൽ നിന്ന് മാറുന്നില്ല. അച്ചനുമായി അടുത്ത വർക്കൊന്നും അച്ചനിൽ നിന്ന് അകലാൻ സാധിക്കില്ല. പിന്നെയും കൂടു തൽ അച്ചനോട് ചേർന്നുനിൽക്കാനാണ് തോന്നുന്നത്. അത്ര മാത്രം ആകർഷ ണീയമായിരുന്നു അച്ചന്റെ ഊർജ്ജശക്തി.

തിരുവല്ലാ എം.ജി.എം. സ്കൂളിൽ എന്റെ അദ്ധ്യാപകജീവിതവുമായി ബന്ധപ്പെട്ടാണ് അച്ചനുമായി അടുക്കാനും സഹകരിക്കുവാനും പ്രവർത്തി ക്കാനും കഴിഞ്ഞത്. ഈ കാലയളവിൽ സ്റ്റാഫ് സെക്രട്ടറി, പി.ടി.എ. സെക്രെ ട്ടറി, എം.ജി.എം. ന്റെ ശതാബ്ദി ആഘോഷക്കമ്മിറ്റിയുടെ ജനറൽ സെക്രെ ട്ടറി, കൂടാതെ മറ്റു ചുമതലകളിൽ ഞാൻ പ്രവർത്തിക്കുമ്പോൾ അച്ചന്റെ നേതൃത്വവും ഇടപെടലുകളും എന്നെ വളരെയധികം സ്വാധീനിക്കുകയും ചെയ്തു. കൂടാതെ സ്കൂളിന്റെ ഉന്നതിക്കുവേണ്ടി കഠിനാധ്വാനം ചെയ്യുന്ന ഒരു ശക്തികേന്ദ്രമായിരുന്നു അച്ചൻ. എം.ജി.എം. സ്കൂളുമായി അച്ചനും കുടുംബവും ഇഴുകിചേർന്നിരുന്നു. അച്ചന്റെ പഠനകാലം, കൊച്ചമ്മയുടെ ഔദ്യോഗിക ജീവിതം മക്കളുടെ വിദ്യാഭ്യാസം ഇങ്ങനെ ചുരുക്കിപറഞ്ഞാൽ അച്ചന്റെ മറ്റൊരു വീടായിരുന്നു. എം.ജി.എം. അച്ചനെ പഠിപ്പിച്ച അധ്യാപ കരും അച്ചനെ സ്നേഹിക്കുന്ന എം.ജി.എം. ന്റെ സ്നേഹിതരും അടങ്ങുന്ന

ഒരു വലിയ സമൂഹത്തിൽ നിൽക്കുന്നത് അച്ചന് കുളിരുകോരുന്ന അനുഭവമായിരുന്നു. വർഷങ്ങൾ അച്ചൻ സ്കൂളിന്റെ പി.ടി.എ. പ്രസിഡന്റായിരുന്നു. ആ കാലയളവിൽ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലും ഭൗതികമായ വളർച്ചകളിലും അച്ചൻ പങ്കാളിയായി. മാത്രമല്ല സ്കൂളിന്റെ ഉയർച്ചയ്ക്കുവേണ്ടിയും അച്ചടക്കത്തിനുവേണ്ടിയും വിട്ടുവീഴ്ചയില്ലാത്ത തീരുമാനങ്ങളും നേതൃത്വവും അച്ചൻ നൽകി.

പ. പരുമല തിരുമേനിയാൽ സ്ഥാപിതമായ ഈ ദിവ്യാലയത്തിന്റെ ശതാബ്ദി ആഘോഷം 2013-ൽ ഒരു വർഷം നീണ്ടുനിന്ന ബൃഹത്തായ പരിപാടികളോടെ ആഘോഷിച്ചു. ഈ സമയങ്ങളിൽ അച്ചൻ സ്കൂളിന്റെ പി.ടി.എ. പ്രസിഡന്റായും ശതാബ്ദി ആഘോഷ കമ്മിറ്റിയുടെ ജോയിന്റ് ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു. പഴയ കെട്ടിടത്തിന്റെ പുനർ നിർമ്മാണം, ഇടിഞ്ഞുവീണ മണിഗോപുരം അതേപോലെ നിർത്തി പണിതത്, ശതാബ്ദി സ്മാരക മന്ദിരം എന്നിവയുടെ നിർമ്മാണത്തിനും കൂടെ നിന്നു. മക്കളുടെ വിദ്യാഭ്യാസകാലവും കൊച്ചമ്മയുടെ ഔദ്യോഗികജീവിതവും കഴിഞ്ഞിട്ടും റിട്ടയർ ചെയ്ത അധ്യാപകരോടു ചേർന്നു നിന്നു പ്രവർത്തിക്കാൻ അച്ചൻ മനസ്സു കാണിച്ചു.

ചെങ്ങന്നൂർ ഭദ്രാസനത്തിലെ മുതിർന്ന വൈദികനും കോർഎപ്പിസ്കോപ്പായും ആയിരുന്ന അച്ചൻ ബഹുമാനിക്കേണ്ടവരെ ബഹുമാനിക്കാനും ഓരോരുത്തരുടെയും സുഖദുഃഖങ്ങളിൽ ഓടിയെത്തി സ്നേഹം നിലനിർത്താനും സമയം കണ്ടെത്തിയിരുന്നു. അച്ചന്റെ ഹൃദയവിശാലതയും സംസ്കാരവും അനുകരണീയമായിരുന്നു. ഏതു പ്രശ്നത്തെയും സൗമ്യമായി, ചിരിയോടെ സമീപിച്ച് പ്രശ്നത്തെ ലഘൂകരിക്കാനും അവയെ ഇല്ലാതാക്കാനുമുള്ള അനതിസാധാരണമായ നൈപുണ്യം അച്ചന്റെ കൈമുതലായിരുന്നു.

ഒരു വ്യക്തിക്ക് ഉണ്ടായിരിക്കേണ്ട എല്ലാ സദാചാര മൂല്യങ്ങളും അച്ചനിലുണ്ട്. ഒരു പട്ടക്കാരനുണ്ടായിരിക്കേണ്ട എല്ലാ സത്ഗുണങ്ങളും പ്രാർത്ഥനകളും അച്ചനിലുണ്ട്. എപ്പോഴും പുഞ്ചിരിയോടെ സംസാരിക്കുന്ന അച്ചന്റെ മുഖത്ത് ഒരു ദിവ്യതേജസ് പ്രകാശിച്ചിരുന്നു. രസകരമായ വാക്ചാതുരി, സ്നേഹസമ്പൂർണ്ണമായ അഭിസംബോധനകൾ, സ്വഭാവ ശ്രേഷ്ഠത, മികച്ച സംഘാടകൻ, വേദപണ്ഡിതൻ, സഭാസ്നേഹി, ധൈര്യശാലി, ആത്മീയഗുരു, ഉത്തമനായ നേതാവ്, നല്ല സ്നേഹിതൻ ഇങ്ങനെ ഒട്ടേറെ ഗുണങ്ങൾ അച്ചനിലുണ്ടായിരുന്നു. വിവാഹം കഴിച്ച ഒരു വൈദികന് കിട്ടാവുന്ന ഏറ്റവും ശ്രേഷ്ഠമായ കോർഎപ്പിസ്കോപ്പാ പദവി ലഭിക്കാൻ കഴിഞ്ഞത് ദൈവത്തിന്റെ വലിയ അനുഗ്രഹമാണ്. സഭാ മാനേജിംഗ് കമ്മിറ്റി അംഗം, വിവിധ കമ്മിറ്റികളിലെ അംഗം, വിവിധ ആത്മീയ പ്രസ്ഥാനങ്ങളുടെ ചുമതലകൾ എന്നിങ്ങനെ ഒട്ടേറെ കിരീടങ്ങൾ അച്ചനു ലഭിച്ചു.

ഭക്തിപരവും ഇമ്പകരവുമായ ശബ്ദസൗന്ദര്യത്തിൽ വി. കുർബ്ബാന അർപ്പിക്കുമ്പോൾ ഓരോരുത്തരുടെയും ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നുള്ള ആരാധന ദൈവസന്നിധിയിലേക്ക് ഉയർന്നു പൊങ്ങുമായിരുന്നു. പ്രിയപ്പെട്ട അച്ചന്റെ മരണം അത്ര വാർദ്ധക്യത്തിലായിരുന്നില്ല. നൊമ്പരപ്പെടുത്തുന്ന ആ വേർപാടിന്റെ വേദന ഇന്നും മാറിയിട്ടില്ല. മറവിയാൽ മായാത്ത ഒത്തിരി ഒത്തിരി ഓർമ്മകൾ ഒരു മണിനാദം പോലെ ഇന്നും ഹൃദയങ്ങളിൽ കമ്പനം കൊള്ളുന്നു. അനശ്വരമായ ആ ആളത്വത്തിന്റെ രൂപം ഇന്നും മുന്നിലുണ്ട്. അതിധന്യമായ ഒരു ജീവിതത്തിന്റെ സ്മരണയുടെ മുമ്പിൽ തിരുവല്ല എം.ജി. എം. നോടൊപ്പം ഞാനും എന്റെ കുടുംബവും ഭക്തിയോടെ, സ്നേഹത്തോടെ നമോവാകം അർപ്പിക്കുന്നു.

സ്മരണാഞ്ജലി

തോമസ് തുണ്ടിയിൽ

(കുടുംബയോഗം സെക്രട്ടറി)

തികഞ്ഞ സഭാസ്നേഹി, ഉത്തമനായ കുടുംബനാഥൻ, ജനിച്ചുവീണ മണ്ണിനെയും മാലോകരെയും ഒരുപോലെ സ്നേഹം കൊടുത്ത് മാലാഖമാർക്ക് തുല്യമായ മുഖകാന്തിയോടെ 71 വർഷക്കാലം ഈ സഭയിലും പ്രത്യേകിച്ച് ഈ ദേശത്തും കെടാവിളക്കായി പ്രശോഭിച്ച് തന്റെ അരുമനാഥന്റെ സന്നിധിയിലേക്ക് വാങ്ങിപ്പോയ കർമ്മയോഗി – ഇതാണ് തേക്കിലച്ചൻ. കല്ലുങ്കൽ ഗ്രാമത്തിൽ തേക്കിൽ കുടുംബത്തിൽ ശ്രീ. മത്തായി മാത്യുവിന്റെയും ശോശാമ്മയുടെയും നാലാമത്തെ പുത്രനായി ജന്മംകൊള്ളുകയും തന്റെ ജീവിതപന്ഥാവിൽ പ്രാർത്ഥനയിലൂടെയും സഹനത്തിലൂടെയും വൈവാഹിക ജീവിതത്തിൽ ഒരു പുരോഹിതന് ലഭിക്കാവുന്ന പരമോന്നത സ്ഥാനത്തിൽ (കോർഎപ്പിസ്ക്കോപ്പാ) പ്രശോഭിച്ച കർമ്മയോഗി ആയിരുന്നു ശ്രേഷ്ഠ പിതാവ്. തേക്കിൽ കുടുംബയോഗത്തിന്റെയും മൂലകുടുംബമായ വളഞ്ഞവട്ടം മാലിയിൽ കുടുംബയോഗത്തിന്റെയും രക്ഷാധികാരിയും പ്രസിഡന്റുമായി ദീർഘകാലം പ്രവർത്തിച്ച് കുടുംബത്തിന്റെ പേരും പെരുമയും ഉയർത്തിപ്പിടിച്ച പ്രമുഖ വ്യക്തിത്വമായിരുന്നു. പലപ്പോഴും അഭിപ്രായ വ്യത്യാസം ഉണ്ടാകുന്ന സമയങ്ങളിൽ ഒക്കെയും വളരെ സമചിത്തതയോടെ പ്രശ്നങ്ങളെ പരിഹരിക്കുവാൻ അച്ചൻ കാണിച്ച നേതൃത്വപാടവം എടുത്തു പറയേണ്ട ഒന്നാണ്. ടി കാലയളവിൽ കുടുംബയോഗത്തിന് അതിന്റേതായ ഒരു ഭരണഘടന ഉണ്ടാക്കുന്നതിനും അച്ചന്റെ നേതൃത്വത്തിൽ സാധിച്ചു എന്നതും എടുത്തു പറയേണ്ട കാര്യമാണ്. സ്വന്തം സഭയിലുള്ള അടിയുറച്ച വിശ്വാസത്തോടൊപ്പം ഇതര സഭാ സമുദായ സാമൂഹിക മണ്ഡലങ്ങളിലെ നേതാക്കന്മാരുമായി അടുത്ത ബന്ധം സ്ഥാപിക്കുവാനും അതു വഴി കുടുംബത്തേക്കാൾ ഉപരി നാടിനു പ്രയോജനങ്ങൾ ലഭിക്കാനും ഇടയായിട്ടുണ്ട്. ആരുമായെങ്കിലും ഒരിക്കൽ കണ്ടു പരിചയപ്പെട്ടാൽ മറ്റ് എവിടെ വെച്ചു കണ്ടാലും പേരുചൊല്ലി വിളിക്കുകയും പരിചയം പുതുക്കുകയും ചെയ്യുന്ന ഒരു പ്രത്യേകത ആയിരുന്നു ബഹുമാനപ്പെട്ട അച്ചന്റേത്. ആരാധനയിലെ പ്രസന്നത ഏവരും ഓർമ്മിക്കുന്നതാണ്. ഏത് പ്രശ്നങ്ങളുടെ നടുവിലും പുഞ്ചിരിയോടെ ഇടപെടുവാനും, എന്നാൽ പറയേണ്ടതായ കാര്യങ്ങൾ

ആരുടെയും മുഖത്തുനോക്കി ആർജവത്തോടെ പറയാനും അച്ചൻ തന്റേടം കാണിച്ചിരുന്നു. "നല്ല പോർ പൊരുതി ഓട്ടം തികച്ച് വിശ്വാസം കാത്തു. ഇനിയും നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു."

അച്ചന്റെ ദീപ്ത സ്മരണകൾക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചു കൊണ്ട് നിത്യതയുടെ മുഖത്ത് വീണ്ടും കാണാം എന്ന പ്രത്യാശയോടെ ഈ സ്മരണാഞ്ജലി പൂർത്തിയാക്കട്ടെ.

കല്ലുങ്കൽ റോഡ് വികസനവുമായി ബന്ധപ്പെട്ട്
മാമ്മൻ മത്തായി എം.എൽ.എ. അയച്ച ഒരു കത്ത് (1992)



നിത്യഹരിത വ്യക്തിത്വം

പ്രതീഷ് ഫിലിപ്പ്

(തേക്കുംപറമ്പിൽ, കല്ലുങ്കൽ)

"ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു." (2 തിമോത്തിയോസ് 4:7).

വിരമിക്കലില്ലാത്ത, കാലഹരണപ്പെടാത്ത "നിത്യഹരിത വ്യക്തിത്വത്തിന്റെ" ഉടമയായിരുന്നു ബഹു. തേക്കിൽ അച്ചൻ. കുലീനമായ വ്യക്തിത്വവും മഹത്വമുള്ള പെരുമാറ്റവും, സന്തോഷവും, സൗഹൃദവും നിറഞ്ഞ സമീപനവും എല്ലാവരെയും ഉൾക്കൊള്ളുന്ന ഹൃദയവിശാലതയും, ഒപ്പം നിറപുഞ്ചിരിയും മൂലം അച്ചൻ എല്ലാവരുടെയും തേക്കിൽ അച്ചനായി മാറി.

പ്രിയപ്പെട്ട തേക്കിലച്ചന്റെ ഓർമ്മ എന്നും ഒരു തീരാത്ത വേദനയായി എന്റെ ഉള്ളിൽ ഉണ്ടാകും.

തേക്കിലച്ചന്റെ കുടുംബവും എന്റെ കുടുംബവും തമ്മിലുള്ള ബന്ധം തലമുറകളുടെ ബന്ധമാണ്. പുത്തൻപുരയിലെ അപ്പച്ചനും അമ്മച്ചിക്കും എന്റെ പിതാവും മാതാവും അവരുടെ സ്വന്തം മക്കളുടെ സ്ഥാനത്തായിരുന്നു.

പുത്തൻപുരയിൽ അപ്പച്ചന്റെ അന്ത്യസമയവും എന്റെ പിതാവിന്റെ സാമീപ്യത്തിലായിരുന്നു. എന്റെ പിതാവിന്റെ മരണസമയത്ത് ഒരു കൊച്ചു കുഞ്ഞിനെപ്പോലെയുള്ള തേക്കിലച്ചന്റെ പൊട്ടിക്കരച്ചിൽ ഇന്നെന്നപോലെ ഞാൻ ഓർക്കുന്നു. എന്റെ കുഞ്ഞുങ്ങളുടെ മാമോദീസായും മറ്റു കർമ്മങ്ങളിലും തേക്കിലച്ചനായിരുന്നു പ്രധാന കാർമ്മികത്വം വഹിച്ചത്.

ഒരു വൈദികൻ തനിക്കിഷ്ടപ്പെട്ട സ്ഥലത്തേക്ക് പോകേണ്ടിയ ആളല്ല മറിച്ച് ഏതു സ്ഥലത്തേക്ക് അയയ്ക്കപ്പെടുന്നുവോ ആ സ്ഥലത്തേക്ക് ഇഷ്ടപ്പെട്ടു പോകേണ്ടയാളാണ്. നമ്മുടെ തേക്കിലച്ചനും അയയ്ക്കപ്പെട്ട സ്ഥലത്ത് ഇഷ്ടപ്പെട്ടാണ് പോയിരിക്കുന്നത്.

കർത്താവിന്റെ പരിശുദ്ധാത്മാവ് എവിടെയൊക്കെ നയിച്ചോ... അവിടെയെല്ലാം നിസ്വാർത്ഥമായ സേവനം ചെയ്ത് ദൈവസന്നിധിയിലേക്ക് പോയിരിക്കുന്ന വ്യക്തിയാണ് തേക്കിലച്ചനെന്ന് നിസ്സംശയം പറയാം.

നീതിയും കരുണയുമുള്ള ഒരു വ്യക്തിയായിരുന്നു പ്രിയ തേക്കിലച്ചൻ. നീതി നിഷേധിക്കപ്പെടുന്നവർക്ക് ഒപ്പം നിൽക്കാനായിട്ട് എപ്പോഴും അച്ചൻ ശ്രദ്ധ ചെലുത്തിയിരുന്നു. അതുപോലെ വേദനിക്കുന്നവരുടെയും, എല്ലാവരാലും തഴയപ്പെട്ടവരുടെയും കൂടെ നിൽക്കുവാനും പ്രവർത്തിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും അച്ചൻ മനസ്സു കാണിച്ചിരുന്നു. അതുമൂലം അച്ചനുണ്ടാകുന്ന അപമാനങ്ങളും ഒറ്റപ്പെടുത്തലുകളും ഒരു നല്ല പുഞ്ചിരിയോടു കൂടെ ഏറ്റെടുക്കുവാൻ അച്ചൻ പഠിച്ചിരുന്നു. ഞാൻ ആഫ്രിക്കയിലെ ഘാനയിലായിരുന്നപ്പോഴാണ് തേക്കിലച്ചന്റെ മരണം. മരിക്കുന്നതിന് തലേ ദിവസവും ഫോണിലൂടെ ദീർഘമായി സംസാരിച്ചിരുന്നു. അച്ചൻ തന്ന സ്നേഹവും കരുതലും എന്നും എനിക്കൊരു ബലമായിരുന്നു. അച്ചന്റെ ആത്മാവിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

പ്രശോഭിതനായ ഇടയശ്രേഷ്ഠൻ

(ഒരൊറ്റ മതമുണ്ടുലകിന്നുയിരാം... എന്ന രീതി)

ചാണ്ടപ്പിള്ള പി. സാം തോട്ടപ്പുഴ

കർത്താവീശൻപണ്ടുരചെയ്തു ഇടയനുവേണ്ടഗുണം
നല്ലിടയൻ തന്നജഗണമതിനേ നന്നായ് പാലിക്കും
തിരുവചനത്തേ അമൃതായ് കാക്കും പൂജിത വൈദീകർ
അതിനൊരു മാതൃകയത്രേ തേക്കിൽ തോമസ് വൈദീകൻ
ശൈശവമതിലേ ദൈവികചിന്തയിലഭയം പ്രാപിച്ചു
യൗവ്വനമതിലേ വൈദികനായി ശോഭിതനായ് തീർന്നു
ദൗത്യം നാഥനുഹിതമാം വണ്ണം നന്നായ് പാലിച്ചു
ഇടവക പലതും പരിപാലിച്ചു മാതൃകയായ് തീർന്നു
സ്നേഹംവിനയം താഴ്മയുമെല്ലാം വരദാനംപോലായ്
ചിത്തം നൽകിയസന്തോഷം തൻ വദനത്തിനു വരമായ്
പാവനമായോരാരാധനയോ ഭക്തിയിലതിശ്രേഷ്ഠം
വിശ്വാസത്തേപ്പാലിച്ചീടാൻ കർക്കശമാനസ്സൻ
നാനാജാതി മതക്കാർക്കും നല്ലാശ്രയമായുള്ളോൻ
നാടിനു മുഴുവൻ മാതൃക കാട്ടി പ്രാർത്ഥിച്ചീടുന്നു
കാൽനൂറ്റാണ്ടായ് വൈദികവൃത്തിയിൽ ശോഭിച്ചീടുന്നു
കൃപയാൽ സ്ഥാനം മാനമതെല്ലാം പ്രാപിച്ചീടുന്നു
വന്ദ്യൻ ധന്യൻ തോമസ്സച്ചൻ ഇനിയും ജൂബിലികൾ
പലതും പാരിൽ ഘോഷിച്ചീടാൻ സംഗതിയാകട്ടേ
പ്രാർത്ഥിക്കുന്നു വന്ദ്യപിതാവിന് അജഗണമീമക്കൾ
അർപ്പിക്കുന്നു ആശംസകളുടെ വാടാമലരുകളും.

(വൃത്തം - മാധുരി)

(തോട്ടപ്പുഴ എം.ജി.എം. സണ്ടേസ്കൂൾ ശതാബ്ദി സ്മരണികയിൽ
പ്രസിദ്ധപ്പെടുത്തിയത്, 2004)

പുഞ്ചിരിയുടെ നല്ല ഇടയൻ

ഷിബു ചാണ്ടി മാത്യു, തലവടി

നല്ല ഓർമ്മകളുടെ ഒരു ജീവിതം പകർന്നു നൽകിയ എന്റെ എത്രയും പ്രിയപ്പെട്ട അച്ചനമ്മാച്ചൻ റവ. ഫാ. തോമസ് തേക്കിൽ കോർഎപ്പിസ്ക്കോപ്പായുടെ ഓർമ്മകൾക്ക് മുമ്പിൽ പ്രണാമം!

ഈ ജീവിതത്തിൽ തിരിഞ്ഞുനോക്കുമ്പോൾ നല്ല ഓർമ്മകൾ സമ്മാനിക്കുകയും അതിലുപരി എന്നെ സ്വാധീനിച്ച പ്രധാന ഘടകം ഏത് പ്രതിസന്ധിയേയും, വെല്ലുവിളികളേയും പുഞ്ചിരിയോടെ സധൈര്യം നേരിടുക എന്ന അസാമാന്യ കഴിവാണ്.

എന്റെ ഓർമ്മവച്ച കാലത്ത് തേക്കിൽ ചെമ്മാച്ചനായി മിഠായികളുമായി "മോനേ" എന്ന വിളികളോടെ എന്നെ ചേർത്തുപിടിച്ച് അഭിസംബോധന ചെയ്യുന്നത് മരണം വരെയും നിലനിർത്തിയിരുന്നു.

വണ്ടികളെ അമിതമായി സ്നേഹിക്കുന്ന എന്നെ അതിന്റെ ആദ്യപാഠങ്ങൾ പകർന്നു നൽകിയ എന്റെ ഗുരുനാഥൻ. എന്റെ ജീവിതത്തിലെ എല്ലാ പ്രതിസന്ധിഘട്ടങ്ങളിലും, ഒറ്റപ്പെട്ടുപോയ അവസരങ്ങളിലും ഒരു താങ്ങായി, തണലായി, നിഴലായി ഒപ്പം നിന്ന എന്റെ എത്രയും പ്രിയപ്പെട്ട ഉപദേശകൻ, അതിലുപരി അമൂല്യ സ്നേഹനിധി.

താൻ ദൈവത്തിൽ ആശ്രയിച്ചെടുത്ത എല്ലാ തീരുമാനങ്ങളെയും സധൈര്യം മുമ്പോട്ടുകൊണ്ടുപോകുവാനുള്ള അപാരമായ കഴിവ്. സ്നേഹം ദൈവികമെന്ന് വിശുദ്ധ വേദപുസ്തകം പറയുന്നതുപോലെ നിറഞ്ഞ പുഞ്ചിരി സ്നേഹത്തിന്റെ പ്രതീകമാകുന്നു. അതിനാൽ നിസംശയം പറയാം, എന്റെ അച്ചനമ്മാച്ചൻ റവ. ഫാ. തോമസ് തേക്കിൽ കോർഎപ്പിസ്കോപ്പാ ദൈവത്തിന്റെ നല്ല ഇടയൻ ആയിരുന്നു.

ഒരിക്കൽകൂടി ഈ അമ്മാച്ചന്റെ സ്നേഹവായ്പുകളിലും കരുതലിലും ജീവിക്കുവാൻ അതിയായ മോഹത്തോടെ ഒരായിരം ഓർമ്മപൂക്കൾ!

ഒരായിരം നന്ദി! തന്ന എല്ലാ കരുതലിനും സ്നേഹത്തിനും!

എന്റെ സൂപ്പർ ഹീറോ ഈ ദേശത്തിന്റെയും

ഡോ. റ്റിബിൻ തേക്കിൽ

"എവിടെ തുടങ്ങും എന്നറിയാതെ തേങ്ങുമെൻ ഹൃദയത്തിനുള്ളിലെ ഗദ്ഗദങ്ങൾ."

സ്വന്തം പിതാവിനെപ്പറ്റി മകൻ എഴുതുവാൻ ലഭിച്ച അസുലഭ നിമിഷം. മിക്കവർക്കും അവരവരുടെ മാതാപിതാക്കൾ ആയിരിക്കും അവരുടെ ജീവിതത്തിൽ ഏറെ സ്വാധീനിച്ചിട്ടുള്ളത്. എന്നെ സംബന്ധിച്ചിടത്തോളം എന്റെ ജീവിതത്തിലെ എന്റെ എല്ലാമെല്ലാമായ സൂപ്പർഹീറോയാണ് എനിക്ക് നഷ്ടമായിരിക്കുന്നത്. ആ സൂപ്പർ ഹീറോയെപ്പറ്റി എഴുതുവാൻ ഈ പുസ്തകത്തിലെ താളുകൾ മതിയാകാതെ വരും. എന്നാൽ ബാല്യം മുതലേ എന്നെ സ്വാധീനിച്ചിട്ടുള്ളതും ഞാൻ ഓർക്കുന്നതും ആയ ചില കാര്യങ്ങൾ ഇവിടെ കുറിക്കുവാൻ ആഗ്രഹിക്കുന്നു. മലങ്കരസഭയിലെ പുരോഹിതനായി തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ വിവിധ ദേവാലയങ്ങളിൽ സേവനമനുഷ്ഠിക്കുമ്പോഴും സ്വന്തം നാട്ടിൽ വന്ന് സ്വന്തം ജനങ്ങളോടൊപ്പം പ്രവർത്തിക്കണമെന്ന് അപ്പാ ഏറെ ആഗ്രഹിച്ചിരുന്നു. ആയതിൻപ്രകാരമാണ് ജന്മനാടായ കല്ലുങ്കൽ എന്ന സ്ഥലത്ത് 1990-ൽ വീടു വെച്ച് താമസം ആരംഭിച്ചത്. അതിനായി അപ്പാ എപ്പോഴും പറയാറുള്ള ഒരു ബൈബിൾ വാക്യം ആണ് "ദേശത്ത് പാർത്ത് വിശ്വസ്തത ആചരിക്കുക." ഇത് വിദേശത്ത് ജോലി ചെയ്യുന്ന പ്രിയപ്പെട്ടവരെ ഒക്കെ കാണുമ്പോൾ അപ്പാ ഓർമ്മിപ്പിക്കാറുള്ള ഒരു വാക്യം ആണ്. സ്വന്തം നാട്ടിൽ പാർത്ത് മറ്റുള്ളവർക്ക് നന്മ ചെയ്യുക. അന്ന് ഇന്ന് കാണുന്ന ഗതാഗതസൗകര്യമോ, നല്ല റോഡുകളോ, വൈദ്യുതിയോ ഒന്നും ഇല്ലാതിരുന്ന കാലം.

യുവാക്കളുടെ മാർഗദർശി

എന്റെ ബാല്യകാലത്ത് എപ്പോൾ നോക്കിയാലും ഒരു പറ്റം യുവാക്കൾ അപ്പേ ചുറ്റിപ്പറ്റി ഉണ്ടാകുമായിരുന്നു. വഴിതെറ്റി പോയേക്കാമായിരുന്ന യുവജനതയെ ദിശാബോധം നൽകി നേർവഴിയിലേക്ക് നയിക്കുവാൻ അപ്പയ്ക്ക് സാധിച്ചിരുന്നു (ഇന്നവർക്ക് 40-55 വയസ്സ് പ്രായം കാണും). അതി

നായി മലയാള മനോരമയുമായി സഹകരിച്ച് ബാലജനസഖ്യത്തിന്റെ ഒരു യൂണിറ്റ് കല്ലുങ്കല്ലിൽ തുടങ്ങുകയും, വീടിന്റെ ടെറസിൽ സ്ഥിരമായുള്ള യുവജനങ്ങളുടെ മീറ്റിങ്ങുകളും, പാട്ടു പഠിത്തവും, മറ്റ് സ്ഥലങ്ങളിൽ പോയി മത്സരങ്ങളിൽ പങ്കെടുത്ത് വിജയം കരസ്ഥമാക്കുവാനും, യുവതീയുവാക്കളിലെ കലാവാസനകൾ വളർത്തുന്നതിന് ഉതകുന്ന രീതിയിൽ ഓണം, ക്രിസ്മസ്, ന്യൂ ഇയർ പരിപാടികളും മറ്റ് ഇതര പരിപാടികളും കല്ലുങ്കല്ലിൽ ക്രമീകരിക്കുവാൻ അന്ന് സാധിച്ചിട്ടുണ്ട്. അതുപോലെതന്നെ മലങ്കര കത്തോലിക്കാ ദേവാലയത്തിന്റെ സെന്റ് ജോർജ് കുരിശടിക്ക് സമീപം തുടങ്ങിയ കല്ലുങ്കലെ ക്ലബ്ബായ നിസരി ക്ലബ്ബിന്റെ പ്രവർത്തനങ്ങളും, മദ്യവർജന സമിതി ഒക്കെയും യുവാക്കളുടെ സർഗ്ഗവാസനകൾ വളർത്തിയെടുക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചു. മിക്ക വൈകുന്നേരങ്ങളിലും ഒരു പറ്റം യുവാക്കളും മറ്റുള്ളവരും വന്ന് സൗഹൃദ സംഭാഷണങ്ങൾ നടത്തുകയും പ്രത്യേകിച്ച് വെള്ളിയാഴ്ച ദൂരദർശനിലെ ചിത്രഗീതം കാണുവാനും, ഞായറാഴ്ചയിലെ സിനിമ കാണുവാനും വീട് നിറച്ച് ആളുകൾ ഉണ്ടാവും. 1993-ൽ അപ്പാ ഗൾഫിൽ നിന്ന് ഒരു VCR കൊണ്ടുവന്നു. അന്നൊക്കെ രാത്രി 12 മണി വരെ വോൾടേജ് വരുന്നതും കാത്തിരുന്ന് യുവാക്കൾ കൊണ്ടുവരുന്ന മലയാളം സിനിമ കാസറ്റ് ഇട്ടു എല്ലാരും ഒരുമിച്ചിരുന്നു സിനിമ കണ്ടു സന്തോഷിച്ചിരുന്ന കാലം ഇന്ന് വിരൽ തുമ്പിൽ ഒറ്റ ക്ലിക്കിൽ എല്ലാം ലഭിക്കുന്ന ന്യൂ ജനറേഷൻ പിള്ളേർക്ക് എത്ര മാത്രം ചിന്തിക്കുവാനും മനസിലാക്കുവാനും സാധിക്കും എന്ന് എനിക്കറിയില്ല. ലാൻഡ്ലൈൻ ഫോൺ നേരത്തെ തന്നെ ലഭിച്ചതുകൊണ്ട് പലർക്കും തന്റെ ഉറ്റവരുമായി ഫോണിൽ സംവദിക്കുവാൻ ഉള്ള സ്ഥലം കൂടിയായിരുന്നു ഞങ്ങളുടെ വീട്. അതുപോലെ തന്നെ കല്ലുങ്കലിന്റെ വികസനപ്രവർത്തനങ്ങളിൽ നാഴികക്കല്ലായ മറ്റൊരു സംഘടനയാണ് കല്ലുങ്കൽ ഗ്രാമ വികസന സമിതി. അപ്പാ അതിന്റെ പ്രസിഡണ്ടായി ദീർഘനാൾ സേവനമനുഷ്ഠിച്ചു. നാട്ടുകാരുടെ എല്ലാവരുടെയും സഹകരണത്തോടുകൂടി ഫുട്ബോൾ മത്സരം സംഘടിപ്പിക്കുവാനും മറ്റു വികസന പ്രവർത്തനങ്ങൾ നടത്തുവാനും ആ കാലത്ത് സാധിച്ചു. ഒക്ടോബർ 2 ഗാന്ധി ജയന്തി ദിനത്തിൽ അപ്പയുടെ നേതൃത്വത്തിൽ യുവാക്കളും മറ്റെല്ലാവരും കൂടി കല്ലുങ്കൽ മുഴുവൻ ഇറങ്ങി റോഡും പരിസരങ്ങളും വൃത്തിയാക്കി അതിനുശേഷം എല്ലാവരും കൂടി വീട്ടിൽ വന്നു കപ്പയും കറിയും ഒക്കെ കഴിച്ചു പിരിയുന്ന സേവനവാരവും മറ്റൊരു മറക്കാൻ കഴിയാത്ത അനുഭവം ആയിരുന്നു. ദൈവകൃപ എന്ന് പറയട്ടെ, അന്നത്തെ യുവതീയുവാക്കൾ എല്ലാംതന്നെ ഇപ്പോൾ നല്ല രീതിയിൽ വിദേശത്തും സ്വദേശത്തും ജീവിക്കുന്നു. ഇപ്പോഴും അവരൊക്കെയും ആ ബന്ധം കാത്തുസൂക്ഷിക്കുകയും അപ്പായോടുള്ള അവരുടെ സ്നേഹം ഞങ്ങളോട് പ്രകടിപ്പിക്കുകയും ചെയ്യുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്.

വീടൊരു പരിഹാര കേന്ദ്രം

അന്നൊക്ക ഞങ്ങളുടെ വീട് 24 മണിക്കൂറും തുറന്നു പ്രവർത്തിക്കുന്ന ആർക്കും കേറി വരാമായിരുന്ന ഒരു സ്ഥലമായിരുന്നു. ജാതിമതഭേദമെന്യേ എന്തു പ്രശ്നത്തിനും ഏതു സമയത്തും ആളുകൾ വരാറുണ്ടായിരുന്നു. കുടുംബ വഴക്കുകൾ, ഭാര്യ-ഭർത്താവ് പ്രശ്നങ്ങൾ, അതിർത്തി തർക്കങ്ങൾ, വഴി പ്രശ്നങ്ങൾ ഒക്കെയായിരുന്നു പ്രധാന തർക്കവിഷയങ്ങൾ. ഇവ ഒക്കെയും മധ്യസ്ഥനായി നിന്നുകൊണ്ട് തന്നാൽ കഴിയുന്നവിധം പരിഹരിക്കുവാൻ അപ്പയ്ക്ക് സാധിച്ചിട്ടുണ്ട്. ഏതു മരണം ഉണ്ടായാലും ഏതു പാതിരാത്രിക്കും ആളുകൾ വിളിക്കും; പ്രാർത്ഥിക്കാനും, മോർച്ചറിയിൽ വെക്കാനുള്ള ലെറ്ററിനു വേണ്ടിയും മറ്റും. പ്രത്യേകിച്ച് കല്ലുങ്കൽ പല ആകസ്മീക മരണങ്ങൾ ഉണ്ടായപ്പോഴും അവിടെയൊക്കെ ആദ്യമേ ഓടിച്ചെന്ന് കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കാനും ഗവൺമെന്റുപരമായ നടപടിക്രമങ്ങൾ ഒക്കെ ദ്രുതഗതിയിൽ ആക്കുവാനും അപ്പക്ക് സാധിച്ചിട്ടുണ്ട്. പലപ്പോഴും പലരും പല പ്രശ്നങ്ങൾ ഉണ്ടാക്കി പോലീസ് പിടിച്ചതിനുശേഷം സ്റ്റേഷനിൽ നിന്ന് അപ്പയ്ക്ക് കോൾ വരും. 'അച്ചാ എങ്ങനെ എങ്കിലും ഇറക്കണം.' വൈദിക വേഷവും ധരിച്ച് രാത്രി എന്നോ പകൽ എന്നോ ഇല്ലാതെ കോടതിയിലും ജയിലിലുമൊക്കെ അവരെ ഒക്കെ സഹായിക്കാൻ അപ്പാ പോയിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ വീട് ഒരു കോടതി ആയിരുന്നു. എന്ത് പ്രശ്നത്തിനും ഇവിടെ വന്നാൽ ഒരു പരിഹാരം കാണാൻ സാധിക്കും എന്ന് ആളുകൾക്ക് ഒരു വിശ്വാസം ഉണ്ടായിരുന്നു. ആത്മീയ കാര്യങ്ങൾ ആയ വിവാഹം, മാമോദീസാ, വീട് കൂദാശ, ശവസംസ്കാരം ഇവയ്ക്കൊക്കെ പുറമേ ജീവിതത്തിന്റെ നിർണായകഘട്ടങ്ങളിൽ ഇനി എന്ത് ചെയ്യണം എന്നറിയാതെ വിറങ്ങലിച്ചു നിന്ന സമയങ്ങളിൽ പലർക്കും കൈത്താങ്ങാവാൻ അപ്പക്ക് കഴിഞ്ഞിട്ടുണ്ട്. തന്റെ സ്വാധീനമുപയോഗിച്ച് സ്കൂൾ കോളജ് അഡ്മിഷനുകളും, വിവിധ സ്ഥാപനങ്ങളിൽ ജോലി തരപ്പെടുത്തി കൊടുക്കുവാനും, പലരും കൈയൊഴിഞ്ഞ സഭാ ശുശ്രൂഷകൾ ഏറ്റെടുത്ത് നിർവഹിക്കുവാനും, ധനസഹായങ്ങൾ, ചികിത്സാ സഹായങ്ങൾ, വിദ്യാഭ്യാസ സഹായങ്ങൾ അങ്ങനെ നിരവധി അനവധി സഹായങ്ങൾ നമ്മുടെ ആളുകൾക്കു വേണ്ടി ചെയ്യുവാൻ ദൈവം അപ്പയെ ഒരുക്കിയിട്ടുണ്ട്. അന്നത്തെ ആ പ്രശ്ന പരിഹാരങ്ങളിലൂടെ ഇന്ന് പല കുടുംബങ്ങളും നല്ല രീതിയിൽ ജീവിക്കുകയും സാമ്പത്തികമായി നല്ല ഉന്നതിയിൽ എത്തിച്ചേരുകയും ചെയ്തതിൽ അപ്പയുടെ ആത്മാവിനു സന്തോഷിക്കാം. എന്നാൽ മറുവശം കൂടി പറയട്ടെ. ഏറ്റവും കൂടുതൽ സഹായം ലഭിച്ച പലരും അതിന്റെ ഗുണങ്ങൾ പ്രയോജനപ്പെടുത്തിയവരും പിൽക്കാലത്ത് അപ്പയെ പാടെ വിസ്മരിക്കുകയും വന്ന വഴി മറന്നു പോവുകയും ചെയ്തിട്ടുണ്ട്.

കല്ലുങ്കലിന്റെ വികസന ശില്പി

തൊണ്ണൂറുകളുടെ കാലഘട്ടം പൊട്ടിപൊളിഞ്ഞ റോഡുകളും, പരിമിത മായ ഗതാഗത സൗകര്യങ്ങളും. അന്നത്തെ എം.എൽ.എ. ആയിരുന്ന ബഹു മാനപ്പെട്ട മാമ്മൻ മത്തായിയുമായുള്ള അഭേദ്യമായ ബന്ധം കല്ലുങ്കയുടെ വികസന പ്രവർത്തനങ്ങൾക്ക് വഴിതെളിച്ചു. അപ്പയും ബഹു എം.എൽ.എ. യും പല പ്രാവശ്യം തിരുവനന്തപുരം പോയി സെക്രട്ടറിയേറ്റിലും മറ്റ് ഗവ ൺമെന്റ് ഓഫീസുകളിലും നമ്മുടെ റോഡ് ടാർ ചെയ്യുവാനും, പ്രൈവറ്റ് ബസ് അനുവദിച്ചു കിട്ടുവാനും, മുടങ്ങി കിടന്ന കെ.എസ്.ആർ.ടി.സി. ബസ് പുനരാരംഭിക്കാനും ഒക്കെയും ശ്രമിച്ചു. അതൊക്കെ വിജയകരമായി സാധിച്ചു. അന്ന് ബഹു. മാമ്മൻ മത്തായിയുമായി നടത്തിയ കത്തിടപാടുകൾ അപ്പാ ഫയലിൽ സൂക്ഷിച്ചു വെച്ചിട്ടുണ്ട്. അന്നത്തെ മറ്റൊരു പ്രധാന പ്രശ്നമായിരുന്നു തുടർച്ചയായുള്ള വൈദ്യുതി തടസ്സം. തടി പോസ്റ്റുകൾ മാറ്റി ഇടുവാനും വൈദ്യുതി തടസങ്ങൾ ഉടനടി പരിഹരിക്കുവാനും, വഴി വിളക്കുകൾ സ്ഥാപിക്കുന്നതിന് അപേക്ഷ കൊടുക്കുവാനും, കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ കൂടുതൽ പൈപ്പുകൾ സ്ഥാപിക്കുവാൻ ഒക്കെയും ഓഫീസുകൾ കയറി ഇറങ്ങി കാര്യങ്ങൾ സാധിച്ചെടുത്തു. പല നല്ലവരായ നാട്ടുകാരും അപ്പയോടൊപ്പം ഇതിനൊക്കെ കൂടെ ഇറങ്ങിയതും വിസ്മരി ക്കാനാവില്ല. ഇതുകൊണ്ട് തന്നെ ഒക്കെ ആവാം ഈ ദേശം ഇന്നും അപ്പ യുടെ പേരിൽ അറിയപ്പെടുന്നത്. ഇതൊന്നും അറിയാത്ത പുതു തലമുറ യിലെ ചില വിമർശകവൃന്ദങ്ങൾക്ക് ഇന്ന് അനുഭവിക്കുന്ന സുഖസൗകര്യ ങ്ങൾക്ക് പിന്നിലെ പലരുടെയും കഷ്ടപ്പാടുകൾ അറിഞ്ഞെന്നു വരില്ല. എന്നാൽ ഇതൊക്കെയും അറിയാവുന്ന കല്ലുങ്കലെ നല്ലവരായ നാട്ടുകാർ ചേർന്ന് അപ്പയുടെ സപ്തതിയോടനുബന്ധിച്ച് കല്ലുങ്കൽ പൗരസമിതിയുടെ നേതൃത്വത്തിൽ വളരെ വിപുലമായ ഒരു സപ്തതി ആഘോഷം നടത്തി അപ്പയെ ആദരിച്ചു. 2018-ലെ വെള്ളപ്പൊക്കത്തിലും അടിയന്തര ആവശ്യങ്ങ ൾക്കു വേണ്ടിയുള്ള സാധനങ്ങൾ യുവാക്കളുടെ സഹായത്തോടെ വീട്ടിൽ വെച്ചു പാക്ക് ചെയ്ത് ആവശ്യക്കാർക്ക് എത്തിച്ചുകൊടുത്തു.

നെഞ്ചോടു ചേർത്ത് വെച്ച് സ്കൂളുകൾ: എം.ഡി. എൽ.പി.എസ്. & എം.ജി.എം.

കല്ലുങ്കലെ ആദ്യത്തെ പൊതു സ്ഥാപനമാണ് എം.ഡി. എൽ.പി. സ്കൂൾ. പിതാവും, താനും, തന്റെ സഹോദരന്മാരും ഉൾപ്പെടെ പഠിച്ച സ്കൂൾ കാല പ്പഴക്കത്താൽ ശോചനീയാവസ്ഥയിൽ ആയി. കുട്ടികളില്ലാതെ ഡിവിഷൻ ഫോളിനെ തുടർന്ന് സ്കൂൾ പൂട്ടും എന്ന അവസ്ഥയിൽ ആയപ്പോഴാണ് അന്നത്തെ കോർപ്പറേറ്റ് മാനേജർ ആയ അഭിവന്ദ്യ തോമസ് മാർ അത്താനാ സിയോസ് തിരുമേനി സ്കൂളിന്റെ ലോക്കൽ മാനേജരായി അപ്പയെ നിയമി

ക്കുന്നത്. തിരുവല്ലായിലെ സ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന എന്റെ സഹോദരി യെയും എന്നെയും ഉൾപ്പെടെ അവിടെ കൊണ്ടുപോയി ചേർക്കുകയും കല്ലുങ്കലെ ഓരോ വീടുകൾ കയറിയിറങ്ങി തന്റെ സ്വാധീനമുപയോഗിച്ച് പരമാവധി കുട്ടികളെ അവിടെത്തന്നെ ചേർത്തു പഠിപ്പിക്കുവാനും സാധിച്ചു. കാലങ്ങളായി നിലനിന്നിരുന്ന സ്കൂളിന്റെ അതിർത്തിപ്രശ്നങ്ങൾ പരിഹ രിച്ചു. സ്കൂൾ പുരയിടത്തിൽ കൃഷി ആരംഭിച്ചു. പ്രാഥമിക ആവശ്യങ്ങൾക്കു വേണ്ടി ടോയ്ലറ്റ് നിർമ്മാണവും സ്കൂളിന്റെ പുനരുദ്ധാരണ പ്രവർത്ത നങ്ങളും നടത്തുവാനും അക്കാലത്ത് സാധിച്ചു. അടഞ്ഞു പോകേണ്ടിയി രുന്ന സ്കൂൾ ഇപ്പോഴും നല്ല രീതിയിൽ പ്രവർത്തിക്കുന്നു എന്നുള്ളത് നമുക്ക് അഭിമാനിക്കാം. കാലാകാലങ്ങളായുള്ള സ്കൂളിന്റെ പ്രവർത്തന ങ്ങളിൽ അതീവ തൽപരനായിരുന്നു അപ്പാ. തന്റെ സ്കൂളിനെ ഏറെ സ്നേ ഹിച്ചിരുന്നു എന്നതിനുള്ള മറ്റൊരു ഉദാഹരണമാണ് തന്റെ സപ്തതിയോട നുബന്ധിച്ച് തന്നാൽ കഴിയുംവിധം സ്കൂളിനുവേണ്ടി ഒരു സഹായം അപ്പാ ചെയ്തത്.

എം.ജി.എം. ലെ പൂർവ്വവിദ്യാർത്ഥി ആയിരുന്നു അപ്പ. അമ്മ അവിടുത്തെ അധ്യാപികയും ഞങ്ങൾ മക്കൾ മൂന്ന് പേരും പഠിക്കുകയും ചെയ്ത സമയത്താണ് പപ്പയ്ക്ക് എം.ജി.എം. മ്മിനുവേണ്ടി കൂടുതൽ കാര്യങ്ങൾ ചെയ്യുവാൻ സാധിച്ചത്. അന്നത്തെ കോർപ്പറേറ്റ് മാനേജർ ആയിരുന്ന കാലം ചെയ്ത അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ നിർ ദ്ദേശപ്രകാരം സ്കൂളിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുവേണ്ടി വിവിധ ഗൾഫ് രാജ്യങ്ങൾ സന്ദർശിച്ച് ഫണ്ട് പിരിക്കുവാൻ സാധിച്ചു. ദീർഘ നാളുകൾ സ്കൂളിന്റെ പി.ടി.എ. പ്രസിഡണ്ട് ആയി സേവനമനുഷ്ഠിച്ചു കൊണ്ട് സ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങൾക്ക് ചുക്കാൻ പിടിച്ചു. ശതാബ്ദി സ്മാരക മന്ദിരം, മണി ഗോപുര പുനഃനിർമ്മാണം, സ്കൂൾ ബസ് വാങ്ങൽ, മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവ വിജയകരമായി നടത്തു വാനും സാധിച്ചു. ഒരു അധ്യാപകൻ അല്ലെങ്കിൽ കൂടി അമ്മയോടൊപ്പം റിട്ടേർഡ് ടീച്ചേഴ്സ് അസോസിയേഷനിലെ സജീവ സാന്നിധ്യമായിരുന്ന അപ്പാ.

ആത്മീയ കാര്യങ്ങളിലെ അച്ചടക്കം

അപ്പാ എപ്പോഴും പറയുമായിരുന്നു, സെമിനാരിയിൽ പഠിച്ചതിലും പതിന്മ ടങ്ങ് കാര്യങ്ങൾ പഠിച്ചത് തന്റെ ഗുരുവും, ബന്ധുവും, ആത്മീയ പിതാവു മായ കാലം ചെയ്ത പുണ്യശ്ലോകനായ ഗീവർഗീസ് മാർ ദീയസ്കോറോസ് തിരുമേനിയിൽ നിന്നാണെന്ന്. തിരുമേനിയുടെ പ്രഥമ സെക്രട്ടറിയായി ദീർഘനാളുകൾ പ്രവർത്തിക്കുവാൻ അപ്പായ്ക്ക് സാധിച്ചു. ആരാധനയിൽ ഉള്ള അകമഴിഞ്ഞ വിശ്വാസവും, അച്ചടക്കവും അപ്പയ്ക്ക് ഉണ്ടായിരുന്നു.

ശുശ്രൂഷകൾ ധൃതി കൂട്ടി കാട്ടിക്കൂട്ടി ഒപ്പിക്കുന്ന രീതിയോട് അപ്പയ്ക്ക് തീർത്തും വിയോജിപ്പാണ് ഉണ്ടായിരുന്നത്. ഓരോ ശുശ്രൂഷയും അതിന്റെ ദൈവീക അനുഭവത്തിൽ പൂർത്തീകരിക്കണം. ഇട കുർബാന ആയിരുന്നാൽ പോലും അപ്പാ യാതൊന്നും വെട്ടിക്കുറയ്ക്കാറുണ്ടായിരുന്നില്ല. വിശുദ്ധ ആരാധനയ്ക്കുവേണ്ടിയുള്ള തിരുവസ്ത്രങ്ങൾ തലേന്നേ കൃത്യമായി എടുത്തു വയ്ക്കുമായിരുന്നു. ഒരു ദേവാലയത്തിൽ ചെന്നാൽ ആദ്യം തന്നെ ആ ദേവാലയത്തിലെ കാർപെറ്റിൽ കിടക്കുന്ന നൂൽ, പൊടി, അഴുക്ക് ഒക്കെ വൃത്തിയാക്കുകയും കൂടെയുള്ളവരെ കൊണ്ട് വൃത്തിയാക്കിക്കുകയും ചെയ്യും. വിശുദ്ധ മദ്ബഹായിൽ പ്രവേശിച്ചാൽ മെഴുകുതിരി കാൽ, കുരിശ് എന്നിവ നേരെ വയ്ക്കുകയും ചെയ്യും. വിശുദ്ധ കുർബാനഅപ്പം ഏറ്റവും നല്ല രീതിയിൽ ഉണ്ടാക്കണം എന്നുള്ളത് നിർബന്ധമാണ്. ആകൃതി വ്യത്യാസമോ കരിഞ്ഞു പോവുകയോ മറ്റോ ചെയ്താൽ ഉണ്ടാക്കിയ ആൾക്ക് വഴക്ക് കിട്ടും എന്നത് തീർച്ച. വിശുദ്ധ ആരാധന ഏറ്റവും മനോഹരമാക്കി തീർത്ത് എല്ലാം കൃത്യവും വ്യക്തവുമായി പോകണം എന്നുള്ളതാണ് അപ്പയുടെ പക്ഷം. പ്രാർത്ഥനയും ആരാധനയും അപ്പയുടെ ജീവിതത്തിലെ ശക്തിയായിരുന്നു. എത്ര തിരക്കാണെങ്കിലും യാത്രയിൽ ആണെങ്കിൽ കൂടെയും പ്രാർത്ഥനയിൽ ഒരു മുടക്കവും വരുത്തുക ഇല്ലായിരുന്നു. വീട്ടിലെ പ്രാർത്ഥനാമുറിയിൽ സമയം ചെലവഴിക്കുന്നത് ഇഷ്ടമുള്ള കാര്യമായിരുന്നു. ഒഴിവുസമയങ്ങളിൽ കൂടുതലും ദൈവവചനം ശ്രവിക്കുവാനും, ആത്മീയ ചാനലുകൾ കാണുവാനും, പ്രസംഗങ്ങൾ തയാറാക്കുവാനും ന്യൂസ് കാണുവാനും ഒക്കെ ആയിരുന്നു അപ്പയ്ക്കിഷ്ടം. തന്റെ വൈദിക ജീവിതത്തിൽ പലരെയും വൈദികവൃത്തിയിലേക്ക് ആകർഷിക്കുവാനും വൈദിക പദവിയിലേക്ക് ഉയർത്തിക്കൊണ്ടുവരാനും അപ്പ കാരണമായിട്ടുണ്ട്. ബഹുമാനപ്പെട്ട എബി ഫിലിപ്പ് അച്ചൻ, ബഹുമാനപ്പെട്ട ജോബി അച്ചൻ തുടങ്ങി സേവനമനുഷ്ഠിച്ച ഇടവകകളിൽ നിന്നു പലരെയും വൈദിക വിദ്യാഭ്യാസത്തിന് അയക്കുവാൻ അപ്പയ്ക്ക് സാധിച്ചിട്ടുണ്ട്. കല്ലുങ്കൽ വെള്ളപ്പൊക്കം ഉണ്ടാകുന്ന പ്രദേശമായതുകൊണ്ട് ആ സമയത്ത് പലപ്പോഴും വിശുദ്ധ കുർബാന അർപ്പിക്കാൻ വരുവാൻ തദവസരങ്ങളിലെ വികാരിമാർക്ക് സാധിച്ചിരുന്നില്ല. വിശുദ്ധ കുർബാന മുടങ്ങരുത് എന്ന് അപ്പയ്ക്ക് നിർബന്ധമുണ്ടായിരുന്നു. ആയതിനാൽ വെള്ളം നീന്തിയും വള്ളത്തിൽ പോയിയും രണ്ടു ഇടവകകളിലും പല അവസരങ്ങളിലും വിശുദ്ധ കുർബാന അർപ്പിച്ചിട്ടുണ്ട്. ഒരു വിശ്വാസിയുടെ ഓർമ്മ കുർബാന അർപ്പിക്കാൻ മാതൃ ഇടവകയിൽ വെള്ളം നീന്തി പോയ ചിത്രം പത്രത്തിലും സാമൂഹ്യ മാധ്യമങ്ങളിലും വൈറൽ ആയതും ഈ അവസരത്തിൽ ഓർമ്മിക്കുന്നു.

തിരുവല്ലയുടെ സ്നേഹിതൻ

പ്രവർത്തനമണ്ഡലം ചെങ്ങന്നൂർ ഭദ്രാസനത്തിലെ വിവിധ ദേവാലയ

ങ്ങൾ ആണെങ്കിലും തിരുവല്ലയിലെ ഏതു കാര്യത്തിലും അപ്പാ നിറസാന്നിധ്യമായിരുന്നു. പഠിക്കുന്ന കാലത്തു KSC പ്രവർത്തകനായിരുന്നു. തികഞ്ഞ കോൺഗ്രസ് അനുഭാവിയായിരുന്നു. അങ്ങനെ നിലകൊള്ളാൻ സഹപാഠിയായ ശ്രീ. ടി. എം. ജേക്കബ്, മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി എന്നിവരുമായുള്ള അടുപ്പവും കാരണമായിട്ടുണ്ടാകാം. പല തിരഞ്ഞെടുപ്പുകളിലും ശ്രീ. ഉമ്മൻചാണ്ടിയുടെ പുതുപ്പള്ളി വീട്ടിൽ പ്രാർത്ഥിക്കുവാൻ അപ്പയുടെ കൂടെ ഞാനും പോയിട്ടുണ്ട്. എല്ലാ രാഷ്ട്രീയ പ്രസ്ഥാനത്തിലെയും ആളുകളുമായി അപ്പയ്ക്ക് നല്ല ബന്ധമായിരുന്നു. അതുകൊണ്ട് തന്നെ തിരുവല്ലയിലെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പരിപാടികൾക്കും അപ്പയെ ക്ഷണിക്കാറുണ്ടായിരുന്നു. തിരുവല്ലയിലെ വിവിധ സാംസ്കാരിക സാമുദായിക സംഘടനകളുടെ ഭാരവാഹിയായും അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. YMCA, Red Cross, Bible Society, KCC, Writers forum, Kaniv തുടങ്ങി വിവിധ സംഘടനകളിൽ സജീവ സാന്നിധ്യമായിരുന്നു. തിരുവല്ലയിലെ ഒട്ടുമിക്ക വ്യാപാര സ്ഥാപനങ്ങളുമായും നല്ല ബന്ധമുണ്ടായിരുന്നു. തിരുവല്ലയിലെയും പരിസരപ്രദേശങ്ങളിലെയും അനേകം സ്ഥാപനങ്ങൾ ഉത്ഘാടനം ചെയ്യുവാനും, കൂദാശ ചെയ്യുവാനും നാടിനു സമർപ്പിക്കുവാനും അപ്പയ്ക്ക് സാധിച്ചിട്ടുണ്ട്. അതുപോലെ തന്നെ മറ്റ് ഇതര സഭാ വിഭാഗങ്ങളായ മാർത്തോമ്മാ, മലങ്കര കത്തോലിക്കാ, യാക്കോബായ, പെന്തകോസ്ത് വിഭാഗങ്ങളുമായും സ്ഥാനികളുമായും നല്ല സുഹൃത് ബന്ധമായിരുന്നു. തിരുവല്ല MLA യും MP യുമായും നല്ല അടുപ്പമായിരുന്നു. അതുകൊണ്ട് തന്നെ തിരുവല്ലയിലെ പല കാര്യങ്ങളിലും അഭിപ്രായം ആരായുന്നതിനു അപ്പയെ വിളിച്ചു ചോദിക്കുമായിരുന്നു. എന്റെ പരിമിതമായ അറിവിൽ ശ്രീ. രമേശ് ചെന്നിത്തല, ശ്രീമതി വീണ ജോർജ്, ശ്രീ. സജി ചെറിയാൻ, ശ്രീ. പി. ജെ. കുര്യൻ, അഡ്വ. ജോസഫ് എം. പുതുശ്ശേരി, അഡ്വ. സനൽ കുമാർ, ശ്രീ. പ്രതാപ ചന്ദ്രവർമ്മ, അഡ്വ. ഫ്രാൻസിസ് ഒക്കെ ഉറ്റ സുഹൃത്തുക്കൾ ആയിരുന്നു.

കുണ്ടറ മുതൽ കൂർത്തമല വരെ

കുണ്ടറ വലിയപള്ളി തുടങ്ങി കൂർത്തമല പള്ളി വരെ 14 പള്ളികളിൽ വികാരി ആയി സേവനം അനുഷ്ഠിക്കാൻ ദൈവം അപ്പയെ സഹായിച്ചു. ദൈവകൃപയാൽ സേവനമനുഷ്ഠിച്ച പള്ളികളിൽ ഒക്കെയും യാതൊരുവിധ പ്രശ്നങ്ങളും ഇല്ലാതെ ദേവാലയങ്ങളെ ഉന്നതിയിലേക്ക് കൊണ്ടുവരാൻ സാധിച്ചു. സ്കൂൾ, ഹോസ്പിറ്റൽ, പള്ളി, ചാപ്പൽ, പാഴ്സനേജ്, പാരിഷ് ഹാൾ, കുരിശടികൾ ഒക്കെയും പണി കഴിപ്പിക്കുവാനും, പല ദേവാലയത്തിന്റെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുവാനും അപ്പയ്ക്ക് സാധിച്ചു. മുൻ വികാരി എന്ന നിലയിൽ ഈ പറഞ്ഞ 14 പള്ളിയിലും പിന്നീട് എല്ലാ പെരുന്നാളിനും മറ്റ് പരിപാടികൾക്കും അപ്പയെ ക്ഷണിക്കുമായിരുന്നു. പുതുതലമുറയിലെ എത്ര വൈദികരെ ഇങ്ങനെ പഴയ പള്ളികൾ

ക്ഷണിക്കും എന്ന് എനിക്കറിയില്ല. ഇരുന്ന പള്ളികളിലെ എല്ലാവർക്കും അപ്പയോട് പ്രത്യേക സ്നേഹബഹുമാനമാണ് ഉണ്ടായിരുന്നത്. പലപ്പോഴും അപ്പയുടെ കൂടെ ഈ ദേവാലയങ്ങളിൽ പോകുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. പല വല്യ പള്ളികളിലും പ്രശ്നസങ്കീർണമായ പൊതുയോഗങ്ങളിൽ അസാമാന്യമായ കമ്മാന്റിങ് പവറോടെ നിയന്ത്രിക്കുന്നതും, വിഷയം ഉണ്ടാക്കുന്നവരെ ഒറ്റ പറച്ചിലിലൂടെ അവിടെ അടക്കി ഇരുത്തുന്നതും, ഒരു അധ്യക്ഷൻ എങ്ങനെയാണ് പൊതുയോഗം നിയന്ത്രിക്കേണ്ടതെന്നും ഞാൻ ദൂരെ നിന്ന് കണ്ടു മനസിലാക്കിയിട്ടുണ്ട്. ദേഷ്യപ്പെടേണ്ടിടത്ത് ദേഷ്യപ്പെടാനും, വഴക്ക് പറയേണ്ടിടത്തു വഴക്ക് പറയാനും, സൗമ്യമായി പറയേണ്ടിടത്ത് സൗമ്യമായി പറയാനും അപ്പയ്ക്ക് അറിയാമായിരുന്നു. പറയേണ്ട കാര്യങ്ങൾ ആരുടെ മുഖത്തുനോക്കിയും നിർഭയമായി അപ്പാ പറയുമായിരുന്നു. ഒന്നും മനസ്സിൽ വെക്കുന്ന പരിപാടി ഇല്ല. അതുകൊണ്ട് തന്നെ അന്നത്തെ ഇടവക മെത്രാപ്പോലീത്താ തിരുമേനി പല ഇടവകകളിലെയും പ്രശ്നങ്ങൾ പരിഹരിക്കാനായി അപ്പയെ വിട്ടിട്ടുണ്ട്. അവയൊക്കെ പരിഹരിക്കുവാനും അപ്പയ്ക്ക് സാധിച്ചിട്ടുണ്ട്. ഒരിക്കൽ അപ്പാ വീട്ടിൽ കയറി വന്നത് കുപ്പായം മുഴുവൻ ചോര പുരണ്ട പാടുകളുമായാണ്. ചെങ്ങന്നൂർ ഭദ്രാസനത്തിലെ ഒരു ഇടവകയിലെ കുടുംബപ്രശ്നം പരിഹരിക്കാൻ പോയപ്പോൾ അപ്പൻ മകനെ അപ്പയുടെ മുമ്പിൽ വെച്ചു കത്തികൊണ്ട് കുത്തിയതാണ്. അപ്പയുടെ അവസരോചിതമായ ഇടപെടൽ മൂലം ആ മകൻ രക്ഷപെട്ടു. അതുപോലെ തന്നെ സ്വന്തം നാട്ടിൽ വികാരിയായി ഇരിക്കുക എന്നതും എല്ലാവർക്കും ലഭിക്കുന്ന ഒരു ഭാഗ്യമല്ല. കല്ലുങ്കൽ സെന്റ് ജോർജ് ഇടവകയുടെ വികാരി ആയതിലൂടെ അപ്പയ്ക്ക് അതും സാധ്യമായി. സാധാരണ സ്വന്തം നാട്ടിൽ പ്രവർത്തിക്കുമ്പോഴാണ് ഏറ്റവും കൂടുതൽ വെല്ലുവിളികളും പ്രശ്നങ്ങളും ഉണ്ടാകാനും സാധ്യതയുള്ളത്. എന്നാൽ ആ മൂന്നു വർഷവും ഇടവകയെ വളരെ ഭംഗിയായി നയിക്കുവാനും ഇടവകയുടെ നവതി ആഘോഷങ്ങൾ ഏറ്റവും അനുഗ്രഹപ്രദമായി നിർവ്വഹിക്കുവാനും നവതി സ്മാരക മന്ദിരം പണിയുവാനും നവതി സ്മാരക സുവനീർ പ്രസിദ്ധീകരിക്കുവാനും സാധിച്ചു. ആ ഇടവകയിൽ വികാരിയായിരുന്ന അവസരത്തിലാണ് പരിശുദ്ധ സഭ അപ്പയെ കോറെപ്പിസ്കോപ്പാ സ്ഥാനത്തേക്ക് ഉയർത്തിയതും. അപ്പ ഏറെ സ്നേഹിച്ചതും അപ്പയെ ഏറെ സ്നേഹിച്ചതും ആയ ഒരു ഇടവകയാണ് കല്ലുങ്കൽ സെന്റ് ജോർജ് ഇടവക. അപ്പയുടെ ആഗ്രഹപ്രകാരം തന്റെ മരണശേഷം ആ ഇടവകയിലേക്ക് ഭൗതികശരീരം കൊണ്ടുവരികയും രാജോചിതമായ ഒരു വിടവാങ്ങൽ നൽകി ആ ഇടവക അപ്പയോടുള്ള സ്നേഹം പ്രകടിപ്പിച്ചത് ഒരിക്കലും മറക്കുവാൻ സാധിക്കുകയില്ല. 14 പള്ളികൾക്ക് പുറമെ ദോഹ, ഓസ്ട്രേലിയ പള്ളികളുടെ വികാരിയായും ചുരുക്കം നാളുകൾ അപ്പാ സേവനമനുഷ്ഠിച്ചിട്ടുണ്ട്. മാതൃ ഇടവകയായ കല്ലുങ്കൽ സെന്റ് ഇഗ്നാത്തിയോസ് ഇടവകയും അപ്പാ ജീവനു തുല്യം സ്നേഹിച്ചിരുന്ന ഇടവകയാണ്. ബാല്യം

മുതലേ സൺഡേസ്കൂൾ, യൂത്ത് ലീഗ് എന്നിവയിൽ സജീവമായി പ്രവർത്തിച്ചു. ആജീവനാന്തം ഇടവകയുടെ ഓരോ പ്രവർത്തനത്തിലും ശുശ്രൂഷകളിലും വേണ്ടതായ നേതൃത്വവും ഉപദേശവും നൽകി. പ്രധാനമായി ഇടവകയുടെ ജൂബിലി, പള്ളിയുടെ പുനർനിർമ്മാണം, നവതി, ഓഡിറ്റോറിയം നിർമ്മാണത്തിനു ലോൺ സംഘടിപ്പിക്കുന്നതിലും, കുരിശടി, കൊടിമരം എന്നിവയുടെ കല്ലിടീലിനും കൂദാശകളിലൊക്കെയും നേതൃത്വം നൽകി. കാലാകാലങ്ങളിലെ വികാരിമാർക്ക് വേണ്ട എല്ലാ സഹായവും, അവരുടെ അഭാവത്തിൽ ശുശ്രൂഷകൾ ഏറ്റെടുത്ത് നടത്തുവാനും അപ്പാ തയാറായിട്ടുണ്ട്. ദിവംഗതനായ വന്ദ്യ അലക്സന്ത്രയോസ് സീതത്തോട്ടിൽ അച്ചൻ മൂന്ന് വർഷവും വീട്ടിൽ താമസിച്ചാണ് ഇടവക ശുശ്രൂഷ നിർവഹിച്ചത്. റിട്ടയർമെന്റിനു ശേഷം ഒരു വികാരിയെപ്പോലെ എന്നോണം അപ്പയെ സ്നേഹിച്ച ഒരു പള്ളി ആണ് കാടുവെട്ടൂർ പള്ളി. എല്ലാ ആഴ്ചയും അവിടെ വിശുദ്ധ കുർബാന അർപ്പിക്കുവാനും കാടുവെട്ടൂർ വല്യഉപ്പന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുവാനും അപ്പയ്ക്ക് സാധിച്ചു. മരിക്കുന്നതിന് മുമ്പ് നാട്ടിൽ അവസാനമായി ദിവ്യബലി അർപ്പിച്ചതും കാടുവെട്ടൂർ പള്ളിയിൽ ആയിരുന്നു. മരണശേഷം ആദ്യം ആ ദേവാലയത്തിൽ കൊണ്ടുവരണമെന്നും ഇടവകക്കാർ ആവശ്യപ്പെട്ടു. ആ ദേവാലയം അപ്പയോട് കാണിച്ച സ്നേഹം വിലമതിക്കാനാവാത്തതാണ്.

സ്വഭാവ സവിശേഷതകൾ

പെട്ടെന്ന് അടുക്കുന്ന സ്വഭാവം. വീടിന്റെ മുന്നിൽ കൂടി പോകുന്ന ഒരാളെപ്പോലും സംസാരിക്കാതെ വിടുന്ന പതിവ് അപ്പയ്ക്ക് ഉണ്ടായിരുന്നില്ല. എത്ര സംസാരിക്കാത്ത ആളെയും അങ്ങോട്ട് കയറി മിണ്ടി അവരോടു പെട്ടെന്ന് സൗഹൃദം സ്ഥാപിക്കാൻ പ്രത്യേക കഴിവായിരുന്നു. ഒരാളോട് എത്രനേരം വേണമെങ്കിലും സംസാരിച്ചിരിക്കാൻ മടിയില്ലായിരുന്നു. ആയതിനാൽ തന്നെ അപ്പയ്ക്ക് അതിരുകളില്ലാത്ത സുഹൃത്ത്വലയങ്ങളാണ് ഉണ്ടായിരുന്നത്. ഒരിക്കൽ കണ്ട ആളെ പിന്നീട് കാണുമ്പോൾ പേരെടുത്തു പറഞ്ഞ് കൃത്യമായി ഓർത്തു വെക്കുവാനും ബന്ധങ്ങൾ ഒക്കെ കൃത്യമായി എടുത്തു പറയുവാനും പപ്പയ്ക്ക് നല്ല തിട്ടം ആയിരുന്നു. പല ദൂര സ്ഥലങ്ങളിൽ സഞ്ചരിക്കുമ്പോഴും ഒരിക്കൽ മാത്രം പോയ വഴികൾ ആണെങ്കിൽ കൂടി കൃത്യമായി ഓർത്തുവയ്ക്കുവാൻ, പുതിയ ഷോർട്ട്കട്ട് വഴികൾ കണ്ടു പിടിക്കുന്നതിനും അപ്പ മിടുക്കനായിരുന്നു. തന്റെ സഹപാഠികളായ സുഹൃത്തുക്കളിൽ പ്രധാനികളായിരുന്നു മുൻ മന്ത്രിയായ ശ്രീ. ടി. എം. ജേക്കബ്, ഹാസ്യ സാമ്രാട്ട് ശ്രീ. ജഗതി ശ്രീകുമാർ, ശ്രീ. രവി വള്ളത്തോൾ, പദ്മശ്രീ കുര്യൻ ജോൺ മേളാംപറമ്പിൽ, ശ്രീ. ജയകുമാർ ഐ.എ.എസ്. തുടങ്ങിയവർ. എത്ര തിരക്കുണ്ടെങ്കിലും എല്ലാ ദിവസവും കൃത്യമായി ഡയറി എഴുതി സൂക്ഷിക്കുന്ന പതിവ് ഉണ്ടായിരുന്നു. മരണ ദിവസം വരെയും അത് കൃത്യ

മായി എഴുതുവാൻ അപ്പ മറന്നില്ല. വരവു ചെലവു കണക്കുകളും മറ്റു കാര്യങ്ങളും കൃത്യമായി എഴുതി വയ്ക്കും. പഠിച്ച വിഷയം എക്കണോമിക്സ് ആയതുകൊണ്ട് തന്നെ കണക്ക് സംബന്ധമായ കാര്യങ്ങളിൽ കൃത്യമായ അവബോധം ഉണ്ടായിരുന്നു. വീട്ടിലെ ഒരു സാധനവും കളയുന്ന പതിവ് പപ്പയ്ക്ക് ഇല്ലായിരുന്നു. പിന്നീട് എപ്പോഴെങ്കിലും അവയൊക്കെ ആവശ്യം വരും എന്ന് പറഞ്ഞ് എല്ലാ സൂക്ഷിച്ചുവെക്കുമായിരുന്നു. പുസ്തകങ്ങളുടെയും വിവിധ ഭാഷകളിലുള്ള ബൈബിളുകളുടെയും ഒരു കളക്ഷൻ തന്നെ ഉണ്ട്. പുസ്തകങ്ങളുടെ ശേഖരണം കാരണം വീട്ടിൽ വെക്കാൻ സ്ഥലമില്ലാതെ വന്നപ്പോൾ ഞങ്ങളുടെ നിർബന്ധത്തിനു വഴങ്ങിയാണ് കുറച്ചെങ്കിലും കൊടുക്കുവാൻ അപ്പ സമ്മതിക്കുന്നത്. ശരീരശുദ്ധിയിലും വസ്ത്രധാരണത്തിലും ഉള്ള വൃത്തിയും, ഇംഗ്ലീഷ് ലാംഗ്വേജിലുള്ള പ്രാവീണ്യവും, വൃത്തിയുള്ള കയ്യക്ഷരവും അപ്പയുടെ മറ്റൊരു സവിശേഷതയാണ്. ആദ്യമായി 1996-ൽ യെരുശലേം യാത്രയ്ക്ക് പോയപ്പോൾ ഗൈഡിനും തീർഥാടകർക്കും ഇടയിൽ ട്രാൻസ്ലേറ്റർ ആയി നിന്നത് അപ്പയായിരുന്നു. ഭക്ഷണം പതുക്കെ ആസ്വദിച്ച് കഴിക്കുന്ന സ്വഭാവമായിരുന്നു ഉണ്ടായിരുന്നത്. കൃഷി മറ്റൊരു ഇഷ്ടമുള്ള താൽപര്യ വിഷയമായിരുന്നു. അസാമാന്യ നിർഭയത്വം ആയിരുന്നു അപ്പയ്ക്ക് ഉണ്ടായിരുന്നത്. പലപ്പോഴും രോഗങ്ങളുടെ മൂർദ്ധന്യാവസ്ഥയിൽ ഞങ്ങൾ ചോദിക്കുമ്പോൾ പറയും, "അതൊന്നും കുഴപ്പമില്ല ഡാ, സാരമില്ലെടാ. എല്ലാം ശരിയാകും" എന്നൊക്കെ. എല്ലാത്തിനെയും പോസിറ്റീവ് ആയി കാണണം, പോസിറ്റീവ് ആയി ചിന്തിക്കണം എന്നൊക്കെ എപ്പോഴും പറയും. ഉയർന്ന മാനസിക നിലവാരവും ചിന്തയും ഉള്ള ഒരാളായിരുന്നു അപ്പ എന്ന് ഇതിൽ നിന്നൊക്കെ എനിക്ക് തോന്നിയിട്ടുണ്ട്. കാരണം, പലപ്പോഴും സഹായിച്ചവരും സ്നേഹിച്ചവരും ഒക്കെ പിന്നിൽ നിന്ന് കുത്തുമ്പോൾ അപ്പയെ അതൊന്നും ലവലേശം ബാധിച്ചിരുന്നില്ല എന്നുള്ളതാണ് സത്യം. തന്റെ മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും വേർപാടിൽ അല്ലാതെ അപ്പ വിഷമിച്ചിരുന്ന സന്ദർഭങ്ങൾ ഞങ്ങൾ കണ്ടിട്ടില്ല. തീരുമാനങ്ങളിൽ ഉറച്ച നിലപാടുള്ള ആളായിരുന്നു അപ്പ. തന്റെ മുമ്പിൽ വരുന്ന നീതിപൂർവമായ വിഷയങ്ങളെ ധീരമായി നേരിടാനും അവയ്ക്കുവേണ്ടി മുന്നിട്ടിറങ്ങുവാനും അവസാനം വരെ നിലകൊള്ളാനും ഉള്ള തന്റേടവും ആർജ്ജവവും ഒക്കെ അപ്പയ്ക്ക് ഉണ്ടായിരുന്നു. ദീർഘവീക്ഷണത്തോടെയും വിശാലമായും ചിന്തിക്കുന്ന പല കാര്യങ്ങളും മറ്റുള്ളവർക്ക് ബോധ്യപ്പെട്ടു വരുവാൻ ചിലപ്പോൾ വർഷങ്ങൾ എടുത്തെന്നു വരും. അങ്ങനെ ബോധ്യപ്പെട്ട അവർ പിൽക്കാലത്ത് വന്ന് അപ്പയോട് ക്ഷമ പറഞ്ഞ നിരവധി സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. ടെക്നോളജി പരമായി പല കാര്യങ്ങളും ആദ്യം തന്നെ സ്വന്തമാക്കുവാൻ അപ്പാ ശ്രമിച്ചിരുന്നു. കേരളത്തിലെ ആദ്യത്തെ മൊബൈൽ ഫോൺ ആയ എസ്കോർട്ടൽ 1996-ൽ ഇറങ്ങിയപ്പോൾ തന്നെ അപ്പാ വാങ്ങിയിരുന്നു. കേരളത്തിലെ ആദ്യ

ലോഡിൽ വന്ന ഹോണ്ടാ ആക്കീവാ സ്കൂട്ടർ, ഡൽഹിയിൽ നിന്ന് മാരുതി 800 കാർ റോഡുമാർഗം ഓടിച്ചുകൊണ്ട് വന്നതും, VCR, ഇൻവെർട്ടർ, ഡിഷ് ആന്റീന, വാക്വം ക്ലീനർ തുടങ്ങി കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് പുതിയ പുതിയ കാര്യങ്ങൾ പരീക്ഷിക്കാൻ അപ്പയ്ക്ക് ഇഷ്ടമായിരുന്നു. അവ സാനനാളുകളിൽ ന്യൂജനറേഷൻ പ്ലാറ്റ്ഫോമുകൾ ആയ വാട്സ്ആപ്പ്, ഫെയ്സ്ബുക്ക്, യൂട്യൂബ് ഒക്കെ കൈകാര്യം ചെയ്യാനും അപ്പ പഠിച്ചിരുന്നു. ഒരു പിതാവ് എന്ന നിലയിലും, ഭർത്താവ് എന്ന നിലയിലും ആത്മീയ കാര്യ ങ്ങളോടൊപ്പം വീട്ടിലെ കാര്യങ്ങളും കൃത്യമായി കൊണ്ടുപോകുവാൻ അപ്പയ്ക്ക് അറിയാമായിരുന്നു. പ്രത്യേകിച്ച് അമ്മയോടുള്ള കരുതലും ഞങ്ങ ളോടുള്ള വാത്സല്യവും. എവിടെ പോയാലും അമ്മയെ കൂടെ കൊണ്ടു പോകും; വിശേഷാൽ റിട്ടയർമെന്റിനു ശേഷം. ഞങ്ങളെ സ്കൂളിൽ വിടാനും യൂണിഫോം തേച്ചു തരാനും പുറത്തു കൊണ്ടുപോയി ഭക്ഷണം കഴിക്കാനും ഒക്കെ അപ്പാ സമയം കണ്ടെത്തിയിരുന്നു. ഞങ്ങളെക്കൊണ്ട് ഇടയ്ക്കൊക്കെ വിനോദയാത്രകൾ പോകാനും പുതിയ കാര്യങ്ങൾ പര്യവേഷണം ചെയ്യാനും ഒക്കെ അപ്പയ്ക്ക് ഇഷ്ടമായിരുന്നു. അപ്പയ്ക്ക് യാത്രകൾ ഇഷ്ടമായി രുന്നു. ഏകദേശം പന്ത്രണ്ടോളം രാജ്യങ്ങൾ അപ്പാ സന്ദർശിച്ചിട്ടുണ്ട്. രണ്ടു തവണ വിശുദ്ധനാട് (യെരുശലേം) സന്ദർശിക്കുവാനും അനേകംപേരെ വിശുദ്ധ നാട്ടിൽ കൊണ്ടുപോകുവാനും അപ്പയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ആദ്യ മായി മലയാള മനോരമ ആരംഭിച്ച സഫലമീ യാത്ര (1996) എന്ന വിശുദ്ധനാട് തീർത്ഥാടനത്തിൽ കേരളത്തിൽ നിന്ന് നടത്തിയ പല തിരഞ്ഞെടുപ്പുകൾക്ക് ഒടുവിൽ പരിമിതമായ സീറ്റുകളിൽ ഒരാളായി തിരഞ്ഞെടുക്കപ്പെടുവാൻ അപ്പയ്ക്ക് സാധിച്ചു. കുടുംബത്തിലെ അവസാനത്തെ ആളുടെ വരെ ആത്മീയ ശുശ്രൂഷകൾ ആശീർവദിക്കുവാൻ ഉള്ള ഭാഗ്യം ലഭിച്ച അപ്പാ തികഞ്ഞ ഒരു കുടുംബസ്നേഹി കൂടി ആയിരുന്നു. മറ്റൊരു സ്വഭാവ സവിശേ ഷത അപ്പയുടെ Gratitude (ഉപകാര സ്മരണ) ആയിരുന്നു. അപ്പയ്ക്ക് ഉപ കാരം ചെയ്ത ആരെയും അപ്പ വിസ്മരിച്ചു പോകാറില്ല. പ്രത്യേകിച്ച് തന്റെ ഗുരുവായ അഭിവന്ദ്യ ദീയസ്കോറോസ് തിരുമേനിയുടെ കബറിൽ എല്ലാ വർഷവും മുടങ്ങാതെ പോകും. ഓസ്ട്രേലിയയിൽ പോകുന്നതിനു മുമ്പും അവിടെ പോയി പ്രാർത്ഥിച്ചിട്ടാണ് പോയത്. അതുപോലെ തന്നെ മൈലപ്ര റമ്പാച്ചന്റെ സന്നിധിയിലും.

മരണത്തിലും ദൈവവചനം മുറുകെ പിടിച്ചു

പ്രാർത്ഥനയും ദൈവവചനവും അപ്പയുടെ ജീവശ്വാസം ആയിരുന്നു. രാവിലെ എണീറ്റ് പ്രാർത്ഥനയോടെ തുടങ്ങുന്ന ഒരു ദിവസം രാത്രി പ്രാർത്ഥ നയോടെ അവസാനിക്കുന്നു. തന്റെ അവസാന യാത്രയിലും വൈകിട്ട് സന്ധ്യാ പ്രാർത്ഥനയ്ക്ക് ശേഷം കൊച്ചുമക്കളെ പ്രാർത്ഥിച്ചതിനുശേഷം പരുമല പെരുന്നാളിനോട് അനുബന്ധിച്ചുള്ള ദൈവവചന പ്രഘോഷണം

കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അപ്പയുടെ ജീവിതത്തിലെ പഴ്സണൽ സെയിന്റ് ആണ് പരിശുദ്ധനായ പരുമല തിരുമേനി. ജീവിതത്തിൽ എന്ത് കാര്യങ്ങൾ ഉണ്ടായാലും പരുമലപള്ളിയിൽ പോയി പ്രാർത്ഥിക്കുക പതിവായിരുന്നു. യാദൃച്ഛികം എന്നു പറയട്ടെ, തന്റെ സ്വകാര്യ മധ്യസ്ഥനായ പരിശുദ്ധ പരുമല തിരുമേനി കാലം ചെയ്തതിന്റെ തലേ ദിവസം അവസാന ശ്വാസത്തിലും അദ്ദേഹത്തിന്റെ പെരുന്നാളിനോടനുബന്ധിച്ചുള്ള ദൈവ വചനം കേട്ട് മരിക്കുവാൻ ഉള്ള മഹാഭാഗ്യം അപ്പയ്ക്ക് ദൈവം നൽകി. ഒരു വേദന പോലും അറിയാതെ, ഒരു രോഗലക്ഷണവും കാണിക്കാതെ ദൈവ വചനം കേട്ട് ദൈവസന്നിധിയിലേക്ക് അപ്പാ യാത്രയായി. ഓസ്ട്രേലിയയിലെ ആദ്യ ശുശ്രൂഷ മുതൽ കബറടക്കം വരെയുള്ള എട്ടു ശുശ്രൂഷകൾക്കും പരിശുദ്ധ സഭയുടെ പരിശുദ്ധ കാതോലിക്കാ ബാവാ ഉൾപ്പെടെയുള്ള മഹാപുരോഹിതന്മാർ നേതൃത്വം നൽകി. ഭൗതീക ശരീരം വഹിച്ചുകൊണ്ടുള്ള വിലാപയാത്ര കടന്നുപോയ വഴികളിൽ സേവനമനുഷ്ഠിച്ച ദേവാലയങ്ങളുടെയും, ജനസഹസ്രങ്ങളുടെയും ആദരവും അനുശോചനവും നേടികൊണ്ട് ലോകത്തിന്റെ നാനാതുറകളിലുള്ള താൻ സ്നേഹിച്ച തന്റെ ആട്ടിൻ പറ്റത്തിന്റെ സ്നേഹോഷ്മളമായ പ്രാർത്ഥനയും ആദരാഞ്ജലികളും ഏറ്റുവാങ്ങിക്കൊണ്ട് കല്ലുങ്കൽ എന്ന നാടിന്റെ, നാട്ടുകാരുടെ വികാരനിർഭരമായ സ്നേഹപൂച്ചെണ്ടുകൾ ഏറ്റുവാങ്ങിക്കൊണ്ട് ഈ ദേശത്തിന്റെ പിതാവ് യാത്രയായി. തന്റെ മരണത്തെ കുറിച്ചുള്ള കാഴ്ചപ്പാടും അപ്പയ്ക്കുണ്ടായിരുന്നു. അത് തന്റെ സ്നേഹിതരുമായി പങ്കുവെച്ചിട്ടും ഉണ്ടായിരുന്നു. അപ്പാ പറഞ്ഞതുപോലെ തന്നെ ഒരു പക്ഷെ അതിലും ഉപരിയായി ആയിരുന്നു അപ്പയുടെ യാത്രയയപ്പ്. താൻ ശുശ്രൂഷിച്ച വിശുദ്ധ മദ്ബഹായോടും, ദേവാലയത്തോടും, താൻ സ്നേഹിച്ച ദേശത്തോടും, സ്നേഹിതരോടും വിട പറഞ്ഞ് താൻ ആഗ്രഹിച്ച സ്ഥലത്തു വിശുദ്ധ മദ്ബഹായോട് ചേർന്ന് ഇടവകയിൽ പ്രഥമമായി പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ സകലരുടെയും പ്രാർത്ഥനയും ബാഷ്പാഞ്ജലികളും ഏറ്റുവാങ്ങിക്കൊണ്ട് അന്തിയുറങ്ങുന്നു. ഈ ജന്മസാഫല്യത്തിന് ഇനി ഇതിൽപരം എന്തു വേണം. ആ പിതാവിന്റെ മകനായി ജനിക്കുവാൻ സാധിച്ചതിൽപരം ശ്രേഷ്ഠമായി ഈ ജീവിതത്തിൽ എനിക്ക് മറ്റൊന്നുമില്ല. ദൈവത്തിനു നന്ദി. ദൈവത്തിനു സ്തുതി.

അടുപ്പവും വാത്സല്യവുമുള്ള പിതാവ്

റ്റീമ സൂസൻ തോമസ്

"യഹോവയിൽ ആശ്രയിക്കുന്നവർ കുലുങ്ങാതെ എന്നേക്കും നിലനിൽക്കുന്ന സീയോൻപർവ്വതം പോലെ ആകുന്നു" (സങ്കീ. 125:1).

"ജീവിതത്തിൽ വായിച്ച ഏറ്റവും നല്ല പുസ്തകം അമ്മയാണെങ്കിൽ അത് വായിക്കാൻ തിരി കെടാത്തത്ര വെളിച്ചം പകർന്നത് അച്ഛനാണ്" എന്ന ഒരു വാചകമുണ്ട്. അത് ഞങ്ങളുടെ വാത്സല്യനിധിയായ പിതാവിന്റെ കാര്യത്തിൽ നൂറു ശതമാനം ശരിയാണ്. ആ പിതാവ് തന്റെ നിസീമമായ സ്നേഹം ഞങ്ങൾക്കു വാരിക്കോരി തന്നിട്ടാണ് ഇഹലോകത്തിൽ നിന്ന് യാത്രയായത്. ബാല്യം മുതലെ ഒരു പ്രഭാതം തുടങ്ങുന്നത് പിതാവിന്റെ പ്രാർത്ഥനയിലൂടെ ആയിരുന്നു. ഓരോ ദിവസവും ചെയ്യേണ്ടുന്ന കാര്യങ്ങൾ കൃത്യതയോടെ എഴുതിവയ്ക്കുമായിരുന്നു. കൃത്യനിഷ്ഠയോടു കൂടിയ ജീവിതം ഞങ്ങളെ മൂന്നു പേരെയും ഏറെ സ്വാധീനിച്ചു. വേഷധാരണത്തിൽ ഉള്ള വൃത്തിയും വെടിപ്പും, അതിൽ ഏറെ ശ്രദ്ധ ചെലുത്തി അദ്ദേഹത്തിന്റെ പെരുമാറ്റരീതി, മറ്റുള്ളവരോടുള്ള ബന്ധം കാത്തുസൂക്ഷിക്കാൻ ഉള്ള പാടവം, വാക്ചാതുര്യം, ഏതു വിഷയം കിട്ടിയാലും വാതോരാതെ ഉള്ള സംസാരം, പകൃത, അച്ചടക്കം, നിലപാടിൽ ഉറച്ചു നിൽക്കുന്ന സ്വഭാവം, സധൈര്യം എന്തിനെയും നിർഭയം നേരിടാൻ ഉള്ള കരുത്ത് - അങ്ങനെ ഒരുപാടു സവിശേഷതകൾ ആ ജീവിതത്തിൽ കണ്ടിട്ടുണ്ട്; നേരിട്ട് അറിഞ്ഞിട്ടുണ്ട്. ഞങ്ങളുടെ പിതാവ് തന്ന സുരക്ഷ വളരെയേറെ വിലപ്പെട്ടതാണ്. അടുപ്പവും വാത്സല്യവും ഉള്ള ഒരു പിതാവ് നമുക്ക് ഉണ്ടെങ്കിൽ ജീവിതത്തിൽ ഒരു യഥാർത്ഥ നിധി അതു തന്നെ ആയിരിക്കും.

ഏതു ഭയവും ശമിപ്പിക്കുവാൻ കഴിയുന്ന വ്യക്തിയായിരുന്നു. സാധാരണ മഴയും ഇടിമിന്നലും ഉള്ള ദിവസങ്ങളിൽ വാതിലും ജനലും തുറന്നിട്ട് വെളിയിൽ പോയി സധൈര്യം നിൽക്കും. ഒറ്റയ്ക്ക് കിടക്കാൻ പേടി വരുമ്പോൾ, രാത്രിയിൽ ഇടയ്ക്ക് എണീറ്റ് ലൈറ്റ് ഇടാൻ ഭയക്കുമ്പോൾ കൂടെ എണീക്കുന്ന ഒരു പിതാവ് ഞങ്ങൾക്ക് ഉണ്ടായിരുന്നു. ശാസനയിലൂടെ,

അതിലേറെ സ്നേഹത്തോടെ, ഞങ്ങളെ വളർത്തി വലുതാക്കി. ഞങ്ങളുടെ മാതാവിനെ കരുതലോടെ കൊണ്ടുനടന്നു, പോകുന്നിടത്ത് എല്ലാം ഒരുമിച്ച് പോയി, വിഷമാവസ്ഥയിലും ചിരിയോടു കൂടെയേ ഞങ്ങൾക്കു കാണുവാൻ സാധിച്ചിട്ടുള്ളു. തന്റെ മക്കളെ അമ്മയുടെ ജോലിതിരക്കിലും ശ്രദ്ധയോടെ പരിചരിച്ചു. ഞങ്ങളുടെ ഓരോ കാര്യങ്ങൾ നിറവേറ്റി, ബുദ്ധിപൂർവ്വം ഉത്തര വാദിത്വബോധത്തോടെ കുടുംബമായി ഞങ്ങളെ പരിപാലിച്ചു. ദൈവിക കാര്യങ്ങളിൽ ഏറെ ശ്രദ്ധ പുലർത്തി. അചഞ്ചലമായ വിശ്വാസം അദ്ദേഹ ത്തിനുണ്ടായിരുന്നു. ദിവസേനയുള്ള വേദപഠനം, ധ്യാനം ഒക്കെ അതിൽ ഉൾപ്പെട്ടവ തന്നെ.

ഞങ്ങളുടെ ബാല്യം കൂടുതലും ചാത്തന്നൂർ, കുണ്ടറ പ്രദേശങ്ങളിൽ ആയിരുന്നു. ചാത്തന്നൂർ സെന്റ് ജോർജ് പള്ളിയുടെ പാഴ്സനേജിൽ ഒരു മുറി ഉണ്ടായിരുന്നു. സ്വന്തം സ്ഥലം ആയ തിരുവല്ല ആയിട്ട് ആയിരുന്നു എനിക്ക് അപ്പാ ആ മുറി തന്നിരുന്നത്. ആ മുറി അങ്ങനെ തിരുവല്ല ആയി. കൊച്ചുകുട്ടികളുടേതുപോലെ അപ്പ എനിക്ക് കഥകളും കളികളും പറഞ്ഞു തരും. അങ്ങനെ സ്വന്തം നാടിനെ കുറിച്ച് ചെറുപ്പം മുതലേ പറഞ്ഞു തന്നു വളർത്തി. മാസംതോറും തിരുവല്ലയിലേക്കുള്ള യാത്രകൾ എന്നും ബൈക്കിൽ ആയിരുന്നു. ദീർഘദൂര യാത്രയിൽ ഉറങ്ങാതെ ഇരിക്കുവാൻ ഉടനീളം കഥകളും പാട്ടുകളും പാടി തന്നുകൊണ്ടിരിക്കും. വഴിയിൽ കാണുന്ന ചെറിയ കാര്യങ്ങൾ പോലും സരസമായ രീതിയിൽ പറഞ്ഞു തരും. അപ്പ പഠിപ്പിച്ചു തന്നത് ഓരോന്നും ഇന്നും ഓർക്കുന്നു. യാത്രയിൽ പുഴ കണ്ട അഞ്ച് വയസുകാരിയായ എന്നോട് പറയും 'River' എന്ന ഇംഗ്ലീഷ് വാക്കിന്റെ അർത്ഥം ഈ 'പുഴ.' എല്ലാം മനസിൽ മായാതെ നിൽക്കുന്നു. ഞങ്ങൾ മൂന്ന് പേരുടേയും ഉള്ളിൽ ഉള്ള കഴിവിനെ വളർത്താൻ നന്നായി പ്രയത്നിച്ചു. കലാ വാസനകളെ വളർത്തി. വിവിധ പരിശീലനങ്ങൾ നൽകി. ഞങ്ങളുടെ അമ്മ എല്ലാത്തിനും അപ്പയുടെ കൂടെ നിന്ന്, അപ്പായുടെ ഇഷ്ട ങ്ങൾ അനുസരിച്ച് വിനയത്തോടെ പ്രാർത്ഥനയോടെ എല്ലാം ചെയ്തു കൊടുത്തു.

അപ്പാ നല്ല ഒരു പ്രകൃതിസ്നേഹി ആയിരുന്നു. ധാരാളം വൃക്ഷങ്ങൾ വീട്ടിൽ വെച്ചു പിടിപ്പിച്ചു. വൃത്തിയായി ശ്രദ്ധയോടെ പരിപാലിച്ചു. അപ്പയുടെ മീൻ വിഭവങ്ങളോട് ഉള്ള താൽപര്യം വളരെ പ്രസിദ്ധമായിരുന്നു. മീൻ വളർ ത്തൽ ഇടക്കാലത്ത് ഒരു ഭ്രമം ആയിരുന്നു. അപ്പ വളരെ Calculative ആയി രുന്നു. Time & Money Management ൽ വളരെ ശ്രദ്ധ ചെലുത്തിയിരുന്നു. എല്ലാത്തിനും കൃത്യമായ കണക്ക് സൂക്ഷിച്ചിരുന്നു. അപ്പയുടെ ഡയറി കുറി പ്പുകൾ അതിനുള്ള തെളിവുകൾ ആയി ഇന്നും ഉണ്ട്. ശാസിക്കേണ്ടത് ശാസിച്ചു തന്നെ പറയും. അതിലേറെ വാത്സല്യവും പ്രകടിപ്പിച്ചിരുന്നു. ഏഴു കൊച്ചുമക്കളെയും ആവോളം സ്നേഹിച്ചു ലാളിച്ചു മതിയായിരുന്നില്ല.

എന്നും അവരുടെ പ്രിയപ്പെട്ട അപ്പച്ചാ ആയിരുന്നു. മക്കളെയും മരുമക്കളേയും ഒരുപോലെ കണ്ട്, ഒരുപോലെ സ്നേഹിച്ചു. എല്ലാവരുടേയും നന്മ കണ്ട് സന്തോഷിക്കുവാൻ ദൈവം അവസരം കൊടുത്തു. അവസാനവും മക്കളുടെ കൊതിതീരാത്ത സ്നേഹം അനുഭവിച്ചുകൊണ്ട് ഞങ്ങളുടെ പൊന്നു അപ്പാ ഒന്നും അറിയാതെ യാത്രയായി.

അപ്പയുടെ സഹോദരസ്നേഹം അല്ലെങ്കിൽ കുടുംബസ്നേഹം എടുത്ത് പറയേണ്ട കാര്യമാണ്. മാതൃപിതൃ കുടുംബങ്ങളുമായും, അവർ ഒമ്പത് സഹോദരങ്ങളായും ഉള്ള സ്നേഹബന്ധം എന്നും ഞങ്ങൾക്ക് സന്തോഷം തരുന്നതായിരുന്നു. ദിവസേന ഉള്ള മെസ്സേജുകളോ വിളികളോ ഇല്ല. പക്ഷേ മനസിൽ ഉള്ള സ്നേഹം പല രീതിയിൽ പ്രകടം ആയിരുന്നു. ഒരാൾക്ക് ഒരു അസുഖമോ പ്രയാസമോ വന്നാൽ ഓടിയെത്തും. അപ്പച്ചനും അമ്മച്ചിയും പകർന്നു നൽകിയ ഈ സ്നേഹബന്ധം മരണം വരെ പുലർത്തുവാൻ നൂറു ശതമാനം സാധിച്ചു. അതേ സ്നേഹം ഒരു കണിക പോലും കുറയാതെ സഹോദര മക്കളോടും കൊച്ചുമക്കളോടും അന്ത്യം വരെയും തുടർന്നു. വിശേഷ അവസരങ്ങളിൽ കാണാൻ വന്നില്ലെങ്കിൽ ഉള്ള പരിഭവങ്ങൾ സ്നേഹകൂടുതൽ കൊണ്ടാണ് എന്ന് എല്ലാവർക്കും അറിയാമായിരുന്നു. അതിന്റെ ഉദാത്തമായ ഉദാഹരണം ആയിരുന്നു അപ്പായുടെ സംസ്കാര ശുശ്രൂഷയ്ക്ക് എല്ലാവരും ഒരു നോക്ക് അവസാനമായി കാണാൻ ഓടിയെത്തിയത്. കൂടാതെ അപ്പാ ഒത്തിരി കരുതിയിരുന്ന സ്നേഹിച്ചിരുന്ന ഞങ്ങളുടെ ഉപ്പാപ്പന്റെ വിയോഗം. അവർ ഒരുമിച്ച് യാത്രയായി, മരണത്തിലും.

അപ്പാ കാണിച്ചുതന്ന സ്നേഹബന്ധം ഞങ്ങളും എന്നും കാത്തുസൂക്ഷിക്കാൻ ശ്രമിക്കും.

അപ്പായുടെ ദൈവവിശ്വാസം പാറ പോലെ ഉറപ്പ് ഉള്ളതായിരുന്നു. പ്രശ്നങ്ങളിൽ പതറാതെ നില്ക്കുന്ന അപ്പാ. നീതിയ്ക്കുവേണ്ടി പോരാടുന്ന അപ്പയ്ക്ക് വിമർശനങ്ങൾ ഒരുപാട് നേരിട്ടു. എങ്കിലും നിലപാടിൽ ഉറച്ചു നിന്നു. ദൈവമുഖത്തേയ്ക്ക് നോക്കി വിശ്വാസത്തോടെ പോരാടി. എന്റെ ദൈവം എനിക്ക് ദോഷമായൊന്നും ചെയ്യില്ല എന്ന് നിരന്തരം ഓർപ്പിച്ചു. എന്റെ കാര്യത്തിന് ഒരിക്കലും ഒരു മുടക്കവും വരില്ല എന്ന് എപ്പോഴും അമ്മയോട് പറയുന്ന വാക്ക് അന്വർത്ഥമായ ജീവിതമായിരുന്നു അപ്പയുടേത്. ദൈവം തന്റെ ഹൃദയത്തിലെ ആഗ്രഹം ധാരാളമായി കൊടുത്തു.

ജീവിതത്തിൽ എങ്ങനെ മുമ്പോട്ടു പോകണം എന്നും ദൈവാശ്രയത്തോടെ ജീവിക്കണമെന്നും, തോൽവികൾ വരുമ്പോൾ സധൈര്യം സത്യത്തിന്റെ ഭാഗത്ത് ഉറച്ചുനിന്നുകൊണ്ട് സൗമ്യമായി പക്വമായി അതിനെ നേരിടുവാനുള്ള നല്ല മാതൃക ജീവിതത്തിലൂടെ കാണിച്ചു തന്നു. എല്ലാ പ്രതിസന്ധിയിലും പുഞ്ചിരിയോടു കൂടെ നിലകൊണ്ടു. ഞങ്ങളുടെ തീരാനഷ്ട

മായി, തീരാനോവായി ഞങ്ങളുടെ പൊന്നു പപ്പാ ഹൃദയങ്ങളിൽ എന്നും ഉണ്ടാവും. ഇമ്പങ്ങളുടെ പറുദീസായിൽ വീണ്ടും കാണാമെന്ന പ്രത്യാശ യോടെ ജീവിതം മുന്നോട്ടു പോകുന്നു. ഇങ്ങനെ ഒരു പിതാവിനെ തന്ന തിന് ഒത്തിരി ഒത്തിരി സ്നേഹത്തോടെ, കരുണാമയനായ ദൈവത്തോട് ഒരു കോടി നന്ദിയോടെ.

“അച്ചൻ പപ്പാ”

ജീനാ റ്റിബിൻ തേവർവേലിൽ

എപ്പോഴും ഓർമ്മകളെ ഹൃദയത്തോടു ചേർത്തുപിടിക്കാൻ ഞാൻ ശ്രമിക്കാറുണ്ട്. അത് ചെറിയ കുറിപ്പുകളായി സൂക്ഷിക്കാറും ഉണ്ട്. അതുകൊണ്ട് തന്നെ അത് ഒരു കടലാസിലേക്ക് പകർത്തുക എന്നത് അത്ര ശ്രമകരമായ ഒന്നല്ല. പ്രത്യേകിച്ച് മനസ്സിനോട് ഏറ്റവും അടുപ്പമുള്ള ഒരാളെ കുറിച്ചാകുമ്പോൾ ഇത് ഏറെ സന്തോഷം നൽകുന്നു.

തേക്കിൽ അച്ചൻ എന്ന പരിചയപ്പെടുത്തലിലും ഞങ്ങളുടെ സ്വന്തം “അച്ചൻ പപ്പാ” ആണ് എന്റെ പിതാവിന്റെ നേരെ മുതിർന്ന സഹോദരൻ ആണ് ‘അച്ചൻ പപ്പാ.’ ഇത്രയും വർഷത്തെ എത്ര എത്ര ഓർമ്മകൾ.

ഓർമ്മവെച്ച കാലം മുതൽ ഇത്രയും കാലം എന്നെ പേര് വിളിച്ചതായി ഓർമ്മയില്ല. പെൺകൊച്ചെ, കേസ്കെട്ട്, മജിസ്ട്രേറ്റ് അങ്ങനെയാണ് എന്നെ വിളിക്കാറ്. കൂടുതലും കേസ്കെട്ട് എന്നാണ് കാരണം ചെറുപ്പം മുതൽ എല്ലാവരെയും എല്ലാത്തിനെയുംപറ്റി പരാതികൾ അച്ചൻപപ്പായെ മുടങ്ങാതെ ഞാൻ ബോധിപ്പിച്ചിരുന്നു. അതിൽ വളരെ അപ്രധാനമായ വിഷയങ്ങൾ മുതൽ ജീവിതത്തിലെ പ്രധാന തീരുമാനങ്ങളും പ്രതിസന്ധികളും വരെ ഉൾകൊള്ളും.

സ്കൂൾ കാലഘട്ടത്തിൽ അവധിക്കാലങ്ങൾ ഞാൻ എന്റെ സ്വന്തം വീട്ടിൽ ചെലവഴിച്ചതായി ഓർമ്മ ഇല്ല. ഏത് അവധി ആയാലും കുറച്ച് സാധനങ്ങളും പാക്ക് ചെയ്ത് അച്ചൻ പപ്പായുടെ വീട്ടിലേക്ക് പോകുക എന്നതായിരുന്നു എന്റെ ശീലം. മിക്ക ദിവസങ്ങളിലും എന്നെ തിരികെ കൊണ്ടു പോകാൻ പിതാവ് വരാറുണ്ട് എങ്കിലും “നീ പൊക്കോ. കൊച്ചിവിടെ നിൽക്കട്ടെ” എന്ന് പറഞ്ഞ് പപ്പായെ മടക്കി അയക്കാറാണ് പതിവ്.

എവിടെ ചെന്നാലും ആരെ പരിചയപ്പെട്ടാലും ‘തേക്കിലച്ചന്റെ അനിയന്റെ മകൾ’ എന്നത് ഒരു വലിയ ഐഡന്റിറ്റി ആണ് അതിലേറെ ഞങ്ങൾക്ക് എല്ലാവർക്കും. ചെറുപ്പം മുതലെ ഞാനും സഹോദരനും അവിടെ സ്വന്തം മക്കളെപ്പോലെ തന്നെ ആയിരുന്നു. അതുകൊണ്ടുതന്നെ സ്കൂൾ കാലഘട്ടത്തിൽ ലോക്കൽ ഗാർഡിയൻ അച്ചൻപപ്പാ ആയിരുന്നു. അവിടെ വീട്ടിൽ

ഒരു സ്റ്റോപ് ഇല്ലാതെ വീട്ടിലേക്ക് യാത്ര വളരെ കുറവാണ്. അതുകൊണ്ട് തന്നെ എന്ത് പരിപാടികൾ ഉണ്ടെങ്കിലും ഞങ്ങൾ പോയിരുന്നു. ക്രിസ്തു മസ് ആഘോഷങ്ങൾ, കാൽകഴുകൽ ശുശ്രൂഷ അങ്ങനെ ഒരുപാട് ഓർമ്മ കൾ.

ഞാനും മാതാപിതാക്കളും വിദേശത്തേക്ക് സ്ഥിരതാമസമാക്കിയപ്പോൾ അച്ചൻപപ്പാ ഏറെ വിഷമിച്ചത് ഓർക്കുന്നു. എപ്പോഴും കാണാൻ കഴിയില്ല എന്ന വിഷമം പലപ്പോഴും പങ്കുവെക്കാറുണ്ടായിരുന്നു. അതുകൊണ്ട് തന്നെ ആഴ്ചയിലൊരിക്കലെങ്കിലും മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന വീഡിയോ കോൾ പതിവായിരുന്നു.

അപ്രതീക്ഷിതമായ വേർപാട് ഞങ്ങളെ കുടുംബമായി ഏറെ വേദനി യിൽ ആഴ്ത്തി. എല്ലാവരിലും ഉപരിയായി പ്രിയ സഹോദരന്റെ വേർപാട് ഞങ്ങളുടെ പിതാവിന് താങ്ങാവുന്നതിലും അധികമായിരുന്നു. മൂന്ന് ദിവ സങ്ങൾക്കിപ്പുറം പിതാവും കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു. എല്ലാ ഞായറാഴ്ചകളിലും എല്ലാ പ്രാർത്ഥനകളിലും ഞങ്ങളെയെല്ലാം കുടുംബം കുടുംബമായി ഓർക്കുന്നു എന്നത് മനസ്സിന് വലിയ ശക്തി ആയിരുന്നു. ഇപ്പോൾ ദൈവസന്നിധിയിൽ അത് തുടരുന്നു എന്ന് പൂർണ്ണമായി വിശ്വസി ക്കുന്നു.

എപ്പോഴും ഓടിച്ചെന്ന് കെട്ടിപിടിക്കുമ്പോൾ കുന്തിരിക്കം മണക്കുന്ന, സ്നേഹചുംബനങ്ങൾ നൽകാറുള്ള, ഏത് പ്രയാസത്തിലും ആശ്വാസമായി പുഞ്ചിരിതൂകുന്ന നല്ല ഓർമ്മകളാണ് അച്ചൻപപ്പാ.

ചില നഷ്ടങ്ങൾ ഉൾക്കൊള്ളാൻ മനസ്സ് അംഗീകരിക്കാൻ തയാറാകില്ല എന്ന് ഇപ്പോൾ തിരിച്ചറിയുന്നു.

ഇപ്പോഴും മടങ്ങിചെല്ലുമ്പോൾ ഉള്ള പ്രതീക്ഷ ഗേറ്റ് കടന്ന് ചെല്ലുമ്പോൾ സിറ്റൗട്ടിൽ കസേരയിൽ കാത്തിരിക്കുന്ന ആ ചിരിക്കുന്ന മുഖം.... "പെൺ കൊച്ചെ നീ കാല് ഒന്ന് തിരുമ്മ്" എന്ന സ്ഥിരം പറച്ചിൽ, ചേർത്ത് പിടി ക്കൽ, സ്നേഹചുംബനങ്ങൾ ഇവയെല്ലാമാണ്.

As the famous Poem "The Broken chain" by Ron Tranmer says;

You left us peaceful Memories
Your love is still our guide, and though we cannot
See you, you are always at our side..."

"We Miss you dearly Achanpappa."

‘Thoppi Appachan’

Neenu Elsa Jackson
(Granddaughter)

Whenever I hear the name Thoppi Appachen, the first thing that comes to my mind is Thoppi Appachen's smile. He always had a smile on his face all the time. The first thing I would do when I saw him was touch his beard, it was a part of my happiness All the time; his smile, laugh, his beard, everything are the things that remind me of him. I was lucky enough to see Appachen here in UAE with us When they came we moved to a new house. It was all memories the part where we went to the global village, the laughter we had together, all the things he even brought an English bible for Ammamma and me. We would call him a thoppi appachen. The part where we got our exam results and Appachen talking about how we didn't want to come to the open house with the teacher. It was so fun with Appachen around. He always used to make friends with anyone he saw. He a had remarking personality. After we come back from school we would tell Appachen and Aachi all the stuff that happened in school when they were here. Also, one time when Ammamma was sick we went to Dibba without Amma and Ammamma for Christmas Qurbana, it was very memorable. The part where we were together cutting the cake and everything. Also for New Year's when we went to the beach on Jan 1 at midnight to watch the fireworks at the beach that day was so memorable .where we all laughed together and watched the fireworks and being together for a brand new year together and stuff. Also, before Appachen and Aachi were going back to India, we went shopping and he bought me chopsticks because I had been wishing for them for so long I still have it as a memory, it was one of the things that will always be in my mind. Also, the day where we went to Global Village when we went to the Indian pavilion he bought me a lot of jewelries and bracelets. The bracelet was in a silver colour

with blue beads on it, it is always remains in my mind. With the jokes he made, he would pray every day, read the bible, mark the calendar with important stuff coming up, he used to be productive too. I still remember the part when I cried when they were leaving to go back to India. The day they came to UAE, I was honestly the happiest when they reached here to Dubai. It was a school day when we came back home they both were therethat was the most memorable surprise ever! Still miss you appacha. These are just brief stating of the memories I have had with the appachen. There are many more even I can't count! The ones when Me and Ammamma were staying in India; To the silliest things, we had.

Back in the time when All my cousins were around and Appachen would still watch news on TV he always used to watch news and comedy shows. There were also times when we all used to eat together with everyone and Appachen would start the meal with a prayer before eating. Every time I say that my grandfather is a priest I am honestly very proud to be having a grandpa as a priest. Whenever I touched Appachen's beard he would just chuckle and laugh because of the feeling of being tickled. He always would have a smile on his face. I love his qurbana every time, it was always just perfect. He used to friends with almost everyone he used to invite his friends who were there while he was learning priesthood. He always had a smile on his face which was so pleasant. I remember on Christmas Eve we cut a plum cake at midnight and we took photos. Also at the time of Timmykuttan's baptism, appachen had his 70th birthday celebration .it was great honestly. The time when we all gathered together back in 2022 for Appachen's Sapthathi/70th birthday and Timmykuttan's baptism was very memorable. Appachen always was a good spirit he barely said no to anything he always was in a pleasant mood. When he was here in UAE he used to wake up every morning to go to the pharmacy nearby (Life Pharmacy) to get his BP checked. He mostly tried going for a walk in the evening with achachen and Amma. All the times where he and Aachi used to video call on Botim the laughter and talks we all had it is always memorable. Honestly, I can't even say the fact that it has been 1 year since he passed away he would always be a huge part of my memories love you appacha. All the memories we had here will always be in my mind,

With always love and remembrance your loving neenuty or as appachen calls me nunu.

Appachan

Niya Sara Jackson
(Granddaughter)

Nov 1 must the most unforgettable day in my life. Even though my appacha is not there with us physically. mentally he is still with me . His memories are enough to know tht he is near us.We are actually blessed to be close with our grandfather.There was an incident which happened in my childhood. When I was 5 years I used to have a doll which was close to me. When I went for staying in my amma's house I relaised that the doll was not with me. I began to cry, but appacha went back all the way and took the doll for me. I am still thankful and grateful for him. Appacha made a song when Amma was little “vavanam” was the song name that song was inherited even when I was a child .He used to sing in phone for me and my mother would record it. He always had a shining smile on his face everytime .His smile is his biggest identity. The day the missed him so much must be the time of my tenth result. Maybe he will be one of happiest person while hearing my results. He was one of the best with socializing with people. He used to advice me. I am so grateful that appacha and Aachi came to visit us here in Dubai. We had a lot of unforgettable memories with him. Thank you appacha for always been there for me. With always love and remembrance your lovingly.

Our Grandfather

Nissa & Nissi
(Granddaughters)

November 1st, 2023 was the day we lost someone beloved to us. Our grandfather (Thekkil Appacha- Very. Rev. Thomas Thekkil Cor Episcopa) was the most prodigious person whom we had the honour and pleasure of knowing. We know words won't be able to do justice to the magnificent portrait of Appacha's life. But we will try and present a glimpse of what we remember about Appacha and the impacts Appacha had on us.

Prayer & Devotion - Appacha was a very devoted person who loved to spend his time in prayer. Appacha's preparation for Holy Qurbana was a real learning for us. He will be ready 30 minutes before anyone, making sure that he has his speech, ready, his clothes ironed, and made sure that he put everything in his suitcase. During our daily prayers, we hear him naming every single person he knew, especially the sick and needy. We were truly lucky to have his blessings and prayers by putting his hands on our head before we go to school.

Love - He loved spending time with his family. The three months he was here with us in Sydney, was the most precious time of our life and we will never forget how much he loved us. Appacha was happy to take us for evening walks, play at the park and on the way back, get sweets from the sweet shop. He made us laugh, feel safe and always feel loved.

Gratitude - Thekkil Appacha was a kind, loving father who taught us about gratitude. He always advised us that we should be grateful for all the blessings God has showered on us. God is always kind, and we should be thankful every moment of our life.

Church and his flocks - Our grandfather was an affectionate and friendly person. He always loved to meet people, his parishioners with

his charming smile and made connections with a warm statement, he also ensured that the rapport is maintained till his last breath. We have seen his enthusiasm in introducing himself to others be it in church or outside. Appacha was such a rare person, who can simply start a conversation with anyone he met. We've heard from everyone that if you have ever talked to Appacha, you will never forget that moment, and his smile. Everyone really admired the way he maintains the relationship with people. We wish our brother had the chance of knowing him like we had; hearing the stories from Appacha about what my mum and her siblings did as kids, his pastoral life etc.

We miss him and it hurts whenever we think about him. We will strive to follow Appachas' footsteps, upholding the genuine faith in our Lord Jesus Christ, backed up with good deeds. We are comforted by the belief that one day we will be together again with Christ, our Saviour.

My life with Appachan

Giana Elsa Tibin

(Grand Daughter)

When I think about Appachan, my memories starts from the life I stayed with him until I was 4 years old. So I was so much connected with him. Whenever I see him I have a smile on my face as he smiles all the time. His smile is so charming. If I had my Appachan right in front of me I would have given him a big hug and a kiss. I miss him so badly.

I am so lucky to have him in my life. I feel he is the best Appachan in the world.

Another, great moment I had with my Appachan is the time we spent together in a resort when went for the holidays. We stayed in a resort and he enjoyed the moments with me and my sister.

I slept with him that night and it was the last time I slept with him.

I can't hold my tears off when I realise I won't be able to see him anymore and that smile is disappeared forever.

Miss you Appacha.

കല്ലുങ്കൽ ദേശത്തിന്റെ സ്വന്തം 'തേക്കിലച്ചൻ'

'തേക്കിലച്ചൻ' എന്നു കേൾക്കുമ്പോൾ തന്നെ നമ്മുടെ മനസ്സിൽ തെളിയുന്നത് നിറചിരിയോടെയുള്ള തേജസ്സേറിയ അച്ചന്റെ മുഖമാണ്. ദൈവം തന്റെ വേലക്കായി വിളിച്ച് വേർതിരിച്ചതുകൊണ്ടും ദൈവത്തിലുള്ള ഉറച്ച വിശ്വാസം കൊണ്ടും ജീവിതത്തിന്റെ അവസാനം വരെ ജ്വലിച്ച് പ്രകാശിച്ച വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അച്ചൻ.

കല്ലുങ്കൽ എന്ന കൊച്ചു ഗ്രാമത്തിൽ തേക്കിൽ പുത്തൻ ബംഗ്ലാവിൽ മത്തായി മാത്യുവിന്റെയും ശോശാമ്മ മാത്യുവിന്റെയും നാലാമത്തെ മകനായ ബാബു പിന്നീട് ഫാ. തോമസ് തേക്കിൽ കോർഎപ്പിസ്കോപ്പാ എന്ന ദൈവത്തിന്റെ അഭിഷിക്തനായി മാറിയത് സഹനത്തിന്റെയും പ്രാർത്ഥനയുടേയും ഉൾക്കരുത്തുകൊണ്ട് മാത്രമാണ്.

കല്ലുങ്കൽ എന്ന സ്വന്തം ഗ്രാമത്തെയും ഈ നാട്ടിലെ ജനങ്ങളെയും ഇത്ര മാത്രം നെഞ്ചോടു ചേർത്ത് സ്നേഹിച്ച മറ്റൊരാളില്ല. അതുകൊണ്ടു തന്നെ കല്ലുങ്കലിലെ പൊതുസമൂഹത്തിന് ഈ വേർപാട് നികത്താനാവാത്ത നഷ്ടമാണ്.

ഒരു വൈദികൻ തന്റെ ശുശ്രൂഷകളിൽ മാത്രം ഒതുങ്ങിനിൽക്കാതെ പൊതുസമൂഹത്തിനു കൂടി തന്റെ ശുശ്രൂഷ ആവശ്യമാണെന്നുള്ള തിരിച്ചറിവോടെ പ്രവർത്തിച്ചതുകൊണ്ട് തിരുവല്ലയിലെയും കല്ലുങ്കലിലെയും സാമൂഹ്യരംഗത്ത് അച്ചനെ പ്രശസ്തനാക്കി. പ്രമുഖ വ്യക്തികളുമായുള്ള ബന്ധങ്ങൾ ഉപയോഗിച്ച് അനേകർക്ക് നന്മ ചെയ്യുവാൻ അച്ചനു സാധിച്ചു.

'കല്ലുങ്കൽ' എന്ന ഗ്രാമത്തെയും 'തേക്കിൽ' എന്ന കുടുംബത്തെയും അച്ചനിലൂടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അറിയുവാനിടയായത് അച്ചന്റെ കർമ്മപഥങ്ങളിലൂടെയുള്ള യാത്രയിലൂടെയാണ്.

സഭാ-സമുദായ-രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാവരും ദൈവത്തിന്റെ സൃഷ്ടികളാണെന്നുള്ള ഉത്തമബോധ്യത്തിലൂടെ ജീവിച്ച അച്ചന് സമൂഹത്തിൽ വിലമതിക്കാനാവാത്ത അംഗീകാരമാണുള്ളത്.

തന്റെ സഭയുടെ വിശ്വാസത്തിന്റെ അടിത്തറയിൽ ഉറച്ചുനിന്നുകൊണ്ട് ഇതര സഭകളെ സഹോദര സഭകളായി കണ്ട് പ്രവർത്തിച്ചിരുന്നതുകൊണ്ട് എല്ലാ സഭയിലുള്ളവർക്കും അച്ചൻ പ്രിയപ്പെട്ടവനായിരുന്നു.

അച്ചന്റെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ജീവിതത്തിൽ നന്മ അനുഭവിച്ചവർ അനേകരാണ്. സഹായിച്ചവരിൽ ചിലർ വേദനിപ്പിച്ചെങ്കിലും തന്റെ ഭവനത്തിലെ പ്രാർത്ഥനാമുറിയിലും ദേവാലയത്തിലെ ബലിഅർപ്പണത്തിലും അവർക്കുവേണ്ടിയും അച്ചൻ പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു.

ദൈവത്തിന്റെ തേജസ്സ് മുഖസൗന്ദര്യത്തിനു ശോഭയേറിയതു കണ്ടിട്ടാവണം മാർത്തോമ്മാ സഭയുടെ വലിയ മെത്രാപ്പോലീത്താ മാർ ക്രിസോസ്റ്റം തിരുമേനി ഒരു യോഗത്തിൽ അച്ചനെ 'എയ്ഞ്ചൽ അച്ചൻ' എന്ന് അഭിസംബോധന ചെയ്തത്.

അതേ, ഇന്നു സ്വർഗ്ഗത്തിൽ മാലാഖമാരോടൊന്നിച്ച് എയ്ഞ്ചൽ അച്ചനും ദൈവത്തെ മഹത്വപ്പെടുത്തുകയും നമുക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കുകയും ചെയ്യുന്നു എന്നതിൽ സംശയമില്ല.

'ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു.' പൗലോസ് അപ്പോസ്തോലന്റെ വാക്കുകൾ പ്രകാരം അച്ചന്റെ കിരീടധാരണം സ്വർഗ്ഗത്തിൽ നടക്കട്ടെ.

'തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്കു വിലയേറിയതാകുന്നു' അച്ചന്റെ വേർപാട് നമുക്ക് നഷ്ടമെന്ന് തോന്നുമെങ്കിലും സ്വർഗ്ഗത്തിലെ ദൈവത്തിന് വിലയേറിയതായി മാറിയിരിക്കുകയാണ്.

ജീവിതത്തിന്റെ അവസാനം വരെ ഞങ്ങൾ പറയും,
അച്ചൻ ഈ നാടിന്റെ നന്മയായിരുന്നു..
ഈ നാടിന്റെ സൂര്യതേജസ്സായിരുന്നു...
അച്ചൻ മരിച്ചിട്ടില്ല... ജീവിക്കുന്നു ഞങ്ങളുടെ ഹൃദയങ്ങളിലൂടെ.
നിത്യതയുടെ തുറമുഖത്ത് വീണ്ടും കാണാം എന്നുള്ള പ്രത്യാശയോടെ യാത്രയാക്കുന്നു... പ്രിയപ്പെട്ട തേക്കിലച്ചാ...
മറക്കില്ലൊരിക്കലും....

വന്ദ്യ പുരോഹിതാ സമാധാനത്താലെ പോകുക....

(കബറടക്കദിനത്തിൽ കല്ലുങ്കൽ പൗരസമിതി പ്രസിദ്ധീകരിച്ചത്.)



ഭാഗം മൂന്ന്

രചനകൾ

1

ബുദ്ധിയെ പ്രകാശിപ്പിക്കുക

"തിരുവെഴുത്തുകളെ തിരിച്ചറിയേണ്ടതിന് അവരുടെ ബുദ്ധിയെ തുറന്നു" വി. ലൂക്കോസ് 24:45 (ലൂക്കോസ് 24:32-53 ധ്യാനപൂർവ്വം വായിക്കുക).

എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരോട് ഉയിർത്തെഴുന്നേറ്റ യേശുതമ്പുരാൻ ഇടപെടുന്നതായും അവരുടെ ബുദ്ധിയെ പ്രകാശിപ്പിച്ചതായും നാം വായിക്കുന്നു. യേശു തന്നെക്കുറിച്ച് തിരുവെഴുത്തുകളിൽ എഴുതിയിരുന്ന കാര്യങ്ങളെല്ലാം അവരെ അനുസ്മരിപ്പിച്ചുകൊണ്ടാണ് അവരുടെ ബുദ്ധിയെ തുറന്നത് (വാക്യം 44-47). ക്രിസ്തു കഷ്ടം അനുഭവിക്കുകയും മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തത് തന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും സകല ജാതികളിലും പ്രസംഗിക്കപ്പെടുവാൻ വേണ്ടിയാണ്. ഇത് യെറുശലേമിൽ ആരംഭിച്ചു. സകല ലോകങ്ങളിലും എത്തേണ്ടതായിരുന്നു. ഈ നിർദ്ദേശം ശ്ലീഹന്മാർ സ്വീകരിച്ചതുകൊണ്ടാണ് നമുക്ക് സുവിശേഷം (സദ്വാർത്ത) / Gospel (Good News) ലഭിച്ചത്. പെന്തിക്കോസ്തു ദിവസം മാളികമുറിയിൽ വെച്ച് അവർക്ക് ലഭിച്ച അനുഭവം അപ്പോസ്തോലിക സഭയുടെ ആരംഭമായിരുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും സുവിശേഷ ദൂതുമായി അവർ ഇറങ്ങിപ്പോയി (വാക്യം 48). ഇതിന് നിങ്ങൾ എന്റെ സാക്ഷികളാകുന്നു എന്ന് കർത്താവ് അവരോട് കല്പിച്ചു. ആരെങ്കിലും എന്റെ *ശബ്ദം കേട്ട് വാതിൽ തുറന്നാൽ* ഞാൻ അകത്തു വരും (വെളിപ്പാട് 3:20). ബുദ്ധിയെ തുറക്കുമ്പോൾ ദർശനവും ദൂതും ലഭിക്കും.

1. ദർശനം

ദർശനം ഇല്ലാത്തിടത്ത് ജനം മര്യാദ വിട്ട് നടക്കുന്നു, ന്യായപ്രമാണം കാത്തുകൊള്ളുന്നവനോ ഭാഗ്യവാൻ (സദൃ. 29:18). ദർശനം ഇല്ലാത്ത സഭ സ്വാർത്ഥതയിലും, ജഡമോഹത്തിലും, സുഖലോലുപതയിലും ജീവിച്ച് വരണ്ടു പോകുന്നു. അവർ സ്വയത്തിൽ കേന്ദ്രീകരിക്കപ്പെട്ടവരും ലോകത്തിന്റെ ഉല്ലാസത്തിൽ മനം മയങ്ങിയവരുമാണ്. അവർ അബദ്ധങ്ങളിൽ ചെന്നു ചാടുന്നു. ദർശനമില്ലാത്ത സഭ പ്രശ്നസഭയാണ്. പ്രശ്ന സഭയ്ക്ക് യാതൊരു ആത്മീയ ജീവനുമില്ല. നന്മയുടെ സ്വാധീനവുമില്ല. എന്നാൽ ദർശ

നമുള്ള സഭയ്ക്കു നല്ല സ്വാധീനമുണ്ടായിരിക്കും. ആ സഭയുടെ കാഴ്ച പ്പാട് ഉന്നതമായതാകയാൽ ചില്ലറ പ്രശ്നങ്ങൾ അതിനെ അലട്ടുവാൻ ദൈവം സമ്മതിക്കില്ല. അതിന്റെ ശ്രദ്ധ കർത്താവായ യേശുക്രിസ്തുവിൽ കേന്ദ്രീകൃതമായിരിക്കും. ആ സഭ സുവിശേഷത്തോടും, നന്മപ്രവർത്തിക ളോടും, പൗരോഹിത്യ ദർശനത്തോടും അതീവ ശ്രദ്ധയുള്ളതായിരിക്കും. പരിശുദ്ധാത്മാവാണ് നമുക്ക് ഈ ദർശനം നൽകുന്നത്. എന്റെ പിതാവ് വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെമേൽ അയയ്ക്കും. നിങ്ങളോ *ഉയരത്തിൽ നിന്ന് ശക്തി ധരിക്കുവോളം* നഗരത്തിൽ പാർപ്പിൻ. ഈ ശക്തി ധരിക്കലിൽ കൂടിയാണ് സഭ വളരേണ്ടത്. ശിഷ്യന്മാർ പ്രാപിച്ചതും ഇതു തന്നെയാണ്. "എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്വാൻ കഴികയില്ല." യേശുവാകുന്ന മുന്തിരിവള്ളിയിൽ നിന്ന് നാം അന്യപ്പെട്ടുപോയാൽ നാം ഫലം കായ്ക്കാത്ത കൊമ്പുകളായി തീർന്നു പോകും. യേശുതമ്പുരാൻ തന്റെ ശിഷ്യന്മാരുടെ ബുദ്ധിയെ തുറന്നപ്പോഴാണ് അവർക്ക് ഈ ദർശനം ലഭിച്ചത്. 21-ാം നൂറ്റാണ്ടിലേക്ക് പ്രവേശിക്കുന്ന നമ്മുടെ സഭയ്ക്കും ഭാരത സുവിശേഷീകരണത്തെക്കുറിച്ച് പുതിയ ദൈവീക ദർശനവും ഉൾക്കാ ഴ്ചയും ഉണ്ടാകേണ്ടിയിരിക്കുന്നു.

2. ദൂത്

നമ്മുടെ ദൂത് യേശുക്രിസ്തുവാണ്. പ. സഭയെയാണ് ആ ദൂത് ഭരമേ ല്പിച്ചിരിക്കുന്നത്. ഈ ദൂത് അനുതാപത്തിൽ ആരംഭിക്കുന്നു. യോഹന്നാൻ സ്നാപകനും കർത്താവും പത്രോസും പൗലോസും മറ്റ് ശിഷ്യന്മാരും എല്ലാം മാനസാന്തരത്തെക്കുറിച്ചാണ് പ്രസംഗിച്ചത് (വാക്യം 46, 47). ഇന്നും സഭയ്ക്ക് പ്രസംഗിപ്പാനുള്ള ദൂതും ഇതു തന്നെ. ഇന്ന് സഭ മാനസാന്തര ത്തെക്കുറിച്ച് ശ്രദ്ധിക്കുന്നുണ്ടോ? ആചാരാനുഷ്ടാനങ്ങൾ കൊണ്ട് മാത്രം തൃപ്തിപ്പെടുകയല്ലേ. മാനസാന്തരപ്പെടുമ്പോൾ മാത്രമേ രക്ഷ പൂർണ്ണമായി അനുഭവിക്കുവാൻ സാധിക്കുകയുള്ളു.

വഴിപിഴച്ച രാഷ്ട്രീയക്കാരും വഞ്ചന നിറഞ്ഞ വ്യാപാരികളും ആത്മാർ ത്ഥതയില്ലാത്ത ആത്മീയ പ്രവർത്തകരും വിദ്യ അർത്ഥിക്കാത്ത വിദ്യാർത്ഥി കളും മാതൃകയില്ലാത്ത അദ്ധ്യാപകരും ഒക്കെ മാനസാന്തരത്തിലേക്ക് തിരി യുമ്പോൾ മാത്രമേ ദേശത്ത് സഭ സജീവമാകയുള്ളു. ഒരു മനുഷ്യനെ അവന്റെ പാപത്തിൽ നിന്നും വിടുവിക്കുക. അത് സ്നേഹത്തിന്റെയും പ്രത്യാ ശയുടെയും ശക്തിയുടെയും ദൂതാണ്. അത് അവനെ ശുദ്ധീകരിക്കും. ഈ ദൂത് ദൈവത്തിങ്കൽ നിന്നുള്ള ശക്തിയോടു കൂടിയാണ് ഘോഷിക്കപ്പെടേ ണ്ടത്. എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ *നിങ്ങൾ ശക്തി ലഭിച്ചിട്ട്* യെരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമി യുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും (അപ്പോ. പ്രവ. 1:8). പെന്തി

ക്കോസ്തി ശുശ്രൂഷയിൽ "കർത്താവിന്റെ ശക്തിയാൽ നിങ്ങൾ എഴുന്നേൽക്കുവീൻ" എന്നുള്ള ഉദ്ബോധനം ശരിയ്ക്കും മനസ്സിലാക്കിയിരുന്നെങ്കിൽ... ജോൺ വെസ്ലിയുടെ ശക്തിയേറിയ ദൂതുകൾ ഇംഗ്ലണ്ടിനെ വിപ്ലവത്തിൽ നിന്നും ധാർമ്മികാധപതനത്തിൽ നിന്നും ദുഷിച്ച രാജ്യതന്ത്രജ്ഞന്മാരിൽ നിന്നും രക്ഷിച്ചു. കാരണം അദ്ദേഹം ദൈവീക ശക്തിയായി കർത്താവിനു വേണ്ടി സമർപ്പിച്ച ദൈവദാസനായിരുന്നു.

ദൈവിക ദർശനവും ദൈവിക ദൂതും ലഭിക്കുമ്പോൾ നമ്മെത്തന്നെ ദൈവ സന്നിധിയിൽ പൂർണ്ണമായും സമർപ്പിക്കണം. "ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത്" എന്ന് പ. പൗലൂസിനെപ്പോലെ പറയുവാൻ സാധിക്കും. നമുക്ക് നമ്മെത്തന്നെ ഭരമേല്പിക്കാം. അവൻ നമ്മുടെ ബുദ്ധിയെ തുറക്കട്ടെ.

പ്രാർത്ഥന: കർത്താവേ, ഉയിർത്തെഴുന്നേറ്റവനായ അങ്ങയെ ദർശിച്ച പ. ശിഷ്യന്മാരുടെ ബുദ്ധിയെ തുറന്നതുപോലെ ബലഹീനരും പാപികളുമായ ഞങ്ങളുടെ ബുദ്ധിയെ തുറന്ന് നന്മ പ്രവർത്തിക്കുവാൻ ഞങ്ങളെ ശക്തീകരിക്കേണമെ. ആമ്മീൻ.

(ബഥേൽപത്രിക, സെപ്റ്റംബർ 1992)

2

യഥാർത്ഥ പ്രാർത്ഥന എന്നാൽ എന്ത്?

"നിങ്ങൾ എന്റെ നാമത്തിൽ എന്നോട് അപേക്ഷിക്കുന്നതൊക്കെയും ഞാൻ ചെയ്തു തരും" (വി. യോഹന്നാൻ 14:14).

നാം ദൈവത്തോട് അപേക്ഷിക്കുന്നതൊക്കെയും സാധിപ്പിച്ചു തരാമെന്ന കർത്തൃവാഗ്ദാനം പാലിക്കപ്പെടുന്നുണ്ടോ? ദൈവം നീതി പ്രവർത്തിക്കാത്തതെന്ത്? ദീർഘനാളുകൾ തുടർച്ചയായി പ്രാർത്ഥിച്ചിട്ടും ഉത്തരം ലഭിക്കാത്തതെന്തുകൊണ്ട്?

വിശ്വാസികൾക്കിടയിലും അവിശ്വാസികൾക്കിടയിലും സാധാരണയായി പൊന്തിവരുന്ന ചോദ്യങ്ങളിൽ ചിലതാണിവയെല്ലാം. എല്ലാ മതങ്ങളും പ്രാർത്ഥനയ്ക്ക് പ്രാധാന്യം കൊടുക്കുന്നു. മതങ്ങളുടെ ജീവശ്വാസമാണ് പ്രാർത്ഥന. പ്രാർത്ഥന ഇല്ലാതെ സഭയ്ക്ക് നിലനിൽക്കാൻ സാദ്ധ്യമല്ല. കർത്താവ് നിരന്തരം പിതാവിനോട് പ്രാർത്ഥിച്ചിരുന്നു. കർത്താവ് തന്റെ അരുമശ്ലീഹന്മാരെ എങ്ങനെ പ്രാർത്ഥിക്കണമെന്ന് പഠിപ്പിച്ചിരുന്നു. കർത്താവ് പഠിപ്പിച്ച പ്രാർത്ഥനയാണ് 'കർത്തൃപ്രാർത്ഥന.' യഥാർത്ഥ പ്രാർത്ഥനയുടെ മാതൃകയാണത്. നാം പലപ്പോഴും അത് ചൊല്ലി ആശ്വസിക്കാറുണ്ട്.

ദൈവത്തിന്റെ പ്രകടമായ ശക്തി തന്റെ ശിഷ്യന്മാർക്ക് യേശുതമ്പുരാൻ ഈ വാക്യത്തിൽ കൂടി വാഗ്ദത്തം ചെയ്യുന്നു. അവരുടെ പ്രാർത്ഥനകൾക്ക് മറുപടി ലഭിക്കും എന്നതിന്റെ ഉറപ്പ് അവൻ നൽകുന്നു. യോഹ. 15:16, 16:23: പിതാവ് മഹത്വീകരിക്കപ്പെടേണ്ടതിന് അവൻ പ്രാർത്ഥനയ്ക്ക് മറുപടി നൽകുന്നു. നമ്മുടെ പ്രാർത്ഥന ക്രിസ്തുവിന്റെ നാമത്തിൽ അവനോടുള്ള ബന്ധത്തിൽ, അവന്റെ സ്വഭാവത്തിനും ഉദ്ദേശ്യത്തിനും അനുയോജ്യമായിരിക്കണം. ദൈവേഷ്ടത്തിന് നാം ഏകീകരിക്കുന്നതിന് നമ്മെത്തന്നെ സമർപ്പിക്കുന്ന പ്രാർത്ഥനയാണ് പ്രാഥമികമായുള്ളത്.

കാലാവസ്ഥ പ്രതികൂലമാകുമ്പോൾ, മഴ തക്കസമയത്ത് ലഭിക്കാതെ വരുമ്പോൾ, പരീക്ഷയിൽ തോൽവി സംഭവിക്കുമ്പോൾ, രോഗി ആശ്രഹിക്കുന്ന

രോഗസൗഖ്യം പെട്ടെന്ന് ലഭിക്കാതെ വരുമ്പോൾ, സ്വന്ത ഇഷ്ടം സാധിക്കാതെ വരുമ്പോൾ ഒക്കെ പ്രാർത്ഥനയെ നാം പഴിക്കാറുണ്ട്.

നമ്മുടെ പ്രാർത്ഥന സ്വാർത്ഥത നിറഞ്ഞതാകുന്നു. നോമ്പുകാലങ്ങളിൽ എഴുതപ്പെട്ട പ്രാർത്ഥനകൾ പല പ്രാവശ്യം നാം ഉരുവിട്ട് സമാധാനപ്പെടുകയാണ്. സ്വന്തജീവിതത്തിൽ എന്തെങ്കിലും അപകടങ്ങൾ സംഭവിക്കും എന്നുള്ളതുകൊണ്ട് മാത്രം പ്രാർത്ഥിച്ച് വിടുതൽ നേടുന്നവരുമുണ്ട്.

1. യഥാർത്ഥ പ്രാർത്ഥന എന്നാൽ എന്ത്?

Prayer is talking to God എന്നാണ്. ഹൃദയം ദൈവത്തോടു പകർന്ന് ദൈവവുമായി സംസർഗ്ഗം ചെയ്യുക, ദൈവത്തോട് സംസാരിക്കുക. "തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവം നിരസിക്കുകയില്ല" (സങ്കീ. 51:17) എന്ന് ദാവീദ് പറയുന്നു. പ്രാർത്ഥനയുടെ ആവശ്യകതയെപ്പറ്റി ദൈവ വചനം നമ്മെ പഠിപ്പിക്കുന്നു. പഴയനിയമ പ്രവാചകന്മാരും രാജാക്കന്മാരും പുതിയനിയമ കാലത്ത് അപ്പോസ്തോലന്മാരും അറിയിപ്പുകാരും പ. പിതാക്കന്മാരും പ്രാർത്ഥനയുടെ ഗുണപാഠം ഓർമ്മപ്പെടുത്തുന്നു. "ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പീൻ" എന്ന് മർക്കോസ് 13:33-ൽ കാണാം. പ്രാർത്ഥനയിൽ ക്ഷീണിച്ചുപോകരുത്. അതിൽ ജാഗ്രതയോടെ ഇരിക്കുവീൻ, പ്രാർത്ഥനയ്ക്ക് ദൈവം തരുന്ന മറുപടിയ്ക്കായ് ഉണർന്നു കാത്തിരിക്കുവീൻ. അതു ലഭിക്കുമ്പോൾ നന്ദിയുള്ളവരായി ഇരിക്കുവീൻ ഇടവിടാതെ പ്രാർത്ഥിക്കുവീൻ (കൊലോ. 4:2). "എന്തു സംഭവിച്ചാലും എപ്പോഴും നന്ദിയോടെ ദൈവത്തിനു സ്തോത്രം ചെയ്യുവീൻ. ഇതാണ് യേശുക്രിസ്തുവിനുള്ളവരായ നിങ്ങളെപ്പറ്റി ദൈവഹിതം" (1 തെസ്സ. 5:17, 18).

ദൈവത്തിലുള്ള ആശ്രയവും ഭയഭക്തിയുമാണ് പ്രാർത്ഥനയുടെ ആധാരം. ദൈവവചനത്തിൽ കൂടിയും കർത്താവിന്റെ ശരീരമായ പ. സഭയിൽ കൂടിയും പരിശുദ്ധാത്മാവിന്റെ സഹായത്താലും ദൈവീക നിയന്ത്രണത്താലുള്ള അനുദിന സംഭവങ്ങൾ മുഖാന്തിരവും ദൈവം നമ്മോട് ഇടപെടുന്നു. പ്രാർത്ഥിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു. "മനുഷ്യന്റെ മനസ്സ് അയാളുടെ മാർഗ്ഗങ്ങൾ ആസൂത്രണം ചെയ്യുന്നു. കർത്താവാകട്ടെ, അയാളുടെ കാലടികളെ നയിക്കുന്നു" (സദൃ. 16:9).

2. ദൈവത്തോട് നമ്മൾ എങ്ങനെ പ്രാർത്ഥിക്കണം?

ഒരു ഭാഗത്ത് ദൈവം, മറുഭാഗത്ത് മനുഷ്യവർഗ്ഗം. ഇരുഭാഗത്തെയും അടുപ്പിക്കുന്ന മദ്ധ്യസ്ഥനായി മനുഷ്യവർഗ്ഗത്തിനുവേണ്ടി തന്റെ ജീവനെ നൽകിയ, പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമായ യേശുക്രിസ്തു നിൽക്കുന്നു. യേശുക്രിസ്തു തന്റെ മനുഷ്യാവതാരപ്രകാരം ലോകത്തിൽ വന്ന് പിതാവാം ദൈവത്തോട് പ്രാർത്ഥനയിൽ കൂടി സംസാരിക്കുവാനുള്ള വഴി

തുറന്നു തന്നു. പ്രാർത്ഥിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ പ്രേരിപ്പിക്കുന്നു. യേശുക്രിസ്തുവിന്റെ നാമത്തിലാണ് പ്രാർത്ഥന കഴിക്കേണ്ടത്. "നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് എന്തും അപേക്ഷിച്ചുകൊള്ളുക. ഞാൻ അതു ചെയ്തുതരും" (വി. യോഹന്നാൻ 14:13).

ഏഴ് യാമങ്ങളിൽ പ്രാർത്ഥിക്കണമെന്ന് പ. സഭ നമ്മെ പഠിപ്പിക്കുന്നു. ക്രമീകൃതമായ പ്രാർത്ഥനാസമയം ക്രിസ്തീയ ജീവിതത്തിന് വളരെ പ്രയോജനം ചെയ്യും. പ. പിതാക്കന്മാർ അതനുഭവിച്ചവരാണ്. നാമും പ്രാവർത്തികമാക്കണം. ദാനിയേൽ ദിവസം മൂന്നുനേരം മുട്ടുകുത്തി ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു, സ്തോത്രം ചെയ്തു (ദാനിയേൽ 6:10, 11). ദാവീദ് രാജാവ് പ്രഭാതത്തിൽ തന്റെ സങ്കടയാചന കഴിച്ചു (സങ്കീ. 5:3). പ. പൗലോസ് ശ്ലീഹാ ഫിലിപ്പിയയിലെ വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. മറ്റുള്ളവർക്കുവേണ്ടിയും നാം പ്രാർത്ഥിക്കണം (എഫേ. 6:18).

പ്രാർത്ഥന

കർത്താവേ, സ്വാർത്ഥപരമായ പ്രാർത്ഥന അല്ല, ഞങ്ങളുടെ ഉദ്ദേശ്യ നിർവ്വഹണത്തിനും പിതാവിന് മഹത്വം ഉയർത്തുന്നതിനും ആയി പ്രാർത്ഥിക്കേണ്ടതിന് ഞങ്ങളെ പ്രാപ്തരാക്കേണമെ.

(ബഥേൽപത്രിക, ഒക്ടോബർ 1992)

3

തബീഥ

"അവൻ കൈ കൊടുത്തു അവളെ എഴുന്നേൽപിച്ചു. വിശുദ്ധന്മാരെയും വിധവമാരെയും വിളിച്ചു അവളെ ജീവനുള്ളവളായി അവരുടെ മുമ്പിൽ നിറുത്തി" (അപ്പോസ്തോല പ്രവർത്തികൾ 9:41).

കർത്താവ് മരിച്ചവനായ ലാസറിനെ ഉയിർപ്പിച്ചതുപോലെ കർത്തൃശിഷ്യനായ പത്രോസ്, മരിച്ചവളായ തബീഥായെ ഉയിർപ്പിക്കുന്നു. യോപ്പാ ആയിരുന്നു തബീഥയുടെ വാസസ്ഥലം. 'യോപ്പ' എന്ന വാക്കിന്റെ അർത്ഥം 'സൗന്ദര്യം' എന്നാണ്. യെരുശലേമിൽ നിന്നും 30 മൈൽ തെക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ഒരു പുരാതന തുറമുഖ പട്ടണമായിരുന്നു.

'തബീഥാ' എന്ന പേരിന്റെ അർത്ഥം 'പേടമാൻ' എന്നാണ്. ഗ്രീക്കിൽ ദോർക്കാസ് എന്നാണ് ആ വാക്ക്. പേടമാനിനെപ്പോലെ നല്ല സ്വഭാവഗുണമുള്ളവളായിരുന്നു തബീഥാ. യഥാർത്ഥ ശിഷ്യത്വത്തിന്റെ ഉടമയായിരുന്നു. അവൾക്ക് രോഗം പിടിപെട്ടു മരിച്ചു (വാ. 37). അവർ അവളെ കുളിപ്പിച്ചു. ഒരു മാളികമുറിയിൽ കിടത്തി. പത്രോസ് സമീപത്തുള്ള സ്ഥലത്തുണ്ടെന്ന് അവർ അറിഞ്ഞിട്ട് അവൻ വന്ന് പ്രാർത്ഥിച്ചാൽ തബീഥ ഉയിർത്തെഴുന്നേൽക്കുമെന്നുള്ള വിശ്വാസത്താൽ പത്രോസിനെ വിളിപ്പിച്ചു. പത്രോസ് അവരുടെ ആഗ്രഹപ്രകാരം വന്ന് 'മുട്ടുകുത്തി പ്രാർത്ഥിച്ചു.' "തബീഥയെ എഴുന്നേൽക്കുക" എന്നു പറഞ്ഞപ്പോൾ അവൾ കണ്ണു തുറന്നു പത്രോസിനെ കണ്ടു. വിശ്വസിച്ച ജനത്തിന്റെ മുമ്പിൽ അവൻ കൈ കൊടുത്ത് അവളെ എഴുന്നേൽപിച്ചു. മരിച്ചവളെ ജീവനുള്ളവളായി അവരുടെ മുമ്പിൽ നിറുത്തി.

തബീഥയുടെ പ്രത്യേകതകൾ

1. അവൾ വളരെ സൽപ്രവൃത്തികളും ധർമ്മങ്ങളും ചെയ്തുപോന്നവളായിരുന്നു (വാ. 9:36).

ഒരു ക്രിസ്ത്യാനിക്കുണ്ടായിരിക്കേണ്ട ശ്രേഷ്ഠ സ്വഭാവങ്ങളാണ് സൽപ്രവർത്തിയും ധാനധർമ്മവും. തബീഥാ രോഗം പിടിപെട്ട് മരിച്ചപ്പോൾ അവിടെ വിധവമാരും വിശുദ്ധന്മാരും എല്ലാവരും കരഞ്ഞുകൊണ്ടും അവൾ

ജീവിച്ചിരുന്നപ്പോൾ ചെയ്ത നന്മപ്രവർത്തിയെക്കുറിച്ച് പ്രസ്താവിച്ചു കൊണ്ടുമിരുന്നു. അവൾ യഥാർത്ഥ ശിഷ്യയായിരുന്നു. ഗുരുവിനെ അനുസരിച്ച് ഗുരുവിൽ നിന്നും പഠിക്കുന്ന ഒരു വ്യക്തിയാണ് ശിഷ്യൻ/ശിഷ്യ. ക്രിസ്തുവിനെ യഥാർത്ഥ ഗുരുവായി സ്വീകരിച്ച് ക്രിസ്തുവിൽ നിന്നും പഠിക്കുന്ന വ്യക്തിയാണ് യഥാർത്ഥ ക്രിസ്ത്യാനി.

സൽപ്രവർത്തികളും ദാനധർമ്മങ്ങളും ചെയ്യണമെങ്കിൽ കർത്താവിന്റെ കല്പനകൾ അനുസരിക്കണം. "ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ തൃജിച്ച് തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്റെ പിന്നാലെ വരിക. വരാത്തവൻ എന്റെ ശിഷ്യനായിരിപ്പാൻ യോഗ്യനല്ല" (ലൂക്കോസ് 14:27). കർത്താവിന്റെ ശിഷ്യന്മാരാകുവാൻ ആഗ്രഹിക്കുന്നവർ ജീവിതത്തിൽ ക്രൂശ് ചുമക്കണം. ക്രൂശ് കഷ്ടതയുടെ പ്രതീകമാണ്, സ്വാർത്ഥരഹിതമായ ജീവിതത്തിന്റെ മാതൃകയാണ്. ക്രൂശിൽ കൂടെ മാത്രമേ കിരീടം പ്രാപിക്കുവാൻ സാധിക്കുകയുള്ളു. ക്രിസ്തീയ ജീവിതത്തിൽ ഒരു ദൈവപൈതലിനെ ഞെരുക്കി നശിപ്പിക്കുവാൻ കഷ്ടതയ്ക്കു സാധിക്കുകയില്ല. കാരണം, കർത്താവ് കഷ്ടതയെ അതിജീവിച്ചവനാണ്. ഉയിർത്തെഴുന്നേൽപിന്റെ പ്രത്യാശ നൽകുന്നതാണ്. ഇന്നു കാണുന്ന ദാനധർമ്മങ്ങളും സൽപ്രവർത്തനങ്ങളെന്ന് പറയപ്പെടുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളും മറ്റുള്ളവർ കാണേണ്ടതിനായി നടത്തപ്പെടുന്നവയല്ലേ! ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും ഉളവാകുന്ന സേവന പരിപാടികൾ മാത്രമേ മറ്റുള്ളവർക്ക് പ്രകാശം പരത്തുകയുള്ളു. അല്ലാത്തവ താൽക്കാലികമാണ്.

തബീഥാ പേടമാനായിരുന്നു

പേടമാൻ ശീഘ്രഗാമിയാണ്. അതിന്റെ കാലുകൾക്ക് വളരെ നീളം കൂടുതലുള്ളതുകൊണ്ട് വേഗത്തിൽ ഓടുവാൻ സാധിക്കും. വിഷമ ഘട്ടങ്ങളിൽ പോലും ഇവ സമാധാന ജീവിതം നയിക്കുന്നു. അതുപോലെ കഷ്ടതയിലും പ്രയാസത്തിലും ഒരു ക്രൈസ്തവന് സമാധാന ജീവിതം നയിക്കുവാൻ സാധിക്കണം. പേടമാനിന്റെ ഓട്ടംപോലെ സകല ഭാരവും മുറുകെപറ്റുന്ന പാപവും വിട്ട് മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടണം. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനും ആയ യേശുവിനെ നോക്കുക. തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു (എബ്രാ. 12:1, 2).

പേടമാൻ വിശുദ്ധി പാലിക്കുന്ന ജീവിയാണ്

പേടമാനിനെ എല്ലാവരും ഇഷ്ടപ്പെടുന്നു. അത് ഭംഗിയും വൃത്തിയും ശുദ്ധിയുള്ളതുമേ ഭക്ഷിക്കുകയുള്ളു. ചീത്ത സാധനങ്ങൾ ഭക്ഷിക്കുന്നത്

രോഗത്തിനും പാപത്തിനും കാരണമാവും: ഭക്ഷണ വർജ്ജനവും ഒരു പരിധി വരെ ശരീരത്തിന് നല്ലതാണ്. നോമ്പനുഷ്ഠാനം ആത്മികവളർച്ചയ്ക്കും സമാധാനത്തിനും നമ്മെ സഹായിക്കുന്നു. ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരാകുവിൻ (1 പത്രോസ് 1:16).

പേടമാൻ ഏകാന്തത ഇഷ്ടപ്പെടുന്ന ജീവിയാണ്

'ഏകാന്തത' എന്നാൽ സ്വാർത്ഥപരമായ കാര്യങ്ങൾക്ക് മുൻതൂക്കം കൊടുക്കാതെ ദൈവസംസർഗ്ഗത്തിൽ കഴിയുക എന്നാണ്. പ. പിതാക്കന്മാർ അനുഭവിച്ച സ്വർഗ്ഗീയ അനുഭവം അവർ ഏകാന്തതയിൽ കൂടി പ്രാപിച്ച താണ്. പ. പരുമല തിരുമേനിയെപ്പോലെയുള്ളവർ ആർജ്ജിച്ച ശക്തി ഏകാ ന്തതയിൽ കൂടി ലഭിച്ച കൃപയാണ്.

പേടമാൻ അടക്കവും ഒതുക്കവും ലജ്ജാശീലവും ഉള്ള ജീവി യാണ്

ഈ പക്വമായ സ്വഭാവം ഈ ജീവികളിൽ മാത്രമേ ഒരുമിച്ചു കാണു വാൻ പറ്റൂ. ഹോമയാഗമൃഗത്തിന് ഉണ്ടായിരിക്കേണ്ട സ്വഭാവഗുണമാണ്. കർത്താവിൽ ഇവ നിഴലിട്ട് കാണാം. ക്രിസ്തീയ ജീവിതത്തിൽ ഒരു വിശ്വാ സിക്ക് പ്രത്യേകിച്ചും കാണേണ്ട ശ്രേഷ്ഠ ഗുണമാണിവ. പ. പൗലോസ് ശ്ലീഹാ സ്ത്രീകളെക്കുറിച്ച് പ്രത്യേകിച്ച് പറയുന്നു: "അവണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ അലങ്കരിക്കേണം" (1 തിമോ. 2:9-16). പേടമാൻ സംസാരിക്കുന്നില്ലെങ്കിലും അതിന്റെ പ്രവർത്തി എത്രയോ മാതൃകാപരമാണ്.

പ്രാർത്ഥന

കർത്താവേ, ഞങ്ങളുടെ സൽക്കർമ്മങ്ങൾ കണ്ട് ആത്മീയമായ മരണ ത്തിൽ നിന്നും ഞങ്ങളെ ആത്മീയ ജീവനിലേക്ക് നയിക്കേണമെ. ആമ്മീൻ.

(ബഥേൽപത്രിക, നവംബർ 1992)

4

ദൈവം ഉള്ളിൽ ജനിക്കണം

"ഭയപ്പെടേണ്ട, സർവ്വജനത്തിനും ഉണ്ടാകുവാനുള്ളോരു മഹാ സന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു" (വി. ലൂക്കോസ് 2:19).

പ. സഭയുടെ യൽദോ നോമ്പിലേക്ക് നാം കടന്നിരിക്കുകയാണല്ലോ. ക്രിസ്തുവിന്റെ ജനനപ്പെരുന്നാളോടനുബന്ധിച്ചുള്ള നോമ്പനുഷ്ഠാനത്തിന്റെ ഈ സമയത്ത് ക്രിസ്തുമസ്സ് ആഘോഷത്തിന്റെ ഭാഗമായി ക്രിസ്തുമസ്സ് കാർഡ് ഇതിനകം പലരും അയച്ചും അറിയിച്ചും കഴിഞ്ഞിരിക്കുമല്ലോ. വില പിടിപ്പുള്ള കാർഡുകളിലും മറ്റുമായി അയയ്ക്കുന്ന സന്ദേശങ്ങളിൽ പല തിലും ക്രിസ്തുവിന്റെ ഉപദേശങ്ങളിലും വ്യക്തിത്വത്തിലും കരിവാരി തേയ്ക്കുന്ന ഹീനകൃത്യങ്ങളും വാക്കുകളും ഉൾക്കൊള്ളുന്നില്ലേ? ഇന്ന് മ്ലേച്ഛ മായവകൾക്ക് സഭയിലും സമൂഹത്തിലും ക്രിസ്തുമസ്സ് ആഘോഷങ്ങൾ മുഖാന്തിരമാകുന്നില്ലേ? എന്താണ് ക്രിസ്തുമസ്?

ക്രിസ്തു ജനിച്ച ദിവസത്തെയാണല്ലോ ക്രിസ്തുമസ് എന്ന പേരുകൊണ്ട് ഉദ്ദേശിക്കുന്നത്. ലോകം മുഴുവനും കൊണ്ടാടുന്ന ഒരാഘോഷമാണല്ലോ ക്രിസ്തുമസ്. ലോകരക്ഷിതാവായ യേശുക്രിസ്തു കാലസമ്പൂർണ്ണതയിൽ പ. കന്യക മറിയാമിലൂടെ തിരുഅവതാരം ചെയ്തു. ക്രിസ്തുമസിന്റെ പൊരുൾ ഉൾക്കൊള്ളാത്ത കേവലം ബാഹ്യമായ ആചാരങ്ങളിലും, ആഘോഷങ്ങളിലും മയങ്ങി ആത്മീയ സത്യത്തെ അവഗണിക്കുന്ന ദുഃഖകരമായ അവസ്ഥയിലേക്ക് താണുപോയിരിക്കുന്നു. യേശുക്രിസ്തുവിന്റെ ജനനം യാഥാർത്ഥ്യമല്ല സാങ്കല്പികമാണ് എന്ന് പുലമ്പുന്ന ചിലരെങ്കിലും ഉണ്ടെങ്കിലും ക്രിസ്തു, ചരിത്രത്തിന്റെ നടുനായകത്വം വഹിക്കുന്നു എന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കണം, Christ + mass എന്നീ വാക്കുകളിൽ നിന്നുമാണ് 'ക്രിസ്തുവിന്റെ ബലി' എന്നർത്ഥം വരുന്ന 'Christmass' ഉണ്ടായിട്ടുള്ളത്. ക്രിസ്തു നമുക്കുവേണ്ടി ബലിയായിത്തീരുവാൻ തിരുജന്മം എടുത്തു. ക്രിസ്തു ഒരുവന്റെ ഹൃദയത്തിൽ ജനിക്കുമ്പോഴാണ് അവനിൽ ക്രിസ്തുമസ്സ് യഥാർത്ഥമായി തീരുന്നത്.

പ. കന്യക മറിയാമിൽക്കൂടി ക്രിസ്തു ഭൂമിയിൽ ജാതം ചെയ്തപ്പോൾ സ്വർഗ്ഗീയ ദൂതൻ ആട്ടിടയരോട് അറിയിച്ച സന്ദേശമാണ് 'ഭയപ്പെടേണ്ട'

സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം ഞാൻ നിങ്ങളെ അറിയിക്കുന്നു' എന്നത്. ക്രിസ്തുവിന്റെ ജനനം സകല ജനത്തിനും ലഭിക്കുന്ന മഹാസന്തോഷമാണ്. പാപിക്ക് പാപപരിഹാരകനും ശിക്ഷാർഹന് രക്ഷിതാവും ജാതനായിരിക്കുന്നു. ഇതിനെക്കാൾ മഹാസന്തോഷം ഏതാണ്?

"അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം" എന്ന് മാലാഖമാർ പാടി. ഭൂമിയിൽ യേശുക്രിസ്തു മുഖാന്തിരം മനുഷ്യൻ സമാധാനം അനുഭവിക്കുമ്പോൾ അത്യുന്നതങ്ങളിൽ ദൈവം മഹത്വപ്പെടുന്നു. സമാധാനത്തിന് അടിസ്ഥാനം ക്രിസ്തുവാണ്. ക്രിസ്തു ഇല്ലാത്തിടത്ത് സമാധാനമില്ല. "എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു. അത് ലോകം തരുന്നതുപോലെ അല്ല" എന്ന് കർത്താവ് പറയുന്നു. ലോകം തരാത്ത സമാധാനം ക്രിസ്തുവിൽ നിന്ന് നമുക്ക് പ്രാപിക്കാൻ സാധിക്കും. "അവൻ നമ്മുടെ സമാധാനം" എന്ന് എഫേസ്യ ലേഖനം 2:14-ൽ പൗലോസ് ശ്ലീഹാ പറയുന്നു. യഥാർത്ഥത്തിൽ ഈ സമാധാനം ആണ് കർത്താവ് നമ്മിൽ ഉരുവാകുമ്പോൾ അനുഭവവേദ്യമാകുന്നത്. നമ്മുടെ ഹൃദയത്തിൽ, വ്യക്തിജീവിതത്തിൽ യേശുവിന് ജനിക്കുവാൻ ഇടം നൽകുക - അതാണ് യഥാർത്ഥ ക്രിസ്തുമസ്സിന്റെ അനുഭവം.

ക്രിസ്തുമസ്സിന്റെ അന്തസ്സത്ത ഉൾക്കൊള്ളാത്ത ആഘോഷ പരിപാടികളായി ഇന്ന് ക്രിസ്തുമസ്സ് അധഃപതിച്ചിരിക്കുന്നു. മദ്യവും മാംസവും മറ്റും ധാരാളം വിറ്റഴിക്കുവാനും, ജഡീക ആനന്ദത്തിനും മ്ലേച്ഛതകൾ പ്രവർത്തിക്കുവാനും ക്രിസ്തുവുമായി ബന്ധമില്ലാത്ത ക്ലബ്ബുകൾക്കും മറ്റും കരോൾ സംഘമായി പണപിരിവു നടത്തുന്നതിനും ബാലന്മാർക്കും യുവാക്കൾക്കും മദ്യത്തിനും പുകവലിക്കും ആരംഭം കുറിക്കുന്നതിനുമുള്ള അവസരമായും തീരുവാൻ ഇടയാക്കുന്നു. സുബോധം നഷ്ടപ്പെട്ട് പേക്കൂത്തിന് വിധേയരായി ക്രിസ്തുമസ്സ് 'ആഘോഷിക്കുന്ന' ജനത്തെ നമുക്കെവിടെയും കാണാം.

ആകർഷകമായ 'നക്ഷത്ര വിളക്കുകൾ' ജാതിമതഭേദമെന്യേ, മിക്ക ഭവനങ്ങളിലും, മദ്യഷാപ്പുകൾക്കു മുമ്പിൽപോലും തൂക്കിയിട്ടിരിക്കുന്നത് കാണാൻ സാധിക്കും. ലോകത്തിന്റെ വെളിച്ചമായ കർത്താവ് ഇവരുടെ ഹൃദയങ്ങളിൽ ജനിച്ചിരുന്നെങ്കിൽ ഇവരുടെ ജീവിതം പ്രകാശമയമായേനേ!

"പാപികളെ രക്ഷിപ്പാനായി ദൈവം മനുഷ്യനായി അവതരിച്ചു. ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ" (ലൂക്കോസ് 19:10). യേശുക്രിസ്തു പാപസ്പർശനമേൽക്കാതെ പരിശുദ്ധാത്മാവാൽ പ. കന്യകമറിയാമിൽ നിന്നും ശരീരം എടുത്തു. മാനവജാതിയുടെ രക്ഷയ്ക്കായി പാപം ഒഴികെ സകലത്തിലും മനുഷ്യന് തുല്യനായി ജീവിച്ചു. പാപി

കളെ രക്ഷിപ്പാൻ പാപരഹിതനായ ഒരു രക്ഷിതാവിനേ കഴിയൂ. ആ രക്ഷിതാവ് നമ്മുടെ 'ഉള്ളിൽ ജനിക്കണം.' അതാണ് 'ക്രിസ്തുമസ്സ്.'

ഈ ക്രിസ്തുമസ്സ് ദിനത്തിൽ നമുക്കു ഒന്നു ചിന്തിക്കാം. സകല ജനത്തിനും സന്തോഷം ലോകത്തിന് ദൈവം നൽകിയ വാർത്തയാണ് എങ്കിലും ഇന്ന് ലോകം സന്തോഷത്തിലാണോ? സമാധാനത്തിലാണോ? ക്രിസ്ത്യാനികൾ എന്നഭിമാനിക്കുന്നവർ പോലും ഇന്ന് കർത്താവ് വാഗ്ദത്തം ചെയ്ത സന്തോഷത്തിലാണോ കഴിയുന്നത്? വ്യക്തിജീവിതത്തിൽ സന്തോഷമില്ല. സമൂഹത്തിലും രാഷ്ട്രങ്ങളിലും സമാധാനമില്ല. എവിടെയും നെടുവീർപ്പുകൾ മാത്രമേ നമുക്കു കേൾക്കുവാൻ സാധിക്കുന്നുള്ളു. സമാധാനപ്രഭുവായ ക്രിസ്തുവിനെ ഹൃദയത്തിൽ ഉൾക്കൊള്ളുക, സമാധാനം പ്രാപിക്കുക.

പ്രാർത്ഥന: ഞങ്ങൾക്കായി ബേതലഹേം പുൽക്കൂട്ടിൽ തിരുഅവതാരം ചെയ്ത ദൈവപുത്രാ, ഈ ക്രിസ്തുമസ്സ് ഞങ്ങൾക്ക് ശാശ്വതമായ സമാധാനവും ശാന്തിയും നൽകി പുതുവർഷത്തിലേക്ക് പ്രവേശിക്കുവാൻ ഞങ്ങളെ അർഹരാക്കിത്തീർക്കേണമെ. ആമ്മീൻ.

(ബഥേൽ പത്രിക, ഡിസംബർ 1992)

5

പുറമെയും അകമെയും വിശുദ്ധി ഉള്ളവരായിരിക്ക

"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്ക പ്പെടേണമെ" (വി. ലൂക്കോസ് 11:2).

എല്ലാ എപ്പിസ്ക്കോപ്പൽ സഭകളുടെയും ആരാധനക്രമത്തിൽ ഉൾപ്പെടു ത്തിയിട്ടുള്ള ഒരു പ്രാർത്ഥനയാണ് കർത്തൃപ്രാർത്ഥന. "നിങ്ങൾ പ്രാർത്ഥി ക്കുമ്പോൾ ഈവണ്ണം പ്രാർത്ഥിപ്പിൻ" എന്നു പറഞ്ഞുകൊണ്ട് ലോകരക്ഷ കനായ കർത്താവ് തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥനയാണിത്. വി. മത്തായിയുടെയും വി. ലൂക്കോസിന്റെയും സുവിശേഷങ്ങളിൽ മാത്രം ഇത് കാണുന്നു. കൂടാതെ ഓരോ സുവിശേഷത്തിലും കർത്താവ് പ്രസ്തുത പ്രാർത്ഥന പഠിപ്പിച്ചതായി പറയുന്ന സന്ദർഭം വെവ്വേറെയാണ്. ഇത് ക്രിസ്ത്യാനിയുടെ ഒരു കുടുംബപ്രാർത്ഥനയാണ്.

ഈ പ്രാർത്ഥനയുടെ പിന്നിലായി യേശുക്രിസ്തുവിന്റെ പ്രാർത്ഥനാജീവി തത്തിലെ വിലയേറിയ അനുഭവങ്ങളും പരിചയങ്ങളും മറഞ്ഞുകിടപ്പുണ്ട്. യേശുക്രിസ്തുവിന്റെ അനുഗ്രഹകരമായ ജീവിതത്തിൽ ശ്വാസമായിരുന്നത് തന്റെ പിതാവുമായുള്ള നിരന്തര സംസർഗ്ഗമായിരുന്നു. നമ്മുടെ ആത്മീയ ജീവിതത്തിന്റെ ശക്തികേന്ദ്രവും പ്രാർത്ഥനയിൽക്കൂടി ആയിരിക്കണം. ശരി യായി പ്രാർത്ഥിക്കണമെങ്കിൽ വിനയപൂർവ്വം നാം ദൈവസന്നിധിയിൽ ധ്യാന പൂർവ്വം ഇരിക്കണം.

മക്കൾ എന്നുള്ള സ്ഥാനത്തു നിന്നുകൊണ്ട് നാം വിളിക്കുന്നു. "നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമെ" എന്ന് നാം പ്രാർത്ഥിക്കുന്നത് ആരാധ കർ എന്ന നിലയ്ക്കാണ്. കർത്തൃപ്രാർത്ഥനയിൽ ഒരൊറ്റ വാക്കുപോലും വ്യർത്ഥമായി ഉപയോഗിച്ചിട്ടില്ല എന്നുള്ളതാണ് ഈ പ്രാർത്ഥനയുടെ പ്രത്യേ കത.

1. സ്വർഗ്ഗസ്ഥനായ

സ്വർഗ്ഗം എന്നു പറയുമ്പോൾ തന്നെ ദൈവസാന്നിദ്ധ്യത്തെപ്പറ്റി നാം ഓർ ക്കുന്നു. സർവ്വശക്തനായ ദൈവത്തിന്റെ സാന്നിദ്ധ്യമാണ് സ്വർഗ്ഗത്തിന്റെ

ഏറ്റവും പ്രധാനമായ ലക്ഷണം. സർവ്വ ചരാചരങ്ങളുടെയും സ്രഷ്ടാവായ ദൈവം രാജാധിരാജാവും കർത്താധികർത്താവുമാകുന്നു. 'അവന്റെ സന്നിധിയിലേക്ക് നാം എത്ര ഭയത്തോടും ആദരവോടും കൂടി അടുത്തു ചെല്ലേണ്ടതാകുന്നുവെന്ന്' നാം വി. കുർബാനയിലും ആവർത്തിച്ചു ചൊല്ലുന്നു. ഗോത്രപിതാവായ അബ്രഹാം ദൈവസന്നിധിയിൽ സാഷ്ടാംഗം വീണു നമസ്കരിച്ചു (ഉല്പത്തി 17:3). യഹോവയുടെ ദാസനായ മോശ മുൾപ്പടർപ്പിൽ പ്രത്യക്ഷനായ ദൈവത്തിന്റെ മുമ്പിൽ ഭയപ്പെട്ടു മുഖം മൂടി (പുറ. 3:6). ദൈവം സർവ്വശക്തൻ മാത്രമേ മഹാ പരിശുദ്ധനാകുന്നുള്ളു. അതുകൊണ്ട് തന്റെ സാന്നിദ്ധ്യവും പരിശുദ്ധം തന്നെ. "സർവ്വശക്തിയുള്ള കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" എന്ന് സ്വർഗ്ഗീയ ദൂതന്മാർ തിരുമുമ്പാകെ ആർത്തുപാടുന്നതായി യെശ. 6:3-ൽ നാം വായിക്കുന്നു.

മഹാപരിശുദ്ധമായ ദൈവസന്നിധിയെ സമീപിക്കുന്ന നാം പുറമെയും അകമെയും വിശുദ്ധി ഉള്ളവരായിരിക്കേണ്ടതാണ്. സ്വർഗ്ഗസ്ഥനായ പിതാവിന്റെ സന്നിധിയിലേക്ക് അങ്ങനെയുള്ളവരായി നമുക്ക് അടുത്തു ചെല്ലാം.

2. പിതാവേ

ദൈവം നമ്മുടെ പിതാവാകയാൽ തന്റെ കൊട്ടാരം നമ്മുടെ ഭവനമാണെന്നും നാം മക്കളുമാണെന്നും ആ വാക്ക് നമ്മെ ഓർമ്മപ്പെടുത്തുന്നു. പിതാവായ ദൈവം നമ്മെ ഓരോരുത്തരെയും സ്നേഹത്തോടെ പരിപാലിക്കുന്നു. 'നമ്മുടെ തലയിലെ തലമുടിനാരിഴപോലും അവൻ എണ്ണപ്പെട്ടിരിക്കുന്നു' (മത്തായി 10:30). അവൻ നമ്മെ കരുതുന്നവനാണ്. മക്കൾ അനാഥരാകുവാൻ അവൻ ആഗ്രഹിക്കുന്നില്ല. അനാഥരായി വിടുകയില്ലായെന്ന് വാക്ക് തന്നിരിക്കുന്നു. "ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിച്ചിരിക്കുന്നു" (റോമർ 5:8). മുടിയനായ പുത്രനെപ്പോലെ ദൈവ സ്നേഹത്തിൽ നിന്നകന്നു പോയ നമ്മെ യഥാസ്ഥാനപ്പെടുത്തുന്നതിനായിട്ടാണ് കർത്താവ് ലോകത്തിലേക്ക് വന്നത്. അവനിൽ നാം ദൈവത്തിന്റെ മക്കളായി തീർന്നു. "അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു" (യോഹ. 1:12).

3. ഞങ്ങളുടെ

പ്രാർത്ഥനയും നേർച്ചയും ആരാധനയും കൂട്ടായ്മയും ഒക്കെ ദൈവത്തോട് സംസർഗ്ഗം ചെയ്യുന്നതിനുള്ള മുഖാന്തിരങ്ങളാണ്. സഹോദര സ്നേഹമില്ലെങ്കിൽ ദൈവത്തോട് സംസർഗ്ഗം ചെയ്യുവാൻ കഴിയുകയില്ലെന്ന് കർത്താവ് നമ്മെ പഠിപ്പിച്ചിരിക്കയാണ്.

പിതാവായ ദൈവത്തിന്റെ സന്നിധിയിലേക്ക് നാം പ്രവേശിക്കുമ്പോൾ അവിടെ നാം തനിയെയല്ല നിൽക്കുന്നത്. നമ്മുടെ വി. കുർബാനയിൽ എല്ലാം "ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുന്നു" എന്ന് പ്രാർത്ഥിച്ചുകൊണ്ടാണ് അവ സാനിപ്പിക്കുന്നത്. സ്വാർത്ഥത ഉപേക്ഷിച്ചിട്ട് നമ്മുടെ സഹോദരങ്ങളെയും അവരുടെ ആവശ്യങ്ങളെയും ഹൃദയത്തിൽ വഹിച്ചുകൊണ്ടു വേണം നാം ദൈവസന്നിധിയിലേക്ക് അടുത്തുചെല്ലുവാനെന്ന് "ഞങ്ങളുടെ" എന്ന വാക്ക് നമ്മെ അനുസ്മരിപ്പിക്കുന്നു.

പ്രാർത്ഥന: കർത്താവേ, ശരിയായി പ്രാർത്ഥിക്കുവാൻ ഞങ്ങൾക്ക് ആവ ശ്യമായ ദൈവീക ശക്തി തന്ന് സഹായിക്കേണമെ! ആമ്മീൻ.

(ബഥേൽ പത്രിക, ഫെബ്രുവരി 1993)

6

നമ്മെത്തന്നെ ദൈവനാമ മഹത്വത്തിനായി സമർപ്പിക്കുക

"നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമെ" (വി. മത്തായി 6:9).

കർത്തൃപ്രാർത്ഥനയിൽ ആകെ "6" അപേക്ഷകളാണുള്ളത്. ആദ്യത്തെ മൂന്നു അപേക്ഷകൾ ദൈവകാര്യം സംബന്ധിച്ചും പിന്നീടുള്ളത് നമ്മുടെ കാര്യം സംബന്ധിച്ചുമാണ്. "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പീൻ. അതോടു കൂടി ഇതൊക്കെയും നിങ്ങൾക്ക് കിട്ടും" എന്നത് ഈ പ്രാർത്ഥനയിൽ പ്രതിഫലിച്ച് കാണാവുന്നതാണ്. ദൈവത്തെ കൂടുതലായി നാം സ്നേഹിക്കുന്തോറും ദൈവനാമം കൂടുതൽ വിശുദ്ധീകരിക്കപ്പെടുന്നതിൽ താല്പര്യമുള്ളവരായിത്തീരുന്നു. നമ്മുടെ എല്ലാ താല്പര്യങ്ങളും ആഗ്രഹങ്ങളും "നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമെ" എന്ന് അപേക്ഷിക്കുന്ന സ്നേഹപൂർവ്വമായ ദൈവാശ്രയത്തിൽ ലയിക്കണം. യഥാർത്ഥമായ പ്രാർത്ഥന എന്നത് എനിക്ക് അതു തരണേ, ഇതു തരണേ എന്നതല്ല. ദൈവസ്നേഹത്തോടും ദൈവാശ്രയത്തോടും കൂടെയുള്ള സമർപ്പണമാണ് പ്രാർത്ഥന.

നിന്റെ നാമം

സാധാരണയായി ഒരാളെ മറ്റൊരാളിൽ നിന്ന് വേർതിരിച്ചറിയുന്നതിനാണ് പേര് നാം ഉപയോഗിക്കുന്നത്. എന്നാൽ അതിലും ആഴമായ ഒരർത്ഥം 'നാമം' എന്ന വാക്കിനുണ്ട്. ഒരാളുടെ പേരു കേൾക്കുമ്പോൾ അത് വഹിക്കുന്ന ആളിന്റെ മുഖം, രൂപം, നിറം, സ്വഭാവം, വ്യക്തിത്വം എന്നിവ നമ്മുടെ മനസ്സിൽ പതിയുന്നു. ഈ അർത്ഥത്തിലാണ് 'ദൈവ നാമം' എന്ന പദം യഹൂദന്മാർ ഉപയോഗിച്ചിരുന്നത്.

മോശയ്ക്ക് സീനായ് മലയിൽ വെച്ച് പ്രത്യക്ഷപ്പെട്ട് നൽകിയ കല്പനകളിൽ പ്രധാനപ്പെട്ട ഒന്നാണ്, "നിന്റെ ദൈവമായ യഹോവയുടെ നാമം വ്യർത്ഥമായി എടുക്കരുതെ"ന്നുള്ളത്. "എന്റെ നാമത്തെക്കൊണ്ട് കള്ളസത്യം ചെയ്ത് നിന്റെ ദൈവത്തിന്റെ നാമത്തെ അശുദ്ധമാക്കരുത്. ഞാൻ യഹോവ

ആകുന്നു" (ലേവ്യ 19:12). യഹൂദജാതിയിൽ 'യഹോവയുടെ നാമ'ത്തെ കവിഞ്ഞ് മറ്റൊരു നാമവുമില്ലായിരുന്നു.

യെഹസ്ക്കിയേൽ പ്രവാചകൻ മുഖാന്തിരം ദൈവം പ്രവാസികളുടെ തിരിച്ചുവരവിനെപ്പറ്റി അവരോട് 'ജാതികളുടെയിടയിൽ നിങ്ങൾ അശുദ്ധ മാക്കിയതായി അവരുടെ ഇടയിൽ അശുദ്ധമായി പോയിരിക്കുന്ന എന്റെ മഹത്തായ നാമത്തെ ഞാൻ വിശുദ്ധീകരിക്കും' (യെഹ. 36:25) എന്ന് അരു ളിച്ചെയ്യുന്നു.

ദൈവത്തിന്റെ സ്വഭാവത്തെ പൂർണ്ണമായി വെളിപ്പെടുത്തിത്തന്നിരിക്കു ന്നത് ക്രിസ്തുവാണ്. നീ ലോകത്തിൽ നിന്ന് എനിക്ക് തന്നിട്ടുള്ള മനു ഷ്യർക്ക് ഞാൻ 'നിന്റെ നാമം' വെളിപ്പെടുത്തിയിരിക്കുന്നു എന്ന് നമ്മുടെ കർത്താവ് പറഞ്ഞു (യോഹ. 17:6, 26). "എന്നെ കണ്ടവർ പിതാവിനെ കണ്ടി രിക്കുന്നു" എന്ന് കർത്താവ് തന്നെ പീലിപ്പോസിനോടു പറഞ്ഞു. അതു കൊണ്ട് ദൈവനാമം എന്നു പറയുന്നത് ക്രിസ്തു തന്നെ. ഈ നാമം എല്ലാ നാമങ്ങൾക്കും മേലായ നാമം ആണ്.

"ശ്രീയേശു നാമം അതിശയ നാമം
ഏഴെ എനിക്ക് ഇമ്പനാമം
എല്ലാ നാമത്തിലും മേലായനാമം
ഭക്തർ ജനം വാഴ്ത്തും നാമം."

ഈ നാമം ഒരു വിശ്വാസിക്ക് എത്ര മാധുര്യമേറിയതാകുന്നു. "രക്ഷിക്ക പ്പെടുവാൻ ആകാശത്തിൻകീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല" (അ. പ്ര. 4:12). അങ്ങനെ പിതാവായ ദൈവത്തിന്റെ നാമം യേശുക്രിസ്തു നമുക്ക് വിശുദ്ധീകരിച്ച് തന്നിരിക്കുന്നു. ആ വിശുദ്ധി നാം അംഗീകരിച്ചുകൊണ്ടാണ് വി. കുർബാനയിൽ ത്രിത്വസ്തുതി നാം കരേ റ്റുന്നത്. ദൈവനാമം വിശുദ്ധമായി എല്ലായിടത്തും അറിയപ്പെടുന്നതിന് നാം ശ്രമിക്കേണ്ടവരാണ്. നമ്മുടെ വിശ്വാസം, ജീവിതം, ആരാധന എന്നിവയിൽ ക്കൂടി തന്റെ നാമത്തെ വിശുദ്ധീകരിക്കുന്നതിന് സാധിക്കും.

1. വിശ്വാസം

ദൈവത്തെപ്പറ്റി തെറ്റായും അധമമായും ഉള്ള ആദർശങ്ങൾ പുലർത്തു ന്നതിനാൽ നാം പലപ്പോഴും തിരുനാമത്തെ അപമാനിക്കുന്നു. എന്നാൽ വിശ്വാസം എന്നത് ദൈവത്തെ സംബന്ധിച്ച് നമുക്ക് ലഭിച്ചിരിക്കുന്ന ചില അറിവുകൾ ശരിയാണെന്ന് കരുതുന്നതു മാത്രമല്ല; ആ അറിവിനനുസരിച്ച് നാം പ്രവർത്തിക്കുന്നതും വിശ്വാസത്തിൽ അന്തർഭവിച്ചിരിക്കുന്നു. "നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേയെന്ന്" ദിവസംതോറും പല പ്രാവശ്യം പ്രാർത്ഥിക്കുമ്പോൾ യേശുക്രിസ്തു മൂലം പിതാവായ ദൈവത്തെ കൂടുത ലായി അറിയുന്നതിന് നമ്മെ സഹായിക്കുന്നു.

2. ജീവിതം

ദൈവനാമത്തെ വിശുദ്ധീകരിക്കുന്നതിനുള്ള ഏറ്റവും പ്രധാനമായ മുഖാന്തിരം കർത്താവിന്റെ പ. സഭയാകുന്നു. അതിലെ അംഗങ്ങൾ "തിരഞ്ഞെടുക്കപ്പെട്ട ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധ വംശവും സ്വന്ത ജനവുമാകുന്നു" (1 പത്രോസ് 2:9). അതിലെ അംഗങ്ങളുടെ ജീവിതം കൊണ്ടും കർത്താവിന്റെ നാമത്തെ വിശുദ്ധീകരിക്കുവാൻ സാധിക്കും. പ. സഭയുടെ അംഗങ്ങളായ നാം, യേശുവിന്റെ നാമം ധരിച്ചിരിക്കുന്ന നാം, ഒരു വിശുദ്ധ ജീവിതം നയിക്കുന്നുവെങ്കിൽ അതു മൂലം തന്റെ നാമം പരിശുദ്ധമായി അറിയപ്പെടുവാൻ ഇടയാകും. "ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരാകുവീൻ" (1 പത്രോസ് 1:15). യേശുവിന്റെ സ്വഭാവം നമ്മിൽ ഉളവാകുമ്പോൾ തന്റെ നാമം വിശുദ്ധീകരിക്കപ്പെട്ട് പുകഴ്ത്തപ്പെടുകയാണ് ചെയ്യുന്നത്. "മനുഷ്യർ നിങ്ങളുടെ നല്ല പ്രവർത്തികളെ കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (വി. മത്തായി 5:16).

3. ആരാധന

ജീവനോടിരിക്കുന്നവരും മരിച്ചുപോയവരും കൂടിചേർന്ന സഭ ജീവനുള്ള ദൈവത്തെ, ജീവനുള്ളവരായി ആരാധിച്ച് ജീവിക്കണം. നമ്മുടെ സ്വർഗ്ഗീയമായ ആരാധനയുടെ അന്തസ്സത്ത നാം ഉൾക്കൊള്ളണം. ആരാധനയിൽക്കൂടി ദൈവനാമം വിശുദ്ധീകരിക്കപ്പെടുന്നു. "ഭയത്തോടും വിറയലോടും" കൂടിയുള്ള ആരാധനയാണ് യഥാർത്ഥ ആരാധന. അനാദരവോ, അനാസ്ഥയോ ആരാധനയിൽ കാണിക്കുവാൻ ഇടയാകരുത്. യഥാർത്ഥമായുള്ള ആരാധന, നമ്മെത്തന്നെ ദൈവനാമ മഹത്വത്തിനായി സമർപ്പിക്കുക എന്നതാകുന്നു.

പ്രാർത്ഥന: ദൈവമേ, ഞങ്ങളുടെ വിശ്വാസം, ജീവിതം, ആരാധന എന്നിവ നിന്റെ നാമം വിശുദ്ധീകരിക്കപ്പെടുവാൻ തക്കവണ്ണം ഞങ്ങളെ സഹായിക്കേണമെ! ആമ്മീൻ.

(ബഥേൽ പത്രിക, മാർച്ച് 1993)

7

ശരിയായ മാനസാന്തരവും അടിയുറച്ച വിശ്വാസവും ഉണ്ടാകണം

"നിന്റെ രാജ്യം വരേണമെ" (വി. മത്തായി 6:10).

കർത്തൃപ്രാർത്ഥനയിലെ ആദ്യത്തെ മൂന്ന് അപേക്ഷകളി (ദൈവകാര്യം സംബന്ധിച്ചുള്ളത്) ലേയും ആശയങ്ങൾ തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ആദ്യത്തെ വാചകത്തിൽ ഒരു കാര്യം പറഞ്ഞിട്ട് അതേ കാര്യം തന്നെ ഒന്ന് ശക്തിപ്പെടുത്തി വേറെ വാക്കുകളിൽ വീണ്ടും പ്രസ്താവിക്കുന്ന ഈ സമ്പ്രദായത്തിന് സമാന്തരത്വമെന്ന് പറയുന്നു.

ദൈവരാജ്യം, സ്വർഗ്ഗരാജ്യം എന്നീ പദങ്ങൾ കർത്താവിന്റെ ഉപദേശങ്ങളിൽ പല ഭാഗത്തും കാണാവുന്നതാണ്. വി. മത്തായിയുടെ സുവിശേഷത്തിൽ സ്വർഗ്ഗരാജ്യം എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. 103 പ്രാവശ്യം (വി. മത്തായി, വി. ലൂക്കോസ്, വി. മർക്കോസ്) ഈ വാക്ക് സുവിശേഷങ്ങളിൽ പറഞ്ഞിരിക്കുന്നു.

പഴയനിയമ പശ്ചാത്തലത്തിൽ 'ദൈവരാജ്യം' എന്ന പദത്തിൽ കൂടി യഹൂദ വംശത്തിന്റെ ഭാവിയെ സംബന്ധിച്ചുള്ള ശോഭനമായ പ്രതീക്ഷകളും അവർക്ക് ലോകത്തിൽ നിർവഹിക്കുവാനുള്ള ദൗത്യത്തെ സംബന്ധിച്ചുള്ള വലിയ ദർശനവും അടങ്ങിയിരിക്കുന്നു. അബ്രഹാമിന്റെ കാലം മുതൽ ഏകദേശം 1500 വർഷക്കാലത്തേക്ക് യഹോവാ മാത്രമായിരുന്നു യഹൂദജാതിയുടെ സർവ്വാധിപതി. യഹോവയുടെ ഇഷ്ടപ്രകാരം തന്റെ പ്രതിപുരുഷന്മാരാണ്. നേതാക്കന്മാർ രാജ്യത്തിന്റെ ഭരണം നടത്തിവന്നിരുന്നു. ഗിദയോൻ പറയുന്നു, "ഞാൻ നിങ്ങൾക്ക് രാജാവാകയില്ല, എന്റെ മകനും ആകയില്ലാ, യഹോവയത്രേ നിങ്ങളുടെ രാജാവ്" (ന്യായാ. 8:22-23).

യഹോവ ദാവീദിന്റെ ഗൃഹത്തിൽ നിന്നു തന്നെ തന്റെ ജനങ്ങളെ ഉദ്ധരിക്കുന്നതിനായി ഒരു രാജാവിനെ എഴുന്നേൽപിക്കുമെന്നും അവൻ എത്രയും മഹിമയേറിയ ഒരു രാജ്യം സ്ഥാപിക്കുമെന്നും അവർ വിശ്വസിച്ചിരുന്നു. മശിഹാ രാജാവിന്റെ ഭരണകാലത്ത് രാജ്യത്തെങ്ങും സുഭിക്ഷതയും ഐശ്വ

ര്യവും സംതൃപ്തിയും കൈവരും എന്നും പ്രതീക്ഷിച്ചിരുന്നു. ജനങ്ങളുടെ ഇടയിൽ സമാധാനവും പരസ്പരം സ്നേഹവും നിലനിൽക്കുന്ന കാലത്ത് എല്ലാ ജീവജാലങ്ങളും സൗഹാർദ്ദത്തിൽ കഴിഞ്ഞു കൂടുമെന്ന പ്രത്യാശയും അവർക്കുണ്ടായിരുന്നു.

ദൈവം ഈ അഖിലാണ്ഡത്തിന്റെ നിത്യരാജാവാണെന്നും മനുഷ്യൻ പാപം ചെയ്തതു മൂലം അവരുടെ മേലുള്ള തന്റെ ആധിപത്യത്തിന് ഭംഗം നേരിട്ടുവെന്നും അവർ പറഞ്ഞു. എന്നാൽ അബ്രഹാം ദൈവത്തിന്റെ വിളി കേട്ടു അനുസരിച്ചു.

ദൈവരാജ്യം

ദൈവരാജ്യം എന്ന പദം യേശുക്രിസ്തുവിനു മുമ്പുതന്നെ യഹൂദ റാബി മാർ ഉപയോഗിച്ചു വന്നിരുന്നു. യഹൂദ ജാതിയുടെ പ്രത്യാശയും പ്രതീക്ഷ കളും മുഴുവനായി ദൈവരാജ്യം എന്ന പദത്തിൽ അന്തർഭവിച്ചിരുന്നു. ദൈവ രാജ്യം വരുന്നതിന് മനുഷ്യർ ദൈവത്തിന്റെ ആധിപത്യം തങ്ങളുടെ ജീവി തത്തിൽ സ്വീകരിക്കേണ്ടതാവശ്യമാണ്. അതുകൊണ്ട് ദൈവരാജ്യത്തിന്റെ അനുഭവം മനുഷ്യജീവിതങ്ങളിലാണെന്ന് കർത്താവ് പഠിപ്പിച്ചു.

പരീശന്മാർ കർത്താവിനോട് ദൈവരാജ്യം എപ്പോൾ വരുന്നു? എന്ന് ചോദിച്ചതു "ദൈവരാജ്യം കാണത്തക്കവണ്ണമല്ല വരുന്നത്. ഇതാ ഇവിടെ എന്നും അതാ അവിടെ എന്നും പറയുകയുമില്ല. ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെ ഉണ്ടല്ലോ" (ലൂക്കോസ് 17:20–21) എന്ന് പറഞ്ഞു.

"ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ലാ. നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമത്രെ" (റോമർ 14:17). ദൈവം നമ്മുടെ ജീവിതങ്ങളെ പരിപൂർണ്ണമായി നിയന്ത്രിച്ചു ഭരിച്ചു നടത്തുന്നുവെങ്കിൽ അവിടെ ദൈവരാജ്യം വന്നു കഴിഞ്ഞു.

"നിന്റെ രാജ്യം വരേണമെ" എന്ന് ദിനംപ്രതി ഈ നോമ്പു നാളുകളിൽ പല പ്രാവശ്യം ചൊല്ലി 'തികയ്ക്കുമ്പോൾ' കർത്താവിന്റെ ആധിപത്യത്തിന് നാം നമ്മെത്തന്നെ പരിപൂർണ്ണമായി കീഴ്പ്പെടുത്തിക്കൊടുക്കുന്നുണ്ടോ?

ഒരു രാജ്യം എന്നു പറയുമ്പോൾ തന്നെ അതിലെ പൗരന്മാരുടെ സംഘം എന്ന ആശ്രയം മനസിൽ രൂപംകൊള്ളുന്നു. കർത്താവിന്റെ പരിശുദ്ധ ശരീ രമാകുന്ന സഭയിലെ അംഗത്തിന്റെ ശക്തി എന്നത് സ്നേഹമാകുന്നു. അതു കൊണ്ട് രാജ്യത്തിലെ അംഗങ്ങൾ പരസ്പരം സ്നേഹിക്കുകയും മറ്റുള്ളവ രുടെ നന്മയെ കാംക്ഷിക്കുകയും അവരുടെ ക്ഷേമത്തിനായി ത്യാഗപൂർവ്വം പ്രവർത്തിക്കുന്നതിന് പ്രേരിപ്പിക്കപ്പെടുകയും ചെയ്യണം.

ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുന്നതിന് അവകാശം ലഭിക്കണമെങ്കിൽ

ശരിയായ മാനസാന്തരവും അടിയുറച്ച വിശ്വാസവും ഉണ്ടായേ തീരൂ. കർത്താവ് തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നത് "ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെടുവീൻ" എന്ന ദൂത് അറിയിച്ചുകൊണ്ടാണ് (വി. മർക്കോസ് 1:14). മാനസാന്തരമാണ് യോഹന്നാൻ സ്നാപകനും അറിയിച്ചത്. മാനസാന്തരം എന്നത് പാപത്തെക്കുറിച്ചുള്ള ദുഃഖം മാത്രമല്ല. പാപത്തെ ഉപേക്ഷിച്ച് ദൈവത്തിങ്കലേക്ക് തിരിയുന്നതാണ്.

"ദൈവരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളാത്തവൻ ആരും ഒരുനാളും അതിൽ കടക്കയില്ല" (വി. മർക്കോസ് 10:15). ഒരു ശിശു അതിന്റെ മാതാപിതാക്കളിൽ പരിപൂർണ്ണമായി ആശ്രയിക്കുന്നു. അതുപോലെ ദൈവത്തിൽ പരിപൂർണ്ണമായി വിശ്വസിച്ച് ആശ്രയിക്കണം.

ദൈവത്തിന്റെ ആധിപത്യം പൂർണ്ണമായി സ്ഥാപിക്കപ്പെടുന്നത് കർത്താവിന്റെ രണ്ടാമത്തെ വരവിലാകുന്നു. കർത്താവ് വീണ്ടും വരികയും തന്റെ രാജ്യം പൂർണ്ണമായി സ്ഥാപിക്കുകയും ചെയ്യേണ്ടതിനായി വിശ്വാസികൾ പ്രത്യാശയോടെ കാത്തിരിക്കണം. സ്നേഹമില്ലായ്മയുടെയും പരസ്പര ബഹുമാനമില്ലായ്മയുടെയും ലോകത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. സ്വാർത്ഥരഹിതമായി പെരുമാറുകയും ജീവിക്കുകയും ചെയ്തുകൊണ്ട് ദൈവരാജ്യത്തിന്റെ കെട്ടുപണിയ്ക്കായി നമുക്ക് യത്നിക്കാം.

പ്രാർത്ഥന: ദൈവമേ, മനുഷ്യജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും നിന്റെ രാജ്യത്തിന് ആധിപത്യം സ്ഥാപിക്കുന്നതിന് തക്കവണ്ണം ഞങ്ങളെ നയിക്കേണമെ! ആമ്മീൻ.

(ബഥേൽ പത്രിക, ഏപ്രിൽ 1993)

8

പരിശുദ്ധാത്മാവേ എഴുന്നള്ളി വരണമെ

"ദൈവമേ, നിർമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായൊ രാത്മാവിനെ എന്നിൽ പുതുക്കേണമെ" (സങ്കീ. 51:10).

ഓർത്തഡോക്സ് സഭയുടെ ആരാധനാക്രമത്തിൽ പ്രധാനപ്പെട്ട എല്ലാ ശുശ്രൂഷകൾക്കും ആരംഭത്തിൽ തന്നെ ചൊല്ലുന്ന ഒരു സങ്കീർത്തനമാണ് ദാവീദിന്റെ അനുതാപത്തിന്റെ സങ്കീർത്തനമായ 51-ാം സങ്കീർത്തനം. ദാവീദ് ഇസ്രായേലിന്റെ രാജാവായിരുന്നെങ്കിലും അവൻ പാപം ചെയ്തു. നമ്മിൽ പലരേയുംപോലെ തന്റെ പാപത്തെ മറയ്ക്കുവാൻ ദാവീദും ആഗ്രഹിച്ചു. അഹങ്കാരത്തിലും വഞ്ചനയിലും കാപട്യത്തിലും ദാവീദ് തുടർന്ന് ജീവിച്ചു. എന്നാൽ നാഥാൻ പ്രവാചകൻ ഒരു ദിവസം അവനെ അഭിമുഖീകരിച്ച് ദാവീ ദിന്റെ നേരെ വിരൽ ചൂണ്ടിക്കൊണ്ട് 'നീ പാപം ചെയ്തിരിക്കുന്നു' എന്ന് അറിയിച്ചു.

പാപം എന്നാൽ എന്ത്?

Misusing the freedom of choosing. തിരഞ്ഞെടുക്കുവാനായി ലഭിച്ചിട്ടുള്ള സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തുമ്പോൾ പാപത്തിലേക്ക് നാം നയിക്ക പ്പെടുന്നു. നന്മയ്ക്ക് പകരം തിന്മ തിരഞ്ഞെടുക്കുന്ന സ്വഭാവം പാപത്തി ലേക്ക് നമ്മെ നയിക്കുന്നു. പാപം ചെയ്ത വ്യക്തി അവ മറയ്ക്കപ്പെടുവാൻ ശ്രമിക്കുമ്പോൾ പാപത്തിൽ നിന്ന് വീണ്ടും പാപത്തിലേക്ക് വഴുതി വീഴുന്നു. നന്മ ദൈവകൃപയാണ്. തിന്മ പൈശാചികമാണ്.

ദാവീദ് ബത്ത്ശേബയുമായി വ്യഭിചാരം ചെയ്തു. അതിനെ തുടർന്ന് അവൻ അവളുടെ ഭർത്താവായ ഊരിയാവിനെ കൊല്ലിക്കുന്നു. എന്നിട്ട് ഒരു കുഴപ്പവും പറ്റിയില്ല എന്നമട്ടിൽ ജീവിക്കുവാൻ ശ്രമിക്കുകയാണ് ചെയ്യു ന്നത്.

ദാവീദിന്റെ ഹൃദയത്തിൽ നിറഞ്ഞിരുന്ന അഹങ്കാരത്തെ തകർക്കുവാൻ ദൈവം നാഥാൻ പ്രവാചകനെ ഉപയോഗിക്കുന്നു. "ഞാൻ പാപം ചെയ്തു പോയി" എന്ന് ദാവീദ് സഹതപിക്കുന്നു. തന്റെ പാപത്തെക്കുറിച്ച് ബോദ്ധ്യ

പ്പെട്ട സ്ഥിതിക്ക് ദൈവം അവനോട് കരുണ കാണിക്കുമെന്ന് നാഥാൻ രാജാവ് ദാവീദിനോട് അറിയിക്കുന്നു.

ജീവിതത്തിന്റെ അന്ധകാരപൂർണ്ണമായ ചില സംഭവങ്ങളിലേക്ക് തിരിഞ്ഞുനോക്കുന്ന ഒരുവന്റെ പ്രാർത്ഥനയാണിത്. ദാവീദ് തന്റെ പാപത്തിന്റെ യാഥാർത്ഥ്യങ്ങൾ പുറകോട്ട് നോക്കിക്കാണുന്നു. "എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമെ" (സങ്കീ. 51:2).

ആഴമായ കുറ്റബോധം ഉള്ളിന്റെ ഉള്ളിൽ നിന്നും തോന്നി പശ്ചാത്താപത്തിന്റെ അനുഭവത്തിൽ, ചെയ്ത തെറ്റിനെക്കുറിച്ച് ദൈവസന്നിധിയിൽ കരയുന്ന, യഥാർത്ഥ കുമ്പസാരത്തിന്റെ അനുഭവത്തിലേക്ക് ദാവീദിന്റെ മനസ് കടക്കുന്നു. 'നിർമ്മലമായ ഹൃദയത്തെ സൃഷ്ടിക്കേണമെ' എന്ന് പ്രാർത്ഥിക്കുന്നു.

നാം ചെയ്തുപോകുന്ന ദുഷ്പ്രവർത്തികളിൽ നിന്നും വിടുതൽ പ്രാപിച്ച് ദൈവത്തിങ്കലേക്ക് തിരിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ആ നല്ല ആഗ്രഹം സഫലീകൃതമാകുന്നത് നാം ദൈവത്തോടു കൂടി പ്രയത്നിക്കുമ്പോഴാണ്. മനുഷ്യനിലുള്ള ദൈവത്തിന്റെ സ്വരൂപത്തിന്റെ കേന്ദ്രം "എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നെ നടക്കട്ടെ" എന്ന വാക്കുകളാണ് പറയുന്നത്. മനുഷ്യന്റെ പാപത്തിന്റെ കേന്ദ്രമോ "നിന്റെ ഇഷ്ടമല്ല, എന്റെ ഇഷ്ടം നടക്കട്ടെ" എന്ന മനോഭാവമാണ് പുലർത്തുന്നത്. നമ്മുടെ ഇഷ്ടത്തിന്റെ അഗാധങ്ങളിൽ നിന്ന് നമ്മെ വീണ്ടെടുക്കുവാൻ ദൈവത്തിന്റെ കൃപ മതി. കർത്താവ് ആഗ്രഹിക്കുന്നത് ബാഹ്യമായ വിശുദ്ധിയല്ല. ആന്തരീക വിശുദ്ധിയാണ്. പ. ശ്ലീഹന്മാരോടു കല്പിച്ചതും അതു തന്നെ. "നിങ്ങളുടെ നീതി പരീശന്മാരുടെയും ശാസ്ത്രിമാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ലെന്നാണ്" കർത്താവ് ചൂണ്ടിക്കാണിച്ചത്.

നമ്മുടെ ഹൃദയത്തിൽ നീതി വേണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. നമ്മുടെ പാപം ഏറ്റുപറഞ്ഞു സത്യകുമ്പസാരം നടത്തി, കഴുകൽ പ്രാപിച്ച് ശുദ്ധീകരിക്കപ്പെടുമ്പോൾ പുത്രത്വ പദവി വീണ്ടെടുത്ത് സന്തോഷം പ്രാപിക്കുവാൻ സാധിക്കും. "അവരുടെ പാപങ്ങളെ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളയും" എന്ന് മീഖാ പ്രവാചകൻ 7:19-ൽ പറയുന്നു. നമ്മുടെ പാപങ്ങളെക്കുറിച്ച് നമുക്ക് ബോധ്യമുണ്ടോ? കർത്താവ് പാപത്തെ നീക്കുവാനായി പാപമില്ലാത്തവനായി നമ്മുടെ ഇടയിൽ പാർത്തു. അവൻ കൃപാലുവാണ്. അനുതാപത്തിന്റെ പ്രാർത്ഥന കേൾക്കുന്നവനാണ്. ദാവീദിനെപ്പോലെ നമുക്കും പ്രാർത്ഥിക്കാം:

പ്രാർത്ഥന: പരിശുദ്ധാത്മാവേ, നീ എഴുന്നള്ളി വരണമെ. എന്റെ ഹൃദയത്തിൽ എന്റെ പാപങ്ങൾ പോക്കി നന്മയിലേക്ക് നയിക്കേണമെ.

(ബഥേൽ പത്രിക, സെപ്റ്റംബർ 1993)

9

മരണത്തിൽ നമുക്ക് പ്രത്യാശയുണ്ടാകണം

“ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുന്നു” (എബ്രാ. 9:27).

ജനിക്കുന്ന സകല വ്യക്തികളും മരിക്കും. മനുഷ്യന്റെ മരണം എന്നത് ആർക്കും എതിർക്കാൻ കഴിയാത്ത ഒരു യാഥാർത്ഥ്യമാണ്. ദൈവം മനുഷ്യനെ മണ്ണുകൊണ്ട് സൃഷ്ടിച്ച് അവനിൽ ഊതിയ ശ്വാസം ജീവനുള്ള വന്റെ, സ്രഷ്ടാവിന്റെ ജീവശ്വാസമാണ്. ഉല്പത്തി പുസ്തകം ആരംഭിക്കുന്നത് ദൈവത്തിന്റെ സൃഷ്ടികർമ്മത്തിന്റെ ആരംഭം കുറിച്ചുകൊണ്ടാണ്. അവസാനിക്കുന്നത് “യൗസേഫ് 110 വയസ്സിൽ മരിച്ചു. അവർ അവനെ സുഗന്ധവർഗ്ഗം ഇട്ടു അവനെ ശവപ്പെട്ടിയിൽ വെച്ചു അടക്കി” (ഉല്പത്തി 50:26) എന്ന് വിവരിച്ചുകൊണ്ടും.

മനുഷ്യന് ആളത്വമുള്ളത് ആത്മാവുള്ളതുകൊണ്ടാണ്. മൃഗങ്ങൾക്ക് ആളത്വമില്ല. ആത്മാവുമില്ല. ദൈവം ആദാമിന് ഒരു കല്പന കൊടുത്തു. “നന്മ തിന്മകളെക്കുറിച്ചുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്. തിന്നുന്ന നാളിൽ മരിക്കും” (ഉല്പത്തി 2:17). ആദാം പഴം തിന്നു, കല്പന ലംഘിച്ചു. എന്നാൽ അപ്പോൾ ശാരീരികമായ മരണം പ്രാപിക്കുന്നില്ല. പക്ഷേ ആത്മീയ മരണം അപ്പോൾതന്നെ സംഭവിച്ചു. ദൈവവുമായുള്ള ആത്മീയ കൂട്ടായ്മാബന്ധം നഷ്ടപ്പെട്ടു പോയി. നിത്യജീവന്റെ സഖിത്വം നഷ്ടപ്പെട്ടു, ദൈവസന്നിധിയിൽ കുറ്റക്കാരനും ശിക്ഷാർഹനുമായിത്തീർന്നു. ദൈവതേജസ്സിന്റെ വസ്ത്രം അവനിൽ നിന്നും മാറിപ്പോയി. പാപം ആദാമിൽ പ്രവേശിച്ചു. സാത്താന് അന്നു മുതൽ മനുഷ്യന്റെമേൽ മരണത്തിന്റെ അധികാരവും ലഭിച്ചു. ഈ പാപത്തിന്റെ അന്ധകാരത്തിൽ നിന്ന് മാനവജാതിയെ രക്ഷിക്കുവാൻ വചനമായ ദൈവം ശരീരമെടുത്തു, മനുഷ്യാവതാരം ചെയ്തു.

സോദോം ഗോമോറയിൽ പാപം വർദ്ധിച്ചു, 10 നീതിമാന്മാർ പോലും ഇല്ലാതായി തീർന്നു. ലോത്തിനേയും കുടുംബത്തേയും ദൈവദൂതന്മാരാൽ

രക്ഷിക്കാൻ വഴി ഒരുക്കി (ഉല്പത്തി 19). ആകാശത്തു നിന്നും തീയും ഗന്ധകവും വർഷിപ്പിച്ചു. പാപം ചെയ്ത ദേഹി മരിച്ചു. "ഒരു മനുഷ്യൻ സർവ്വ ലോകവും നേടിയാലും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം?" (മത്തായി 16:26).

ന്യായവിധി

മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും. അപ്പോൾ അവൻ ഓരോരുത്തനും അവനവന്റെ പ്രവർത്തിക്ക് തക്ക വണ്ണം പകരം നൽകും. മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന സമയം വരുന്നു (യോഹന്നാൻ 5:25). അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചിരുന്ന മനുഷ്യാത്മാവിന് മാനസാന്തരമുണ്ടാവുകയും ഒരു ആത്മീയ ഉയിർപ്പ് ആത്മാവിനു ഉണ്ടാവുകയും ചെയ്യുമ്പോൾ മരണത്തിൽ നിന്നും ജീവനിലേക്കുള്ള പ്രവേശനത്തിന് അർഹത നേടുകയും ചെയ്യുന്നു.

നാം വിട്ടുപിരിഞ്ഞാൽ ക്രിസ്തുവിനോടു കൂടെ ചെന്നു ചേരും. ഒന്നാം രക്തസാക്ഷിയും ശെമ്മാശന്മാരിൽ മുമ്പനുമായ സ്തേഫാനോസിന്റെ ആത്മാവിനെ സ്വീകരിപ്പാൻ സ്വർഗ്ഗം തുറന്നു (അപ്പോസ്തോല പ്രവർത്തികൾ 7:54-60). ഒരു കപ്പൽ ഒരു തുറമുഖത്തു നിന്നു വിടുന്നതോടു കൂടി അടുത്ത രാജ്യത്തെ ഒരു തുറമുഖത്തേക്ക് അടുക്കുവാൻ ലക്ഷ്യമാക്കി യാത്ര ചെയ്യുന്നതുപോലെ മരണത്തിൽ നമുക്ക് പ്രത്യാശയുണ്ടാകണം. "കൂടാരമായ ഞങ്ങളുടെ ഭൗമ ഭവനം അഴിഞ്ഞുപോയാൽ കൈപ്പണിയല്ലാത്ത നിത്യ ഭവനമായി ദൈവത്തിന്റെ ദാനമായോരു കെട്ടിടം ഞങ്ങൾക്ക് സ്വർഗ്ഗത്തിൽ ഉണ്ടെന്ന് അറിയുന്നു" (2 കൊരിന്ത്യർ 5:1). പൗലോസിനെപ്പോലെ നമുക്കും പ്രത്യാശയും ഉറപ്പും ഉണ്ടാകണം. ക്രിസ്തുയേശു മണവാളനായി വരുന്നതിൽ പ്രത്യാശയും ഒരുക്കവും ഉണ്ടായിരിക്കണം. "ഹേ! മരണമേ നിന്റെ ജയം എവിടെ?" ആളത്വം നഷ്ടപ്പെടാതെ തന്നെ ഉയിർപ്പിൻ ശരീരം മരിച്ചു പോയ സകല ശുദ്ധിമാന്മാർക്കും ശുദ്ധിമതികൾക്കും ലഭിക്കും (യോഹന്നാൻ 14:1-3).

ദൈവം മനുഷ്യനെ സ്നേഹിച്ച്, തന്റെ ഏകജാതനിൽക്കൂടെ ഒരുക്കിയ രക്ഷാമാർഗ്ഗം വി. യോഹന്നാൻ വെളിപ്പെടുത്തുന്നു (വെളിപ്പാട് 20:12). മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നിൽക്കുന്നതു കണ്ടു. പുസ്തകങ്ങൾ തുറന്ന് അവരവരുടെ പ്രവർത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു. ഈ തീപ്പൊയ്ക രണ്ടാമത്തെ മരണമാകുന്നു. ക്രിസ്ത്യാനിക്ക് മരണം അതിൽ തന്നെ ഒരു അന്ത്യമല്ല; ഒരു ആരംഭമാണ്. പാപമോചനത്തിന്റെ

പരിഹാരബലി കർത്താവ് കാൽവറി ക്രൂശിൽ ചൊരിഞ്ഞു നമ്മെ ഉയിർപ്പിന്റെ അനുഭവത്തിലേക്ക് കൊണ്ടുവന്നിരിക്കുന്നു. തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്ക് വിലയേറിയതാകുന്നു.

പ്രാർത്ഥന: ദൈവമേ! ആദാം പാപം ചെയ്തപ്പോൾ ശാരീരികമായി മരിച്ചില്ലാ എങ്കിലും ആത്മീയമായി മരിച്ചല്ലോ. ഞങ്ങൾ ആത്മീയമായി മരിക്കാതിരിപ്പാൻ ശാരീരികമായ വെടിപ്പാലും ആത്മീയമായ ഒരുക്കത്തിലും ജീവിപ്പാൻ ഞങ്ങളെ ശക്തിപ്പെടുത്തേണമെ. ആമ്മീൻ.

(ബഥേൽ പത്രിക, ഒക്ടോബർ 1993)

10

ദൈവത്തോടു കൂടി നടക്കാം

"നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്കളങ്കനുമായിരുന്നു. നോഹ ദൈവത്തോടു കൂടെ നടന്നു" (ഉല്പത്തി 6:9).

വി. വേദപുസ്തകത്തിൽ ദൈവത്തോടു കൂടെ നടന്ന രണ്ട് ഭക്തന്മാരെക്കുറിച്ച് കാണാവുന്നതാണ്. ഹാനോക്കും നോഹയുമാണ് ആ ശ്രേഷ്ഠ പിതാക്കന്മാർ. 'നോഹ' എന്ന വാക്കിന്റെ അർത്ഥം 'ആശ്വസിപ്പിക്കുന്നവൻ' എന്നാണ് (ഉല്പത്തി 5:28, 29). ലാമേക്കിന് 182 വയസ്സായപ്പോൾ അവൻ ഒരു മകനെ ജനിപ്പിച്ചു. യഹോവ ശപിച്ച ഭൂമിയിൽ നമ്മുടെ പ്രവർത്തിയിലും നമ്മുടെ കൈകളുടെ പ്രയത്നത്തിലും ഇവൻ നമ്മെ ആശ്വസിപ്പിക്കുമെന്ന് പറഞ്ഞ് അവന് നോഹ എന്നു പേർ ഇട്ടു. നോഹ നീതിമാനും തന്റെ തല മുറയിൽ നിഷ്കളങ്കനുമായിരുന്നു. ആദാം മുതൽ 10-ാം തലമുറക്കാരനായിരുന്നു നോഹ (1 ദിനവൃത്താന്തം 1:4). പിതാവായ ലാമേക്ക് നോഹയെ ദൈവഭക്തിയിൽ വളർത്തി. മാതാപിതാക്കൾ മക്കളെ ദൈവഭയത്തിൽ വളർത്തിയാൽ അവർ നഷ്ടപ്പെട്ടു പോകയില്ല. ദൈവാനുരൂപികളായി വളർത്തുമ്പോൾ അവർ മറ്റുള്ളവരെ ആശ്വസിപ്പിക്കുന്നവരായി തീരും. മാതാപിതാക്കൾക്കും അവർ ആശ്വാസദായകരായിരിക്കും. അവർ നീതി പ്രവർത്തിക്കുന്നവരും ആയിത്തീരും (2 പത്രോസ് 2:5).

1. നോഹ ദൈവത്തോടു കൂടി നടക്കുവാൻ ആഗ്രഹിച്ചു

ദൈവത്തോടു കൂടെ നടന്നു. അതിനാൽ ദൈവകൃപയും പ്രാപിച്ചു. നാം ദൈവത്തോടുകൂടെ നടക്കുവാൻ ആഗ്രഹിക്കുമ്പോൾ ദൈവീകമല്ലാത്തതിനെ വിടണം. സാത്താനെയും അവന്റെ ശക്തികളെയും നാം ഉപേക്ഷിക്കണം. അപ്പോൾ ദൈവത്തിന്റെ കൃപ നമുക്ക് ലഭിക്കും. ഭൂമിയും അതിലുള്ള സകലതും വഷളായി എന്ന് ദൈവം കണ്ടപ്പോൾ ദൈവം നോഹയെ വിളിച്ച് ജലപ്രളയത്താൽ ഞാൻ ഭൂമിയെ നശിപ്പിക്കാൻ പോകുന്നു എന്ന് അറിയിച്ചു. അതുകൊണ്ട് ഒരു പെട്ടകം ഉണ്ടാക്കുന്നതിനും ജനത്തോട് പ്രസംഗിക്കുന്നതിനുമായി നോഹയെ ദൈവം നിയമിക്കുന്നു. ദൈവം മനുഷ്യന് ലഭ്യമാക്കുന്ന സമാധാനവും സമ്പത്തും ഐശ്വര്യങ്ങളും സ്വീകരി

ക്കുന്നതിനു പകരം മനുഷ്യൻ സദാ ദൈവത്തിൽ നിന്നും അകലുന്നതു കൊണ്ട് ദൈവം ദുഃഖിക്കുന്നു. വ്യഥ നിറഞ്ഞ ഹൃദയത്തോടെ ദൈവം ഒരു നിശ്ചയം എടുക്കുന്നു. മനുഷ്യൻ തിരഞ്ഞെടുത്ത പരാജയം അവൻ വരിച്ചെങ്കിലേ മതിയാകൂ. നോഹ ദൈവത്തോടു കൂടെ നടന്നതുകൊണ്ട് അവനു മാത്രം ദൈവകൃപ ലഭിക്കുന്നു.

2. നോഹ നീതിമാനായിരുന്നു. അതുകൊണ്ട് പെട്ടകത്തിൽ പ്രവേശിക്കുവാനുള്ള അനുശാസനം അദ്ദേഹത്തിനു കിട്ടി. നീതിമാനെന്നാൽ ഉടമ്പടിയുടെ ബന്ധത്തോടു വിശ്വസ്തയുള്ളവൻ അഥവാ ശരിയായ ബന്ധം പാലിക്കുന്നവൻ എന്നാണർത്ഥം. ശുദ്ധിയുള്ള (യാഗത്തിന് ഉപയോഗിക്കാവുന്ന) മൃഗങ്ങൾ ഏഴ് ജോടിയേയും അശുദ്ധ മൃഗങ്ങൾ ഓരോ ജോടിയേയും പെട്ടകത്തിൽ കയറ്റുന്നതിന് അനുവാദം ലഭിച്ചു. ഏഴു ദിവസത്തിനകം 40 പകലും 40 രാവും നീണ്ടുനിൽക്കുന്ന പേമാരികൊണ്ട് യഹോവ ഭൂമിയിൽ നിന്ന് സകല ജീവജാലങ്ങളേയും നശിപ്പിക്കും. എന്നാൽ നോഹയെ ദൈവം തിരഞ്ഞെടുത്തു. നോഹ യഹോവയുടെ കല്പന അനുസരിക്കുന്നു. പ്രളയം വന്നാലും മഹാമാരി വന്നാലും യഹോവ വിശ്വസ്തൻ എന്ന് നോഹ അടിയുറച്ചു വിശ്വസിച്ചിരുന്നു. പെട്ടകത്തിന്റെ വാതിൽ അടച്ചത് യഹോവയാണ്. തന്നെ സ്നേഹിക്കുന്നവരെ തന്നോടുകൂടെ നടക്കുന്നവരെ സുരക്ഷിതരായി കാത്തുകൊള്ളുമെന്ന് കാണിക്കുന്നു. നോഹ യഹോവയോട് വിശ്വസ്തനായിരുന്നു. നോഹ യഹോവയ്ക്ക് ഒരു യാഗപീഠം പണിതു. യാഗം കഴിച്ചു. യഹോവ സൗരഭ്യവാസന മണത്തു. ദൈവം അവന്റെ ബലിയിൽ പ്രീതനായി 'മനുഷ്യനെ ഇനി നശിപ്പിക്കയില്ല' എന്നരുളിച്ചെയ്തു. പ്രളയശേഷം മനുഷ്യരാശിക്ക് സമ്പൂർണ്ണ വിനാശം വരുത്തുകയില്ലെന്ന് ഉറപ്പാക്കുന്നു. മനുഷ്യന്റെ അസ്ഥിരത തുടരുമെങ്കിൽത്തന്നെയും അത് അവനെ പരാജയത്തിലും നാശത്തിലും എത്തിക്കുവാൻ ഇനിമേൽ ദൈവം സമ്മതിക്കുകയില്ല. നേരെമറിച്ച് മനുഷ്യന്റെ അവസ്ഥ കണക്കിലെടുത്ത് കൊണ്ടുതന്നെ യഹോവയുടെ ഹിതം അവന് എങ്ങനെ നിവർത്തിക്കാമെന്നുള്ളതിന് ഇവിടെ അടയാളം നൽകുന്നു. അതായത് കാലാവസ്ഥ ക്രമീകൃതമാകുന്നു. പുതുതായി താമസമാരംഭിക്കുന്ന യിസ്രായേലിന് ജീവിതവൃത്തിക്ക് ഇനിയും അതിനെ ആശ്രയിക്കാവുന്നതാണ്. മനുഷ്യർ സ്വന്ത ഇഷ്ടാക്കാരാണെങ്കിലും ദൈവീകരാകുവാൻ വിമുഖരാണെങ്കിലും ദൈവം സകല സൃഷ്ടികളുടേയും പ്രത്യേകാൽ മനുഷ്യരുടെയും നന്മയ്ക്കുവേണ്ടി തിരുമനസാകുന്നവനാണെന്നു വെളിവാക്കുന്നു. ദൈവവും സൃഷ്ടിയുമായുള്ള അടിസ്ഥാന ഉഭയസമാഹതം നോഹയുടെ പേരിലാണ് സ്ഥാപിതമായത്. കാരണം ദൈവത്തോടുകൂടെ നടന്നവനാണ് നോഹ. ദൈവത്തോടും മനുഷ്യരോടും അവന്റെ ബന്ധം ശ്രേഷ്ഠമായിരുന്നു. ഭൂമിയിൽ അതിക്രമം പെരുകി വഷളായി എന്ന് ശക്തമായ ഭാഷയിൽ ദൈവമുമ്പാകെയുള്ള അധഃപതനത്തെ

പ്പറ്റി പറയുന്നു. നോഹ 120 സംവത്സരം നീതിയെക്കുറിച്ചും ദൈവത്തെപ്പറ്റിയും പ്രസംഗിച്ചു. എന്നാൽ ആരും അത് ചെവിക്കൊണ്ടില്ല. പ്രളയം ഉണ്ടായപ്പോൾ നോഹക്ക് 600 വയസ്സായിരുന്നു. നോഹയും കുടുംബവും യഹോവയുടെ കല്പനപ്രകാരം പെട്ടകത്തിൽ കയറി രക്ഷപെട്ടു. ഭൂമിയിലുള്ള സകല ജീവജാലങ്ങളും നശിച്ചു. നോഹ 950 വയസ്സുവരെ ജീവിച്ചു (ഉല്പ. 9:29). നോഹ മരണം വരെ ദൈവത്തോടുകൂടി നടന്നു. നമുക്കും നോഹയെപ്പോലെ ദൈവത്തോടു കൂടി നടക്കാം. ദൈവത്തിനായി നമ്മുടെ ആരോഗ്യവും ആയുസ്സും സമ്പത്തും സകലതും ചെലവഴിക്കാം.

(ബഥേൽ പത്രിക, മാർച്ച് 1995)

11

'അനുസരണം ബലിയേക്കാൾ ഉത്തമം'

"ബാലന്റെ മേൽ കൈവയ്ക്കരുത്. അവനോട് ഒന്നും ചെയ്യരുത്. നിന്റെ ഏകജാതനായ മകനെ തരുവാൻ നീ മടിക്കായ്കകൊണ്ട് നീ ദൈവത്തെ ഭയപ്പെടുന്നു എന്ന് ഞാൻ ഇപ്പോൾ അറിയുന്നു എന്ന് അവൻ അരുളി ചെയ്തു." (ഉല്പത്തി 22:12).

കാലാകാലങ്ങളിൽ മനുഷ്യവർഗ്ഗത്തെ നവീനാശയങ്ങളിലേക്കും നവീന മാർഗ്ഗങ്ങളിലേക്കും നയിച്ച വിശ്വവിഖ്യാതരായ വ്യക്തികളെ കാണുവാൻ സാധിക്കും. അങ്ങനെ ഉള്ള ശ്രേഷ്ഠ വ്യക്തികളിൽ ഇസ്രായേൽ ചരിത്രത്തിൽ എന്നുമെന്നും മങ്ങാതെ പ്രശോഭിക്കുന്ന ഒരു ശ്രേഷ്ഠവ്യക്തിയാണ് വിശ്വാസികളുടെ പിതാവായ അബ്രഹാം. അബ്രഹാമിന്റെ സ്വഭാവ വൈശിഷ്ട്യങ്ങളായ വിശ്വാസം, സ്നേഹം, അനുസരണം എന്നിവ നമ്മിൽ ഉരുവാകുവാനായി പരിശുദ്ധാത്മ നിറവിൽ നമുക്ക് ധ്യാനിക്കാം.

'അബ്രഹാം' എന്ന വാക്കിന്റെ അർത്ഥം 'അസംഖ്യം ജാതികളുടെ പിതാവ്' എന്നാണ്. സൃഷ്ടിപ്പിൽ ദൈവോദ്ദേശ്യം ശിഥിലമാക്കിയ മനുഷ്യരുടെ പാപത്തിൽ നിന്നും നാശത്തിൽ നിന്നും അബ്രഹാമിന്റെ സന്തതിയെ മാത്രമല്ല മനുഷ്യജാതിയെ മുഴുവൻ വീണ്ടെടുക്കുന്നതിനുള്ള പദ്ധതി ദൈവം ആവിഷ്ക്കരിക്കുന്ന കഥ ഉല്പത്തി 12-ാം അദ്ധ്യായം മുതൽ ആരംഭിക്കുന്നതായി കാണാം. അബ്രഹാമിനെ വിളിച്ച് വേർതിരിച്ച് അവനെ സകല ജാതികൾക്കും പിതാവായി നിയമിക്കുന്നു. വേദപുസ്തകത്തിലെ ദൈവശാസ്ത്രത്തിന്റെയും യഹൂദന്മാരുടെ രാഷ്ട്രീയ ചരിത്രത്തിന്റെയും പ്രതീകമായി അബ്രഹാമിന്റെ വ്യക്തിത്വം പ്രശോഭിക്കുന്നു. തന്നിൽ വിളങ്ങിയിരുന്ന അതിശ്രേഷ്ഠങ്ങളായ സ്വഭാവ വിശേഷങ്ങളായിരുന്നു വിശ്വാസം, സ്നേഹം, അനുസരണം എന്നിവ. ഇവയാണ് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് മാറ്റു കൂട്ടിയിരുന്നത്.

1. വിശ്വാസം

ദൈവത്തിന്റെ വിശ്വസ്തതയോടുള്ള മനുഷ്യന്റെ പ്രതിസ്പന്ദനമാണ് വിശ്വാസം. അവൻ യഹോവയിൽ വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു" (ഉല്പത്തി 15:6). അബ്രഹാം വിശ്വാസത്താലാണ് ദൈവത്തിന്റെ വാഗ്ദത്തം പ്രാപിച്ചത്. അവന്റെ വിശ്വാസം പ്രതിഫലിപ്പിക്കുന്ന അനേക സംഭവങ്ങൾ ഉല്പത്തി പുസ്തകത്തിൽ കാണുവാൻ കഴിയും. 'നിന്റെ സ്വന്ത ദേശത്തെയും, ചാർച്ചക്കാരെയും, പിതൃഭവനത്തെയും വിട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോക' എന്ന യഹോവയുടെ അരുളപ്പാട് യാതൊരു സങ്കോചവും കൂടാതെ തന്നെ വിളിച്ചവൻ വിശ്വസ്തൻ എന്ന് എണ്ണിക്കൊണ്ട് അബ്രഹാം അനുസരിക്കുന്നു. തന്റെ ഏകജാതനെ ബലി കഴിക്കുന്നതിനുള്ള നിർദ്ദേശവും വിശ്വസ്തതയോടു കൂടി താൻ ഭരമേൽക്കുന്നു. അബ്രഹാമിന് ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തിന്റെ പ്രതിഫലനമാണ് തന്റെ താഴ്മയോടു കൂടിയുള്ള അനുസരണം.

ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ അനുസരണക്കേടിനാൽ തന്റെ വലിയ പദവി നഷ്ടപ്പെടുത്തി പാപത്തിന് അടിമയായിത്തീർന്നു. എന്നാൽ സൃഷ്ടിയുടെ വീണ്ടെടുപ്പിന്റെ മഹത്തായ യത്നം അബ്രഹാമിന്റെ വിശ്വാസത്തിലൂടെയും, അനുസരണത്തിലൂടെയും ആരംഭിക്കുന്നു. യഹോവയിലുള്ള വിശ്വാസത്തിന്റെ പ്രത്യക്ഷമായ ഒരു ലക്ഷണമായിരുന്നു താൻ നിയമിച്ച പരിച്ഛേദന എന്ന നിയമം.

യേശുക്രിസ്തുവിലുള്ള വിശ്വാസമാണ് ക്രിസ്തീയ രക്ഷയുടെ മുഖ്യമായ ഘടകം. "യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമർ 10:9).

2. സ്നേഹം

അബ്രഹാം ഹാരാനിൽ സമ്പന്നനായി ജീവിക്കുമ്പോഴാണ് യഹോവ തന്നെ വിളിച്ച് വേർതിരിക്കുന്നത്. സ്വന്തമായതിനെ ഉപേക്ഷിച്ച് പോകുക എന്നത് ഏവർക്കും പ്രയാസമേറിയ കാര്യമാണ്. എന്നാൽ അബ്രഹാം സ്വയത്തേക്കാളുപരിയായി ദൈവത്തെ സ്നേഹിച്ചു. അബ്രഹാമിന്റെ ദൈവസ്നേഹം അവനെ കനാനിലേക്ക് നയിച്ചു. എന്നെക്കാളുപരിയായി അപ്പനെയോ, അമ്മയേയോ, മക്കളേയോ സ്നേഹിക്കുന്നവൻ എനിക്ക് യോഗ്യനല്ല എന്ന് നമ്മുടെ കർത്താവും കല്പിക്കുന്നുണ്ട്. ലൗകീകമായതിനെ നിസ്സാരമായി എണ്ണി ദൈവസ്നേഹത്തിൽ അനുദിനം വളരുന്നത് നമ്മുടെ സ്വർഗ്ഗീയ കനാനിലേക്കുള്ള യാത്രയുടെ ലക്ഷണമാണ്. തന്റെ ദൈവസ്നേഹം പരി

പൂർണ്ണമായും പ്രത്യക്ഷപ്പെടുന്നത് യിസഹാക്കിനെ ബലികഴിക്കുന്നതിനുള്ള തീരുമാനത്തിലൂടെയാണ്. സമസൃഷ്ടങ്ങളെ സ്നേഹിക്കുന്നതിലൂടെയാണ് ദൈവസ്നേഹം പൂർണ്ണമായി തീരുന്നത്. അബ്രഹാമിന്റെ നിഷ്കളങ്കമായ ദൈവസ്നേഹം അദ്ദേഹത്തെ 'ദൈവത്തിന്റെ സ്നേഹിതൻ' എന്ന പദവിക്ക് അർഹനാക്കിത്തീർത്തു. ക്രിസ്തീയ വിശ്വാസത്തിന്റെ കാതലായ സൽഗുണമാണ് സ്നേഹം.

3. അനുസരണം

പ്രായോഗിക ജീവിതത്തിൽ വിശ്വാസം വെളിപ്പെടുന്നത് അനുസരണത്തിലൂടെയാണ്. ഇസഹാക്കിനെ ബലികഴിക്കുവാനുള്ള യഹോവയുടെ കല്പന താൻ നേരിടേണ്ടി വന്ന ഒരു വലിയ പരീക്ഷയായിരുന്നു. എന്നാൽ ഉദ്ദേശ്യശുദ്ധിയോടു കൂടി തന്നെ ആ പിതാവ് ദൈവകല്പനയെ പൂർണ്ണമായും അനുസരിക്കുന്നു. ഇസഹാക്ക് മരണത്തിൽ നിന്നും രക്ഷിക്കപ്പെടുന്നു. അനുസരണം ശിക്ഷണബോധത്തിന്റെ ബാഹ്യമായ പ്രകടനമാണ്. കുടുംബ ജീവിതം ശിക്ഷണബോധം കൂടാതെ അസാദ്ധ്യമാണ്. അബ്രഹാമിന്റെ ആത്മീയ ജീവിതവും കുടുംബ ജീവിതവും ദൈവത്തോടുള്ള പരിപൂർണ്ണമായ അനുസരണത്തിൽ അടിസ്ഥാനപ്പെട്ടതായിരുന്നു. 'അനുസരണം ബലിയേക്കാൾ ഉത്തമം' എന്ന വാക്യം അബ്രഹാം തന്റെ ജീവിതത്തിൽ പ്രായോഗികമാക്കിത്തീർത്തു. ക്രിസ്തീയ ജീവിതം വിശ്വാസം, സ്നേഹം, അനുസരണം എന്നിവയിൽ കെട്ടപ്പെട്ടിട്ടുള്ളതാണ്. ദൈവവുമായിട്ടുള്ള ഒരുവന്റെ ബന്ധത്തിന്റെ അളവുകോലാണ് ഈ ത്രിവിധ ഗുണങ്ങൾ. അബ്രഹാമിന്റെ ജീവിതത്തെ ശ്രേഷ്ഠമാക്കിത്തീർത്തത് അവനിൽ വിളങ്ങിയിരുന്ന ഈ വിശിഷ്ട ഗുണങ്ങളായിരുന്നു. ഈ ഗുണങ്ങൾ നമ്മിൽ പരിലസിക്കുവാൻ ദൈവാത്മാവ് നമ്മിൽ ജ്വലിക്കട്ടെ.

(ബഥേൽ പത്രിക, ഓഗസ്റ്റ് 1995)

12

തങ്ങൾ നഗ്നരെന്ന് അറിയുക

ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ച ആദിമമനുഷ്യനാണ് ആദാം. "ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു" (ഉല്പത്തി 1:27). ഒരു വ്യക്തിയുടെ മാത്രമല്ല മനുഷ്യകുലത്തെ മുഴുവൻ സൂചിപ്പിക്കുന്ന നാമവും കൂടിയാണിത്. ആദാം എന്ന എബ്രായപദത്തിന്റെ അർത്ഥം 'നിലം' എന്നാണ്. ആദാമിനെയും ഹവ്വായെയും ദൈവം ഏദൻതോട്ടത്തിലാക്കി (ഉല്പത്തി 2:8–14). എന്നാലവർ ദൈവകല്പന ലംഘിച്ച് ദൈവത്തിൽ നിന്ന് അന്യപ്പെട്ടു. ദൈവവചനപ്രകാരം ആദാം എല്ലാ മനുഷ്യകുലത്തെയും പ്രതിനിധീകരിക്കുന്നതുകൊണ്ട് താൻ ചെയ്ത തെറ്റു മൂലം പാപം എല്ലാ മനുഷ്യരിലേക്കും ആരോപിക്കപ്പെട്ടു. നന്മതിന്മകൾ അറിയുന്നവരായി വൃക്ഷഫലം തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കുകയും നന്മതിന്മകൾ അറിയുന്നവരായി ദൈവത്തെപ്പോലെയാകുകയും ചെയ്യും എന്ന പ്രലോഭനമാണ് പാമ്പ് കൊണ്ടുവന്നത്. ഒരുപക്ഷേ, ഈ പ്രത്യേക ജ്ഞാനം ലഭിച്ചാൽ ദൈവത്തെപ്പോലെ ആകും എന്ന് അവർ വിചാരിച്ചു കാണും. പക്ഷേ, അവർ ഫലം തിന്നു കഴിഞ്ഞപ്പോൾ അവർക്ക് നന്മതിന്മകളെക്കുറിച്ചുള്ള അറിവു മാത്രമല്ല, പശ്ചാത്താപവും ലജ്ജയും ഉണ്ടായി തങ്ങൾ നഗ്നരാണെന്ന് മനസ്സിലാക്കി ദൈവത്തിൽ നിന്ന് ഒളിച്ചു. അങ്ങനെ ദൈവവും മനുഷ്യരുമായുണ്ടായിരുന്ന ആദിയിലെ യഥാർത്ഥ ബന്ധം ശിഥിലമായി.

ആദാം ചെയ്ത മൂന്നു കാര്യങ്ങൾ എന്തെല്ലാം?

1. ആദാം തന്റെ നഗ്നത മറയ്ക്കുവാൻ ശ്രമിച്ചു. പാപത്തിന്റെ ആദ്യ ഫലം ലജ്ജയാണ്. അതു മൂടിവെയ്ക്കുവാൻ ആദി മനുഷ്യൻ ശ്രമിക്കുന്നത് അത്തിയിലകൊണ്ട് നിർമ്മിച്ച 'ആട' കൊണ്ടായിരുന്നു. അത്തിയില കൊണ്ടുള്ള ഉടയാട അവന്റെ നാണം മാറ്റുവാൻ മതിയായിരുന്നില്ല എന്ന് അവന് പെട്ടെന്ന് മനസ്സിലായി. ദൈവം അതിനു പകരം ആട്ടുരോമം കൊണ്ടുള്ള വസ്ത്രം ഉണ്ടാക്കിക്കൊടുത്തു. ദൈവസന്നിധിയിൽ നിന്ന് നമ്മുടെ പാപങ്ങളെ മറയ്ക്കുവാൻ സാദ്ധ്യമല്ലല്ലോ. ദൈവം സ്രഷ്ടാവും നമ്മൾ സൃഷ്ടികളുമാണല്ലോ. പാപമൊഴികെ സകലത്തിലും മനുഷ്യന് തുല്യനായ ദൈവത്തെ

അത്തിയിലയാലും ആട്ടിൻരോമത്താലും മറയ്ക്കുവാൻ സാദ്ധ്യമല്ല. നമ്മുടെ നീതി കറപുരണ്ട വസ്ത്രംപോലെ മാത്രമാണ്. എന്നാൽ ദൈവം നമുക്ക് നീതിയുടെ വസ്ത്രം ദാനമായി തന്നിരിക്കുന്നു. ലോകരക്ഷകനായ യേശു ക്രിസ്തു വന്നതുതന്നെ നമ്മെ ദൈവത്തോട് തീർപ്പാക്കുവാനാണ്. "ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവ് തോട്ടക്കാരനുമാകുന്നു. എന്നിൽ കായ്ക്കാത്ത കൊമ്പ് ഒക്കെയും അവൻ നീക്കിക്കളയുന്നു. കായ്ക്കുന്നതൊക്കെയും അധികഫലം കായ്ക്കേണ്ടതിന് ചെത്തി വെടിപ്പാക്കുന്നു" (യോഹ. 15:1–2). ദൈവീകചേതന നഷ്ടപ്പെട്ട നമ്മുടെ വ്യക്തിത്വത്തിന് പുതിയ മാനം കണ്ടെത്തണം. ജീവിതത്തിൽ ക്രിസ്തീയ നന്മകൾ പുലർത്തിക്കൊണ്ട് ദൈവീക സ്വഭാവം നമ്മിൽ സൃഷ്ടിക്കണം. പാപ സ്വഭാവം നമ്മിൽ വന്നുകഴിയുമ്പോൾ ദൈവീക സ്വഭാവം നമ്മിൽനിന്ന് അന്യപ്പെടും. മനുഷ്യാവതാര രഹസ്യം നൽകുന്ന പാഠം പാപസ്വഭാവം നമ്മിൽ നിന്നകറ്റുവാനുള്ള ആഹ്വാനമാണ്. ക്രിസ്തുകേന്ദ്രീകൃതമായ ജീവിതം നയിക്കുവാൻ നമുക്ക് പാപത്തെ ഒഴിഞ്ഞ് ജീവിക്കണം.

2. ആദാം ചെയ്ത രണ്ടാമത്തെ കാര്യം വൃക്ഷത്തിന്റെ മറവിൽ ഒളിച്ചു എന്നതാണ് (ഉല്പത്തി 3:8). വെയിലാറിയപ്പോൾ യഹോവയായ ദൈവം തോട്ടത്തിൽ നടക്കുന്ന ഒച്ച അവർ കേട്ടു. പാപം ചെയ്യുന്നവന് ദൈവസന്നിധിയിൽ നില്പാൻ ശക്തിയില്ല. പാപികൾ ദൈവത്തെ ഭയപ്പെടുന്നു. സങ്കീ. 51:10–11 ൽ ദാവീദ് "ദൈവമേ, നിർമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായൊരു ആത്മാവിനെ എന്നിൽ പുതുക്കേണമെ. നിന്റെ സന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ" എന്നു പ്രാർത്ഥിക്കുന്നു. ചിലർ ദൈവമില്ലായെന്ന് പറഞ്ഞ് പാപസ്വഭാവത്തിൽ രമിക്കുന്നു. "ദൈവം ഇല്ല എന്ന് മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു. അവർ വഷളന്മാരായി മ്ലേച്ഛമായ നീതികേട് പ്രവർത്തിക്കുന്നു. നന്മ ചെയ്യുന്നവൻ ആരുമില്ല" (സങ്കീ. 53:1, 2). പാപം ചെയ്യുന്നവൻ ഒളിക്കുവാൻ നോക്കുന്നത് വ്യാജശരണങ്ങളിലാണ്. ദൈവത്തെ അന്വേഷിക്കുന്നവൻ ബുദ്ധിമാനാണ്. അങ്ങനെയുള്ളവരെ ദൈവം സ്വർഗ്ഗത്തിൽ നിന്ന് നോക്കുന്നു. ദൈവം അവരെ കരുതുന്നു. സ്നേഹിക്കുന്നു. എളിയവനു ഒരു ദുർഗ്ഗവും ദരിദ്രനു ഒരു കോട്ടയും ആയിരിക്കും. നമുക്ക് അഭയം പ്രാപിക്കാവുന്ന പിളർന്നോരു പാറ ക്രിസ്തു അത്രേ. ദൈവമഹത്വത്തിനായും പാപം ചെയ്തുപോയ മനുഷ്യന്റെ ആശ്വാസത്തിനുമായി അവൻ 'ദാസവേഷം' ധരിച്ചു. അവൻ മനുഷ്യരൂപത്തിൽ വെളിപ്പെട്ടു. മനുഷ്യസാദൃശ്യത്തിലായി, തന്നത്താൻ താഴ്ത്തി, ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിത്തീർന്നു (ഫിലി. 2:8). ദൈവ ശബ്ദം കേട്ടപ്പോൾ വൃക്ഷത്തിന്റെ മറവിൽ ഒളിച്ച മനുഷ്യൻ കാൽവറിക്രൂശിലൂടെ വെളിവു നൽകി രക്ഷിച്ചു.

3. ആദാം ചെയ്ത മൂന്നാമത്തെ കാര്യം സ്വയം നീതീകരിച്ചു എന്നതാണ്

(ഉല്പ. 3:12). ആദാം ഹവ്വായെ കുറ്റപ്പെടുത്തുന്നു. ഹവ്വാ എന്ന എബ്രായ വാക്കിന് 'ജീവനുള്ളത്' എന്നാണർത്ഥം. ആദാമും ഹവ്വായും ദൈവത്തോട് അനുസരണക്കേട് കാണിച്ചെങ്കിലും തുടർന്ന് ദൈവം അവരെ കരുതുന്നു. ഉടുപ്പ് ഉണ്ടാക്കി അവരെ ഉടുപ്പിച്ചു (ഉല്പ. 3:21). 'നീ തന്നിട്ടുള്ള സ്ത്രീ' എന്നു പറഞ്ഞ് ദൈവത്തെ കുറ്റപ്പെടുത്തുന്നു. സ്വന്തം കുറ്റം മറച്ചുവെയ്ക്കുകയും മറ്റുള്ളവരുടെമേൽ കുറ്റം ചുമത്തുകയും ചെയ്യുന്നു. ഞാനല്ല തെറ്റുകാരൻ, നീയാണ് തെറ്റു ചെയ്തത്. ഞാൻ ആവശ്യപ്പെട്ടില്ല. നീ തന്നെ തന്നതാണ്. ദൈവത്തെ പഴിക്കുകയാണ്. കാൽവറിക്രൂശിന്റെ വശങ്ങളിലും ഇതേ ശബ്ദം കേൾക്കുവാൻ സാധിക്കുന്നു. ക്രൂശിലെ കള്ളൻ. പരീശ സ്വഭാവം ഇവിടെ നിഴലിക്കുന്നു, സ്വയം നീതീകരിക്കപ്പെടുന്നു. രണ്ടു പേർ ദേവാലയത്തിൽ പ്രാർത്ഥിപ്പാൻ വന്നു. പരീശൻ നിന്നുകൊണ്ട് ദൈവമേ എന്നു വിളിച്ച് സ്വയം നീതീകരിച്ച് പ്രാർത്ഥിച്ചു. എന്നാൽ ചുങ്കക്കാരൻ മാറത്തടിച്ചു. അവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്ക് പോയി. പാപം സമ്മതിച്ച് അവൻ പ്രാർത്ഥിച്ചു, നീതീകരിക്കപ്പെട്ടു. ചുങ്കക്കാരൻ സക്കായി യേശുവിനെ കണ്ടമാത്രയിൽ അവന്റെ വ്യക്തിജീവിതത്തിന് മാറ്റമുണ്ടായി. പകുതി, അല്ല, നാലു മടങ്ങ് മടക്കി കൊടുക്കുന്നു എന്നു പറഞ്ഞു. യേശു അവനോട് വീടിനു രക്ഷ വന്നു എന്നു പറഞ്ഞ് അനുഗ്രഹിച്ചു. ദൈവമാണ് നമ്മെ "മറയ്ക്കേണ്ടത്", അവനാണ് നമ്മെ "ഒളിപ്പിക്കേണ്ടത്." അവൻ തന്നെയാണ് നമ്മെ "നീതീകരിക്കേണ്ടത്."

(ബഥേൽപത്രിക, ആഗസ്റ്റ് 2011)

13

നിസ്സഹായനായ മനുഷ്യൻ

പരിമിതികളാൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പരിമിതികളെക്കുറിച്ച് ബോദ്ധ്യപ്പെടാത്തതുകൊണ്ട്, കഷ്ടതകളിലും രോഗാവസ്ഥയിലും സങ്കട പ്പെടുന്നു, നിരാശപ്പെടുന്നു. മനുഷ്യന് ആനയുടെ വലിപ്പമില്ല, ബലവുമില്ല, കടുവായെപ്പോലെ ഓടുവാൻ കഴിവില്ല, ഓടുന്നുമില്ല. അവന് ഒലിവ് വൃക്ഷ ത്തിന്റെ ആയുസ്സില്ല, ഫലങ്ങളുമില്ല. പക്ഷിയുടെ പറക്കുവാനുള്ള സ്വാത ന്ത്ര്യവുമില്ല, പറന്നുയരുന്നുമില്ല. എന്നാൽ മറ്റുള്ള എല്ലാ സൃഷ്ടികളെക്കാളും ശ്രേഷ്ഠമായി ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നുവല്ലോ. എന്നാൽ പരി മിതികളാൽ പണിയപ്പെട്ടിരിക്കുന്നു. സൃഷ്ടികളായ നമുക്ക് പരിമിതികളു ണ്ടെന്ന് മാത്രമല്ല, പല പ്രധാന സംഗതികൾക്കും നാം നിസ്സഹായരുമാണ്. സ്രഷ്ടാവായ ദൈവത്തോട് മറുതലിക്കുന്ന സ്വഭാവം സൃഷ്ടിയായ മനു ഷ്യൻ സൃഷ്ടിപ്പിൽ തന്നെ ആരംഭിച്ചു. അത് അവനും അവന്റെ വർഗ്ഗസമൂ ഹത്തിനും പാപമായിത്തീർന്നു. ആ പാപസ്വഭാവത്തിൽ നിന്നുടലെടുക്കുന്ന മരണത്തെ നീക്കുവാൻ സൃഷ്ടിയോട് സമനായിത്തീർന്നതാണ് യേശു ക്രിസ്തുവിന്റെ മനുഷ്യാവതാരം.

നിസ്സഹായനായ മനുഷ്യനെ സഹായിക്കുവാൻ നിത്യനായ ദൈവം നമ്മോടുകൂടെ ഇരിക്കുവാൻ യേശുവിന്റെ സാന്നിദ്ധ്യം നാം അനുഭവിക്കണം. "എന്നാൽ കർത്താവേ, ഞാൻ ഏതിനായി കാത്തിരിക്കുന്നു. എന്റെ പ്രത്യാശ നിങ്കൽ വെച്ചിരിക്കുന്നു" (സങ്കീ. 39:7). നമ്മുടെ പ്രത്യാശ എന്താണ്? ആരി ലാണ്? സ്നേഹം, നീതി, സത്യം, മാന്യത, വിശ്വസ്തത, വിശ്വാസം, പ്രത്യാശ ഇവയാണ് ജീവിതത്തെ ഉത്തമവും മനോഹരവും ആക്കുന്നത്. ധാർമ്മിക മൂല്യങ്ങളെ മുറുകെപ്പിടിക്കണം.

ശാസ്ത്രീയമായ കണ്ടുപിടിത്തങ്ങൾ വളരെ വികസിച്ചു. ചന്ദ്രനിൽ എത്തിയ മനുഷ്യൻ, മറ്റു പല ഗ്രഹങ്ങളിലും എത്തുവാൻ അഹോരാത്രം കിണഞ്ഞ് ശ്രമിക്കുന്നു. പക്ഷേ, മനുഷ്യന് മനുഷ്യന്റെ ഹൃദയത്തിൽ എത്തു വാനോ, ദൈവഹൃദയത്തിൽ എത്തുവാനോ, ഹൃദയത്തെ വിധേയപ്പെടുത്തു വാനോ സാധിക്കുന്നില്ല.

ഈ നിലയിലേക്ക് എത്തുവാൻ നമ്മെ കരുപ്പിടിപ്പിക്കുന്ന പ്രക്രിയയാണ് നോമ്പ്, ഉപവാസം, പ്രാർത്ഥന എന്നിവ. ക്രിസ്തുവിനെ കൂടാതെ ജീവിക്കുന്നത് നിസ്സഹായന്റെ അവസ്ഥയെ കൂടുതൽ ബലഹീനമാക്കുന്നതാണ്. ദൈവം ഇല്ലാത്തവൻ ആശയറ്റവനാണ്. മനുഷ്യൻ കേവലം ഒരു സൃഷ്ടിയാണ്. നാം സ്വയം ഉല്പാദിതമായതല്ല. ദൈവം തന്റെ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചതാണ്. ദൈവത്തോടുള്ള സഖിത്വം മുറുകെ പിടിച്ചു കൊണ്ട് മാത്രമേ മനുഷ്യന് നിലനിൽക്കാൻ സാദ്ധ്യമാവുകയുള്ളു.

യേശുക്രിസ്തുവിന്റെ ആത്മാവ് വിശ്വാസികളുടെ ശരീരങ്ങളിൽ വസിക്കുന്നു. കർത്താവിന്റെ മന്ദിരമാകുന്ന നമ്മൾ അലക്ഷ്യമായി ജീവിക്കരുത്. "ഇനി ജീവിക്കുന്നത് ഞാനല്ല. ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കു വേണ്ടി തന്നത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ" (ഗലാ. 2:20).

ഏത് മനുഷ്യനും ഉറച്ചു നിന്നാലും ഒരു ശ്വാസം അത്രേ എന്ന് ദൈവ വചനം നമ്മെ പഠിപ്പിക്കുന്നു. മനുഷ്യന്റെ നിസ്സഹായാവസ്ഥ ഇവിടെ പ്രതിഫലിക്കുന്നു. പാപരഹിതനായ ദൈവം, തന്റെ സൃഷ്ടിയുടെ മകുടമായി മനുഷ്യനെ പാപരഹിതനായി സൃഷ്ടിച്ചു. പക്ഷേ മനുജൻ പാപത്തിന് വിധേയപ്പെട്ടു. ദൈവകല്പന ലംഘിച്ചു. ദൈവഹിതത്തിന് എതിരായതെല്ലാം പാപമാണ്. വേദപുസ്തകപ്രകാരം എല്ലാ പാപവും ദൈവത്തിനും ദൈവത്തിന്റെ സൃഷ്ടിക്കും എതിരാണ്. പാപത്തിന് പഴയനിയമത്തിൽ "ഹഠാ" എന്ന ഹീബ്രൂ പദം ഉപയോഗിച്ചിരിക്കുന്നു. ലക്ഷ്യം തെറ്റുക, വ്യതിചലിക്കുക എന്നർത്ഥം. ധാർമ്മികവും വിശ്വാസപരവുമായ ലക്ഷ്യം തെറ്റലിനെയാണിവിടെ അർത്ഥമാക്കുന്നത്. Sin entered through the first Adam ie Jesus Christ. ഒന്നാം ആദാമിൽക്കൂടി പാപം പ്രവേശിച്ചു. എന്നാൽ അവസാന ആദാമിൽക്കൂടി വീണ്ടെടുപ്പു ലഭിച്ചു (യേശുക്രിസ്തുവിൽക്കൂടി).

മനുഷ്യൻ നിസ്സാരൻ, ക്ഷണികൻ. ഇയ്യോബ് പറയുന്നു, "എന്റെ ജീവൻ ഒരു ശ്വാസം മാത്രം എന്നോർക്കണമെ, എന്റെ കണ്ണ് ഇനി നന്മയെ കാണുകയില്ല" (ഇയ്യോബ് 7:7). "ഞങ്ങളുടെ ആയുഷ്കാലം എഴുപത് സംവത്സരം, ഏറെ ആയാൽ എൺപത് സംവത്സരം, അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രേ. അത് വേഗം തീരുകയും ഞങ്ങൾ പറന്ന് പോവുകയും ചെയ്യുന്നു" (സങ്കീ. 90:10).

ആശ്വാസം നൽകുന്ന വചനം നമ്മുടെ നിസ്സഹായാവസ്ഥയ്ക്ക് താങ്ങായി സങ്കീർത്തകൻ പറയുന്നു. "ഞാൻ എന്റെ കണ്ണ് പർവ്വതങ്ങളിലേക്ക് ഉയർത്തുന്നു. എനിക്ക് സഹായം എവിടെ നിന്നു വരും. എന്റെ സഹായം ആകാശത്തെയും ഭൂമിയേയും ഉണ്ടാക്കിയ യഹോവയിൽ നിന്ന് വരുന്നു. യഹോവ

നിന്റെ ഗമനത്തേയും ആഗമനത്തേയും ഇന്നുമുതൽ എന്നേക്കും പരിപാലിക്കും" (സങ്കീ. 121:1-8). നിസ്സഹായകനായ മനുഷ്യന്റെ സഹായകനായി നമുക്ക് ഒരു ദൈവം ഉണ്ട്. അവൻ നമ്മെ കഷ്ടതയിലും, വൻ പ്രയാസങ്ങളിലും കാത്തു നിലനിർത്തും. നിസ്സഹായകനായ മനുഷ്യവർഗ്ഗത്തെ സഹായിക്കുവാനായിട്ടാണ് ദൈവം മനുഷ്യനായിട്ട് അവതരിച്ചത്. ആ ദൈവം നമ്മോടുകൂടെ ഇരിക്കട്ടെ.

(ബഥേൽപത്രിക, ഏപ്രിൽ 2012)

14

ക്രിസ്തീയ സന്തോഷം

"എന്റെ സന്തോഷം നിങ്ങളിൽ ഇരിക്കുവാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും ഞാൻ ഇത് നിങ്ങളോട് സംസാരിച്ചിരിക്കുന്നു" (യോഹ. 15:11).

ക്രിസ്ത്യാനി എന്ന പേര് എ.ഡി. 43-ൽ അന്ത്യോക്യയിൽ വെച്ച് ക്രിസ്തുവിന്റെ അനുകാരികൾക്ക് ലഭിച്ചു (അപ്പോ. പ്രവ. 11:26, 26:28). 'ക്രിസ്തുവിന്റെ പട്ടാളം' എന്ന അർത്ഥത്തിലാണ് ഈ പേരു വിളിച്ചത്. ക്രിസ്തുവിന്റെ അനുകാരികൾ അല്ലാത്തവർ അനുകാരികളെ സംബോധന ചെയ്തിരുന്ന വിളിപ്പേരാണ്. "ക്രിസ്ത്യാനിയായിട്ട് കഷ്ടം സഹിക്കേണ്ടി വന്നാൽ ലജ്ജിക്കരുത്. ഈ നാമം ധരിച്ചിട്ട് ദൈവത്തെ മഹത്വപ്പെടുത്തുകയാണ് വേണ്ടത്" (1 പത്രോസ് 4:16).

> "ക്രിസ്തീയ ജീവിതം സൗഭാഗ്യജീവിതം
> കർത്താവിൻ കുഞ്ഞുങ്ങൾക്കാനന്ദദായകം
> കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
> ക്രിസ്തേശുനായകൻ കൂട്ടാളിയാണേ"

എന്നു പാടിയത് ജീവിതാനുഭവങ്ങളിൽ നിന്നാണ്. ക്രിസ്ത്യാനിയായിട്ട് പഴി, ദുഷി, പീഡനം, പട്ടിണി, കാരാഗ്രഹവാസം, അടി, ജീവഹാനി ഒക്കെ സംഭവിച്ചാലും ക്രിസ്തു നിമിത്തം എല്ലാം ചേതമെന്നെണ്ണിയ കാലഘട്ടത്തിൽ ജീവിച്ചവരെ വിശുദ്ധന്മാരെന്ന് കരുതിയിരുന്നു. ആദിമ ക്രൈസ്തവരുടെ പീഡനങ്ങൾ ഇന്ന് ചിന്തിക്കാൻ പോലും സാദ്ധ്യമല്ല. ക്രിസ്തുവിന്റെ നാമ മഹത്വം മാത്രമേ അവർ ഗണിച്ചിരുന്നുള്ളു. "ലോകം താത സഹോദരൻ ജാതിയതും തറവാടും ഒക്കെ ഉപേക്ഷിച്ച് യേശുവിനായ് മരണം സ്നേഹിച്ച സഹദേന്മാരെ എല്ലായ്പ്പോഴും സ്മരിക്കണമെന്ന്" സഭ പഠിപ്പിക്കുന്നു. ക്രിസ്തുവിനായ് ജീവിച്ച്, സഹനത്തിലൂടെ ജയം പ്രാപിച്ചവരെ എന്നും ഓർക്കണം.

ക്രിസ്തീയ ജീവിതം സന്തോഷമുള്ള ജീവിതമാണ്. തന്നിൽ വിശ്വസിക്കുന്നവർ സന്തോഷമുള്ളവരായിരിക്കേണം എന്നാണ് കർത്താവ് ആഗ്രഹി

ക്കുന്നത്. കഷ്ടങ്ങൾ വന്നാലും, നഷ്ടങ്ങൾ വന്നാലും ക്രിസ്തുവിൽ സന്തോഷിക്കുന്നവനായിരിക്കേണം ക്രിസ്ത്യാനി. ദാവീദിന്റെ ജീവിതത്തിൽ ഈ സന്തോഷം നഷ്ടമായപ്പോൾ, അദ്ദേഹം ദൈവത്തോട് പ്രാർത്ഥിച്ചു: "നിന്റെ രക്ഷയുടെ സന്തോഷം എനിക്ക് തിരികെ തരേണമെ" (സങ്കീ. 51:12) എന്ന്. സന്തോഷം നഷ്ടപ്പെടുന്ന അനുഭവങ്ങൾ നമുക്കും ഉണ്ടായിട്ടില്ലേ. അത് മടക്കി കിട്ടാൻ നാം പ്രാർത്ഥിച്ചിട്ടുണ്ടോ. നഷ്ടപ്പെട്ടത് തിരികെ കിട്ടുമ്പോൾ അത് ഇരട്ടിയായി പ്രതിഫലിക്കും. വി. ലൂക്കോസ് 15-ാം അദ്ധ്യായത്തിൽ നഷ്ടപ്പെട്ട ദ്രഹ്മ, നഷ്ടപ്പെട്ട ആട്, നഷ്ടപ്പെട്ട മകൻ ഉപമകളിൽ എല്ലാം തിരികെ കിട്ടുമ്പോൾ സന്തോഷം പങ്കിടുന്ന അനുഭവം കാണാൻ സാധിക്കും. ക്രിസ്തീയ ജീവിതവും പങ്കിടീലിന്റെ ജീവിതമാണ്. യേശു തമ്പുരാൻ സ്വന്ത ജീവിതത്തിലും അതു തന്നെ കാണിച്ചുതന്നു.

രക്ഷയുടെ സന്തോഷം നഷ്ടപ്പെട്ടാലും അത് തിരികെ ലഭിക്കാവുന്നതാണ്. മനുഷ്യനിൽ ഏറ്റുപറയപ്പെടാതെ മറഞ്ഞുകിടക്കുന്ന പാപമാണ് സന്തോഷത്തെ നശിപ്പിക്കുന്നതിനുള്ള പ്രധാന കാരണം. ദൈവത്തെയും മനുഷ്യനെയും തമ്മിൽ ഭിന്നിപ്പിക്കുന്നത് പാപമാണ്. പാപം കരടാണ് (2 ശമു. 11:2-5). ചെറിയ കരടുപോലും കണ്ണിൽ വീണാൽ അത് വലിയ വേദന ഉളവാക്കുന്നു. ഒരു ചെറിയ മുള്ള് കൈയിൽ കുത്തിയാൽ അത് വലിയ വേദനയ്ക്ക് കാരണമായിത്തീരുന്നു. അതുപോലെ ഓരോ ചെറിയ പാപവും നമ്മുടെ സന്തോഷത്തെ കെടുത്തുന്നു. ക്രിസ്തീയ ജീവിതം സന്തോഷപ്രദമാകണമെങ്കിൽ നമ്മൾ ക്രിസ്തുവിൽ ജീവിക്കേണം. നമ്മുടെ സന്തോഷം നഷ്ടപ്പെട്ടത് എവിടെയാണ്? തിരിഞ്ഞുനോക്കണം, കഴുകണം, കരടുകളെ മാറ്റണം, മുള്ളുകളെ എടുക്കണം, അഴുക്കിനെ കഴുകണം, സത്യകുമ്പസാരം നടത്തണം. കുമ്പസാരത്തിന്റെ പ്രസക്തി ഇന്ന് നഷ്ടപ്പെട്ട മട്ടാണ്. അനുതാപത്തോടെ പാപങ്ങളെ ഏറ്റുപറഞ്ഞ് ക്രിസ്തുവിനെ കൈക്കൊള്ളണം. "തന്റെ ലംഘനങ്ങളെ മറെക്കുന്നവന് ശുഭം വരികയില്ല. അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും" (സദൃ. 28:13).

ക്രിസ്തീയ സന്തോഷം നഷ്ടപ്പെടുന്നതിനുള്ള മറ്റൊരു കാരണം അപരനോടുള്ള ബന്ധത്തിന് ഉലച്ചിൽ തട്ടുന്നതാണ്. ക്രിസ്തുവിന്റെ പഠിപ്പിക്കലിന്റെ ഒന്നാം സ്ഥാനം സഹോദരനെ സ്നേഹിക്കുക എന്നതാണ്. ബലി സ്വീകരിക്കപ്പെടണമെങ്കിൽ സഹോദരനോട് നിരപ്പായെങ്കിൽ മാത്രമേ അത് സ്വീകരിക്കപ്പെടുകയുള്ളു എന്ന് കർത്താവ് പഠിപ്പിച്ചു (വി. മത്തായി 5:22-24). സഹോദരനോട് നിരപ്പായാൽ നഷ്ടപ്പെട്ട സന്തോഷം നമുക്ക് മടക്കി കിട്ടും.

സ്വാർത്ഥപരമായ ജീവിതം ക്രിസ്തീയ സന്തോഷം നഷ്ടപ്പെടുത്തുന്നു. സമയം, സമ്പത്ത് തുടങ്ങിയവയെല്ലാം സ്വന്ത കാര്യത്തിനുവേണ്ടി മാത്രം ചിലവഴിക്കുന്നു. സമാധാനം ലഭിക്കുന്നില്ല. സ്വയം നമ്മെ എങ്ങും കൊണ്ടെ

ത്തിക്കുന്നില്ല. നമ്മുടെ നോട്ടം നമ്മിൽ നിന്നു മാറ്റി, വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിലേക്ക് തിരിക്കുക. ക്രിസ്തുകേന്ദ്രീകൃതമായ ജീവിതം സന്തോഷം നൽകും.

ഭാവിയെപ്പറ്റി ആവശ്യമില്ലാതെ ഭാരപ്പെടുന്നവരാണോ നാം? നമ്മുടെ ജീവിതത്തിൽ നമ്മുടെ ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ല. നിന്റെ ഭാരം യഹോവയുടെമേൽ വെച്ചുകൊൾക. അവൻ നിന്നെ പുലർത്തും. ഫിലി. 3:14-ൽ പ. പൗലോസ് ശ്ലീഹാ പറയുന്നു, "ഒന്നു ഞാൻ ചെയ്യുന്നു. പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു." ക്രിസ്തീയ ജീവിതം സന്തോഷകരമായി തീരണമെങ്കിൽ, ക്രിസ്തുവിൽ ലക്ഷ്യം വച്ചുംകൊണ്ട് ദൈവവചനധ്യാനം, പ്രാർത്ഥന, നോമ്പ്, ജാഗരണം, വി. കുർബ്ബാനാ സംബന്ധം, അനുഭവം എന്നിവയിൽ കൂടി ജീവിതത്തെ ക്രമീകരിക്കുക. ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും സന്തോഷം അനുഭവിക്കാം.

(ബഥേൽപത്രിക, ആഗസ്റ്റ് 2012)

15

ദൈവീക സ്പർശം

സ്പർശനം, തൊടൽ എപ്പോഴും ആശ്വാസവും സാന്ത്വനവും ഉളവാക്കുന്ന പ്രക്രിയയാണ്, ഔഷധമായി പ്രവർത്തിക്കുന്നു. ഏതു രോഗിയും സ്പർശനം ആഗ്രഹിക്കുന്നു. മനസ്സാണ് ഒരു മനുഷ്യന്റെ വ്യക്തിത്വത്തെ നിയന്ത്രിക്കുന്നത്. സ്പർശനം ഇന്ദ്രിയങ്ങളെ സ്വാധീനിക്കുന്നു. അർത്ഥേശൻ ഇന്ദ്രിയേശനാകണം. യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യം സ്പർശനമാക്കുവാൻ ആഗ്രഹിച്ച അനേകരുണ്ട്. ഒരു കുഷ്ഠരോഗി ആഗ്രഹിച്ചു. നമസ്കരിച്ചു. "കർത്താവേ നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ കഴിയും എന്നു പറഞ്ഞു" (മത്തായി 8:2-4). അവൻ കൈ നീട്ടി അവനെ തൊട്ടു. "എനിക്ക് മനസ്സുണ്ട്, നീ ശുദ്ധമാക" എന്നു പറഞ്ഞു. ഉടനെ കുഷ്ഠം മാറി, അവൻ ശുദ്ധമായി. സ്പർശനം സുഖം തരും, സൗഖ്യം തരും, ആയിരിക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തും. സ്പർശനം ലഭിക്കണമെങ്കിൽ അവന്റെ അടുക്കലേക്ക് വരണം. ജീവിതത്തിലെ മുന്നറിയിപ്പുകളെ നാം മനസ്സിലാക്കണം, മുന്നറിയിപ്പുകൾ അവഗണിച്ച് പോയാൽ അപകടം വരാം. ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ മാറ്റണം, കാണേണ്ടവനെ നേരിട്ട് കാണണം. തൊടേണ്ടവനെ തൊടണം. അപ്പോൾ സൗഖ്യം കിട്ടും, സന്തോഷം ലഭിക്കും.

ആധുനിക വൈദ്യശാസ്ത്രത്തിൽ Touching Therapy വികസിച്ചുകൊണ്ടിരിക്കുന്നു. സുനാമികൾ വന്നു മുട്ടും, ജീവിതത്തിലെ കാഴ്ചപ്പാടുകൾ നവീകരിക്കണം. ഉൽക്കണ്ഠകൾ വളർത്തി മനസ്സു പുണ്ണാക്കുകയുമരുത്. പഞ്ചേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന അറിവുകളാണ് നമ്മെ പ്രവർത്തനനിരതമാക്കുന്നത്. നല്ല മനുഷ്യരുമായുള്ള നല്ല സ്പർശനം ഉണ്ടാകണം. നല്ല അറിവുകളാണ് നമ്മുടെ ജീവിതഗതിയെ നിയന്ത്രിക്കുന്നത്. ഓരോ നിമിഷവും നമുക്ക് ലഭിക്കുന്ന നല്ല അറിവുകളാണ് സ്പർശനം മുഖേന ലഭിക്കേണ്ടത്. ദുഷ്ടന്മാരുമായുള്ള നിത്യസ്പർശനം, സംസർഗ്ഗം, മനുഷ്യന്റെ നല്ല ശീലങ്ങളെ അപഹരിക്കും. ഇന്ദ്രിയസ്പർശനങ്ങൾ നിയന്ത്രിച്ചില്ലെങ്കിൽ ഏതു മനുഷ്യനും വികടനാകും. പരിശുദ്ധ ജീവിതം നയിച്ചവർ ഇന്ദ്രിയജയം പ്രാപിച്ചവരാണ്. ഇന്ദ്രിയങ്ങൾക്ക് കടിഞ്ഞാണിട്ടവരാണ്. ഇന്നത്തെ തലമുറകൾ സ്പർശനസുഖത്തിനുവേണ്ടി എത്ര ധനവും ചിലവഴിക്കുവാൻ വെമ്പൽ

കൊള്ളുന്നവരാണ്. ദൈവീകജ്ഞാനം പ്രാപിച്ച് നേട്ടത്തിലേക്ക് പരിശ്രമിക്കുവാനുള്ള അഭിവാഞ്ഛയിലേക്ക് നമ്മെ നയിക്കുന്നതിന് പരിശുദ്ധാത്മാവുമായുള്ള ദൈവീക സ്പർശനം പ്രാപിച്ചെടുക്കണം. പഞ്ചേന്ദ്രിയങ്ങൾ നൽകുന്ന സ്പർശനസുഖം ആനന്ദപരമായി വിചാരിക്കരുത്. ഇന്ദ്രിയങ്ങളെ ജയിക്കണം. ഇന്ദ്രിയങ്ങളും ഇന്ദ്രിയജന്യമായ ആവേശങ്ങളും നമ്മുടെ നിയന്ത്രണത്തിലാക്കണം. അതിനാണ് പ. സഭ നോമ്പുപവാസങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്നത്. ഇന്ദ്രിയജയം എന്നാൽ ആത്മനിയന്ത്രണം എന്നാണ്.

കർത്താവിന്റെ കരസ്പർശനം, പത്രോസിന്റെ അമ്മായിഅമ്മയുടെ പനിയെ സൗഖ്യമാക്കുന്നു (മത്തായി 8:15). അവൻ അവളുടെ കൈ തൊട്ടു പനി അവളെ വിട്ടു. അവൾ എഴുന്നേറ്റ് അവർക്ക് ശുശ്രൂഷ ചെയ്തു (മത്തായി 8:14-15). നമ്മുടെ സൗഖ്യപ്രാപ്തി അനുഗ്രഹമായി അപരന് തോന്നണം. അതു ലഭിക്കുന്നത് ശുശ്രൂഷയിലൂടെയാണ്. യേശുകർത്താവ് പറയുന്നു, "ഞാൻ വന്നത് ശുശ്രൂഷിക്കപ്പെടുവാനായിട്ടല്ല, അനേകരെ ശുശ്രൂഷിക്കുവാനായിട്ടാണ്." നമ്മുടെ ശുശ്രൂഷ എങ്ങനെയുണ്ട്. മറ്റുള്ളവർക്ക് പ്രയോജനപ്പെടുന്നുണ്ടോ, ഫലം കണ്ടെത്തുന്നുണ്ടോ?

വാക്കുകൊണ്ടുള്ള സ്പർശനം

"വൈകുന്നേരമായപ്പോൾ പല ഭൂതഗ്രസ്ഥരെയും അവന്റെ അടുക്കൽ കൊണ്ടുവന്നു. അവൻ വാക്കുകൊണ്ട് ദുരാത്മാക്കളെ പുറത്താക്കി സകല ദീനക്കാർക്കും സൗഖ്യം വരുത്തി" (മത്തായി 8:16). വാക്കിന് ശക്തിയുണ്ട്, വാക്കും നോക്കും, പ്രവർത്തിയും ഒരുമിച്ച് പ്രവർത്തിക്കുമ്പോൾ സ്പർശനം പൂർത്തിയാക്കും. രണ്ടു കുരുടന്മാർക്ക് കാഴ്ച നൽകുന്നു. യേശുതമ്പുരാൻ കടന്നുപോകുമ്പോൾ രണ്ടു കുരുടന്മാർ, "ദാവീദുപുത്രാ, ഞങ്ങളോട് കരുണതോന്നേണമെ" എന്നു നിലവിളിച്ചുകൊണ്ട് പിന്തുടർന്നു (മത്തായി 8:27). അവർ വാക്കുകൊണ്ടു യാചിച്ചു, ആവശ്യപ്പെട്ടു. കുരുടന്മാർ അവനെ പിൻപറ്റി അടുക്കൽ വന്നു. അവൻ അവരുടെ കണ്ണ് തൊട്ടു. വാക്കിന് ഫലം സ്പർശനമാണ്. യേശുവിന്റെ വാക്ക് പ്രവർത്തിയായി മാറി. അവർക്ക് സൗഖ്യം കിട്ടി.

അല്പം വ്യത്യസ്തതയുള്ള ദൈവീക സ്പർശനം പൗലോസിനുണ്ടായി (അപ്പോ. 9:4). ഒരു ശബ്ദസ്പർശനം. "ശൗലേ, ശൗലേ നീയെന്നെ ഉപദ്രവിക്കുന്നത് എന്ത്" എന്ന് തന്നോടു പറയുന്ന ഒരു ശബ്ദം കേട്ടു. ഈ ശബ്ദം പൗലോസിനെ ഒരു വഴിത്തിരിവിലേക്ക് നയിക്കുന്നു. ശാരീരിക സൗഖ്യത്തേക്കാളുപരി ഒരു ആന്തരീക സൗഖ്യം ലഭിക്കുന്നു. ജാതികൾക്കുവേണ്ടി ഒരു ശൗൽ പൗലോസ് ശ്ലീഹായായി മാറി.

"നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു. അവ എല്ലാറ്റിൽ നിന്നും യഹോവ അവനെ വിടുവിക്കുന്നു" (സങ്കീ. 34:19). ദൈവീക ദർശനങ്ങൾ

ഭൂമിയിലുള്ളവയ്ക്കായിട്ടല്ല, സൗഖ്യം, സമ്പത്ത്, ജ്ഞാനം, പുത്രസമ്പത്ത് ഒക്കെ ദൈവം നമുക്ക് നൽകും. എന്നാൽ ദൈവീക സ്പർശനം നിത്യതയിലേക്ക് നമ്മെ നയിക്കുന്നതായിരിക്കണം. ദൈവഭക്തനായിരുന്നുകൊണ്ട് ഇയ്യോബിനെപ്പോലെ (1:11) ദൈവീക സ്പർശനം കൈക്കൊള്ളുക. ദൈവം സ്പർശിക്കട്ടെ. പ്രാർത്ഥിക്കാം.

(ബഥേൽപത്രിക, ജൂലൈ 2018)

16

രാജാവായി പിറന്നവൻ എവിടെ?

സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സന്ദേശം നൽകാനായി രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ഭൂജാതനായ യേശുവിനെ നാം അനുസ്മരിക്കുന്ന ദിനങ്ങളാണ് ക്രിസ്തുമസ്. തലമുറ തലമുറയായി കോടാനുകോടി ജനങ്ങൾക്ക് പ്രത്യാശയും ആശ്വാസവും നൽകി ആ സന്ദേശം ജനഹൃദയങ്ങളിൽ മാറ്റൊലിക്കൊള്ളുന്നു.

ക്രിസ്തുമസ് ആഘോഷവേളകളിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തന അന്തസത്ത ഉൾക്കൊള്ളാൻ സാധിക്കണം. ഇന്ന് ആഘോഷങ്ങൾക്ക് പ്രാധാന്യം കൊടുക്കുമ്പോൾ ക്രിസ്തു 'മിസ്സാ'കുന്നു. സർവ്വ ചരാചരങ്ങളെയും സൃഷ്ടിച്ചവനായ ദൈവം എനിക്ക് നൽകിയ ഏറ്റവും വലിയ സമ്മാനമാണ് യേശു എന്ന ചിന്ത നമ്മിൽ അങ്കുരിക്കണം. ഈ സമ്മാനം സ്വീകരിക്കാനുള്ള തയ്യാറെടുപ്പാണ് പരിശുദ്ധ സഭ ക്രമീകരിച്ചിരിക്കുന്ന 25 നോമ്പ്.

വന്നുപിറക്കുന്നതിനും തല ചായ്ക്കുന്നതിനും ഒരിടമോ സ്വന്തമായി ഒരു കൂരയോ വസ്തു-ധനാദികളോ ഇല്ലാത്ത ദൈവപുത്രന് ഈ ഭൂമിയിൽ 'അന്യവൽക്കരണം' മാത്രമാണ് ലഭ്യമാകുന്നത്. അമ്മയുടെ മടിയിൽ മുലപ്പാൽ നുകർന്നുകൊണ്ട് ഉറങ്ങേണ്ട ശിശുവിന് ആ സ്ഥിതിയിൽപ്പോലും സ്വസ്ഥതയും സൈര്യതയും ഉണ്ടാകുന്നില്ല. ഹേരോദാവ് പ്രബലനാണ്, ഭരണകർത്താവ്, ധനവും സ്വാധീനവും, പരിചാരകവൃന്ദവും, പട്ടാളവും അകമ്പടിയുമെല്ലാമുണ്ട്. 'യരുശലേമൊക്കെയും' അയാളോടു കൂടെയുണ്ട്. ശിശുവായ യേശുവിനാകട്ടെ, ദാരിദ്ര്യവും പലായനവും മാത്രം! സർവ്വനിയന്ത്രിതാവായ ദൈവം എത്ര നിസാരനാവാൻ മനസ്സാകുന്നു! സ്വപ്നത്തിൽ മുന്നറിവ് ലഭിച്ചതനുസരിച്ച് യൗസേഫ് യേശുവിനെയും പൈതലിനെയും കൂട്ടി മിസ്രയീമിലേക്ക് ഓടി. ഹേറോദേസിന്റെ മരണംവരെ അവിടെ പാർത്തു. പിന്നെ കുറേക്കാലത്തേക്ക് ഗലീലയിലെ നസ്രേത്തിലും.

അധികാര മത്തു പിടിച്ച രാജാവ്

ശിശുവായ യേശുവിനെ വകവരുത്തുവാൻ തന്റെ കൗശലവും അധികാരവുമെല്ലാം ഹേരോദാവ് പ്രയോഗിക്കുന്നുവെങ്കിലും വിജയിച്ചില്ല. എങ്കിലും

അത് അനേകം കുഞ്ഞുങ്ങളുടെ ഹത്യയിൽ കലാശിച്ചു. ഹേരോദാവിന്റെ ശക്തിയെല്ലാം യേശുവിന്റെ 'നിസഹായത'യുടെ മുമ്പിൽ നിഷ്പ്രഭമായി! 'ഭയപ്പെടേണ്ട, നമ്മോടു കൂടെയുള്ളവർ അവരോടു കൂടെയുള്ളവരെക്കാൾ അധികമാകുന്നു' (2 രാജാ. 6:16) എന്ന് തിരിച്ചറിയുവാൻ നമ്മുടെ ആന്തരിക വിശ്വാസനേത്രങ്ങൾ തുറക്കപ്പെടണം.

സഹനപാത തെരഞ്ഞെടുത്ത രാജാവ്

പ്രത്യക്ഷമായ ഒരു 'അടയാളം' പ്രവർത്തിച്ച് ഹേരോദാവിനെ പരാജയപ്പെടുത്താനോ, നിഗ്രഹിക്കാനോ ദൈവം ഇടയാക്കുന്നില്ല. മനുഷ്യനു സ്വാതന്ത്ര്യം കനിഞ്ഞരുളിയ ദൈവം ദുഷ്ക്കർമ്മിയെ അവന്റെ പാട്ടിനു വിട്ടിരിക്കുന്നു? എങ്കിലും ദൈവം അവനെ ന്യായവിധിയിലേക്കു വരുത്തും. സ്വന്തം പദവി നിലനിർത്താനും സ്ഥാനവും സ്വത്തുക്കളും വർദ്ധിപ്പിക്കാനും മനുഷ്യൻ എന്തെല്ലാം കുടില തന്ത്രങ്ങൾ പ്രയോഗിക്കുന്നു! മനുഷ്യന്റെ അനുസരണക്കേടിനെ ദൈവം സഹനംകൊണ്ട് നേരിടുന്നു. ഹേരോദാവിൽ നിന്നു രക്ഷപ്പെടാൻ ശിശുവിനെ മിസറേമിലേക്കു കൊണ്ടുപോകുന്നു.

പലായനം ചെയ്യുന്ന രാജാവ്

മിസ്രയീം 'അടിമവീടാണ്.' അവിടെ നിന്നുമാണ് നീട്ടിയ കൈകളാലും വീര്യമുള്ള ഭുജത്താലും യഹോവ യിസ്രായേലിനെ വിടുവിച്ച് കനാനിലെത്തിച്ചത്. തങ്ങളുടെ രക്ഷകനെത്തന്നെ, രക്ഷപ്പെട്ട ഗുണഭോക്താക്കൾ മിസ്രയീമിലേക്കു പലായനം ചെയ്യിച്ചത് ശോചനീയം; കൃതഘ്നതയുടെ പാരമ്യം! ജനിച്ചതു പുൽക്കൂട്ടിൽ, അതിബാല്യ കാലം പ്രവാസദേശത്ത്, ബാല്യവും കൗമാരവും നസറേത്തിൽ!

ദൈവം ശിശുവായി പിറന്നത് പാവപ്പെട്ട കന്യകയുടെ ഉദരത്തിൽ. അവൾ അവനു ജന്മം നൽകിയതാകട്ടെ നിസാരമായ ഒരു പുൽക്കൂട്ടിൽ. എളിയവരിൽ എളിയവരുടെ മേലാണ് ദൈവകൃപ ആവസിക്കുന്നത്. നസ്രായന്റെ മാർഗ്ഗം പിന്തുടർന്നതാകട്ടെ ഉപജീവനത്തിനു വഴി തേടുന്ന മീൻപിടുത്തക്കാർ. ചുങ്കക്കാർക്കും പാപികൾക്കും അവൻ മാന്യതയുടെ ശിരോവസ്ത്രം നല്കി. ധനവാന്റെ സ്വർണ്ണനാണയത്തേക്കാൾ വിധവയുടെ ചില്ലിക്കാശിന് അവൻ മഹത്വം കല്പിച്ചു. പരീശന്റെ വിരുന്നിനേക്കാൾ പശ്ചാത്താപ വിവശയായ പാപിനിയുടെ കണ്ണീരിന് മൂല്യം നൽകി.

ദൈവത്തെ പുകഴ്ത്തിയ ആ ആട്ടിടയന്മാരെപ്പോലെ യേശുവിനെ കണ്ടെത്തുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? മനുഷ്യനിർമ്മിതമായ പുൽക്കൂടുകളിൽ ഉണ്ണിയേശുവിന്റെ രൂപം നിർമ്മിച്ച് പ്രതിഷ്ഠിച്ചതുകൊണ്ടായില്ല. ദൈവനിർമ്മിതമായ നിന്റെ ഹൃദയത്തിൽ യേശുവിനെ പ്രതിഷ്ഠിക്കണം.

ക്രിസ്തുമസ് നൽകുന്ന വലിയ സന്ദേശം സമാധാനം എന്നതാണ്. ആർക്കാണ് സമാധാനം ലഭിക്കുന്നത്? ദൈവപ്രസാദമുള്ളവർക്കാണ് സമാധാനം ലഭിക്കുന്നത്. ദൈവപ്രസാദം ലഭിക്കുവാൻ തക്കവണ്ണം ജീവിതം നയിക്കുന്ന ഏതൊരാൾക്കും സമാധാനം ലഭിക്കാതിരിക്കില്ല. രോഗങ്ങളും, ദുഃഖങ്ങളും, പ്രശ്നങ്ങളും, പ്രയാസങ്ങളും, നൊമ്പരങ്ങളും, മാനസിക സംഘർഷങ്ങളും, പിരിമുറുക്കങ്ങളും നേരിട്ടാലും അവയെ അതിജീവിക്കുവാൻ കഴിയുന്ന ആന്തരിക സമാധാനം അവർക്കു ലഭിക്കും. സകല ബുദ്ധിയെയും കവിയുന്ന ദൈവിക സമാധാനം നമ്മുടെ ഹൃദയങ്ങളിൽ നിറയും. നമ്മൾ മറ്റുള്ളവർക്ക് സമാധാനം നൽകുന്നവരാകണം. നമ്മിൽ സമാധാനം നിറഞ്ഞെങ്കിൽ മാത്രമേ മറ്റുള്ളവർക്ക് സമാധാനം നൽകാൻ സാധിക്കുകയുള്ളു.

ക്രിസ്തുമസ് എന്ന ലാറ്റിൻ വാക്കിന്റെ അർത്ഥം 'ക്രിസ്തുവിന്റെ ഉദാത്തമായ ബലി' എന്നാണ്. തിരികെ ഒന്നും പ്രതീക്ഷിക്കാതെ നൽകുന്ന ദാനമാണ് ക്രിസ്തുമസ്. ക്രിസ്തുമസ് ആഘോഷം വെറും ചടങ്ങല്ല. ആണ്ടിൽ ഒരിക്കൽ അനുഷ്ഠിക്കപ്പേടേണ്ട ആചാരവുമല്ല. ക്രിസ്തുമസ് ആഘോഷം കൊണ്ട് നമ്മുടെ വ്യക്തിജീവിതത്തിന് ഒരു വ്യതിയാനം ഉണ്ടാകണം. നമ്മുടെ ഇടയിൽ പാർത്തു, നന്മ ചെയ്തു – നന്മയിൽ വളരുവാൻ പഠിപ്പിച്ചു. നമുക്ക് സ്രഷ്ടാവായ ദൈവത്തെക്കുറിച്ചും മനുഷ്യജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യത്തെക്കുറിച്ചും അറിയുവാൻ സാധിച്ചു. ക്രിസ്തുമസ്സിന്റെ പ്രത്യേകത ചെറിയ കാര്യങ്ങൾ, ലളിതമായ ആരംഭങ്ങൾ, വിനീതരായ വ്യക്തികൾ, ചെറിയ ആട്ടിടയന്മാർ, വിദ്വാന്മാർ, നക്ഷത്രങ്ങൾ, പുൽക്കൂട്, ഒരസാധാരണക്കാരനായ മരപ്പണിക്കാരന്റെ കുടുംബം, വിനയാന്വിതയായ മറിയാം തുടങ്ങിയവരിൽക്കൂടി ദൈവിക സ്നേഹവും ദൈവിക ചൈതന്യവും നമുക്ക് ദർശിക്കുവാൻ സാധിക്കും.

ക്രിസ്തുവിനെ ജീവിതത്തിൽ പ്രവേശിപ്പിക്കണമെങ്കിൽ നമ്മിൽ വലിയ മാറ്റങ്ങൾ വരുത്തണം. വിദ്വേഷം, പക, അസൂയ, അശുദ്ധി, അഹങ്കാരം, നിഗളം തുടങ്ങിയവ മാറ്റിയിട്ട് സ്നേഹം, സന്തോഷം, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം (ഗലാത്യർ 5:22, 23) എന്നിവ സ്വീകരിക്കണം. നമ്മുടെ പാപങ്ങളെ സത്യകുമ്പസാരത്തിലൂടെ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് ജീവിതത്തിലേക്ക് ക്രിസ്തുവിനെ കൊണ്ടുവരണം. അതാണ് ക്രിസ്തുമസ് കൊണ്ട് ഉദ്ദേശിക്കുന്നത്.

(ബഥേൽ പത്രിക, ഡിസംബർ 2018)

17

പിത്തള സർപ്പം

മരുഭൂമിയിൽ വിഷസർപ്പങ്ങളുടെ കടിയേറ്റവരെ സൗഖ്യമാക്കുവാൻ മോശ ഉയർത്തിനാട്ടിയ പിത്തളസർപ്പത്തെ (സംഖ്യ 21:49) കുരിശിന്റെയും ക്രൂശിതന്റെയും സാദൃശ്യമായി പരിശുദ്ധാത്മ കിന്നരമായ അപ്രേം നോക്കിക്കാണുന്നു. ക്രൂശിതനായ ക്രിസ്തുവിന്റെ ശരീരത്തെ ആത്മീയമായി നോക്കുന്നവർ ആത്മീയമായി സുഖപ്പെടും. സ്വഭാവപ്രകാരം മരണമില്ലാത്തവനായ ക്രിസ്തു കുരിശിന്മേൽ കഷ്ടം അനുഭവിക്കുമെന്നു സ്വഭാവപ്രകാരം കഷ്ടത അനുഭവിക്കാത്ത പിത്തളസർപ്പത്താൽ തെളിയിക്കപ്പെട്ടിരിക്കുന്നു (Saint Ephrem's Commentary on Tatian's Diatessaron, XVI, 11, 15, 28). തിന്മയിൽ നിന്നും നമ്മെ രക്ഷിക്കുവാനായി തന്നെത്താൻ ഉയർത്തപ്പെട്ട ക്രിസ്തുവിന്റെ സാദൃശ്യമായി അഫ്രഹാത്തും എഴുതിയിരിക്കുന്നു. ആദ്യത്തെ സർപ്പം മരണം കൊണ്ടുവന്നു. എന്നാൽ ക്രൂശിലെ പിത്തള സർപ്പം (ക്രിസ്തു) നിത്യമായ മരണത്തിൽ നിന്നു നമ്മെ രക്ഷപ്പെടുത്തി. മനുഷ്യസർപ്പത്തിന്റെ കുതികാലിൽ മോശയുടെ പാളയത്തിന് വിതരണം ചെയ്യപ്പെട്ട ഔഷധമായ പിത്തളസർപ്പം നിന്റെ കുരിശിൽ രൂപീകൃതമായി പരിസ്ഫുടമായ ഒന്ന് നിശബ്ദമായ ഒന്നിനാൽ വരച്ചു കാട്ടപ്പെട്ടു.

നിശബ്ദമായ പിത്തളസർപ്പത്തിന്റെ വിപരീതമായ ജീവനുള്ള ഒന്നാണ് കാൽവറിയിലെ ക്രൂശ്. തന്റെ കഷ്ടാനുഭവത്തെ നിഷേധിക്കുന്നവർക്കും ശിക്ഷാർഹരായവർക്കും കുരിശ് ശാപഭരിതമാണ്. അതിൽ വിശ്വസിക്കുന്നവർക്ക് അത് കൃപയുടെ ഉറവിടമാണ്.

വൈദ്യവും സർപ്പവും യവനപുരാണത്തിൽ

പുരാതന മനുഷ്യർ സർപ്പത്തേയും അതിന്റെ വിഷത്തെയും രണ്ടർത്ഥത്തിലാണ് കണ്ടിരുന്നത്. അലോപ്പതി ചികിത്സയുടെ ആരംഭകനായ അസ്കലെപ്പിയൂസ് (Asclepius) ദേവന്റെ ചിഹ്നം Caduceus ഒരു വടിയിൽ സർപ്പങ്ങൾ ചുറ്റിക്കിടക്കുന്നതായിട്ടുള്ളതാണ്. മരിക്കാറായ മനുഷ്യർക്ക് ആയുസ് നീട്ടിക്കൊടുക്കുകയാണല്ലോ ചികിത്സയുടെ ലക്ഷ്യം. ഒരു വിധത്തിൽ ഒരു പുനർജന്മം പടംപൊഴിക്കുന്നതിലൂടെ പാമ്പുകളും ഓരോ വർഷവും പുതു

ജന്മം തേടുന്നു. ഈ താരതമ്യമാണ് പാമ്പുകളെ വൈദ്യശാസ്ത്രത്തിന്റെ പ്രതീകമാക്കിയത്.

അപ്പോളോ ദേവന് രഹസ്യ കാമുകിയായിരുന്ന കൊറൊണിസ് രാജകുമാരിയിൽ ജനിച്ച പുത്രനാണ് അസ്കലെപ്പിയൂസ്. കാമുകിക്ക് മറ്റൊരു രാജകുമാരനുമായുള്ള ബന്ധത്തെപ്പറ്റി മനസ്സിലാക്കിയ അപ്പോളോ അവളെ അമ്പെയ്ത് കൊന്നു. ജഡം ചിതയിലിരിക്കുമ്പോൾ കൊറോണിസിന്റെ വയറു കീറി ഹെർമിസ് ദേവൻ ഗർഭസ്ഥശിശുവിനെ പുറത്തെടുത്തു. പിന്നെ ബാലനെ അപ്പോളോ ദേവൻ സെന്റോറുകളുടെ നേതാവായ കൊറോണിന്റെ കളരിയിൽ ഗുരുകുല വിദ്യാഭ്യാസത്തിന് അയച്ചു. അവിടെ പലതും പഠിച്ചെങ്കിലും വൈദ്യശാസ്ത്രമായിരുന്നു ഇഷ്ടവിഷയം.

ശസ്ത്രക്രിയയിലും അസ്കലെപ്പിയൂസ് വിദഗ്ദ്ധനായിരുന്നു. ദേവന്മാർ പോലും അദ്ദേഹത്തിന്റെ ചികിത്സാപാടവം കണ്ട് അദ്ഭുതപ്പെട്ടു. ഒരിക്കൽ അഥീനാദേവി പെഴ്സ്യൂസ് വധിച്ച ഭീകരസത്വമായ മെഡൂസയുടെ രക്തം നിറച്ച രണ്ടു കുപ്പികൾ സമ്മാനമായി നൽകി. അതിൽ ഇടതു ഞരമ്പിൽ നിന്നെടുത്ത രക്തം ആരെയും കൊല്ലാനും വലതു ഞരമ്പിൽ നിന്നുള്ള രക്തം ആരെയും ജീവിപ്പിക്കാനും ഉപയുക്തമായിരുന്നു. വലതു ഞരമ്പിലെ രക്തം ഉപയോഗിച്ച് അസ്കലെപ്പിയൂസ് ഒട്ടേറെപ്പേരെ ഉയിർപ്പിച്ചു. ലിക്കൂർഗസ്, കപ്പാനവൂസ്, തിൻഡാരിയൂസ്, ഹിപ്പോളിറ്റസ് തുടങ്ങിയവർ അങ്ങനെ പുനർജനിച്ചവരാണ്. എന്നാൽ ഹിപ്പോളിറ്റസിനെ ഉയിർപ്പിച്ചത് വിവാദമായി. ഹിപ്പോളിറ്റസിന്റെ ആത്മാവ് നരകത്തിലെത്തുന്നതും കാത്ത് ഇരിക്കുകയായിരുന്നു പാതാളദേവനായ ഹെയ്ഡസ്. പിന്നീട് അന്വേഷണത്തിൽ ഹിപ്പോളിറ്റസ് ആരോഗ്യവാനായിരിക്കുന്നത് കണ്ടു. ഇത് അസ്കലെപ്പിയൂസ് മൂലമാണെന്നും എന്റെ അധികാരത്തിന്മേലുള്ള കൈകടത്തലാണതെന്നും ദേവദേവനായ സ്യൂസിനെ ഹെയ്ഡസ് ബോദ്ധ്യപ്പെടുത്തി. എല്ലാ മനുഷ്യരേയും അസ്കലെപ്പിയൂസ് അമർത്ത്യനാക്കിയേക്കുമോ എന്ന് സ്യൂസിന് സംശയം തോന്നി. ഉടനെ ആയുധമായ ഇടിമിന്നൽ അയച്ച് അസ്കലെപ്പിയൂസിനെ അദ്ദേഹം വധിച്ചു.

മകന്റെ മരണത്തിൽ രോഷാകുലനായ അപ്പോളോ ദേവൻ സ്യൂസിന്റെ സൈനികരായ സൈക്ലോപ്പുകളെ വധിച്ചു. ഒടുവിൽ സ്യൂസ് തന്നെ അസ്കലെപ്പിയൂസിന് പുനർജന്മം നൽകി. രോഗം ഭേദമാക്കുന്ന സർപ്പത്തിന്റെ ആകൃതിയിൽ അദ്ദേഹത്തിന്റെ ഛായ നക്ഷത്രങ്ങളുടെ മദ്ധ്യേ സ്യൂസ് ദേവൻ സ്ഥാപിച്ചു. അസ്കലെപ്പിയൂസിന്റെ പുത്രിമാരാണ് ചികിത്സാരംഗത്ത് പ്രശസ്തമായ Hygieia യും Panacea യും. ആരോഗ്യത്തിന്റെ ആൾരൂപമായ Hygieia അസ്കലെപ്പിയൂസിന്റെ പേരിലുള്ള ക്ഷേത്രങ്ങളിൽ പാമ്പുകളെ വളർത്തിയിരുന്നു. പോരാടുകയായിരുന്ന രണ്ടു സർപ്പങ്ങളുടെ നടുവിലേക്ക്

ഹെർമിസ് തന്റെ ദണ്ഡ് ഒരിക്കൽ എറിഞ്ഞത്രെ. അപ്പോൾ സർപ്പങ്ങൾ പോരാട്ടം നിർത്തി ദണ്ഡിനെ ചുറ്റിപ്പിണഞ്ഞു. അങ്ങനെ സർപ്പങ്ങൾക്കിടയിൽ സമാധാനം സ്ഥാപിച്ചതോടെ രണ്ടു സർപ്പം ചുറ്റിയ ദണ്ഡ് ഹെർമിസ് ദേവന്റെ അടയാളമായി. അതേസമയം ഹെർമിസ് തന്ത്രജ്ഞനും മഹാസൂത്രക്കാരനുമായിരുന്നു. അങ്ങനെ അദ്ദേഹം വ്യാപാരികളുടെയും മോഷ്ടാക്കളുടെയും ദേവനായി. ഹെർമിസിന്റെ ചിഹ്നം ഡോക്ടർമാർ ഉപയോഗിക്കാൻ തുടങ്ങിയതോടെ മോഷ്ടാക്കളുടെ ചിഹ്നമാണ് ഫലത്തിൽ വൈദ്യശാസ്ത്രത്തിന് ലഭ്യമായിട്ടുള്ളതെന്നാണ് വിശ്വാസം. അസ്കലെപ്പിയൂസിന്റെ പേരിൽ ബി.സി. 4-ാം നൂറ്റാണ്ടിൽ 300-ലധികം ക്ഷേത്രങ്ങൾ ഗ്രീസിലുണ്ടായിരുന്നു. ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവായ ഹിപ്പോക്രാറ്റസ് ഇത്തരം അസ്കലെപ്പിയൻ ക്ഷേത്രത്തിലാണ് വിദ്യാഭ്യാസം നടത്തിത്.

"നിങ്ങൾ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ നിഷ്കളങ്കരും" (മത്തായി 10:16) ആയിരിക്കണമെന്ന കർത്തൃകല്പന സർപ്പത്തിന്റെ നല്ല വശം വെളിപ്പെടുത്തുന്നുണ്ട്. സർപ്പത്തിന്റെ ബുദ്ധികൂർമ്മതയും ശുദ്ധിയുമാണ് യേശു ഉദ്ദേശിച്ചത്. അപകടകരമായ സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് ജാഗ്രതാപൂർവ്വം വിട്ടകന്ന് മാറാനുള്ള സൂചനയാണ് സർപ്പത്തിൽ നിന്ന് പഠിപ്പിക്കുന്നത്. പാപസാഹചര്യങ്ങളിൽ നിന്ന് ശ്രദ്ധാപൂർവ്വം ഒഴിഞ്ഞ് ജീവിക്കാനുള്ള ആത്മനിയോഗവും നാം ഏറ്റെടുക്കണം. ചെറിയ ശക്തിയുള്ള സർപ്പങ്ങളുടെ മേൽ വലിയ ശക്തിയുള്ള സർപ്പങ്ങൾ അവയുടെ മേധാശക്തികൊണ്ട് വിജയം പ്രാപിക്കുന്നുവെന്നൊരു ചിന്തയാണ് മരുഭൂമിയിൽ മോശയ്ക്ക് ലഭിച്ച നിയോഗത്തിന്റെ പിന്നിൽ. രാജാക്കന്മാരുടെ (2 രാജാ. 18:4) പുസ്തകത്തിൽ ഈ പിച്ചളസർപ്പത്തെ നെഹുഷ്ഠാൻ എന്ന പേരിലാണ് വിവക്ഷിക്കുന്നത്. മോശയുടെ വടി സർപ്പമായതും വീണ്ടും സർപ്പം വടിയായതും ആ വടികൊണ്ട് മഹാദ്ഭുതം പ്രവർത്തിച്ചതും തിരുവചനത്തിൽ നാം വായിക്കുന്നു. പ. സഭയിലെ മഹാപുരോഹിതന്മാർ സർപ്പത്തിന്റെ രൂപത്തിലുള്ള അംശവടി ഉപയോഗിക്കുന്നത് മോശയുടെ ഇടയത്വത്തിന്റെ പ്രതീകമായിട്ടാണ്. അഹരോന്റെ തളിർത്ത വടിയുടെയും പ്രതീകമായി വ്യാഖ്യാനിക്കാറുണ്ട്.

സർപ്പത്തിന്റെ ക്രിയാത്മക വശത്തെക്കുറിച്ചു പറയുന്നതിനേക്കാൾ കൂടുതൽ അതിന്റെ നിഷേധാത്മക വശമാണ് ചൂണ്ടിക്കാണിക്കുന്നത്. ആദിമനുഷ്യനെ സാത്താൻ വഞ്ചിച്ചത് സർപ്പരൂപത്തിലാണല്ലോ. മനുഷ്യനോട് ഏറ്റവും കൂടുതൽ അടുത്തിടപഴകുന്ന ജീവിയായിട്ടാണ് സർപ്പത്തിന്റെ പ്രവേശനം. ശാപം കിട്ടിയശേഷമാണ് ഉരഗംകൊണ്ട് ചരിച്ച് ജീവിക്കുന്നത്. മനുഷ്യനോട് സംവദിക്കുന്ന സർപ്പത്തെയാണ് ഉല്പത്തി പുസ്തകം കാട്ടിത്തരുന്നത്. വഞ്ചകനായ സർപ്പവുമായിട്ടുള്ള മനുഷ്യന്റെ ശത്രുത (ഉല്പ. 3:15) വേദപുസ്തകത്തിലെ ആദ്യ സുവിശേഷമാണ് (Proto Evangelion). അവൻ

നിന്റെ തല തകർക്കും. "അവൻ" മിശിഹായുടെ സംജ്ഞയാണ്. വെളി. 12-ൽ ഉഗ്രസർപ്പത്തിന്റെ തല തകർക്കുന്ന സ്ത്രീയുടെ സന്തതിയുടെ മനോഹര ചിത്രമുണ്ട്. ലൂക്കോസ് 10:19-ൽ "പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു" എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. "സർപ്പത്തേയും അണലിയേയും നീ ചവിട്ടും" എന്ന് സൂത്താറ നമസ്കാരത്തിൽ (സങ്കീ. 91:13-ൽ) നാം ആവർത്തിച്ച് ചൊല്ലാറുണ്ട്. വി. പൗലോസിന് അണലി വിഷബാധയിൽ നിന്ന് സംരക്ഷണം ലഭിച്ചതുപോലെ (അപ്പോ. പ്രവ. 28:3) തന്റെ ഭക്തന് ദൈവം അദ്ഭുതകരമായ സംരക്ഷണം നൽകുന്നു.

(ബഥേൽപത്രിക, മാർച്ച് 2019)

18

'ബലം നിന്നിലുള്ള മനുഷ്യൻ ഭാഗ്യവാൻ" (സങ്കീ. 84:5)

കോരഹ് കുടുംബത്തിന്റെ ഒരു സ്തോത്രഗീതമാണിത്. നൂതന സാങ്കേതികവിദ്യകളാലും, സാമ്പത്തിക ഭദ്രതയാലും, ജീവിതം സുരക്ഷിതമാണെന്ന ചിന്തയിലാണ് നാം ജീവിക്കുന്നത്. ആ ബലത്തിൽ ആശ്രയിച്ചുകൊണ്ട്, ഭാഗ്യവാന്മാരാണെന്ന ഭാവനയിൽ മനുഷ്യൻ ആശ്രയം വയ്ക്കുന്നു. എന്നാൽ ഇവയെല്ലാം നമ്മിൽ നിന്ന് പെട്ടെന്ന് പൊട്ടി നഷ്ടപ്പെടുമ്പോൾ നാം ആകെ നിരാശരായി തീരുന്നു. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു? പ്രതിവിധി എന്താണ്?

ക്രിസ്ത്യാനികളായ നമുക്ക് കർത്താവായ യേശുക്രിസ്തുവാണ് മാതൃക. യേശുതമ്പുരാന്റെ ഇഹലോകജീവിതത്തിൽ മറ്റൊന്നിലും ആശ്രയം വെച്ചില്ല. തന്നെ അയച്ച പിതാവിനോടുള്ള സംസർഗ്ഗത്തിൽ മാത്രം ആശ്രയം വെച്ചു പ്രവർത്തിച്ചു. തന്റെ ബലം, തന്നെ അയച്ചവനിൽ ആയിരുന്നു. ഏത് പ്രവർത്തി ആരംഭിച്ചപ്പോഴും, പ്രവർത്തിച്ചപ്പോഴും, പിതാവിനോട് ബന്ധപ്പെട്ടു. അതുകൊണ്ട് അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കിത്തീർക്കുവാൻ സാധിച്ചു. പുതിയനിയമത്തിലുടനീളം പാപരഹിതനും ശുശ്രൂഷിക്കുന്നവനുമായ രക്ഷകന്റെ മാതൃകാജീവിതം നമ്മോട് സംസാരിക്കുന്നു. കർത്താവിന്റെ മാതൃക പിൻതുടരുവാൻ തന്റെ ശ്ലീഹന്മാരോടും വിശ്വാസികളോടും താൻ കല്പിക്കുന്നു. യേശുവിന്റെ ജീവിതനൈർമ്മല്യം, ലാളിത്യം എന്നിവ പിന്തുടരുമ്പോൾ നാം ഭാഗ്യവാന്മാരായി തീരും.

യേശു ഗത്സമനതോട്ടത്തിൽ പോകുന്നേരത്ത്, അർദ്ധരാത്രിക്ക് ശിഷ്യന്മാരുമൊത്ത് സ്തോത്രം പാടി (മത്തായി 26:30, 39). പ്രശ്നസങ്കീർണ്ണമായ സമയം അഭിമുഖീകരിക്കേണ്ടി വന്നപ്പോഴും താൻ പാട്ടുപാടി, ദൈവഹിതത്തിന് വിധേയപ്പെടുത്തി. പിന്നെ അവൻ അല്പം മുമ്പോട്ട് ചെന്ന് കവിണ്ണുവീണു, പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്ന് നീങ്ങിപോകേണമെ, എങ്കിലും എന്റെ ഇഷ്ടം അല്ല, നീ ഇച്ഛിക്കുംപോലെ ആകട്ടെ എന്ന് പ്രാർത്ഥിച്ചു.

യേശുവിന്റെ ബലം, ലാളിത്യം

തന്റെ ശുശ്രൂഷയുടെ കാലമൊക്കെയും ഒരു ദാസന്റെ മനോഭാവം കർത്താവ് നിലനിർത്തി. താൻ ശുശ്രൂഷിക്കപ്പെടുവാനായിട്ടല്ല വന്നത്, അനേകർക്ക് ശുശ്രൂഷ ചെയ്യുവാനായിട്ടാണ് എന്ന് കല്പിച്ചു. പ്രവർത്തിയിൽ കൂടി കാണിച്ചു. പെസഹാ പെരുന്നാളിന്റെ കാൽകഴുകൽ ശുശ്രൂഷയുടെ മർമ്മം മനസ്സിലാക്കിക്കൊടുത്തു (മത്തായി 20:28). നിങ്ങൾ അനുകരിക്കേണ്ടതിന് ഞാൻ നിങ്ങൾക്ക് ഒരു മാതൃക വെച്ചേച്ച് പോകുന്നു എന്നു കർത്താവ് പറയുന്നു. ശിഷ്യന്മാരുടെ കാലുകൾ താൻ കഴുകുന്നുവെങ്കിലും താൻ അവരുടെ നേതാവ് തന്നെയാണെന്നും കർത്താവ് കാട്ടിക്കൊടുത്തു. അക്കാലത്തെ മതനേതാക്കളെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഇത് നിർവഹിച്ചത്. തങ്ങളുടെ നിലയെക്കുറിച്ചും അധികാരങ്ങളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും പദവിയെക്കുറിച്ചും വളരെ അഹങ്കാരഭാവത്തോടെ ചിന്തിച്ചിരുന്ന അത്തരക്കാരുടെ ഇടയിൽ ലളിതമായ ശുശ്രൂഷാശൈലി, ദാസവേഷം ധരിച്ച പ്രവർത്തനങ്ങൾ എന്നിവ കാട്ടിക്കൊടുത്തു. പിതാവ് സകലവും തന്റെ കൈയിൽ തന്നിരിക്കുന്നുവെന്നും താൻ ദൈവത്തിന്റെ അടുക്കൽ പോകുന്നുവെന്നും യേശു അറിഞ്ഞിരിക്കെ തന്റെ അന്ത്യ അത്താഴത്തിൽ നിന്നെഴുന്നേറ്റ് വസ്ത്രം ഊരിവെച്ച്, ഒരു തുവർത്ത് എടുത്ത് അരയിൽ ചുറ്റി ഒരു പാത്രത്തിൽ വെള്ളം പകർന്നു, ശിഷ്യന്മാരുടെ കാൽ കഴുകുവാനും അരയിൽ ചുറ്റിയിരുന്ന തുണികൊണ്ട് തുവർത്തുവാനും തുടങ്ങി (യോഹ. 13:3-5). ഈ മാതൃക നമുക്ക് പിന്തുടരുവാൻ ആകുമോ? പ്രസംഗമല്ലാതെ പ്രവർത്തിയുണ്ടോ? കഴുകുന്ന പ്രവർത്തിയല്ലാതെ ജീവിതത്തിൽ മാതൃകയുണ്ടോ? ചിന്തിക്കുക.

യേശുവിന്റെ ബലം, സേവനം

യേശുതമ്പുരാന്റെ ജീവിതശൈലി കാട്ടിത്തരുന്ന മറ്റൊരു മാതൃക ദൈവദത്തമായ അവസരങ്ങൾ സേവനത്തിനു വേണ്ടിയുള്ളതാണ് എന്നാണ്. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നുരുത്തിരിയുന്ന സേവനപന്ഥാവിൽക്കൂടി ചരിക്കുവാൻ നമുക്കു കഴിയണം. നമ്മുടെ ദൈവം സ്നേഹനിധിയായ പിതാവാണ് (യോഹ. 15:9). "ദൈവം സ്നേഹമാകുന്നു" എന്നാണ് യോഹന്നാൻ ശ്ലീഹാ പറയുന്നത്. ക്രൂശ് മരണം ആ സ്നേഹത്തെ വെളിപ്പെടുത്തുന്നു. അവന്റെ അടിപിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു (യെശ. 53:5).

ചിലരെ പ്രവാചകന്മാരായും, ചിലരെ ഉപദേഷ്ടാക്കന്മാരായും, ചിലരെ പുരോഹിതന്മാരായും, ഇടയന്മാരായും വിളിച്ചിരിക്കുന്നത് ക്രിസ്തുവിന്റെ ശരീരമായ സഭയുടെ വളർച്ചയ്ക്കു വേണ്ടിയാണ്. ആയതിനാൽ വരങ്ങളും അധികാരങ്ങളും മറ്റുള്ളവരുടെമേൽ പ്രയോഗിക്കുവാനായിട്ടല്ല, സേവനത്തി

നായിട്ടാണ് ഉപയോഗിക്കേണ്ടത്. ഒരു താണ പ്രവൃത്തി ചെയ്യുവാൻ ഇന്ന് നേതാക്കന്മാരാരും ഒരുങ്ങുകയില്ല. നേതാവിൽ നിന്നും താഴ്ന്ന പ്രവൃത്തി നമ്മുടെ സമൂഹം ആഗ്രഹിക്കുന്നതുമില്ല. നമ്മുടെ ശുശ്രൂഷാമണ്ഡലത്തിൽ യേശുവിന്റെ ഭാവം നാം കാണിക്കണം.

യേശുവിന്റെ ബലം, കഷ്ടത

സുഖലോലുപത വിട്ട് കഷ്ടത സഹിപ്പാൻ വന്ന കർത്താവ് സ്വജീവിത ത്തിൽക്കൂടി സഹനമാർഗ്ഗം സ്വീകരിച്ച് ഉയിർപ്പിന്റെ പ്രത്യാശ നൽകി. "ദൈവം നമ്മുടെ സങ്കേതവും ബലവുമാകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു" (സങ്കീ. 46:1).

പത്രോസ് തന്റെ ലേഖനത്തിൽ യേശുവിന്റെ മാതൃകയെക്കുറിച്ച് പറ യുന്നു. ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടമനുഭവിച്ചു. നിങ്ങൾ അവന്റെ കാൽചുവട് പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ച് പോയി (1 പത്രോസ് 2:21). കർത്താവ് നൽകിയ മാതൃകകൾ നമ്മൾ പിൻതുടരേണം. ഇന്ന് ബല ഹീനരെന്ന് സ്വയം അവകാശപ്പെടുന്ന അനേകർ ഉണ്ടെങ്കിലും സൗമ്യതയു ള്ളവർ ചുരുക്കമാണ്. സൗമ്യതയുടെ ആത്മാവുള്ളവർ കഷ്ടതയിലും വിജയം നേടും. നാം കർത്താവിന്റെ കാൽചുവടുകളെ പിൻതുടരുക. ദൈവിക പദ്ധതിക്ക് നാം വിധേയരാകണം. കഷ്ടതകളും, വേദനകളും, നഷ്ടങ്ങളും, തോൽവിയും നാം അഭിമുഖീകരിക്കേണ്ടി വരുമ്പോൾ നാം തളർന്നുപോകരുത്. ഇയ്യോബിനെപ്പോലെ "യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ" എന്ന് പറയുവാൻ കഴിയണം (ഇയ്യോബ് 42:7-9). ദൈവത്തെക്കുറിച്ച് അഹിതമായിട്ടുള്ളത് സംസാരിച്ചിട്ടില്ല. അവന്റെ നാവ് തെറ്റിപ്പോകാത്തതായിരുന്നു. ദൈവം അവന്റെ സ്ഥിതിയെ മാറ്റി നഷ്ടപ്പെട്ടതെല്ലാം ഇരട്ടിയായി കൊടുത്തു. ആയുസ്സും ആരോഗ്യവും നൽകി. ദൈവത്തിന് നമ്മെക്കുറിച്ച് ഒരു ഉദ്ദേശ്യം ഉണ്ട്. അതിന് വിരോധമായി നമ്മെ സമർപ്പിക്കുമ്പോൾ ദൈവിക പദ്ധതി യിൽ നാം ആയിത്തീരും. അപ്പോൾ അവൻ നമ്മെ കൈവിടുകയില്ല. ദൈവ കരങ്ങളിൽ, അവന്റെ ബലമുള്ള ഭുജങ്ങളിൽ നമ്മെ സമർപ്പിക്കാം. അവ നിൽ ആശ്രയിക്കാം. ആ ബലത്തിൽ നാം അർപ്പിക്കുമ്പോൾ നമ്മൾ ഭാഗ്യ വാന്മാരായിത്തീരും.

(അപ്രകാശിത ലേഖനം)

19

രക്തസാക്ഷി

ദൈവദർശനത്താൽ അന്തരാത്മാവിൽ പുതുക്കം പ്രാപിച്ച ഒരു വ്യക്തിക്ക് ദൈവവുമായി അഭേദ്യവും സജീവവുമായ ബന്ധം ഉണ്ടാകയും ഐക്യം പ്രാപിക്കയും ചെയ്യുന്നു. ആദ്ധ്യാത്മിക മണ്ഡലത്തിൽ അവർക്കുണ്ടാകുന്ന വിശിഷ്ടാനുഭവങ്ങൾ സാധാരണക്കാരിൽ നിന്ന് അവരെ വ്യത്യസ്ത നിലയിലാക്കിത്തീർക്കുന്നു. അവർ സനാതന വിശ്വാസ സത്യങ്ങൾക്കുവേണ്ടിയുള്ള ഏതൊരു പോരാട്ടത്തെയും സുധീരം നേരിടുവാൻ സന്നദ്ധരാണ്. ക്ഷണികമായ ഭൗതിക സുഖാനുഭൂതികളെ പരിത്യജിച്ച് ത്യാഗസമ്പന്നമായ സേവനംകൊണ്ട് ജീവിതം ധന്യമാക്കുകയാണ് അവർ ചെയ്യുന്നത്. ഒരു രക്തസാക്ഷി ദൈവഹിതത്തിന് സമ്പൂർണ്ണമായി കീഴ്പെട്ടവനും, തന്റെ വീണ്ടെടുപ്പുകാരനുവേണ്ടി കഷ്ടം സഹിക്കുന്നതിൽ പ്രശംസിക്കുന്നവനും ആകുന്നു. വിശ്വാസത്തിന്റെ നല്ല പോർ പൊരുതി ഭയങ്കര മരണത്തിന് വിധേയരായ ഘട്ടത്തിലും പ്രാണനാഥനായ യേശുക്രിസ്തുവിനെപ്പോലെ ശത്രുക്കൾക്കുവേണ്ടി അഭയയാചന ചെയ്യുന്നതിൽ ആസക്തരും ആയിരുന്നു യഥാർത്ഥ രക്തസാക്ഷികൾ (Martyrs). വീരയോദ്ധാക്കളുടെയും ധീരദേശാഭിമാനികളുടെയും ജീവിതമാതൃക നൂറ്റാണ്ടുകളിലൂടെ പിൻതലമുറക്കാർക്ക് പ്രചോദനം നൽകുന്നു. ജാതിമതഭേദമെന്യേ സകലരും ധീരാത്മാക്കളെ പുകഴ്ത്തുന്നവരും അവരുടെ ജീവിതത്തിൽ നിന്ന് പ്രചോദനം സ്വീകരിക്കുന്നവരുമാണ്. എല്ലാ സമൂഹങ്ങളിലും രക്തസാക്ഷികളുണ്ട്. അവരുടെ ജീവിതം ഏവർക്കും പ്രോത്സാഹജനകവുമാണ്. വിശ്വാസത്തിന്റെ നായകനും, പൂർത്തിവരുത്തുന്നവനുമായ നമ്മുടെ കർത്താവായ യേശുക്രിസ്തുതന്നെയായിരുന്നു പ്രഥമ രക്തസാക്ഷി.

ക്രൈസ്തവ സഭയുടെ ആദിമകാലത്ത് റോമാ ഗവൺമെന്റ് പീഡിപ്പിച്ച് മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടവരാണ് പ്രഥമ ക്രൈസ്തവ രക്തസാക്ഷികൾ. എ.ഡി. 64-ൽ പുറജാതികൾ ആരംഭിച്ച മതപീഡ എ.ഡി. 306-ാമാണ്ട് വരെ നീണ്ടുനിന്നു. ഈ 240 വർഷക്കാലം ക്രിസ്ത്യാനികൾ അനുഭവിച്ച കഷ്ടതകൾ വർണ്ണനാതീതമാണ്. അനേകർ വാളിനാൽ കൊല്ലപ്പെട്ടു, ചിലർ അഗ്നിക്കിരയായി, വേറെ ചിലർക്ക് ചമ്മട്ടികൊണ്ട് മർദ്ദനമേറ്റു, ചിലർ ക്രൂശു

മരണം വരിച്ചു. അനേകർ കല്ലേറുകൊണ്ട് മരിച്ചു, മറ്റു ചിലർ വന്യമൃഗങ്ങൾക്കിരയായി, ഇക്കൂട്ടത്തിൽ ഭാരതീയരും വിശിഷ്യാ, കേരളീയരുമായ നമുക്കെല്ലാം ചൈതന്യമരുളുന്ന ഒരു വീരപുരുഷനുണ്ട് - അതെ നമ്മെ ക്രിസ്തുവിൽ ജനിപ്പിച്ച നമ്മുടെ പിതാവായ "മാർ തോമ്മാ ശ്ലീഹാ."

പത്തൊൻപത് നൂറ്റാണ്ടുകൾക്ക് മുമ്പ് കടലും കരയും താണ്ടി ഈ ഭാരത ഭൂവിൽ ക്രിസ്തുവിന്റെ സന്ദേശവുമായി എത്തി, അതിന്റെ പ്രചുരപ്രചരണാർത്ഥം അശ്രാന്തം പരിശ്രമിച്ച് അവസാനം പുറജാതി പുരോഹിതന്മാരാൽ കുന്തം കൊണ്ടുള്ള കുത്തേറ്റ് 'രക്തസാക്ഷി'യായിതീർന്നു അദ്ദേഹം. ആ പരിശുദ്ധ പിതാവിന്റെ മക്കളായ നാം കവിയും സുറിയാനി പിതാവുമായ മാർ അപ്രേമിനോടൊന്നിച്ച് അദ്ദേഹത്തെ പാടിപുകഴ്ത്താം. "സൂര്യരശ്മി പോലെ വലിയ ഗോളത്തിൽ നിന്ന് പുറപ്പെടുന്നവനെ നീ ഭാഗ്യവാൻ. നിന്റെ അനുഗൃഹീതമായ പ്രഭാതം ഇന്ത്യയുടെ അന്ധകാരത്തെ അകറ്റുന്നു." ഏതൊരു ശവകുടീരത്തിനും അതിന്റേതായ പ്രത്യേക സന്ദേശം നൽകാനുണ്ടാകും. ഏബ്രഹാം ലിങ്കന്റേയും മാർട്ടിൻ ലൂതർ കിങ്ങിന്റെയും ഗാന്ധിജിയുടെയും ശവകുടീരങ്ങൾ ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശമായിരിക്കും നൽകുക. എന്നാൽ മൈലാപ്പൂരിലെ പരിശുദ്ധ തോമ്മാ ശ്ലീഹായുടെ ശവകുടീരത്തിന് (കബറിന്) തന്റെ പ്രിയ മക്കളായ നമുക്ക് നൽകുവാനുള്ള സന്ദേശം വിശ്വാസത്തിന്റെയും ആത്മസമർപ്പണത്തിന്റേതുമാണ്. വി. യോഹന്നാന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുള്ള മൂന്നു സംഭവങ്ങൾ തന്നെ അത് വ്യക്തമാക്കുന്നു. ഭീരുത്വത്തെ തച്ചുടക്കുന്ന ധീരത "അവനോടുകൂടി മരിക്കേണ്ടതിന് നാമും പോക" (യോഹ. 11:16) എന്ന പ്രഖ്യാപനത്തിൽ ദർശിക്കാം. ഇത് വിശുദ്ധ ശ്ലീഹായുടെ ജീവിത ചൈതന്യത്തെ നമ്മുടെ മുമ്പിൽ വരച്ചുകാട്ടുന്നു. സുവിശേഷങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള വിശ്വാസപ്രഖ്യാപനങ്ങളിൽ ഏറ്റം ശ്രേഷ്ഠമായതു വിശുദ്ധ തോമ്മാ ശ്ലീഹായുടേതാണ്. "എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ" പന്തിരുവരിൽ ഒരുവനായ താൻ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്ത നിത്യസത്യത്തെപ്രതി വധിക്കപ്പെട്ട് 'രക്തസാക്ഷി' മകുടം ചൂടി.

എന്താണ് രക്തസാക്ഷിത്വത്തിന്റെ മഹനീയത? ആരാണ് രക്തസാക്ഷി? വിശ്വാസ സംരക്ഷണാർത്ഥം മരണം വരിക്കുക എന്നാണ് സാമാന്യരീതിയിൽ രക്തസാക്ഷിത്വംകൊണ്ട് മനസ്സിലാക്കുക. എന്നാൽ അതിനേക്കാൾ അഗാധമായൊരർത്ഥം അതിനുണ്ട്. വിശ്വാസത്തെപ്രതി മരണം വരിക്കുന്നതു വഴി ഒരു ക്രിസ്ത്യാനി തന്റെ വിശ്വാസത്തിന്റെ യാഥാർത്ഥ്യത്തിനും അർത്ഥത്തിനും ഫലപ്രദമാംവണ്ണം സാക്ഷ്യം വഹിക്കുന്നു. വസ്തുനിഷ്ഠമായും വ്യക്തിനിഷ്ഠമായും രക്തസാക്ഷിത്വത്തിന് രണ്ടു വശങ്ങളുണ്ട്. ഒരുവന്റെ ഉൽകൃഷ്ട സമ്പത്തായ ജീവനെ ബലിയർപ്പിക്കുമ്പോൾ അതിനേക്കാൾ ശ്രേഷ്ഠമായ ഒന്നിന്റെ അംഗീകാരവും അതിനുള്ള ആത്മസമർപ്പണ

വുമാണല്ലോ വ്യക്തമാക്കുക. ആ പരമശക്തിയിലുള്ള വിശ്വാസം അഗാധമാണ്. അതിനാലാണ് യാതൊരു എതിർപ്പും കൂടാതെ സ്വജീവനെ അർപ്പണം ചെയ്യാൻ തയ്യാറാകുന്നത്. വിശ്വാസത്തിന്റെ പ്രകടനമാണ് രക്തസാക്ഷിത്വത്തിൽ നാം കാണുന്നത്. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ "എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമാകുന്നു." (ഫിലിപ്പ്യർ 1:21). "ക്രിസ്തുവിനോടുകൂടി ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ട്." എന്നിവയാണ് രക്തസാക്ഷികളെ ഭരിക്കുന്ന ആഗ്രഹം. കർത്താവായ യേശു ക്രിസ്തുവിനോടു നമ്മെ ഏറ്റം അനുരൂപരാക്കുന്ന കർമ്മമെന്ന നിലയിലാണ് രക്തസാക്ഷിത്വത്തിന്റെ ഔന്നത്യം കണക്കാക്കേണ്ടത്. "രക്തസാക്ഷിത്വം രക്തത്താലുള്ള മാമോദീസായാണ്."

ഈ ശാസ്ത്രയുഗത്തിലും ധീരാത്മാക്കളെ അനുകരിക്കാനും അവരുടെ ആദർശങ്ങൾക്കുവേണ്ടി പടപൊരുതി വേണ്ടിവന്നാൽ ജീവൻ ത്യജിക്കാനും സന്നദ്ധത കാണിക്കുന്ന ധാരാളംപേരുണ്ട്. ക്രൈസ്തവ മതത്തിന്റെ പ്രാരംഭഘട്ടത്തിലുണ്ടായിട്ടുള്ള മതമർദ്ദനങ്ങളെക്കുറിച്ചും രക്തസാക്ഷികളെക്കുറിച്ചും കേൾക്കുമ്പോൾ അവരെപ്പോലെ രക്തസാക്ഷികളായി മരിക്കാനുള്ള ആഗ്രഹം ചിലപ്പോഴെങ്കിലും എല്ലാവരിലും ഉണ്ടാകാറുണ്ട്. ഒരു നിമിഷം കൊണ്ട് രക്തസാക്ഷി മകുടം ചൂടുന്നതിൽനിന്ന് വ്യത്യസ്തമായ, അതിനെക്കാൾ ശ്രേഷ്ഠവും ഫലപ്രദവുമായ മറ്റൊരു രക്തസാക്ഷിത്വമുണ്ട്. നല്ല ക്രിസ്ത്യാനികളായി ജീവിക്കുക.

നൂറുനൂറ് പ്രശ്നങ്ങളുടെ നടുവിൽ, പ്രതിസന്ധി ഘട്ടങ്ങളിൽ, കഷ്ടതയുടെ നടുവിൽ, ദൃഢമായ വിശ്വാസത്തോടും ഉറപ്പേറിയ ശരണത്തോടും നിർമ്മലമായ സ്നേഹത്തോടും കൂടി ജീവിച്ച് ക്രിസ്തുവിന് സാക്ഷ്യം വഹിക്കുക - അതാണ് ഒരു യഥാർത്ഥ ക്രിസ്ത്യാനിക്ക് കരണീയമായിട്ടുള്ളത്. വിശുദ്ധ തോമ്മാ ശ്ലീഹായെപ്പോലെ "നമുക്കും അവനോടുകൂടി പോയി മരിക്കാം" (യോഹന്നാൻ 11:16) എന്ന് പറയുവാൻ കഴിയുന്നവർ നിരന്തരമായ രക്തസാക്ഷിത്വ ജീവിതത്തിലൂടെ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുകയാണ്.

ഇങ്ങനെയുള്ളവർ വിശ്വാസത്തോടും സ്നേഹത്തോടും കൂടി ഈ ലോകജീവിതത്തെ ദൈവത്തിന് സമ്പൂർണ്ണമായി സമർപ്പിക്കുന്നു. ദൈനംദിനം കർത്താവിന്റെ കഷ്ടതയെയും ക്രൂശുമരണത്തെയും സ്വജീവിതത്തിൽ പകർത്തുന്നു. ഉൽകൃഷ്ടമായ മാതൃകാജീവിതം വഴി അരുമനാഥന്റെ രക്ഷാകര ശക്തിയിൽ പങ്കാളികളായി മറ്റുള്ളവർക്ക് പ്രകാശം വീശുന്നു. ഇപ്രകാരമുള്ള രക്തസാക്ഷിത്വത്തിനാണ് ഓരോ ക്രിസ്ത്യാനിയും വിളിക്കപ്പെട്ടിരിക്കുന്നത്. പരിശുദ്ധനായ പൗലോസ് ശ്ലീഹാ റോമർക്കെഴുതിയ ലേഖനത്തിൽ (റോമർ 6:1-11) പറഞ്ഞിരിക്കുന്നതുപോലെ മാമോദീസാ വഴി "നാം

ക്രിസ്തുവിനോടു കൂടെ മരിച്ചു എങ്കിൽ അവനോടു കൂടെ ജീവിക്കും" എന്ന് വിശ്വസിക്കുന്നു. ഓരോ ക്രിസ്ത്യാനിയും വിശ്വാസത്തിൽ ജീവിക്കുന്ന രക്ത സാക്ഷികളായിത്തീരണം. ദൈവത്തിലുള്ള വിശ്വാസം ക്ഷയിച്ചുവരുന്ന ഈ കാലയളവിൽ നമ്മെ ക്രിസ്തുവിൽ ജനിപ്പിച്ച നമ്മുടെ പിതാവായ മാർ തോമ്മാ ശ്ലീഹാ ഏറ്റുപറഞ്ഞ വിശ്വാസം നമ്മെ നയിക്കട്ടെ.

സഹോദരസ്നേഹത്താൽ പ്രേരിതനായി വിദൂരതയിൽ വസിക്കുന്ന സകലരേയും ക്രിസ്തുവിന്റെ സ്നേഹത്തിലേക്കും സഹവർത്തിത്വത്തിലേക്കും ആനയിക്കുവാനായി നമ്മുടെ ഭാരത ഭൂമിയിലെത്തി പ്രതിബന്ധങ്ങൾ കണ്ട് മനസ്സു മടുക്കാതെ അക്ഷീണം യത്നിച്ച് സുവിശേഷ ഘോഷണം നടത്തി ഇവിടെ സഭ സ്ഥാപിച്ചു. ആ സഭയുടെ വളർച്ചയ്ക്കായി സ്വന്തം രക്തം ചിന്തി 'രക്തസാക്ഷി'യായിത്തീർന്നു. നമ്മുടെ സഭാസ്ഥാപകനും നമ്മുടെ പിതാവുമായ മാർ തോമ്മാ ശ്ലീഹാ നമുക്ക് കൊളുത്തിത്തന്ന 'സുവിശേഷത്തിൻ ദീപശിഖ' തലമുറതലമുറ കൈമാറി കെടാതെ സൂക്ഷിക്കുവാനുള്ള ചുമതലയാണ് ഓരോ ക്രിസ്ത്യാനിക്കും ഉള്ളത്. തന്റെ രക്തം മൂലം താൻ സ്ഥാപിച്ച സഭയ്ക്ക് വളർച്ച നൽകിയ ആ പരിശുദ്ധ പിതാവിന്റെ ജീവിത സന്ദേശം നമുക്ക് ഉത്തേജനം നൽകട്ടെ. മാർ തോമ്മാ ശ്ലീഹായുടെ - ആ രക്തസാക്ഷിയുടെ - മദ്ധ്യസ്ഥത നമുക്ക് കോട്ടയായിരിക്കട്ടെ.

"സുവിശേഷിപ്പാൻ പല നാടുകളിൽ-ചുറ്റി നടന്നവൻ
ഒടുവിൽ ദക്ഷിണ ഭാരതമതിലൊരു ഖലനാൽഹതനായ്
സുവിശേഷത്താലെങ്ങടെ ജനകൻ തോമ്മാ ശ്ലീഹാ
സഭയിതിലങ്ങേ സുതരുടെ-പേർക്കായ് പ്രാർത്ഥിക്കണമേ."

(കല്ലുങ്കൽ പള്ളി ഗോൾഡൻ ജൂബിലി സുവനീർ, 1977)

20

മാർ ദീയസ്ക്കോറോസ്:
സഭാ സംരക്ഷകൻ

തന്നെ ഏല്പിക്കുന്ന ചുമതലകൾ സ്വന്തം ആരോഗ്യംപോലും വക വയ്ക്കാതെ നിർവിഘ്നം നിർവഹിച്ച ആചാര്യശ്രേഷ്ഠനായിരുന്നു ഗീവർ ഗീസ് മാർ ദീയസ്ക്കോറോസ് തിരുമേനി. വന്ദ്യ പിതാവിൽ തിളങ്ങിയിരുന്ന വ്യക്തിപ്രഭാവം അടുത്തറിഞ്ഞവർക്കേ ആഴത്തിൽ മനസ്സിലാക്കുവാൻ സാധി ക്കുകയുള്ളു. കപടഭക്തി അശേഷം ഇഷ്ടപ്പെട്ടിരുന്നില്ല. അതിന് വശംവദനു മായിരുന്നില്ല. കപടഭക്തി പാപമാണെന്ന് പലപ്പോഴും പറയുമായിരുന്നു. പരി ശുദ്ധ സഭയുടെ ആചാരാനുഷ്ഠാനങ്ങൾ, വി. കൂദാശകൾ എന്നിവ തികഞ്ഞ ഭക്തിയോടും ദൈവാശ്രയത്തോടും നല്ല ഒരുക്കത്തോടും പ. പിതാക്കന്മാർ കാണിച്ചുതന്ന ശരിയായ രീതിയിൽ, അനുഷ്ഠിക്കുന്നതിൽ ശ്രദ്ധവെച്ചിരുന്നു. പ. വട്ടശ്ശേരിൽ തിരുമേനി, പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ, പുത്തൻകാവിൽ കൊച്ചുതിരുമേനി എന്നിവർ തന്റെ ആരാധനാപാത്രങ്ങ ളായിരുന്നു.

വട്ടശ്ശേരിൽ തിരുമേനിയുമായുള്ള പൈതൃകബന്ധം, സഭാകാര്യങ്ങളിൽ കൂർമ്മബുദ്ധിയും കാർക്കശ്യവും കാണിച്ചിരുന്നു എന്നതിൽ അതിശയിക്കാ നില്ല. പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ സെക്രട്ടറി യായി പ്രവർത്തിച്ച കാലഘട്ടം പലപ്പോഴും സ്മരിക്കുകയും പരിശുദ്ധ പിതാ വിന്റെ ആരാധനാ പവിത്രത സ്വന്ത ജീവിതത്തിൽ പകർത്തുകയും ചെയ്തി രുന്നു. പുത്തൻകാവിൽ കൊച്ചുതിരുമേനിയിൽ കൂടിയുള്ള പ്രോത്സാഹനം സഭാ ശുശ്രൂഷയിലേക്കുള്ള കടന്നുവരവിന് സഹായിക്കുകയും ഭരണപര മായ കാര്യങ്ങളിലും സ്ഥാപന നിർമ്മാണത്തിനും പ്രചോദനം നല്കിയിട്ടു മുണ്ട് എന്ന് മനസ്സിലാക്കാം.

പൈതൃകമായി ലഭിച്ച സ്വത്ത് മുഴുവനും പ. സഭയ്ക്കായിട്ട് നല്കുവാനും തന്റെ സമ്പാദ്യം മുഴുവനും കാലശേഷം സഭയ്ക്കുതന്നെ ആയിരിക്കാനും തക്കവണ്ണം ശ്രദ്ധിച്ചിരുന്നു. Circumstantial Guidance എന്നത് തന്റെ ജീവിത

ത്തിൽ പലപ്പോഴും ഉണ്ടായത് പ. സഭയ്ക്കുവേണ്ടി പ്രവർത്തിപ്പാൻ കൂടുതൽ സഹായിച്ചു.

ഓർത്തഡോക്സിയുടെ പ്രമുഖ വക്താവായിരുന്നു

വിശ്വാസപരമായ കാര്യങ്ങളിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും തിരുമേനി തയ്യാറായിരുന്നില്ല. തന്റെ മനസ്സിൽ ശരിയെന്ന് തോന്നുന്ന കാര്യങ്ങൾ ആരോടും തുറന്നു പറയുന്നതിൽ ധൈര്യം കാണിച്ചിരുന്ന സ്ഥിരമാനസ്സനായിരുന്നു. മനസ്സിലൊന്നും പുറമെ മറ്റൊന്നും കാണിച്ചിരുന്നില്ല. ആതുരരോടും വികലാംഗരോടും ഉള്ളുതുറന്ന് സംസാരിക്കുകയും അവരെ കരുതുകയും വലിയ പരസ്യം കൂടാതെ അവർക്കുവേണ്ടി തന്നാലാവുന്നതിലും അധികം പ്രവർത്തിക്കുവാൻ ശ്രദ്ധിച്ചിരുന്നു. അതിന്റെ ഉദാഹരണമാണ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഹോളി ട്രിനിറ്റി വികലാംഗ ബാലഭവനവും ഭിന്നശേഷിയുള്ള കുഞ്ഞുങ്ങൾക്കായി സ്ഥാപിച്ച മരിയൻ പ്ലേഹോമും. താൻ ആഗ്രഹിച്ചതെല്ലാം ദൈവത്തിൽ ആശ്രയിച്ച് പൂർത്തീകരിക്കുവാൻ വന്ദ്യ പിതാവിന് സാധിച്ചിട്ടുണ്ട്.

കന്യാകുമാരി, തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിലായി വ്യാപിച്ചു കിടന്ന ഇടവകകളെ കോർത്തിണക്കുന്നതിനും ആവശ്യമായ ആത്മീയ നേതൃത്വം കൊടുക്കുന്നതിനും വിദ്യാസമ്പന്നരായ വൈദികരെയും കന്യാസ്ത്രീകളെയും വാർത്തെടുക്കുന്നതിനും പുതിയ ദേവാലയങ്ങൾ, മിഷൻ കേന്ദ്രങ്ങൾ, സ്ഥാപനങ്ങൾ എന്നിവ പടുത്തുയർത്തുന്നതിലും അക്ഷീണ പരിശ്രമം ചെയ്തിരുന്നു. 1978, 79, 80 കാലഘട്ടങ്ങളിൽ അവികസിതമായ പള്ളികൾ സന്ദർശിച്ച്, താമസിച്ച് ആത്മീയ നവോത്ഥാനത്തിലേക്ക് നയിക്കുന്നതിന് അതീവ ശ്രദ്ധാലുവായിരുന്നു. പള്ളിയും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിലും ദൈവം നല്കിയിരിക്കുന്ന പള്ളി സ്വത്തുക്കളും ധനവും വിശ്വസ്തമായി കൈകാര്യം ചെയ്യിക്കുന്നതിലും പള്ളി കൈക്കാരൻ, സെക്രട്ടറി, കമ്മിറ്റി അംഗങ്ങൾ എന്നിവരോട് കർക്കശമായി നിർദ്ദേശിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നു. അസാധാരണമായ ആദർശധീരതയും അചഞ്ചലമായ വിശ്വാസദാർഢ്യവും ആലംബഹീനരോടുള്ള ആത്മാർത്ഥമായ ആർദ്രതയും പ. സഭയോടുള്ള ആഴമായ വിശ്വാസവും സ്നേഹവും മരണം വരെയും പരിപാലിച്ച വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു വന്ദ്യ പിതാവ്.

അനുഭവങ്ങൾ പലതും അയവിറക്കാനുണ്ട്. പലപ്പോഴും പറയുമായിരുന്നു പ. ബാവാ തിരുമേനിയുടെ 'ഒരു കല്പനയും കുറെ പള്ളികളുടെ ലിസ്റ്റും' മാത്രമേ എന്റെ കൈവശമുള്ളു. പക്ഷേ, ദൈവം വലിയവനാണ്, God is Great." ഒരു സംഭവം ഓർമ്മ വരുന്നു. ഭദ്രാസന ആസ്ഥാനമുണ്ടാക്കുന്നതിന് ആയൂർ, ചടയമംഗലം, അഞ്ചൽ, ഇടമുളയ്ക്കൽ തുടങ്ങി പല സ്ഥല

ങ്ങളിലും അന്വേഷിച്ചു നടന്നു. ഇടമുളയ്ക്കൽ സ്ഥലം കണ്ടെത്തി. അഡ്വാൻസ് കൊടുക്കുവാൻപോലും പണമില്ല. ഏക്കർകണക്കിന് തിരുമേനിക്ക് സ്ഥലം വേണം താനും. എങ്ങനെ ഇതു നടക്കുമെന്ന് ഞാൻ പല പ്പോഴും ചോദിക്കും. "എല്ലാം നടക്കും. God is Great" എന്നു പറയും. ഇപ്പോൾ വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മയ്ക്കായി സ്ഥിതിചെയ്യുന്ന (V.M.D.M. Centre) ഇടമുളയ്ക്കൽ സ്ഥലം 14 ഏക്കർ കണ്ട് ഇഷ്ടപ്പെട്ടു. ആ കുന്നിൻചരുവിൽ നിന്ന് ഞങ്ങൾ പ്രാർത്ഥിച്ചു. തീരുമാനമെടുത്തു. തിരുവനന്തപുരത്ത് വാടകകെട്ടിടത്തിൽ താമസിക്കുന്ന കാലഘട്ടം. അവിടെനിന്നും കൊണ്ടു വന്ന ലഘുഭക്ഷണം കഴിച്ചു. സമീപത്തുള്ള അരുവിയിലെ വെള്ളം കുടിച്ചു. പണം കടമെടുത്തു, വസ്തു വാങ്ങി. അങ്ങനെ പല വസ്തുക്കൾ, സ്ഥാപനങ്ങൾ ഒക്കെ സഭയ്ക്കായി സമ്പാദിച്ചു. ദൈവം വലിയവനാണ് എന്ന് കാണിച്ചു തന്നു.

ഒന്നുമില്ലായ്മയിൽ നിന്നും ഹോളി ട്രിനിറ്റി ആശ്രമം, ഹോളി ക്രോസ് കോൺവെന്റ്, സ്കൂളുകൾ. തിരുവനന്തപുരം ഭദ്രാസനത്തെ ഇന്നത്തെ ശ്രേഷ്ഠമായ നിലയിൽ എത്തിക്കുവാൻ രാപകൽ വിശ്രമമെന്യേ അക്ഷീണ പരിശ്രമം ചെയ്ത ശ്രേഷ്ഠ ഇടയൻ അടുത്തവരെ അറിയുവാനും, അറിഞ്ഞവരോട് അടുത്ത് പ്രവർത്തിക്കുവാനും, സ്നേഹിക്കുവാനും സ്നേഹത്തിൽ ആത്മാർത്ഥത കാട്ടുവാനും ശ്രദ്ധിച്ചിരുന്നു. നീതിമാന്റെ മരണം ഉറക്കംപോലെയാണെന്ന് താൻ വിശ്വസിച്ചിരുന്നു. അതുപോലെ ഉറക്കത്തിൽ നിത്യമായ ഉറക്കത്തിലേക്ക് പറന്നുയർന്നു. ആ വന്ദ്യ പിതാവിന്റെ നല്ല മാതൃകകളെ നമുക്ക് പിൻപറ്റാം. ആത്മാവിന് നിത്യശാന്തി പ്രാർത്ഥിക്കുന്നു. വന്ദ്യ പിതാവേ! മക്കൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

(മലങ്കരസഭ മാസിക, 1999 സെപ്റ്റംബർ)

21

മെത്രാൻ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ്: ഏഴു പേരും തെരഞ്ഞെടുക്കപ്പെടണം

2004 ജൂൺ മാസം 10-ന് പരുമല വെച്ച് നടക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന്റെ ഉദ്ദേശ്യങ്ങളിൽ ഒന്ന് സഭയ്ക്ക് ഏഴു പേരെ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുക, വൈദികട്രസ്റ്റിയായി ഒരാളെ തെരഞ്ഞെടുക്കുക എന്നതാണല്ലോ. രണ്ട് തെരഞ്ഞെടുപ്പും മലങ്കര ഓർത്തഡോക്സ് സഭയെ സംബന്ധിച്ചിടത്തോളം വളരെ നിർണ്ണായകവും പ്രാധാന്യമുള്ളവയുമാണ്. കൂടുതൽ സ്ഥാനാർത്ഥികൾ രണ്ട് സ്ഥാനത്തേക്കും കടന്നു വന്നിരിക്കുന്നതിനാൽ 'സെലക്ഷൻ' വളരെ ദൈവികവും പരിശുദ്ധാത്മ പ്രേരിതവുമായിരിക്കണം.

മെത്രാൻ സ്ഥാനത്തേക്ക് അവിവാഹിതരായ വൈദികരെ പരിഗണിച്ചാൽ മതി എന്നുള്ളതുകൊണ്ട് തന്നെ മിക്കവാറും എല്ലാ അവിവാഹിതരായവരുടെയും പേരുകൾ സ്ഥാനാർത്ഥി പട്ടികയിൽ പറഞ്ഞു കേൾക്കുന്നു. ചിലർ സ്വയം പ്രഖ്യാപിക്കുന്നു. മറ്റു ചിലർ മറ്റുള്ളവരാൽ പറയപ്പെടുന്നു. 2004 ഫെബ്രുവരി 23 മുതൽ 27 വരെ കോട്ടയം സോഫിയാ സെന്ററിൽ വച്ചു കൂടിയ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ 'മെത്രാൻ തെരഞ്ഞെടുപ്പ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ' മലങ്കരസഭാ മാസിക മാർച്ച് ലക്കത്തിൽ പ്രസിദ്ധീകരിച്ചത് കണ്ടു. ആ നിർദ്ദേശങ്ങൾ പഴയസെമിനാരിയിൽ 8-ന് കൂടിയ സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ ചോദ്യം ചെയ്തതായും മറ്റും അറിയുന്നു. പാനൽ നിർദ്ദേശങ്ങൾ പാളിപ്പോയ സന്ദർഭങ്ങൾ നമ്മുടെ സഭയിൽ 1987 ഡിസംബർ 29-നു കോട്ടയം ഏലിയാ കത്തീഡ്രലിൽ വെച്ചും 1992 സെപ്റ്റംബർ 10-ന് പരുമല വെച്ചും കൂടിയ അസോസിയേഷൻ തിരഞ്ഞെടുപ്പിൽ കണ്ടതാണ്. ഈ അസ്സോസിയേഷൻ യോഗത്തിൽ അങ്ങനെ സംഭവിക്കാതിരിക്കട്ടെയെന്ന് ആശിക്കുന്നു. പ്രാർത്ഥിക്കുന്നു.

പുതുതായി രൂപംകൊണ്ട യാക്കോബായ ക്രിസ്ത്യാനി സഭ, അവർ തന്നെ രൂപംകൊടുത്ത ഭരണഘടനയിൽ പറയുന്ന മാനദണ്ഡങ്ങൾ ലംഘിച്ച്, ഒരു തെരഞ്ഞെടുപ്പ് പ്രക്രിയയും കൂടാതെ കുറെ കൊച്ചച്ചന്മാരെ വൈകിട്ട് റമ്പാനാക്കി പിറ്റേന്ന് രാവിലെ മെത്രാനാക്കി വിടുന്നു. അതുപോലെ വേണമെന്നല്ല. സഭയുടെ ഇന്നത്തെ ആവശ്യം മനസ്സിലാക്കി (പല മെത്രാപ്പോലീത്താമാർക്കും ഒന്നിലധികം ഭദ്രാസനങ്ങൾ, പല ചുമതലകൾ ഒക്കെ ഒഴിവാക്കുവാനും) യോഗ്യരായവരെ 'ഏഴു പേരെയും' തിരഞ്ഞെടുക്കുവാൻ സാധിക്കണം. തിരുവനന്തപുരം, മാവേലിക്കര, കോട്ടയം സെൻട്രൽ, വൈദിക സെമിനാരി, പരുമല സെമിനാരി എന്നീ സ്ഥലങ്ങളിൽ പൂർണ്ണചുമതലയുള്ള ഓരോ മെത്രാപ്പോലീത്താമാർ ഉണ്ടാകണം. സഭയുടെ വളർച്ചയ്ക്ക് ഉതകുന്ന പുതിയ ഭദ്രാസനങ്ങൾ രൂപപ്പെടണം. പ്രായാധിക്യമുള്ള തിരുമേനിമാർക്ക് സഹായ മെത്രാപ്പോലീത്താമാർ നിയമിക്കപ്പെടണം. കാലത്തിനനുസരിച്ച് വിദ്യാഭ്യാസമുള്ളവർ, നേതൃത്വം നൽകുവാൻ കഴിവും പ്രാപ്തിയും അർപ്പണ മനോഭാവമുള്ളവരും പൊതുജനസമ്മതരുമായവർ ആയതിലേക്ക് തിരഞ്ഞെടുക്കപ്പെടണം.

കത്തോലിക്കാ സഭയുടെ തെരഞ്ഞെടുപ്പുപോലെ മുകളിൽ നിന്നു അടിച്ചേൽപ്പിക്കലോ, മാർത്തോമ്മാ, സി.എസ്.ഐ., സി.എൻ.ഐ., സഭകളുടെ രാഷ്ട്രീയ രീതിയിലുള്ള വോട്ടുപിടിത്ത മാർഗ്ഗരീതിയോ ആകരുത്.

1. പ. സുന്നഹദോസിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അതർഹിക്കുന്ന പ്രാധാന്യത്തിൽ സഭാമാനേജിംഗ് കമ്മിറ്റിയുമായി ആലോചിച്ച് അസ്സോസിയേഷൻ യോഗത്തിൽ അവതരിപ്പിച്ച് നടപ്പാക്കുക.

2. ഏഴു പേരും നിശ്ചയമായും തിരഞ്ഞെടുക്കപ്പെടുവാൻ തക്കവണ്ണം (വോട്ടിംഗ് രീതി) ഇപ്പോഴുള്ള നടപടിക്രമം മാറ്റുക.

3. സ്ഥാനാർത്ഥികളെ സംബന്ധിച്ചും അവരുടെ യോഗ്യതകളെ സംബന്ധിച്ചും എല്ലാ അസ്സോസിയേഷൻ പ്രതിനിധികളെയും ബോധവൽക്കരിക്കുക.

ദൈവവിളിയുള്ളവരെ ദൈവം തിരഞ്ഞെടുക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

(2004)